കാശിയാത്രാചരിത്രം

ഒന്നാംഭാഗം.

മഹാമഹിമശ്രീ
കോഴിക്കോട്ട് പടിഞ്ഞാറെ കോവിലകത്ത്
വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാൻ
എന്നു തിരുനാമമായ
സാമൂതിരിപ്പാട്ടതമ്പുരാൻ
തിരുമനസ്സുകൊണ്ടു കല്പിച്ചെഴുതിയത്.

KASIYATHRA CHARITRAM

PART, I.

(SECOND EDITION.)

BY

H. H. VIDWAN
MANAVIKRAMA THE
ZAMORIN OF CALICUT
CALICUT.

PRINTERS.
THE MANGALODAYAM Co., LTD.,
TRICHUR.

All Rights Reserved

1914.

കാശിയാത്രാചരിത്രം

ഒന്നാംഭാഗം.

മഹാമഹിമശ്രീ
കോഴിക്കോട്ട് പടിഞ്ഞാറെ കോവിലകത്ത്
വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാൻ
എന്ന തിരുനാമമായ
സാമൂതിരിപ്പാടുതമ്പുരാൻ
തിരുമനസ്സുകൊണ്ടു കല്പിച്ചെഴുതിയത്.

കേരള സാഹിത്യ അക്കാദമി

KASIYATHRA CHARITRAM

PART I.

(SECOND EDITION.)

BY

H. H. VIDWAN
MANAVIKRAMA THE
ZAMORIN OF CALICUT
CALICUT.

PRINTERS.
THE MANGALODAYAM CO., LTD.,
TRICHUR.

All Rights Reserved

1914.

മഹാമഹിമശ്രീ

കോഴിക്കോട്ട് പടിഞ്ഞാറെ കോവിലകത്ത്

വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാൻ

എന്നു തിരുനാമമായ

സാമൂതിരിപ്പാട്ട തമ്പുരാൻ

തിരുമനസ്സുകൊണ്ട്.

മുഖവുര.

ശ്രീമന്മഹാരാജമാന്യരാജശ്രീ കോഴിക്കോട്ടു പുതിയ കോവിലകത്ത് കൃഷ്ണനെന്ന തിരുനാമമായ ഏടത്രാപ്പാട് തമ്പുരാൻ തിരുമനസ്സുകൊണ്ടു കുറെ കാലമായിട്ടു ശ്രീകാശിയിൽ ചെന്ന് ഗംഗാസ്നാനം ചെയ്യുണമെന്നും മറ്റും ആലോചിച്ചും ആഗ്രഹിച്ചുംകൊണ്ടിരുന്നതിന്നു തൽക്കാലങ്ങളിൽ ഉണ്ടായിരുന്ന അനേക കാൎയ്യഭാരങ്ങളാലും പിന്നെ തിരുമനസ്സിലെ മാതുലനായ മഹാമഹിമ ഏറുന്ന ഫ്രന്ന്യാമതിൽ തീപ്പെട്ടരുളിയ സാമൂതിരിപ്പാടമ്മാമൻ തിരുമനസ്സിലേയ്ക്കു പ്രായാധിക്യമായിരുന്നതിനാലും മറ്റും ഇതുവരക്കും ആയത്തു സാധിപ്പാനിടവരാതെ കിടന്നിരുന്നുവെങ്കിലും ഇയ്യിടയിൽ അവിടുത്തെ നിരതിശയമായ ഭാഗ്യാതിശയത്താൽ ആ ആഗ്രഹം ഈ കഴിഞ്ഞ കന്നിമാസത്തിൽ വേണ്ടതുപോലെ ഒക്കെ സാധിച്ചിരിക്കുന്നു എന്നുള്ള സംഗതി പ്രസിദ്ധമായിട്ടുള്ളതാണല്ലൊ.

൨. എന്നാൽ ബാല്യകാലം മുതൽക്കുതന്നെ ഈ തിരുമനസ്സിലെ ശിക്ഷയിലും ലാളനയിലും ഇരുന്നു ഇവിടുത്തെ സാക്ഷാൽ ഒരു സഹോദരനെപ്പോലെതന്നെ അഭിമാനിക്കപ്പെട്ടു വളൎന്ന ദേഹമായ നമ്മെ ഈ തിരുമനസ്സുകൊണ്ട് ഏതെങ്കിലും ഒരു വിശേഷകാൎയ്യങ്ങളെ പ്രവൃത്തിക്കുകയോ മറ്റോ ചെയ്യുന്നതായാൽ ആ വക സകല സമയങ്ങളിലും നമ്മെക്കൂടി വാത്സല്യത്തോടെ കൂട്ടിക്കൊണ്ടു

പോകുന്നതു സാധാരണ നടപ്പായിരുന്നതിനാൽ ഈ കാശിയാത്രയിലും മേൽപ്രകാരം യഥോചിതം നമ്മെ കൂട്ടിക്കൊണ്ടുപോയിരുന്നതുകൊണ്ട് ഈ യാത്രയിൽ ഉണ്ടായ എല്ലാ വിശേഷങ്ങളെയും കണ്ടറിവാനിടയായിവന്നതിനാൽ ആ വക വിശേഷങ്ങളെയും മഹാക്ഷേത്രങ്ങളുടേയും മഹാ നദികളുടേയും നമുക്ക് അറിവു കിട്ടിയേടത്തോളം ഉള്ള മാഹാത്മ്യങ്ങളേയും മററും വിവരിച്ചും കോഴിക്കോട്ടുനിന്നു പുറപ്പെട്ടതിന്റെ ശേഷം ഓരോരോ ദിവസങ്ങളിൽ ഇറങ്ങി താമസിച്ച എല്ലാ ആപ്പീസുകളെയും അതാത് ആപ്പീസുകളിൽ ഇറങ്ങുന്ന യാത്രക്കാൎക്ക് അറിയേണ്ടതായ സ്ഥലജലസൌഖ്യാദികളേയും ഇന്നിന്ന സമയങ്ങളിൽ ഇന്നിന്ന സ്ഥലങ്ങളിൽനിന്നു പുറപ്പെട്ട് ഇന്നിന്ന സമയങ്ങളിൽ ഇന്നിന്ന സ്ഥലങ്ങളിൽ ഇറങ്ങുമെന്നും മററുമുള്ള വിവരങ്ങളേയും യഥാജ്ഞാനം വിശദീകരിച്ചും ഒരു കാശിയാത്രാചരിത്രപുസ്തകത്തെ അച്ചടിപ്പിക്കുന്നതായാൽ ആ യാത്രക്കാൎക്കും മററും വലിയ ഒരു ഉപകാരവും വിനോദവുമായി തീരുന്നതായിരിക്കുമെന്നു കരുതി അതിന്നായി നാം ആലോചിക്കുകയും നമ്മുടെ എടത്രാപ്പാടമ്മാമനെ ഈ വിവരം തിരുമനസ്സ് അറിയിച്ചതിൽ സന്തോഷപുരസ്സരം അവിടുത്തെ സമ്മതം പ്രാപിക്കുകയും ചെയ്തിരിക്കകൊണ്ട് മുൻ വിവരിച്ച പ്രകാരം ഒരു കാശിയാത്രാചരിത്രപുസ്തകത്തെ ഈ വിധം തീൎത്തു അച്ചടിപ്പിക്കുന്നതാണെന്നു തീൎച്ചപ്പെടുത്തിയതാകുന്നു.

൩. എന്നാൽ നമുക്കറിവു കിട്ടിയേടത്തോളം ഉള്ള ചരിത്രത്തെ യഥാമതി വൎണ്ണിക്കുന്നതായ ഈ പുസ്തകത്തിൽ

വല്ല വ്യത്യാസങ്ങളോ വീഴ്ചകളോ ഉണ്ടെന്നു കാണുന്ന അഭിജ്ഞന്മാർ അതിനെ ഇന്നവിധം ഭേദപ്പെടുത്തേണ്ടതാണെന്നോ മറ്റോ വേണ്ടതിനെ ഉപദേശിച്ചുതരുന്നപക്ഷം അപ്രകാരം ചെയ്യുവാനും നാം ഒരുക്കമാണെന്നുള്ള സംഗതിയെക്കൂടി ഇവിടെ ഈ അവസരത്തിൽത്തന്നെ പ്രസംഗിച്ചു തൽക്കാലം ഈ മുഖവുരയെ അവസാനിപ്പിക്കുന്നു.

ര്. തിരുമനസ്സിലെ എഴുന്നള്ളത്ത് ഒന്നിച്ച് അധികം ആളുകൾ ഉണ്ടായിരുന്നിട്ടും ഇവരിൽ ആർക്കും യാതൊരു സുഖക്കേടും കൂടാതെ മംഗലമായിത്തന്നെ മടങ്ങി എത്തിയിരിക്കുന്ന ഒരു അവസ്ഥ ഇവിടത്തെ നിരതിശയമായ ഭാഗ്യാതിശയത്തെ വിശദീകരിക്കുന്നതാകയാൽ ഈ യാത്രയിൽ ഉണ്ടായിരുന്ന ആളുകളുടെ ഒരു വിവരണത്തെക്കൂടി താഴെ ചേർത്തുകൊള്ളുന്നു.

1. രാ- രാ. എടത്രാപ്പാട്ട് തമ്പുരാൻ തിരുമനസ്സുകൊണ്ട്
2. പി. സി. മാനവിക്രമ ഏട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്
3. പുതിയ കോവിലകത്തു ചെറിയേട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
4. കിഴിനിപ്പുറത്തു നമ്പൂതിരി
5. പുതിശ്ശേരി നമ്പൂതിരി
6. പഞ്ചനാദം സുന്ദരംഫലനപാഠികൾ
7. ആദിമൂർത്തിപട്ടര്
8. പരമേശ്വരപട്ടര്
9. വാഴൂര് കേലു എറാടി

10. പുവ്വഞ്ചേരി കേലു എറാടി

11. ചെരലെ ഉണ്ണിരാരിച്ചൻ നെടുങ്ങാടി

12. മാണിക്കത്ത് ഗോപാലമേനോൻ

13. മാണിക്കത്ത് അപ്പുമേനോൻ

14. ചൊറെറക്കാട്ട് ചാത്തുമേനോൻ

15. കൊയമംഗലത്ത് രാമുണ്ണിനായർ

16. ശങ്കരമേനോൻ

17. രാമുണ്ണിനായര്

18. മാണിക്കത്ത് ത്തുല്യ അമ്മ

19. അമ്പലക്കാട്ട് ലക്ഷ്മിഅമ്മ

20. അമ്പലക്കാട്ട ശങ്കുണ്ണികുട്ടി

21 കൊല്ലത്തു നാരായണമേനോൻ

22. ചാത്തുമേനോൻ വക കൃഷ്ണൻനായര്

23. പാരകത്തു നാരായണൻനായർ

ഇങ്ങിനെ എല്ലാംകൂടി 23 പേരായിരുന്നു.

എന്ന് 1071-ാമത് മീനമാസം 1-ാംനു- എഴുതിയത്.

പി. സി. മാനവിക്രമ ഏട്ടൻതമ്പുരാൻ.

കവികുലശിരോമണിയും, വിദ്വൽപാരംഗതനും അ
നേക ഗുണഗണപരിപൂൎണ്ണനും, സുപ്രസിദ്ധനു
മായ വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാ
നെന്ന സൎവ്വത്ര അറിയപ്പെടുന്ന ഇ
പ്പോഴത്തെ കോഴിക്കോട്ടെ ഇട
ത്രാപ്പാട് തമ്പുരാൻ തിരുമന
സ്സുകൊണ്ട് 1071-ൽ
എഴുതപ്പെട്ടതായ
ഈ കാശിയാത്രാചരിത്രം

എന്ന പുസ്തകത്തെപ്പററി ഒരു അഭിപ്രായം എഴുതുവാൻ ഈ ഉള്ളവനു മേപ്പടി തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചനുവാദം തരുവാനുണ്ടായ ഒരു മുഖ്യകാരണം തിരുമനസ്സിലേക്ക് ഈ ഉള്ളവന്റെ പേരിലുള്ള അതിയായ കാരുണ്യവാത്സല്യാതിശയം തന്നെയാണെന്നും അതിന്നു മാത്രമുള്ള യാതൊരു യോഗ്യതയും എനിക്കുണ്ടായിട്ടല്ലെന്നും ഉള്ള ഒരു പരമാൎത്ഥാവസ്ഥയെ ഇവിടെ ഒന്നാമതായി പറയേണ്ടിയിരിക്കുന്നു.

രണ്ടാമത്തെ കാരണം:- "പറങ്ങോടീപരിണയം" നോവൽ കൎത്താവു മേപ്പടി പുസ്തകത്തിന്റെ മുഖവുരയിൽ "ആദിമലയാളഭാഷാനോവൽ കൎത്താവ്" താനാണെന്നു പറഞ്ഞതുപോലെ ഈ കാശിയാത്രാപുസ്തകം എഴുതുന്നതിന്നു ഞാനാണ് ഒരു പ്രധാന കാരണഭൂതൻ എന്നു തിരുമനസ്സുകൊണ്ടു വിസ്മരിക്കാതിരുന്നതായിരിക്കണം.

അവിടെനിന്നു കാശിക്ക് എഴുന്നള്ളത്തു പുറപ്പെടുന്ന സമയം, കല്പിച്ച് എന്നെക്കൂടെ കൊണ്ടുപോകാമെന്നു പറകയും, കൂടെ പുറപ്പെടുവാൻ പലവിധേന ഉത്സാഹിപ്പി

ക്ഷകയും ചെയ്കയുണ്ടായി എങ്കിലും എനിക്ക് അത്ര ഭാഗ്യം ഉല്ലാതിരുന്നതുകൊണ്ട് അതിന്നു സാധിച്ചില്ലാ എന്നു പറയേണ്ടതുള്ളൂ. എന്നാൽ തമ്പുരാൻ തിരുമനസ്സിലോട് അന്നു ചെയ്ത ഒരു അപേക്ഷ, ഈ പുസ്തകത്തിന്നു ഒരു പ്രധാന കാരണമായിത്തീൎന്നു എന്നു നല്ല ഒരു സമാധാനമുണ്ട്. ഒരു സമയം ഞാൻ അന്ന് എഴുന്നള്ളത്ത് ഒരുമിച്ചു പോയിരുന്നു എങ്കിൽ ഈ വിധം ഒരു പുസ്തകം ഒരിടെക്കു എഴുതുവാൻ ഉത്സാഹം ഉണ്ടാകുമോ എന്നു സംശയമാകയാൽ ഒരു കണക്കിൽ ഞാൻ തിരുമനസ്സിലെ ഒരുമിച്ച് അന്നു പോകാതിരുന്നതു വളരെ നന്നായിരിക്കുന്നു എന്ന് ഇപ്പോൾ തോന്നുന്നുണ്ട്.

തിരുമനസ്സിലോട്ടു ഞാൻ ചെയ്ത അപേക്ഷ, അവിടുത്തെ കാശിയാത്രയിൽ പ്രധാന സ്ഥലങ്ങളേയും മററു വിശേഷങ്ങളേയും കുറിച്ചു "മനോരമാപത്രത്തിലേക്ക്" ഓരോ ലേഖനം അയച്ചുതരണമെന്നായിരുന്നു.

ആശ്രിതവത്സലനായ തിരുമനസ്സുകൊണ്ട് എന്റെ മേൽപറഞ്ഞ അപേക്ഷയെ അനുസരിച്ച് അവിടുത്തെ കാശിയാത്രാവൎത്തമാനങ്ങളെ ആഴ്ചതോറും തുടരത്തുടരെ എഴുതി അയച്ചുതന്നിട്ടുണ്ടായിരുന്നു. അവയെ അക്കാലത്തു മനോരമയിൽ വഴിക്കുവഴിയായി പ്രസിദ്ധപ്പെടുത്തിയിരുത്തു മനോരമാവായനക്കാരായ പലൎക്കും അറിവുള്ള ഒരു സംഗതിയാകയാൽ ആ ലേഖനങ്ങളുടെ സാരസ്യമഹിമകളെപ്പററി ഇവിടെ ഈ അവസരത്തിൽ ഒന്നും പറയേണ്ടതില്ല. ഈ ലേഖനങ്ങൾ എടവിടാതെ വായിച്ച പലെ യോഗ്യന്മാരായ വായനക്കാരും, അക്കാലത്തു വല്ലവരും വ

കേരള സാഹിത്യ അക്കാദമി

ങ്ങുന്ന പാത്രം ചിലപ്പോൾ എരവു വാങ്ങി നോക്കി ലേഖനം വായിച്ചിട്ടുള്ളവരിൽ പലരും ലേഖനത്തിലെ പലേ ഗ്രാഹ്യവിഷയങ്ങളേയും മാധുൎയ്യത്തെയും കണ്ടു് ഇവയെല്ലാം കൂടി ഒരു പുസ്തകമാക്കി അച്ചടിപ്പിക്കേണ്ടതിന്നു തിരുമനസ്സിലോടു് അപേക്ഷിക്കേണ്ടതിന്നു് എന്നെ നിർബ്ബന്ധിച്ചതിലധികമായി തിരുമനസ്സിലേയ്ക്കും പലരും ഇങ്ങിനെ ബുദ്ധിമുട്ടിപ്പിക്കുന്നതായി ഈ വിവരം ഞാൻ തിരുമനസ്സിലറിയിച്ചപ്പോൾ അവിടുന്നു് അരുളിച്ചെയ്തു ഉണ്ടായി. ഇങ്ങിനെയാണ് ഈ പുസ്തകത്തിന്റെ ഉല്പത്തി.

ഈ പുസ്തകത്തെ ഒരു യാത്രാചരിത്രമെന്നു മാത്രം പറഞ്ഞാൽ ഒട്ടും പോരാത്തതാണ്. ഇതിൽ ചിലേടത്തു നോക്കുമ്പോൾ ഇതു് ഒന്നാന്തരം ഒരു ഭൂമിശാസ്ത്രമാണെന്നു തോന്നും. മറ്റു ചിലേടത്തു നോക്കിയാൽ ഒരു വലിയ ചരിത്രം; വേറെ ചിലേടത്തു നോക്കിയാൽ അലങ്കാരം; പലേടത്തു നോക്കിയാലും ഒരു സ്ഥലപുരാണം. ഇങ്ങിനെ പലവിധ സാരള്യസമ്മേളനത്തോടുകൂടിയ ഒരു പുസ്തകം ഇയ്യിടെ നമ്മുടെ ഇടയിൽ ആരും എഴുതീട്ടില്ലെന്നുതന്നെ പറയണം. പൂന, ബോമ്പായി, നാസിക്കാ, പഞ്ചവടി, അലഹബാദ്, പ്രയാഗ, ഗയ, അയോദ്ധ്യ, ഹരിദ്വാരം, കുരുക്ഷേത്രം, ഇന്ദ്രപ്രസ്ഥം, ആഗ്ര, മധുര, വൃന്ദാവനം, ഗോകുലം മുതലായ സ്ഥലങ്ങളെപ്പറ്റി അവിടുന്നു് ഇതിൽ കൊടുത്തിട്ടുള്ള വിവരണം വായിക്കുന്ന ആൎക്കും ഈ വസ്തുത ബോദ്ധ്യമാകാതിരിക്കയില്ല.

ഇതു കാശിയാത്ര ചെയ്യുന്നെയും ചെയ്വാൻ വിചാരിക്കുന്നെയും മറ്റുമായ ഹിന്ദുക്കൾക്കു മാത്രമല്ല, ഇന്ത്യയിൽ

ഈ മേൽപറഞ്ഞ ദിക്കുകളുടെ മഹിമയും ചരിത്രവും അറിഞ്ഞിരിപ്പാൻ താല്പൎയ്യമുള്ള ഏതു മതക്കാൎക്കും ഏററവും ഉപകാരവും സരസമായി വായിക്കത്തക്ക ഒരു പുസ്തകവും ആകുന്നു. ഈ പുസ്തകം വായിച്ചാൽ മേല്പറഞ്ഞ ദിക്കുകൾ ഒരിക്കൽ പോയി സന്ദൎശിച്ചാൽ സാധാരണക്കാൎക്കു ലഭിക്കാവുന്ന ഒരു അറിവിനെക്കാൾ എത്രയോ ഏറെ ഗ്രഹിപ്പാനുള്ള വിഷയങ്ങൾ ഇതിൽ ഉണ്ട്. കാശിയാത്രക്കാരായ മലയാളികൾക്ക് ഈ പുസ്തകം നല്ല ഒരു പുരഃസ്ഥനേക്കാൾ ഉപകരിക്കുന്നതാകുന്നു. മററുള്ളവൎക്കു വിശേഷമായ കഥാപുസ്തകങ്ങളെ വായിച്ചുരസിക്കുന്നതിനേക്കാൾ രസിക്കത്തക്ക അനേകം ഘട്ടങ്ങളും ഉണ്ട്. അതുകൊണ്ടു തിരുമനസ്സിലെ ഈ കാശിയാത്രാചരിത്രപുസ്തകം കേരളത്തിൽ ഏതു മതക്കാൎക്കും വായിക്കത്തക്ക ഒരു പ്രിയപ്പെട്ട പുസ്തകമായി പരിണമിക്കാതിരിക്കുന്നതല്ലെന്നാണ് എന്റെ വിശ്വാസം.

പ്രസ്തുത പുസ്തകത്തിലെ അച്ചടിയുടെ വൃത്തിപോരായ്മയും മററു ചില ചില്ലറ സ്ഖലിതങ്ങളും കാണുമ്പോൾ കാശിമാഹാത്മ്യം തുടങ്ങിയ ഇതിന്റെ ഉത്തരഭാഗമായ രണ്ടാംപുസ്തകത്തിൽ ഇവയെപ്പററി കുറച്ചു ദൃഷ്ടിവെക്കത്തക്കവണ്ണം ഇതിന്റെ ഭാരവാഹികൾക്കു കല്പന കൊടുത്താൽ കൊള്ളാമെന്നു തിരുമനസ്സിലോടും, പലെ അറിവുകളും രസവുമുള്ള ഈ പുസ്തകത്തെ എല്ലാവരും വാങ്ങി വായിക്കേണ്ടതാണെന്നു നാട്ടുകാരോടും അപേക്ഷിച്ചുംകൊണ്ട് എന്റെ ഈ പ്രസ്താവനയെ ഭക്തിബഹുമാനപുരസ്സരം ഇവിടെ കലാശിപ്പിക്കുന്നു.

തിരുമനസ്സിലെ ആശ്രിതൻ

ചാലപ്പുറം } പുളിയമ്പറം കുഞ്ഞികൃഷ്ണമേനോൻ
20—5—1903 } മനോരമ പത്രാധിപർ.

—0—

കാശിയാത്രാചരിത്രം

കോഴിക്കോട്.

മഹാരാജമാന്യരാജശ്രീ കോഴിക്കോട്ടു പുതിയ കോവിലകത്ത് ഏടത്രാപ്പാട്ടുതമ്പുരാൻ തിരുമനസ്സുകൊണ്ടു ശ്രീകാശിക്കെഴുന്നെള്ളുവാനായി നിശ്ചയിച്ചതിന്നുശേഷം ഈ 70-ാംമത് ചിങ്ങമാസം 31-ാംനു- രാവിലെ വേണ്ടതക്ക സകല കാരണവന്മാരോടും മററും യഥോചിതം യാത്ര പറഞ്ഞു അമൃതേത്ത് കഴിച്ചു മുഖവുരയിൽ ചേൎത്ത ജനങ്ങളോടുംകൂടി പുറപ്പെട്ട് ഏഴേമുക്കാൽ മണിയ്ക്കുശേഷം കോഴിക്കോട്ടു വലിയ സ്റ്റേഷനിൽ എത്തുമ്പോഴയ്ക്കു തിരുമനസ്സിലെ എഴുന്നെള്ളത്തിനെ കാത്തു നിന്നിരുന്നവരായ രാ- രാ- രാജഗോപാലാചാൎയ്യർ അവർകൾ, സാമിനാഥയ്യർ അവർകൾ, വരദരാവു മുതലായി അനേകം സ്നേഹിതന്മാർ കുതിരസ്സാററിൽനിന്നു ഇറങ്ങുന്നതോടുകൂടി ചെന്നുകണ്ടു കൈകൊടുത്ത് അവരൊന്നിച്ചു സ്റ്റേഷനിലേയ്ക്കു കൂട്ടികൊണ്ടുപോകയും ചെയ്തു. അവിടെ പ്ലാററുഫോറങ്ങളിൽ വെച്ചു യാത്രാവിഷയമായ ചില ചില കുശലസംഭാഷണങ്ങളെ തമ്മിൽ പറഞ്ഞുകൊണ്ടിരിയ്ക്കുന്ന മദ്ധ്യേ തീവണ്ടി പാസ്സായ ഉടനെ തിരുമനസ്സുകൊണ്ടു പുതിയ കോവിലകത്ത് ഉണ്ണിത്തമ്പുരാൻ, മാനവിക്രമ ഏട്ടൻതമ്പുരാൻ, ഏത്രയും വിശ്വസ്തനും സ്നേ

ഹിതനുമായ ഗവമ്മേണ്ട് വക്കീൽ രാമകൃഷ്ണയ്യർ മുതലായവരോടും, യോഗ്യന്മാരായ സ്നേഹിതന്മാരുടെ സാദരോപചാരത്തോടുംകൂടി തീവണ്ടി 1-ാംക്ലാസ്സിൽ കയറി ഇരുന്ന ഉടനെ തന്റെ സാക്ഷാൽ സഹോദരനായ കുഞ്ഞനുജൻതമ്പുരാൻ, അമ്മാമൻ തമ്പുരാൻ മുതലായവരേയും മററു സ്നേഹിതന്മാരേയും യഥോചിതം സാംഭാഷണങ്ങളെക്കൊണ്ടു സന്തോഷിപ്പിച്ചു പിരിഞ്ഞതിന്നുശേഷം ഉടനെ അതിഘോഷത്തോടുംകൂടി തീവണ്ടി നിങ്ങുകയും ചെയ്തു. പന്നിയങ്കരസ്റ്റേഷനിൽ എത്തിയ സമയം അവിടെവെച്ചു രാമകൃഷ്ണയ്യരുമായി പറഞ്ഞു പിരിയുകയും ഫറൂക്കസ്റ്റേഷനിൽവെച്ചു പുതിയ കോവിലകത്തെ ഉണ്ണിത്തമ്പുരാനുമായി യാത്രപറയുകയും, പട്ടാമ്പിവെച്ചു ഡിപ്യൂട്ടി കലക്ടർ ശൃംഗാരവേലുപ്പിള്ളയുമായി സംഭാഷണം ചെയ്തു പിരിയുകയും അതാതു സ്റ്റേഷനിൽവെച്ചു തമ്മിൽ കാണ്മാൻ വന്നനില്ക്കുന്ന സ്നേഹിതന്മാരോടും മററു ആശ്രിതന്മാരോടും യഥോചിതം കുശലപ്രശ്നാദിപൂർവ്വകം യാത്ര പറഞ്ഞു പിരിയുകയും പാലക്കാട്ടുനിന്നു ഒന്നിച്ചു സാദരോപചാരപൂർവ്വകമായി വണ്ടിയിൽ കയറി ഇരുന്ന സാമിനാഥപട്ടര് കാര്യക്കാര് ഈരോട്ടിൽവെച്ചു സന്തോഷപുരസ്സരം നന്ദിപറഞ്ഞു പിരിയുകയും ചെയ്തു. അന്നു വൈകുന്നേരം സന്ധ്യയോടുകൂടി ഈരോട്ടിൽ എത്തിയപ്പോഴയ്ക്കു ഡിപ്യൂട്ടി കലക്ടർ സാമിനാഥയ്യരുടെ എഴുത്തുപ്രകാരം ഈരോടു മുൻസീഫ് ഗുരുമൂർത്തി അയ്യരാൽ സാദരോപചാരപുരസ്സരം തെയ്യാറാക്കപ്പെട്ട സാപ്പാട്ടിൽ കയറി അദ്ദേഹത്തിന്റെ അ

ധിനത്തിലുള്ള ഒരു വിശാലഗൃഹത്തിൽ ചെന്ന് അവിടെ സുഖമായി താമസിച്ചു. പിറ്റെന്നു 71 കന്നി 1-ാംനു- രാവിലെ എഴുന്നീറ്റു അവിടെ ഒരു മൈതസ് സമീപമുള്ള അഖണ്ഡകാവേരിയിൽ ചെന്നു യഥാവിധി സ്നാനം ചെയ്തു തിരിയെ ഗൃഹത്തിലേയ്ക്കുതന്നെ വന്നു. അന്നുപകൽ മുഴുവനും ഈരോട്ടിൽതന്നെ താമസിച്ചു പകലെ അഞ്ചരമണിയ്ക്കു സ്റ്റേഷനിൽചെന്നു അവിടെനിന്നു ആറുമണിയോടുകൂടി ആക്കോണത്തേയ്ക്കു ടിക്കററു വാങ്ങി എല്ലാവരും തീവണ്ടി കയറി.

—oo*oo—

ആ ക്കോ ണം.

—

2. പിന്നെ 2-ാംനു- പുലരുമ്പോഴയ്ക്കു ആക്കോണം സ്റ്റേഷനിൽ ഇറങ്ങി. അവിടെ സ്റ്റേഷന് ഏറ്റവും സമീപമുള്ള ഒരു ധൎമ്മശാലയിൽ ചെന്നു കയറി അന്നു പകൽ മുഴുവനും അവിടെതന്നെ താമസിച്ചു. ഈ സ്ഥലത്തു ധൎമ്മശാലയ്ക്കു് സമീപംതന്നെ ഒന്നുരണ്ടു കുളങ്ങളും എല്ലാ പദാൎത്ഥങ്ങളും കിട്ടുന്നതിന്നു ചെറിയ ഒരു ഭജാറും ഉള്ളതുകൊണ്ടു യാത്രക്കാൎക്ക് ആവശ്യങ്ങൾ കഴിച്ചുകൂട്ടുന്നതിന്നു പ്രയാസം ഇല്ലാ എങ്കിലും ഈ പ്രദേശത്തു സജ്ജനങ്ങളും ബ്രാഹ്മണരും വളരെ കുറയുന്നതുകൊണ്ട് അത്ര സുഖമായി തോന്നുന്നില്ല. അന്നു വൈകുന്നേരം സ്റ്റേഷനിൽ ചെന്ന സമയം രായച്ചൂർ മാൎഗ്ഗമായി പോകേണ്ടതിലേക്കു വൎഷാധിക്യത്താൽ വഴിയ്ക്കു ഒന്നു രണ്ടു പാലങ്ങൾ കേടുവന്നതായി

അറിവുകിട്ടിയതുകൊണ്ടു രാത്രി ഏഴു മണിയോടുകൂടി ബ ങ്കളൂർ മാൎഗ്ഗമായി പോകുവാൻ നിശ്ചയിച്ച് അങ്ങോട്ടു ടി ക്കററു വാങ്ങി പുറപ്പെട്ടു വണ്ടി കയറി.

—൦൦*൦൦—

ബ ങ്ക ളൂ ർ .

3. പിന്നെ പിറെറന്നു 3-ാംനു- രാവിലെ ആറര മ ണിക്കു ബങ്കളൂർ സ്റ്റേഷനിൽ എത്തിയപ്പോഴേക്കു് അന്ന് അവിടെ വലുതായ ഒരു ഘോഷമായിരുന്നു. മൈസൂർ റസി ഡണ്ടുസായ്പ് അവിടെനിന്നു മാറി പോകയും പുതുതായി ഒരാൾ വരികയും ആയിരുന്നതുകൊണ്ട് ആയതിന്നുവേ ണ്ടി ദിവാൻ ശേഷാദ്രി അയ്യർ മുതലായി അനേകം ഉദ്യോ ഗസ്ഥന്മാരും, കച്ചവടക്കാരായ സായ്പന്മാരും, നാട്ടിൽ പ്ര മാണികളായിട്ടുള്ളവരും മററും കൂടി ഏകദേശം നാനൂറിൽ കുറയാതെ യോഗ്യന്മാരും എണ്ണായിരത്തിൽ കുറയാതെ കാണിജനങ്ങളും, മുന്നൂറിൽ കുറയാതെ പട്ടാളങ്ങളും, നൂ റോളം തുരുപ്പുശിപായികളും, അറുനൂറോളം സാരട്ടുകളും, നൂറിലകം പൊല്ലീസ്സുശിപായികളും മററും കൂടി ആ സ്റ്റേ ഷനിലും സമീപമുള്ള മൈതാനങ്ങളിലും നിറഞ്ഞുനിന്നിരു ന്നു. ഈ കോലാഹലത്തിൽ നമ്മുടെ ജ്യേഷ്ഠനോടുകൂടി നാ മും ആ തിരക്കിൽ ചെന്നുകടന്നു ദിവാൻ ശേഷാദ്രി അയ്യ രുടേയും മററും ചില യോഗ്യന്മാരുടേയും സമീപത്തു അടു ത്തുനിന്നു അവിടെ ഉണ്ടായിരുന്ന ബാൻറുവാദ്യം മുതലാ യ എല്ലാ ഘോഷങ്ങളെയും റസിഡണ്ടുസായ്പിനെ ഉപച

രിക്കുന്നതും ഉടനെ റസിഡണ്ടുസായ്പ് വേണ്ടതക്കവരോട യഥോചിതം യാത്രപറഞ്ഞു പിരിഞ്ഞു വണ്ടികയറി പോകുന്നതും മററും സുഖമായി കണ്ടിരിക്കുന്നു.

4. അതിന്നുശേഷം ദിവാൻ ശേഷാദ്രി അയ്യർ മുതലായ എല്ലാ യോഗ്യന്മാരും അവിടെനിന്നുപിരിഞ്ഞു യഥാക്രമമായി യഥോചിതം വണ്ടി കയറി ആഡംബരത്തോടുകൂടി സ്വസ്ഥാനങ്ങളിലേക്ക പുറപ്പെടുകയും തുരുപ്പു ശിപായികളും പട്ടാളങ്ങളും ബാൻറുവാദ്യഘോഷങ്ങളോടുകൂടി അണിയായി നടന്നു നഗരത്തിലേക്ക പോകയും ക്രമേണ ക്രമേണ സകല കാണികളും അതാതു സ്ഥലങ്ങളിലേക്ക പിരിഞ്ഞുപോകയും ചെയ്തു ഉടനെ ഞങ്ങളും സ്റ്റേഷനിൽനിന്നു അര മയിത്സ് സമീപമുള്ള ബങ്കളൂർ സുബ്ബയ്യാചെട്ടിയാരുടെ അതിവിശാലവും നൂതനവുമായ ധൎമ്മശാലയിലേക്ക പോകയും ചെയ്തു.

5. ഈ ധൎമ്മശാലയുടെ സമീപത്തു ഏകദേശം ഒന്നര മയിത്സ് ചുററുമുള്ള അതിവിശാലമായതും ഇറങ്ങുവാൻ ചില ദിക്കിൽ കരിങ്കൽ പടവുള്ളതുമായ ഒരു ഏരി ഉണ്ടെങ്കിലും നൊമ്മടെ മാനാംചിറപോലെ ഇരിക്കുന്ന ഈ ഏരിയിൽനിന്നു പട്ടണവാസികൾക്ക കുടിപ്പാൻ വെള്ളം കൊണ്ടുപോകേണ്ടതാകയാൽ ഇതിൽ സ്നാനത്തിന്നു സൎക്കാരുവിരോധം ഉള്ളതുകൊണ്ട് ഈ ധൎമ്മശാലയിൽനിന്നു ഒരു മയിത്സ് ദൂരം പോയാൽ മാത്രമേ സ്നാനത്തിന്നു തക്ക നല്ല തടാകങ്ങളുള്ളു. എന്നാൽ ഒന്നു ഒന്നര മയിൽസ ദൂരം പോയാൽ സ്നാനത്തിന്നു ജലസൌഖ്യം ധാരാളം ഉള്ളതുമാകുന്നു.

6. ഉച്ചയ്ക്കു ഭക്ഷണാനന്തരം ഏകദേശം 2 മണിയോടുകൂടി നഗരം കാണ്മാനായി കുതിരവണ്ടി കയറി പുറപ്പെട്ടു ഒന്നാമത് ഏതാനും ചില വീധികളേയും സായ്പന്മാർക്കു കുതിരക്കളിക്കും പന്തു കളിപ്പാനും ഉള്ള മൈതാനസ്ഥലത്തേയും പ്രധാനപ്പെട്ട രണ്ടു മൂന്നു ഷാപ്പുകളെയും പിന്നെ മൈതാനത്തിന്നു ഏത്രയും അടുത്ത് ഒരു പടഗൃഹത്തിൽ അതിവിശേഷമായ ചില കാഴ്ചകളെയും കണ്ടു.

7. ഇവിടെ ഈ കാഴ്ചകളെ കണ്ടു എന്നുമാത്രം പറഞ്ഞാൽ പോരാ എന്നു തോന്നുകയാൽ ആ കാഴ്ചകളെ ഏതാനും താഴെ വിവരിച്ചുകൊള്ളുന്നു. ആ പടഗൃഹത്തിൽ ഒന്നാമതു കണ്ടത്, വില്യം ജമ്മൻ ചക്രവത്തിയുടെ ഒരു പ്രതിമയായിരുന്നു. ഈ പ്രതിമ കാഴ്ചയിൽ ഒരു മനുഷ്യാകൃതിക്ക് എല്ലാംകൊണ്ടും ഒത്തിരിയ്ക്കുന്നതിനാലും ചക്രവത്തിയുടെ ഏത്രയും തന്മയത്വം വന്നിരിയ്ക്കുന്നതുകൊണ്ടും ഈ പ്രതിമയെ കാണുന്നവൎക്കു ഇതു ഒരു കൃത്രിമമാണെന്നു പറഞ്ഞല്ലാതെ അറിയുവാൻ പ്രയാസമായിട്ടുള്ളതാകുന്നു. ഈ ചക്രവത്തിപ്രതിമയിൽ കാണിച്ചിരിയ്ക്കുന്ന കൌശലം പ്രാണനിയ്യാണകാലത്തിൽ മഹാനെന്ന ശ്വാസത്തിന്റെ ക്ഷോഭാവസ്ഥയിൽ ഉള്ള നിലയാകുന്നു. ഇതു ഒരു കൃത്രിമമാണെന്നു പറഞ്ഞു കേട്ടവരുകൂടി ഈ അവസ്ഥയെ കാണുന്ന സമയം മനസ്സലിഞ്ഞു പരിതപിയ്ക്കാതെ ഇരിയ്ക്കുക ഇല്ലെന്നു നിശ്ചയമായും പറവാൻ നമുക്കു ധൈയ്യമുള്ളതാകുന്നു.

8. രണ്ടാമത്തെ കാഴ്ച മേപ്പടി ചക്രവത്തിയുടെ പ

ത്രൻ കണ്ഠരോഗത്താൽ പീഡിതനായ സമയം കണ്ഠത്തിൽ ഛേദിച്ച് അന്തർഭാഗത്തിലുള്ള അസ്ഥികളേയും മാംസങ്ങളേയും മററും കാണ്മാൻ തക്ക നിലയിൽ അവശതയെ പ്രാപിച്ചു കിടക്കുന്ന അവസ്ഥയായിരുന്നു. ഇതും തന്മയത്വമുള്ളതിനാൽ മേൽപ്രകാരം ശോചനീയമായിത്തന്നെ ഇരിക്കുന്നു.

9. മൂന്നാമത്തെ കാഴ്ച ഒരു മദാമ്മബൊമ്മയുടെ ഒരു അഭ്യാസമായിരുന്നു. ആ സ്ത്രീപ്രതിമയുടെ തലയിൽ ഒരു കത്തിച്ച വിളക്കും കയ്യിൽ വെള്ളം നിറച്ച ഒരു ഗ്ലാസ്സും ഉണ്ടായിരുന്നു. വെള്ളം താഴത്തുവീഴാതെയും വിളക്കു കെടാതെയും ഒരുമാതിരി അംഗവിക്ഷേപത്തോടുകൂടിയ അഭിനയത്തെ കാണിക്കുകയായിരുന്നു ശില്പിചാതുര്യം.

10. നാലാമത്, ജമ്മൻരാജ്യത്തിൽ ഒരു കള്ളൻ ഒരു സായ്പിൻെറ ഏതാനും ഉറുപ്പിക കട്ടുകൊണ്ടുപോകുന്ന മദ്ധ്യത്തിൽ പൊല്ലീസ്സുകാർ കണ്ട ഉടനെ തോക്ക് എടുത്തു വെടിവെയ്ക്കുകയും തൽക്ഷണം കള്ളൻെറ മടിയിൽനിന്നു കുറെ ഉറുപ്പിക താഴത്തു വീഴുകയും ചെയ്യുന്ന ഒരു ദശയായിരുന്നു.

11. അഞ്ചാമത്, ഒരു മനുഷ്യൻെറ ദേഹത്തിൽ എത്ര ഞരമ്പുകളും, അസ്ഥികളും, മററും ഉണ്ടായിരിക്കുമോ അതുകളെ ഒക്കെയും ഒരു മനുഷ്യപ്രതിമയിൽ കാണിക്കുവാൻ തക്ക കൌശലമായിരുന്നു. ഈ പ്രതിമയുടെ ഉള്ളിൽ രക്തങ്ങളും അസ്ഥികളും മാംസങ്ങളും മൂത്രപാത്രം മുതലായ അതാത് അവയവങ്ങളും തന്മയമായിത്തന്നെ കണ്ട

തിൽ ആശ്ചയ്യപ്പെടാത്തവർ ആരും ഇല്ലെന്ന നിസ്സംശയമായി പറയാവുന്നതാണ്.

12. ആറാമത് ഒരു സേനാപതിയുടെ മരണകാലത്തിലുള്ള അവസ്ഥയായ കാഴ്ചയാണ് കാണപ്പെട്ടത്. ഈ സേനാപതിയുടെ മാറിടത്തിൽ ശത്രുസൈന്യത്താൽ പ്രയോഗിയ്ക്കപ്പെട്ട വെടി ഉണ്ട പതിച്ച ഉടനെ മാറു തുളഞ്ഞതുകൊണ്ടു രക്തം പ്രവഹിയ്ക്കുകയും മഹാനെൻറ ശ്വാസം ക്ഷോഭിച്ച മൃതിപ്പെടുവാൻ അടുത്തനിലയിൽ കിടക്കുകയും ചെയ്തിരിയ്ക്കുന്നതു കണ്ടാൽ ഏവനും ഒന്നു ഞെട്ടിപ്പോകാതെ ഇരിയ്ക്കുകയില്ലെന്നു നിശ്ചയമായും പറയാം. എന്നാൽ ആസന്നമരണാവസ്ഥയിൽ കിടക്കുന്നവരായ ജമ്മൻചക്രവത്തി, സേനാപതി ഈ വക കൂട്ടരുടെ പ്രതിമകൾ ഒക്കയും ശ്വാസംവലിയ്ക്കുന്ന സമയം മാറിടം പൊന്തിയും താണുംകൊണ്ടിരിയ്ക്കുന്ന നിലയുടെ തന്മയത്വത്തോടു കൂടിത്തന്നെ ഇരിയ്ക്കുന്നത് അത്ഭുതമെന്നേ പറയുന്നുള്ളു.

13. ഏഴാമത് ഒരു മനുഷ്യൻ ഗർഭപാത്രത്തിൽ കിടക്കുന്ന സമയം പ്രഥമമാസം മുതൽ ദശമമാസംവരെ ഉള്ള പത്തു മാസങ്ങളിലും ഉണ്ടാവുന്ന ആകൃതിയെ പത്തു ക്ലാസ്സിനുള്ളിൽ തന്മയത്വേന കാണിയ്ക്കുന്ന കൌശലമായിരുന്നു.

14. ഇപ്രകാരം വിസ്തരിയ്ക്കാൻ പുറപ്പെടുന്നതായാൽ അവിടെ കണ്ട കാഴ്ചകളെ വഴിയ്ക്കുവഴിയായി വണ്ണിപ്പാൻ നമുക്കു ദേവാചാര്യത്വമോ, ഫണീശത്വമോ, "വാല്മീകിജന്മമോ സിദ്ധിയ്ക്കേണ്ടതായിരുന്നു. എന്നാൽ മാത്രമേ അതിന്നു നാം ശക്തനായി വരികയുള്ളു.

15. ഈ വക അനേകം കാഴ്ചകളെ കണ്ടതിന്നുശേഷം മ്യൂസിയം എന്ന കാഴ്ചസ്ഥലത്തു ചെന്നു കാണുകയാണ് ഉണ്ടായത്. അവിടത്തെ കാഴ്ചബങ്കളാവ് ഏകദേശം ഇരുനൂറുകോൽ ചതുരശ്രത്തിൽ നില്ക്കുന്നതും മുപ്പതുകോൽ ഉന്നതമായിട്ടുള്ളതും രണ്ടു നിലയിലും തങ്കരേഖയാൽ വിചിത്രകളായ ലതകളെ ഭിത്തികളിന്മേലും മേൽതട്ടിന്മേലും എഴുതപ്പെട്ടിട്ടുള്ളതും കണ്ണിന്നു അതിമനോഹരമായിട്ടുള്ളതുമാകുന്നു. ഇതിൽ അനേകം തരം മൃതപക്ഷികളേയും, മുതല, ആമ മുതലായ ജലജന്തുക്കളേയും കേടുവരാത്തവിധം വേണ്ടുന്ന പരികർമ്മങ്ങളെ ചെയ്തു ഓരോരോ വകുപ്പുകളായി വെച്ചിരിക്കുന്നതു കണ്ടാൽ അത്യത്ഭുതമായിത്തോന്നുന്നതാണ്.

16. അതിന്നുശേഷം ജീവികളായ അനേകതരം മൃഗങ്ങളേയും, പക്ഷികളേയും, വാനരങ്ങളേയും സൂക്ഷിച്ചു യഥോചിതം അതാതുകൾക്കു വേണ്ടുന്ന കൂടുകളെ പണിചെയ്തു് അതുകളിലാക്കി പരിപാലിച്ചുവരുന്ന മൃഗശാലയേയും കണ്ടു. ഇതിൽ ഒരു കാട്ടുമനുഷ്യനും കൂട്ടിൽ ഇടപ്പെട്ടിട്ടുണ്ട്. ഈ കാട്ടുമനുഷ്യൻ എന്ന ജന്തുവെ നാം മുമ്പ് കണ്ടിട്ടില്ല; സാധാരണ കണ്ടതായി ആരും പറഞ്ഞുകേട്ടിട്ടും ഇല്ല.

17. ഈ വക അനേകം കാഴ്ച കണ്ടതിൽ എല്ലാം അത്യത്ഭുതമായിട്ടുള്ളതുതന്നെയെങ്കിലും അതിന്നു സമീപമുള്ള വലിയ ഒരു ഉദ്യാനത്തിൽ ഇരുമ്പുകൊണ്ടു കാലുകളും അത്യുന്നതമായും, അതിവിശാലമായും ഇരിക്കുന്ന ആഭോഗവും, മേൽപ്പുര മുഴുവൻ ചില്ലുകൊണ്ടു മേഞ്ഞിട്ടുള്ളതും,

നാലുഭാഗത്തും അതിസുരഭികളായ മഞ്ജരിതലതകളാൽ ചുററപ്പെട്ടതും ആയ ഒരു ബങ്കളാവ് കണ്ടതിൽ സകല ജനങ്ങൾക്കും അതിവിസ്മയം ഉണ്ടായിപ്പോയി എന്നുള്ള ഒരുവിശേഷവാൎത്തയെക്കൂടിപ്രസംഗിച്ചുസമൎപ്പിച്ചുകൊള്ളുന്നു.

18. ഇതെല്ലാം കണ്ടതിന്നുശേഷം വൈകുന്നേരം പാൎക്കുന്ന സ്ഥലത്തേക്കു തിരികെ വന്ന് അന്നു മുഴുവനും പിറേറദിവസം കന്നിമാസം 4-ാംനു- സന്ധ്യവരെയും ബങ്കളൂർതന്നെ സുഖമായി താമസിച്ചു.

കേരള സാഹിത്യ അക്കാദമി

ഹരിഹര.

4-ാംനു- വൈകുന്നേരം 7 മണിയോടുകൂടി ബങ്കളൂരിൽനിന്നു പുറപ്പെട്ട തീവണ്ടി കയറുകയും, പിന്നെ 5-ാംനു- പകൽ പത്തര പതിനൊന്നു മണിയോടുകൂടി മൈസൂർരാജ്യത്തോടുചേൎന്ന തുംഗഭദ്രാതീരമായ ഹരിഹരഎന്ന സ്റ്റേഷനിൽ ഇറങ്ങുകയും ചെയ്തു. മുക്കാൽ മയിൽസു സമീപത്തിലുള്ള തുംഗഭദ്രയിൽ ചെന്നു സ്നാനം ചെയ്ത് അവിടെയുള്ള ഹരിഹരക്ഷേത്രത്തിൽ ദൎശനവും കഴിച്ചു അന്നു പകൽ മുഴുവനും ക്ഷേത്രത്തിൽതന്നെ താമസിക്കുകയും ചെയ്തു. കണ്ണാടകബ്രാഹ്മണരാൽ പൂജിക്കപ്പെട്ടുവരുന്ന ഈ ഹരിഹര ക്ഷേത്രം സാധാരണ ഒരു ക്ഷേത്രമെന്നു പറവാൻ പാടില്ല. കുറെ ചൈതന്യമുള്ള മൂൎത്തിയും ബ്രഹ്മാവിൻെറ പ്രതിഷ്ഠയും, ക്ഷേത്രംപണി മരംകൊണ്ട് എന്നപോലെ അനായാസേന അതിവിചിത്രമായി കരിങ്കല്ലുകളെക്കൊണ്ടു നിൎമ്മി

യ്യപ്പെട്ട സ്തംഭസഹസ്രത്താലും മററും അതിമനോഹരമായി ട്ടുള്ളതും വിശ്വകൎമ്മാവിനാൽ നിൎമ്മിയ്യപ്പെട്ടതും ആകുന്നു. ഇവിടെ ക്ഷേത്രസുഖവും ജലസൌഖ്യവും മററും ഉണ്ടെങ്കിലും സജ്ജനങ്ങളും അഭിജ്ഞന്മാരും അധികമായിട്ടില്ലാത്തതുകൊണ്ട് അധികകാലതാമസത്തിന്നു അത്ര സുഖമുണ്ടെന്നു തോന്നുന്നില്ല.

ഹുബ്ളി.

കേരള സാഹിത്യ അക്കാദമി

വയിന്നേരം പത്തു മണിയോടുകൂടി ഹരിഹരയിൽനിന്നു തീവണ്ടി കയറി പിറേറന്നു 6-ാംന്നു- 7 മണിയോടുകൂടി ഹുബ്ളി എന്ന സ്റ്റേഷനിൽ ഇറങ്ങി. അവിടെ സമീപം ഉള്ള ഒരു അഗാധതടാകത്തിൽ സ്നാനം ചെയ്തു സമീപം ഒരു ബ്രാഹ്മണമഠത്തിൽ ഭക്ഷണവും കഴിച്ച് അപ്പോഠം തന്നെ 9 മണിയ്ക്കു പൂനാവിലേയ്ക്കായി പുറപ്പെട്ടു വണ്ടി കയറുകയും ചെയ്തു. എന്നാൽ ഹുബ്ളി എന്ന സ്ഥലം ഒരു ജില്ലയാണെന്നും ഒരു നാഴിക ദൂരം പോയാൽ പട്ടണങ്ങളും വലിയ ബജാറുകളും ഷാപ്പുകളും ബ്രാഹ്മണഗൃഹങ്ങളും തടാകങ്ങളും മററും വേണ്ടുവോളം ഉണ്ടെന്നുമാണ് അവിടെനിന്നു കേട്ടത്. അവിടെ താമസിപ്പാൻ സാവകാശമില്ലാതെ വന്നതുകൊണ്ടു പട്ടണം മുഴവൻ കാണ്മാൻ സാധിയ്ക്കാതെ പോയതാകുന്നു. അന്നു മുഴവനും വണ്ടിയിൽതന്നെ ഇരുന്നു.

പൂന൭.

പിറെറ ദിവസം കന്നി 7-ാംനു- രാവിലെ 8 മണിക്കു പ്രസിദ്ധമായ പൂനാനഗരത്തിൽ ചെന്നു ഇറങ്ങി. ഈ പട്ടണത്തിൻെറ ചരിത്രം എത്രയും ചുരുക്കത്തിൽ താഴെ ചേക്കുന്നു.

ഈ പൂനാപട്ടണം ക്രിസ്താബ്ദം 1614-ൽ അകരിത്ത നഗരം സുൽത്താൻ മല്ലൊജിമഹാരാജാവിന്നു ജാകിരായി കൊടുത്ത വഴിക്കു 1637-ൽ ഷാഹാജിക്കു കിട്ടി. 1663-ൽ ഡില്ലിബാദിഷാവിൻെറ പ്രതിനിധിയായ സയിസ്താകാൻ എന്നാൾ ഈ പട്ടണത്തെ കൈവശപ്പെടുത്തി. അതിന്നു ശേഷം 1667-ൽ ഔരംഗജിബ് ഈ പട്ടണം കൈവശപ്പെടുത്തി ഷാഹാജിയുടെ പുത്രനായ ശിവാജിക്കു കൊടുത്തു. ശിവാജിയുടെ പുത്രനായ ശംബാജിയുടെ കാലത്തു ഡില്ലി ബാദിഷാവിൻെറ മന്ത്രിയായ കാജിഖാൻ എന്നാൾ പിന്നെയും കൈവശപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ പേഷ്വാർ മഹാരാജാവു മഹാരാഷ്ട്രരാജ്യത്തിൽ സത്താറാ പട്ടണത്തിൽനിന്നു തൻെറ രാജ്യപീഠത്തെ ഈ പൂനാവിൽ സ്ഥാപിച്ചു. പിന്നെ 1763-ൽ നിജാമൽ എന്നാൾ പട വെട്ടിക്കൊണ്ടുവന്നു ഈ പട്ടണത്തെ കൈവശപ്പെടുത്തുവാൻ പ്രയാസമാണെന്നു കണ്ടപ്പോൾ പട്ടണം മുഴുവനും തീവെച്ചു നശിപ്പിച്ചു. അതിന്നുശേഷം സിന്ത്യാഹോൽക്കർ മഹാരാജാക്കളാലും ഈ പട്ടണത്തിന്നു വളരെ കഷ്ടപ്പാടുകൾ ഉണ്ടായിട്ടുണ്ടു. പിന്നെ 1802-ൽ ഈ പട്ടണം

ഇംഗ്ലീഷുകാൎക്കു കൈവശപ്പെട്ടപ്പോൾ ഇവിടെ വലിയ ഒരു സേനാനിവാസസ്ഥാനമായി വന്നു എന്നാണ് അന്വേഷണത്തിലറിയുന്നത്. ഇങ്ങിനെ ഇരിക്കുന്ന ഈ പട്ടണം ബൊമ്പായി സംസ്ഥാനത്തിൽ ചേൎന്ന ഒരു ജില്ലയായി തീൎന്നു. വടക്ക് അകമത്തജില്ലാവരെയ്ക്കും കിഴക്ക് സോളാപ്പൂർജില്ലാവരെയ്ക്കും തെക്കു സത്താറാജില്ലാവരെയ്ക്കും പടിഞ്ഞാറു ടാനാജില്ലാവരെയ്ക്കും പരന്നു കിടക്കുന്ന ഈ പട്ടണം 5278 ചതുരശ്രമയിത്സ് വിസ്തീൎണ്ണമുള്ളതാകുന്നു. കിഴക്കുഭാഗവും പടിഞ്ഞാറുഭാഗവും ചില ചില മലകളാൽ ചുററപ്പെട്ടിരിക്കുന്നു. ഇവിടെ സമീപത്തിൽ മുട്ടാ മുതലായ ചില ചില ചെറിയ നദികളും പ്രവഹിക്കുന്നുണ്ട്. ചില ചില ധാന്യങ്ങളും ഇവിടെ വിളയുന്നുണ്ടെങ്കിലും ഉരുളക്കിഴങ്ങു യഥേഷ്ടം വിളയുന്ന സ്ഥലമാണ്. ഇവിടെ മഹാരാഷ്ട്രർ, കൊങ്കണർ, ഗുജരാത്തിക്കാർ മുതലായ പലേ ജാതിക്കാരും അധികമായി മുഹമ്മദീയരും വസിച്ചുവരുന്നു.

കേരള സാഹിത്യ അക്കാദമി

ഈ പട്ടണത്തിൽ മുഹമ്മദീയരുടെ ഉപദ്രവം കുറെ അധികമായിരിക്കുന്നതിനാൽ ഹിന്തുജനങ്ങൾ ഇവിടെനിന്നുവടക്കുഭാഗങ്ങളിൽ പരിശുദ്ധമായും മനോഹരമായും ഇരിക്കുന്ന ചില സ്ഥലങ്ങളിലാണ് അധികമായി വസിച്ചുവരുന്നത്. 1840 മുതൽക്ക് ഈ പട്ടണത്തിൽ അനേകം പുതിയ വീടുകളും കടത്തെരുവുകളും ക്രിസ്തുമതപള്ളികളും ഷാപ്പുകളും ബ്രഹ്മസമാജവും മററു കെട്ടിടങ്ങളും വൎദ്ധിച്ചുവന്നിരിക്കുന്നു. ഈ മുട്ടാനദിക്കു കെട്ടിയ കല്പാലം അമ്പതിനായിരത്തിലധികം ഉറുപ്പിക ചിലവു ചെയ്തു കെട്ടപ്പെ

ട്ടതാകുന്നു. ഇവിടെ പെഷ്വാ മഹാരാജാവിനാൽ നിൎമ്മിക്കപ്പെട്ടതായ പഴയ രാജധാനിയും മററു പലേ കാഴ്ചകളും ഉള്ളതാകുന്നു. ഈ പട്ടണത്തിൽ മഹാരാഷ്ട്രരാജാക്കന്മാരുടെ ഭരണകാലത്തു സുമാർ പതിനയ്യായിരം ജനങ്ങൾ വസിച്ചുവന്നിരുന്നു. ഇപ്പോൾ സ്വദേശീയരായിട്ടുതന്നെ ഏകദേശം ലക്ഷത്തിലധികം ജനങ്ങൾ ഉണ്ടെന്നാണ് അറിയുന്നത്. 1821-ൽ ഇവിടെ ഒരു സംസ്കൃതശാലയും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ പട്ടണത്തിൽ എല്ലാവിധത്തിലുമുള്ള സാമാനങ്ങളും ഭജാറിൽ കാണാമെങ്കിലും പിച്ചളസ്സാമാനങ്ങൾ കുറെ വിശേഷവിധിയായി കാണാവുന്നതാണ്. ഈ വിധമുള്ള പൂനാപട്ടണത്തിലെ സ്റ്റേഷനിൽ ചെന്ന് ഇറങ്ങിയ ഉടനെ ഒരു ഫർലോങ്ങ് സമീപത്തിലുള്ള ഗോകുലദാസധൎമ്മശാലയിൽ ചെന്നു കയറി സാമാനങ്ങളെല്ലാം അവിടെ ഇറക്കിവെച്ചു സത്രത്തിൽനിന്ന് ഏകദേശം മുക്കാൽ മയിത്സ് സമീപത്തിലുള്ള മുട്ടാനദിയിൽ ചെന്നു സ്നാനവും തത്തീരത്തിൽ സംഗമേശ്വരദൎശനവും കഴിച്ചു തിരിയെ വന്നു ഭോജനം കഴിഞ്ഞതിന്നുശേഷം രണ്ടു മണിയോടുകൂടി പട്ടണം കാണ്മാനായി പുറപ്പെട്ടു.

ഇവിടെ കുതിരസ്സാറട്ടുകൾ ധാരാളമായി കിട്ടുന്നതാകയാൽ കുതിരസ്സാറട്ടിൽതന്നെ കയറി സഞ്ചാരിക്കു പുറപ്പെട്ട് ഒന്നാമതു ശനിവാരപ്പേട്ട എന്ന ഭജാറിലും, തൽസമീപമുള്ള പൂനാ ബാജിറാവു സിമന്തപ്രഭൃതികളുടെയ രാജാക്കന്മാർ അധിവസിച്ചിരുന്ന കോട്ടയിലും ചെന്നു കണ്ടു. ആ കോട്ടയിൽ കരിങ്കല്ലുകൊണ്ടു പുതുതായി പണി ചെ

യ്യപ്പെട്ട സബ്ബ്കോടതി, മുൻസീപ്പുകോടതി മുതലായ സ്ഥലങ്ങളേയും കണ്ടതിന്നുശേഷം അവിടെനിന്നും പുറപ്പെട്ട് ആദിത്യവാരപ്പേട്ട, ചന്ദ്രവാരപ്പേട്ട ഈവിധം ബജാറുകളായി പണ്ടത്തെ പൂനാരാജാക്കന്മാരാൽ വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്ന മിക്ക പേട്ടകളിലും സഞ്ചാരിചെയ്തു കണ്ടതിൽപിന്നെ ബജാറിൽനിന്ന് ഏകദേശം രണ്ടുമയിത്സ് സമീപമുള്ള ബണ്ട് എന്ന പ്രസിദ്ധമായ ഗവമ്മേണ്ടുതോട്ടത്തിൽ ചെന്ന് എത്തുകയും ചെയ്തു. ഈ തോട്ടം ബങ്കളൂരിൽ മുമ്പു വൎണ്ണിയ്ക്കപ്പെട്ട തോട്ടംപോലെ മനോഹരമായിട്ടുള്ളതാണെന്നു പറവാൻ പാടില്ല. എങ്കിലും ഈ തോട്ടത്തിൽ അനേകവിധ വൃക്ഷങ്ങളും, ലതകളും, ലതാഗൃഹങ്ങളും, മധുകരഝംകാരഝാംകൃതകളായ നാനാമഞ്ജരികളും സൎവ്വത്ര അതിസ്വച്ഛതയും ഉള്ളതിന്നും പുറമെ ഈ ഉദ്യാനത്തിന്റെ അരികെ തൊട്ടുംകൊണ്ട് അതിവിശേഷമായി ഒരു നദിയും പ്രവഹിക്കുന്നതുകൊണ്ട് ശീതമാരുതസമ്പത്തും വഴിപോലെ ഉണ്ട്. ഇതിന്റെ ചുററും ഇരുമ്പഴികൾകൊണ്ട് അതിമനോഹരമായ ഒരു വേലിയും കെട്ടപ്പെട്ടിരിക്കുന്നു. ഈവക എല്ലാംകൊണ്ടും ഈ തോട്ടം കാണിജനങ്ങളുടെ നയനങ്ങളെയും, മനസ്സിനെയും അപഹരിച്ചുംകൊണ്ട്തന്നെ പ്രകാശിക്കുന്നു. പിന്നെ അവിടെനിന്ന് പോരുന്ന മദ്ധ്യത്തിൽ അതിവിശാലമായും, അത്യുന്നതമായും ഉണ്ടാക്കപ്പെട്ട ഒരു കൌൺസിൽഹാൾ കാണപ്പെട്ടു. ഈ ഹാളിൽവെച്ചു ചിത്രമെഴുത്തുകാരുടെ വിശേഷപ്പെട്ട ചിത്രങ്ങളെ വരുത്തിനോക്കി പരീക്ഷിച്ച്

ഉത്തമന്മാൎക്ക സമ്മാനംകൊടുക്കുന്ന സമയമായിരുന്നതി
നാൽ വിശേഷപ്പെട്ട അനേകം ചിത്രപടങ്ങളെ കാണ്മാ
നിടയായിവന്നതുകൊണ്ടു നയനാനന്ദവും മനസ്തൃപ്തിയും
ഉണ്ടായി എങ്കിലും ചിത്രമെഴുത്തിൽ അതിനിപുണനായ
രവിവൎമ്മ വലിയകോയിത്തമ്പുരാൻ, ശേഖരവാരിയര്,
നെമ്മനിമംഗലത്ത് നമ്പൂതിരി മുതലായ മലയാളികളുടെ
ഒരു ചിത്രപടമെങ്കിലും ഇവിടെ കാണ്മാനിടവരാത്തതി
നാൽ നമുക്കു വ്യസനിപ്പാനിടയായിവന്ന സംഗതിയെക്കു
റി മേൽപറഞ്ഞ കേരളീയരുടെ ഉൽബോധത്തിന്നായി
ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഉടനെ അവിടെനിന്നു പുറപ്പെട്ട് ഒന്നരമയിത്സ്
സമീപമുള്ള അതിവിശാലവും അതിവിശേഷവും ആയ
മുൻസിപ്പാൽ വക മാൎക്കെററ് (ചന്തസ്ഥലം) ചെന്നു കണ്ട
തിൽ ഞങ്ങൾക്കുണ്ടായ ആശ്ചൎയ്യം വൎണ്ണിപ്പാൻ പ്രയാ
സമായിട്ടുള്ളതാകുന്നു. ഈ മാൎക്കെററിന്നു മൂന്നുലക്ഷത്തില
ധികം ഉറുപ്പിക ചിലവായിട്ടുള്ളതായി പറയുന്നു. എനി
യും തന്മദ്ധ്യത്തിൽ നൂറിലധികംകോൽ ഉയരത്തിൽ നിൎമ്മി
ക്കപ്പെട്ടുവരുന്ന ഒരു പ്രാസാദം പണിതീരാതെ പകുതി
യിലാണ് കിടക്കുന്നത്. ഇതിന്റെ ഉള്ളിൽമുഴുവനും മാ
ൎബ്ബിൾക്കല്ലു പാവീട്ടുള്ളതും ഏകദേശം ആയിരത്തിൽപുറം
വാണിഭക്കാൎക്കു പച്ചക്കറിസാമാനങ്ങളേയും മററും വില്പാൻ
സ്ഥലങ്ങൾ വിഭാഗിക്കപ്പെട്ടു വിററുവരുന്നതുമാകുന്നു. ഈ
മാൎക്കെററ് മാമ്പഴം, മധുരനാരങ്ങ, ഉറുമാമ്പഴം, വാഴപ്പ
ഴം മുതലായി ഏകദേശം നൂററമ്പതിൽ അധികം പഴവ

കപ്പുകളാലും; ചേന, ചേമ്പ്, ഉരുളക്കിഴങ്ങ്, മധുരക്കിഴങ്ങ് മുതലായ അനേകം മൂലങ്ങളാലും; കടുക്, ജീരകം, ഉലുവ, പയറ്, തൊമര, മുതിര മുതലായി അനേക ഇതര സാധനങ്ങളാലും നിറയപ്പെട്ടതു കണ്ടാൽ വിശപ്പും ദാഹവും ഉള്ളവൎക്കുകൂടി ഉടനെ തന്നിവൃത്തി വന്നതുപോലെ മനസ്സിന്നു വലുതായ ഒരു ആഹ്ളാദവും കണ്ണുകൾക്കു ഒരു സാഫല്യവും സിദ്ധിയ്ക്കുമെന്നുള്ള സംഗതി അനുഭവസ്ഥനായ നാം ഇവിടെ പ്രസംഗിച്ചതിനെ വായനക്കാർ വിശ്വസിയ്ക്കാം.

ഈ മാൎക്കെറ്റ് സാവധാനമായി എല്ലാം കണ്ടതിന്നു ശേഷം തൽക്കാലം ആവശ്യമുള്ള ചില ചില സാധനങ്ങളേയും വിശേഷപ്പെട്ട പഴങ്ങളേയും വാങ്ങി അവിടെ നിന്നും പുറപ്പെട്ടു സന്ധ്യയോടുകൂടി വാസസ്ഥലത്തേയ്ക്കു തന്നെ എത്തിയതിന്നു ശേഷം ഭക്ഷണം കഴിച്ചു ബോമ്പായി ഗോകുലദാസൻ എന്ന പ്രസിദ്ധനായ ശേട്ടു സാദരോപചാരപൂൎവ്വകമായി ഒഴിച്ചുതന്ന വിമാനസമാനമായ പ്രാസാദത്തിൽ ഞങ്ങളെല്ലാവരും സുഖമായി ശയിക്കുകയും ചെയ്തു. എന്നാൽ ഈ പൂനാ പട്ടണത്തിലെ രീതികൾ മിക്കതും ബോമ്പാ പട്ടണത്തിനനുസരിച്ചു നില്ക്കുന്നതും മൂന്നു നാലു നില പ്രാസാദങ്ങൾ പ്രായേണ ഉള്ളതും ആകകൊണ്ടും മറ്റും ഈ പട്ടണം ബോമ്പാ പട്ടണത്തിന്റെ ഒരു സീമന്തപുത്രനായി വൎണ്ണിപ്പാൻ യോഗ്യമായിട്ടുള്ളതാണെന്നുകൂടി ഇവിടെ പ്രസ്താവിയ്ക്കുന്നു.

26. പിന്നെ കന്നി 8-ാംനു- ഞങ്ങൾ എല്ലാവരും യ

ഥോചിതം സ്നാനജപഭോജനാദികളെ കഴിച്ചു പത്തുമണി യോടുകൂടി സ്റ്റേഷനിൽ ചെന്നു ബൊമ്പാപട്ടണത്തിലേക്കു ടിക്കററുകൾ വാങ്ങി വണ്ടിയിൽ കയറിയതിന്നുശേഷം ഏകദേശം മൂന്നു മണിക്കു തീവണ്ടി അത്യുന്നതമായ മാർഗ്ഗേണ ചെന്നു കയറുകയും സുമാറ് മുപ്പത്തിമൂന്നു മുപ്പത്തിനാല് പർവ്വതദ്വാരമാർഗ്ഗങ്ങളിലൂടെ പോയി പകൽ 5 മണിയോടുകൂടി ഇപ്പോൾ ഇന്ത്യയിൽ എത്രയും പ്രധാനപ്പെട്ട ഒരു കാര്യസ്ഥലമായി വർണ്ണിപ്പാൻ യോഗ്യതയുള്ള ബോമ്പാ സ്റ്റേഷനിൽ ചെന്ന് ഇറങ്ങുകയും ചെയ്തു.

27. ഈ ബോമ്പാസ്റ്റേഷന് ശരിയായി അതി ഗംഭീരമനോഹരമായ ഒരു എടുപ്പ് ഈ ഇന്ത്യാരാജ്യത്തിൽ ഒരേടത്തും ഇല്ലെന്നുതന്നെയാണ് നാം അറിയുന്നത്. ഈ എടുപ്പിന്നുള്ളിൽ ആറ് പ്ലാററ്ഫോറങ്ങളുണ്ട്. ഇവകളിൽ ഓരോരോ പ്ലാററ്ഫോറങ്ങളിൽ സുമാറ് നോക്കുന്നതായാൽ രണ്ടായിരം, രണ്ടായിരത്തഞ്ഞൂറ് ഇത്രയും ജനങ്ങൾക്കു നിരാബാധം നില്പാൻ കഴിയുന്നതും പ്ലാററ്ഫോറം ഒഴികെ താഴത്തു ശേഷമുള്ള എല്ലാ സ്ഥലങ്ങളിൽക്കൂടി ചുരുങ്ങിയതു പതിനായിരം ജനങ്ങൾക്കു തിക്കകൂടാതെ നില്പാൻ സ്ഥലമുള്ളതും പ്ലാററ്ഫോറങ്ങളൊഴികെ ശേഷമുള്ള സ്ഥലങ്ങൾ മേല്പോട്ടു രണ്ടു നില മാളികയായിട്ടുള്ളതാകയാൽ സുമാറ് ഇതുപോലെതന്നെ മേൽനില രണ്ടിൽക്കൂടി ഇരുപതിനായിരത്തിലകം ജനങ്ങൾ സുഖമായി ഒതുങ്ങുന്നതുമാണ്. ഈ സ്റ്റേഷന്നു വിക്ടോറിയാ ടെർമിനസ്സ് എന്നു പേരാകുന്നു. അതിവിശേഷമുള്ള ശ്വേതരക്തശിലാമയ

സ്തംഭസഹസ്രങ്ങളിൽ നിവേശിതമായിട്ടുള്ളതും ചില ചില വിശേഷസ്ഥലങ്ങളിൽ സുവൎണ്ണരേഖാവലിചിത്രിത ഭിത്തികളാൽ അതി മനോഹരമായിട്ടുള്ളതും ആയ ഈ സ്റ്റേഷനിൽ താഴത്തുള്ള എല്ലാ നിലകളേയും എടത്രാപ്പാട്ടുതമ്പുരാൻ തിരുമനസ്സൊന്നിച്ചു ഞാനും സാവകാശമായി ചെന്നുനോക്കി കണ്ടതിന്നുശേഷം ക്രമേണ മേൽഭാഗത്തു രണ്ടു നിലകളിലും കയറി എതാനും ചില സ്ഥലങ്ങളെ കാണുകയും ഈ എടുപ്പിന്റെ നടുമദ്ധ്യത്തിൽ ശക്രദ്ധ്വജംപോലെ അത്യുന്നതമായ പ്രാസാദശിഖരത്തിൽ കയറി അവിടെ നിന്ന് അതി സമീപത്തിലുള്ള കടലുകളിൽ തരംഗനികരങ്ങളാൽ ചഞ്ചലിതകളായിരിക്കുന്ന അനേകം തിക്കപ്പലുകളേയും പിന്നെ കൈലാസശിഖരങ്ങളെപ്പോലെയുള്ള പ്രാസാദങ്ങളെയും കണ്ട് അത്യാശ്ചൎയ്യ സമുദ്രതരംഗനികരങ്ങളാൽ മേൽപറഞ്ഞ കപ്പലുകളെപ്പോലെത്തന്നെ ഞങ്ങളും സമാകുലിതന്മാരായി തീരുകയും ചെയ്തു. അത്യുന്നതപ്രാസാദശിഖരത്തിൽ കയറി ഇരിക്കുന്ന ഞങ്ങൾക്ക് എനി ഇവിടെ നിന്ന് ഉപരിഭാഗത്തിൽ പ്രകാശിച്ചു കാണപ്പെടുന്ന ദേവലോകത്തെക്കോ, അതോ ഭൂലോകത്തേക്കതന്നെയോ ചെന്നുചേരുവാൻ എളുപ്പമായി വരുന്നത് എന്നു അപരിമിതമായ സംശയം ജനിച്ചു. പിന്നെ നല്ലവണ്ണം സൂക്ഷിച്ചു നോക്കിയതിൽ മേൽഭാഗത്തേക്കു പോകുന്നതിന്നുതന്നെയാണ് എളുപ്പമായിരിക്കുന്നത് എന്നു മനസ്സിലാക്കി എങ്കിലും സ്വൎഗ്ഗലോകത്തെ അതിശയിക്കുന്ന ഈ ബോമ്പാപട്ടണത്തെ വഴിപോലെ കാണാതെ സ്വൎഗ്ഗലോകത്തേക്കു

പോകുന്നത് ഒട്ടുംതന്നെ ഉചിതമായി വരികയില്ലെന്നും ഈ മഹാനഗരത്തെ കാണ്മാനാഗ്രഹിച്ച പിന്നെയും ഇങ്ങോട്ടുതന്നെ വരേണ്ടിവരുമെന്നും ആലോചിച്ച് ഉറച്ചതിന്നുശേഷം ഞങ്ങൾ ക്രമേണ താഴത്തേക്കുതന്നെ ഇറങ്ങുകയാണ് ചെയ്തത്. ഈ സ്റ്റേഷനിൽ പ്രായേണ എല്ലാ സ്ഥലങ്ങളിലും വിചിത്രങ്ങളായ മാർബ്ബൾ കല്ലുകൾ പതിച്ചിട്ടുണ്ട്. ഇതുകൂടാതെ അനേകം റെയിൽവേ ഉദ്യോഗസ്ഥന്മാൎക്ക് അവസ്ഥാനുസരണം താമസിക്കത്തക്ക വിശേഷകെട്ടിടങ്ങൾ വേറെയും ഉണ്ട്. മേൽപറഞ്ഞ പലേ സംഗതികളെക്കൊണ്ടും ഇടക്കിടക്കു ഗതാഗതം ചെയ്യുന്ന തീവണ്ടികളുടെ ഘോഷംകൊണ്ടും പലവിധത്തിലുള്ള ജനങ്ങളുടെ കോലാഹലംകൊണ്ടും എപ്പോഴും ജലനിധിഗംഭീരമായിരിക്കുന്ന ഈ സ്റ്റേഷൻ അതിരമണീയമായിട്ടുള്ളതാണെന്നുമാത്രം പറഞ്ഞു വാചാമഗോചരമായ ഈ വൎണ്ണനയെ ഇവിടെ തൽക്കാലം അവസാനിപ്പിക്കുന്നു.

28. സ്റ്റേഷൻ എല്ലാം കണ്ടതിന്നുശേഷം ബൊമ്പായി നഗരത്തിൽ പ്രസിദ്ധനും മഹാധനികനും നൊമ്മടെ കോഴിക്കോട്ടുള്ള സ്പിന്നിങ്കമ്പിനിയിൽ ഒരു പ്രധാന സിക്രട്ടെരിയും കോഴിക്കോട്ടു ചില ചില സമയങ്ങളിൽ വന്നിരുന്ന സമയം തമ്മിൽ കണ്ടും സംഭാഷണം ചെയ്തും സ്നേഹിച്ച ദേഹവുമായ വൃന്ദാവനദാസ് എന്ന ശേട്ടുവിനാൽ സ്റ്റേഷനിലേക്കു അയക്കപ്പെട്ട കുതിരസ്സാറ്റുകളിൽ കയറി ഞങ്ങൾ എല്ലാവരും നഗരത്തിലൂടെ നഗരവൈചിത്ര്യത്തെ കണ്ടുംകൊണ്ടു പോയി. ഒന്നാമതു വൃന്ദാവനദാസ

ൻെറ ആപ്പീസ്സിൽ ചെന്നുകയറി പരസ്പരം കുശലവൃത്താന്തങ്ങളെ പറഞ്ഞു ക്ഷണനേരം ഇരുന്നു തൽക്കാലോചിതം സംഭാവിതമായ താംബൂലാദിയേയും സ്വീകരിച്ച് അവിടെനിന്നും പുറപ്പെട്ടു മേപ്പടി ശേട്ടുവിൻെറ ഗൃഹത്തിൻെറ ഏത്രയും സമീപം മഹാലക്ഷ്മി വീഥിക്കടുത്തു തെയ്യാറാക്കപ്പെട്ടിട്ടുള്ള ഒരു വലിയ ബങ്കളാവിൽ ചെന്ന് അദ്ദേഹത്തിൻെറ സാദരോപചാരത്തോടുംകൂടി അവിടെ സുഖമായി താമസിക്കുകയും ചെയ്തു.

29. ഈ ബോമ്പാപട്ടണത്തിൽ മഹാലക്ഷ്മിവീഥിയിൽ പാർപ്പാൻ വളരെ സുഖമുള്ളതാകുന്നു. എന്നുതന്നെയുമല്ലാ, അവിടെ എത്തിയപ്പോഴക്കു നവരാത്രി മഹോത്സവമായിരുന്നതിനാൽ ഈ ക്ഷേത്രത്തിലും സമീപമുള്ള എല്ലാ സ്ഥലങ്ങളിലും തദ്ദേശരീതിയിൽ വാദ്യഘോഷങ്ങളും ഗാനവിശേഷങ്ങളും മററും ഉണ്ടായിരുന്നു. ആ വീഥിയിൽ ഷാപ്പുസാമാനങ്ങളും വെള്ളിപ്പാത്രങ്ങൾ സുവൎണ്ണമോതിരങ്ങൾ മുതലായ അനേകം വിലപിടിച്ച വസ്തുക്കളും, യന്ത്ര ഊഴിഞ്ഞാൽ മുതലായ വിനോദകരസാധനങ്ങളും മററും ഇത്രയാണ് പരിപൂൎണ്ണമായിരിക്കുന്നത് എന്നു വിവരമായി പറയുവാൻ പ്രയാസം. ഈ വകയാലും ദിവസേന രാത്രിയിൽ ഏകദേശം മൂന്നുമണി വരെ ഈ ഉത്സവത്തിന്നു വന്നിരുന്ന പലതരം ജനങ്ങളുടെ കോലാഹലത്താലും ഈ പ്രദേശം അതി ഘോഷഭൂഷിതമായും അതി വിനോദരമ്യമായും ഇരുന്നിരുന്നു. എന്നുതന്നെയുമല്ല ദൎശനത്തിന്നായി വരുന്ന എല്ലാ മാതിരി ജനങ്ങൾക്കും ക്ഷീണനിവൃത്തിക്കുവേ

ണ്ടി ഉപയോഗപ്പെടുത്തുവാൻ വെച്ചിരുന്ന കാപ്പി, സർബ്ബത്ത്, പാല് മുതലായ പേയപദാൎത്ഥങ്ങളും, ലാഡു, ജിലീവി, പൂരി, ബ്രഫി മുതലായ അനേകതരം ഭക്ഷ്യസാധനങ്ങളും മേൽപ്പറഞ്ഞ സ്ഥലത്ത് എപ്പോഴും ഹാജരുണ്ടായിരുന്നതുകൊണ്ടും മറ്റും പലേ ഘോഷംകൊണ്ടും ഇവിടുത്തെ നവരാത്രിമഹോത്സവം ജനങ്ങൾക്ക് അതി രമണീയമായിത്തന്നെ ഇരുന്നിരുന്നു എന്നു വൎണ്ണിക്കേണ്ടതാണ്. ഞങ്ങൾ താമസിച്ചിരുന്ന ബങ്കളാവിൽ കുഴൽവെള്ളത്തിന്നു പുറമെ കരിങ്കൽ പടവുകെട്ടി അതി മനോഹരമായ ഒരു തടാകവും ഉണ്ടായിരുന്നതുകൊണ്ടു ജലസൌഖ്യം നല്ലവണ്ണം ഉണ്ടായിരുന്നു. എന്നുമാത്രമല്ല, പാൎക്കുന്ന ബങ്കളാവിലും മറ്റും ഗാസ്സലൈററ് എന്ന പ്രസിദ്ധമായ ദീപപ്രകാശം വഴിപോലെ ഉണ്ടായിരുന്നു. ഈ മഹാലക്ഷ്മി എന്ന പ്രദേശം സമുദ്രതീരത്തിലാകകൊണ്ടു ശീതമാരുതസൌലഭ്യവും വലിയ പട്ടണത്തിൽനിന്നു കുറെ ദൂരത്തിലാകയാൽ നാനാജനസമ്മൎദ്ദവൈകല്യവും അതി ധനികന്മാരായ വൃന്ദാവനദാസശേട്ടു മുതലായ ചില യോഗ്യന്മാരുടെ വാസസ്ഥാനമായതുകൊണ്ടു സുജനസമൃദ്ധിയും മഹാലക്ഷ്മിക്ഷേത്രം ഉള്ളതുകൊണ്ടു സാത്വികപുഷ്ടിയും മറ്റും വഴിപോലെ ഉണ്ടായിരുന്നതുകൊണ്ടു ഞങ്ങൾക്ക് ഈ സ്ഥലം എത്രയും തുഷ്ടിയെ നൽകിയിരിക്കുന്നു.

30. പിന്നെ 9-ാംനു- ഭക്ഷണം കഴിഞ്ഞതിന്നുശേഷം എരട്ടക്കുതിരസ്സാററിൽ കയറി പുറപ്പെട്ടു പട്ടണവീഥിയിൽക്കൂടി സഞ്ചരിച്ച് ഒന്നാമതു വിക്ടോറിയാഗാർഡൻ എ

ന്ന അതിവിശേഷമായ ഉദ്ദ്യാനത്തിൽ ചെന്നുകാണുകയാ
ണ് ഉണ്ടായത്. തോട്ടത്തിൽ സിംഹങ്ങളും, വ്യാഘ്രങ്ങളും,
കരടികളും, ചെന്നായകളും, അനേകം വാനരജാതികളും,
പെരുമ്പാമ്പുകളും, നാനാവിധം പക്ഷിജാതികളും മുതലാ
യി അനേകം ജീവജന്തുക്കളെ പിടിച്ച് അതാത്തു കൂടുകളിൽ
ഇട്ടു അടച്ചു ബന്തോവസ്തു ചെയ്തു വളൎത്തി ഇവിടെ വരു
ന്നവൎക്കു കാണ്മാൻ തക്ക സൌകൎയ്യത്തോടുകൂടി വെച്ചിരി
ക്കുന്നതു കണ്ടാൽ ഏവനും വിസ്മയിക്കാതെ ഇരിക്കുകയി
ല്ലെന്നു തീൎച്ചയാണ്. ഈ തോട്ടം ഒന്നുരണ്ടു മയിത്സ് വി
സ്താരമുള്ളതും, നാനാവിധ വൃക്ഷങ്ങളാലും, ലതകളാലും, ല
താമണ്ഡപത്താലും, വിശ്രമസ്ഥാനങ്ങളാലും അലംകൃതമാ
യിട്ടുള്ളതും, കാണികളായ ജനങ്ങളാൽ സദാനേരം പരി
പൂൎണ്ണമായി വിളങ്ങിക്കൊണ്ടിരിക്കുന്നതുമാകുന്നു. ഇതിൽ
കണ്ട ആശ്ചൎയ്യങ്ങളിൽവെച്ച് ഒന്നു സിംഹം തന്നെ. പി
ന്നെ ഏകദേശം മൂന്നുവാര ഉയരത്തിലുള്ള രണ്ടു പക്ഷിക
ളുമാണ്. ഈ രണ്ടു ജീവജന്തുകളാകുന്നു ആശ്ചൎയ്യപ്രദമാ
യി കാണപ്പെട്ടത്. ഈ തോട്ടം മുഴുവനും വഴിപോലെ ക
ണ്ടതിന്നുശേഷം പട്ടുനെയ്ത്തുകമ്പിനി കാണുവാനായി പു
റപ്പെട്ടു ചെന്ന് അതെല്ലാം കണ്ടു. ഈ കമ്പിനിയിൽ അ
നേകതരം പട്ടുകൾ നെയ്തുവരുന്നുണ്ട്. ഇവിടെനിന്നു ചില
കസവുശീലകൾ വാങ്ങി അവിടെനിന്നു പോന്നു മുൻസി
പ്പാൽ കാൎപ്പറേഷൻഹാൾ എന്ന അതിവിശേഷമായ മുൻ
സിപ്പാൽ ആപ്പീസ്സിൽ ചെന്നു. ഈ ഹാളിൽ ഉള്ള മാളി
കയിലേയ്ക്കു കയറുവാൻ ഒരു മാതിരി വിമാനം ഉണ്ട്. അ

തിൽ കയറി ഇരുന്ന് ഒരു യന്ത്രം തിരിച്ചാൽ ക്ഷണത്തിൽ അത്യുന്നതമായ ഉപരിഭാഗത്ത് എത്തുന്നതുമാകുന്നു. ഈ വിമാനം അത്യാശ്ചൎയ്യകരമായ ഒരു വാഹനമാണ് അതിന്നുശേഷം പൊല്ലീസ്സ് കമീഷണരുടെ ആപ്പീസ്സും, രാജബായിടവ്വർ എന്ന അത്യുന്നതമായ ഒരു എടുപ്പും, യൂനിവേർസിററി ഹാളും, കമ്പി ആപ്പീസ്സ്, പോസ്റ്റാപ്പീസ്സ് ഇതുകളും ഹൈക്കോടതിയും മററും ക്രമേണ ക്രമേണ ചെന്നു കണ്ടു.

31. പിന്നെ കണ്ടതു ക്രോഫോർഡ്മാർക്കെററാണ്. അവിടെ പോയപ്പോഴുണ്ടായ ആനന്ദത്തെ വൎണ്ണിച്ച് അവസാനിപ്പിക്കുവാൻ പ്രയാസമായിട്ടുള്ളതാകുന്നു. ഈ സ്ഥലത്തിന്റെ വിശാലതയേയും സൌന്ദൎയ്യത്തേയും അവിടെ ക്രമത്തിൽ കാണപ്പെട്ട ഫലമൂലാദി വകുപ്പുകളേയും മററു സാധനങ്ങളേയും മുഴുവനും യഥാവത്തായി വിവരിക്കേണമെങ്കിൽ ആൎക്കും പൂൎണ്ണസാദ്ധ്യമായ്വരുന്നതല്ലെന്നാണ് നമുക്കു തോന്നുന്നത്. ബൊമ്പായിലെ വിശേഷങ്ങളിൽ റെയിൽവെ ആപ്പീസ്സിന്നു പുറമെ ഒന്നു ക്രോഫോർഡ്മാർക്കെററാണെന്നുതന്നെ പറയാം.

32. അതിന്നു ശേഷം സമുദ്രക്കരയിൽ പ്രിംസസ്സ് ഡാക്ക്, വിക്ടോറിയാഡാക്ക് എന്ന സ്ഥലങ്ങളും ചെന്നു കാണുക ഉണ്ടായി. ഇവിടെ അത്യത്ഭുതങ്ങളായ ചില കാഴ്ചകളെ കണ്ടു. അതിനെ അല്പം താഴെ വിവരിക്കുന്നു:- സമുദ്രക്കര മുഴുവനും കരിങ്കല്ലുകൊണ്ടു പടുത്തു കെട്ടി ഉറപ്പിച്ചിരിക്കുന്നു. കപ്പലുകൾ കരക്കു തൊട്ടുംകൊണ്ടു നിൎത്താ

വുന്നതാണ്. കരയ്ക്കൽനിന്നു കപ്പലിലേയ്ക്കു കയറണമെങ്കിൽ യാതൊരു പ്രയാസവുമില്ല. സമുദ്രക്കരയിൽ ചെന്നു കാല് എടുത്തുവെച്ചാൽ കപ്പലിലേയ്ക്കു കയറുവാൻ കഴിയും. അടുപ്പിച്ചു നിർത്തീട്ടുള്ള ഒരു തോണിയിൽ നിന്നു മറെറാരു തോണിയിലേയ്ക്കു കയറുന്നതായാൽ അതിന്നും ഇത്ര സുഖമുണ്ടെന്നു തോന്നുന്നില്ല. എങ്ങിനെയായിരുന്നാലും ചുരുങ്ങിയത് അര വാര ആഴം തോണികൾക്കുണ്ടാകാതെ ഇരിയ്ക്കുന്നതല്ലായ്കകൊണ്ട് ആ ഒരു ആയാസമെങ്കിലും തോണിയിൽനിന്നു തോണിയിലേയ്ക്കു കയറുന്ന സമയം ഉണ്ടാവാനിടയുള്ളതാണല്ലോ. മേൽപറഞ്ഞ കടൽക്കരയിൽനിന്നു കപ്പലിലേയ്ക്കു കയറുന്നതിൽ ഈ ഒരു ലഘുവായ ആയാസവും കൂടി തട്ടുന്നതല്ല. കപ്പലിൻെറ മേൽഭാഗം മിക്കതും കടൽക്കരപോലെ സമമായിരിയ്ക്കുന്നതുകൊണ്ടും കടൽക്കരയും കപ്പലും കൂടി എത്രത്തോളം അടുത്തുനില്ക്കാമൊ അത്രയും സംബന്ധിച്ചു നില്ക്കുന്നതുകൊണ്ടും കടൽക്കരയിൽനിന്നു കപ്പലിലേയ്ക്കു കയറുന്നതിൽ യാതൊരു ആയാസവും ഉണ്ടാവുന്നതല്ല. ഞങ്ങൾ എല്ലാവരും അനായാസേന കപ്പലിൽ കയറുകയും കപ്പലിൽ ഉള്ള എല്ലാ സ്ഥലങ്ങളേയും വഴിപോലെ കാണുകയും ചെയ്കയുണ്ടായി. ഈ ഒരു വിശേഷാവസ്ഥയെക്കാൾ അത്യത്ഭുതമായ വേറെ ഒരു കാഴ്ച കാണുകയുണ്ടായി. അതാവിത്:— ഇവിടെ മറെറാരു സ്ഥലത്തു കേടുവന്ന കപ്പലുകൾ നിർത്തി അതുകളുടെ അടിസ്ഥാനംവരെ പരിശോധിച്ചു കേടുകൾ തീർപ്പാൻ വേണ്ടി ഒരു ഡോക്ക് പണി ചെയ്തിരിയ്ക്കുന്നു. കപ്പൽ കൊ

ണ്ടുനിൎത്തി കേടുതീൎപ്പാനുണ്ടാക്കിച്ചിരിയ്ക്കുന്ന ഈ സ്ഥലം ഏകദേശം ആയിരം വാര നീളത്തിലും, നൂറു വാര വീതിയിലും, ഇരുപത്തഞ്ചൊ മുപ്പതൊ വാര അഗാധത്തിലും മുഴുവനും കരിങ്കല്ലുകൊണ്ടു പടുത്തു സമുദ്രത്തിൽ കരയ്ക്കു തൊട്ടു ഒരു തടാകംപോലെ ഉണ്ടാക്കിയിരിയ്ക്കയാണ്. അതിലേയ്ക്കു കപ്പലുകൾ വരുവാനായി മാൎഗ്ഗങ്ങൾ വെച്ചിട്ടുണ്ട്. അതിവിശേഷമായി കെട്ടപ്പെട്ട ഈ തടാകത്തിൽ കേടു വന്ന കപ്പലുകളെ കടത്തിയാലുടനെ വെള്ളം അതിലേയ്ക്കു വരുവാനുള്ള മാൎഗ്ഗത്തെ ഒരു യന്ത്രംകൊണ്ട് അടച്ച് ഈ തടാകത്തിലുള്ള സകല ജലത്തേയും മറെറാരു യന്ത്രശക്തികൊണ്ടു പുറത്താക്കിക്കളയുന്നു. വെള്ളം മുഴുവനും പുറത്തായാൽ ഇതിന്നുള്ളിൽ ഒരു തുള്ളി വെള്ളം പിന്നെ മറേറ യന്ത്രം തുറന്നുവിടാതെ വരുന്നതല്ല. കപ്പലുകളെ ഇതിന്റെ ഉള്ളിലേയ്ക്കാക്കി വെള്ളം കളഞ്ഞാൽ പിന്നെ ഒരു ഭൂപ്രദേശത്തിൽ വെയ്ക്കുമ്പോലെ കപ്പലുകളെ നിൎത്തി കേടുപാടുകൾ മുഴുവനും വഴിപോലെ പരിശോധിപ്പാനും കേടു തീൎപ്പാനും കഴിവുണ്ടാകുന്നതാകുന്നു. ഇതുപ്രകാരം ചെയ്തുവരുന്നതായി കണ്ടതിൽ ഞങ്ങൾക്കുണ്ടായ ആശ്ചൎയ്യം അതിരുകടന്നുവെന്നുതന്നെ പറയണം. എന്നുതന്നെയുമല്ല, ഇതുപോലെ വേറേയും ഒന്നൊ രണ്ടൊ സ്ഥലങ്ങൾ ഉള്ളതായും കണ്ടിരിയ്ക്കുന്നു. ഈ സ്ഥലങ്ങൾക്കടുത്തു വലുതായ ഒരു ഇരുമ്പുപാലവും ഉണ്ട്. ഈ പാലംകൊണ്ടുള്ള ആവശ്യം എന്തെന്നാൽ സമുദ്രത്തിൽനിന്നു കപ്പലുകളെ വേണ്ടതുപോലെ അകത്തേയ്ക്കു കടത്തി നിൎത്തുവാനും ശത്രുക്കളെ

ടെ കപ്പലുകൾ വന്നാൽ അതുകൾ അകത്തേയ്ക്കു കടന്നുവരാതെ ഇരിപ്പാനും വേണ്ടി ഒരു യന്ത്രം തിരിയ്ക്കുന്ന സമയം ഈ പാലം ക്ഷണനേരംകൊണ്ടു തൂക്കുവാനും ആക്കും അകത്തേയ്ക്കു കടപ്പാൻ വയ്യാത്ത നിലയിൽ വഴിയെ ബന്താവസ്ത് ചെയ്തു തടസ്ഥപ്പെടുത്തുവാനും കഴിയുന്നതാകുന്നു. ഈ യന്ത്രപ്പാലത്തെ തൂക്കുന്നതും അടയ്ക്കുന്നതും ഞങ്ങൾ കണ്ടിരിയ്ക്കുന്നു. എന്തിനു വളരെ പറയുന്നു പണ്ടു ശ്രീരാമസ്വാമി വാനരസൈന്യങ്ങളെക്കൊണ്ട് അനേകം പർവ്വതങ്ങളേയും വൃക്ഷങ്ങളേയും മറ്റും കൊണ്ടുവരുവിച്ച് ഒരു സേതുബന്ധം ചെയ്തതായി കേട്ടിട്ടുണ്ട്. അതിന്ന് ഈ ബോമ്പായിക്കടൽക്കരെയ്ക്കുള്ള കരിങ്കൽ കെട്ടുകളെപ്പോലെ സൌന്ദര്യ്യവും ജനോപകാരവും ആശ്ചര്യ്യവും ഉണ്ടോ എന്നു നമുക്കു വളരെ സംശയമാണ്.

33. ഈ വക പലേ ആശ്ചര്യ്യങ്ങളേയും കണ്ടതിന്നു ശേഷം അന്നു പാർക്കുന്ന ബങ്കളാവിലേയ്ക്കുതന്നെ മടങ്ങിപ്പോന്നു. ഇങ്ങിനെ 9-ം 10-ം 11-ം ഈ മൂന്നു തിയ്യതികളിലായി ബോമ്പായി പട്ടണത്തിൽ പ്രധാനപ്പെട്ട അനേകം സ്ഥലങ്ങളെ കണ്ടു സുഖമായി താമസിച്ചു. 11-ാം നു- വൈകുന്നേരം വൃന്ദാവനദാസശേട്ടുവിനോടും സ്നേഹിതന്മാരായിത്തീൎന്ന ഗോകുലദാസശേട്ടു മുതലായി പലേ യോഗ്യന്മാരോടും യാത്ര പറഞ്ഞു പിരിഞ്ഞു രാത്രി പത്തുമണിയോടുകൂടി പുറപ്പെട്ടു വൃന്ദാവനദാസശേട്ടുവിനാൽ ഉപചരിയ്ക്കപ്പെട്ട കുതിരവണ്ടികളിൽ കയറി ബോമ്പാസ്റ്റേഷനിൽ വന്ന് ഏകദേശം പതിനൊന്നര മണിയ്ക്കു നാസികക്കായി തീവണ്ടി കയറി പോയി.

—***—

നാസികം.

34. 1071 കന്നി 12-ാംനു- പുലച്ചെ അഞ്ചുമണിയോടുകൂടി നാസികാസ്റ്റേഷനിൽ വന്നിറങ്ങി. ഈ നാസികാപട്ടണത്തിന്റെ ചരിത്രത്തെ ചുരുക്കത്തിൽ താഴെ വിവരിക്കാം.

ഈ പട്ടണം പൂർവ്വകാലത്തിൽ രാവണന്റെ ആധിപത്യത്തിൻകീഴിലുള്ളതും, രാവണന്റെ രാജ്യത്തിന്റെ വടക്കെ അതിരും ആയിരുന്നു. അക്കാലത്തു ഈ രാജ്യം രാവണന്റെ ദായാദികളായ ഖരൻ, ദൂഷണൻ ഇവരാൽ ഭരിക്കപ്പെട്ടുവന്നു. അങ്ങിനെ ഇരിക്കുംകാലത്തിലാണ് ശ്രീരാമസ്വാമി താതനിയോഗത്താൽ വനവാസത്തിനെഴുന്നെള്ളുകയും, പഞ്ചവടിക്കു സമീപമായ ഈ പ്രദേശത്തിൽ ചെന്നു ചേരുകയും ചെയ്തത്. ശ്രീരാമൻ ഈ പ്രദേശത്തിൽ സഞ്ചരിക്കുന്ന സമയം രാവണസഹോദരിയായ ശൂർപ്പണഖ കാമമോഹിതയായി ശ്രീരാമസന്നിധിയിൽ ചെന്നു തന്റെ ഭർത്താവായിരിക്കേണമെന്നു അപേക്ഷിക്കുകയും, ശ്രീരാമനും ലക്ഷ്മണനും അതിനെ അനാദരിക്കുകയും, തന്നിമിത്തം ഒടുവിൽ കലഹിച്ചു ശൂർപ്പണഖയുടെ നാസികയെ ഛേദിക്കുകയും ചെയ്ത കാരണത്താൽ ഈ പ്രദേശത്തിന്നു നാസികാ എന്ന പേർ വിളിക്കപ്പെട്ടുവരുന്നതാണ് എന്നു ധരിക്കേണ്ടതാണ്. ഈ നാസികാപട്ടണം ബോമ്പാസംസ്ഥാനത്തിൽ ചേർന്ന അഹമ്മത്നഗർ ജില്ലയിൽ

പെട്ടതാണ്. ഇതു പേഷ്വായുടെ രാജ്യഭരണകാലത്തിൽ അത്യുന്നതസ്ഥിതിയിലിരുന്നിരുന്നു. ക്രിസ്താബ്ദം 1840-ൽ ബ്രിട്ടീഷ് സബ്ബ്കലക്ടർ ഡിവിഷനാക്കി വിഭജിക്കപ്പെട്ടു. ഇപ്പോഴും കലക്ടരുടെ ഹെഡ്ക്വാർട്ടരായി തീർച്ചപ്പെടുത്തി. ഈ ചെറിയ പട്ടണത്തിൽ ഇപ്പോഴും രണ്ടുലക്ഷത്തിൽ പുറം ജനങ്ങൾ ഇരിക്കുന്നതായി പറയുന്നു. പണ്ടു ശ്രീരാമസ്വാമി അധിവസിച്ചിരുന്നതിനാൽ പുണ്യസ്ഥലമായിത്തീർന്നതുകൊണ്ടായിരിക്കാം ഇത്രയും ജനങ്ങൾ ഇവിടെ അധിവസിച്ചുവരുന്നത്. സമീപത്തിൽ ഗോദാവരി പ്രവഹിക്കുന്നതുകൊണ്ടു വസിപ്പാൻ സുഖമുള്ള സ്ഥലമാണ്. ഇവിടെ ശീതവും ഉഷ്ണവും ഒരുമാതിരി സമസ്ഥിതിയിൽ ഇരിക്കും. നാസികയിൽനിന്ന് ആറു മണിയോടുകൂടി കുതിരവണ്ടിയിൽ കയറി പുറപ്പെട്ടു സുമാറ് ആറു മയിത്സ് ദൂരത്തിലിരിക്കുന്ന പഞ്ചവടിക്കു സമീപം ഗോദാവരി തീരത്തിൽ ചെന്നെത്തുകയും അവിടെ ഒരു ബ്രാഹ്മണഗൃഹത്തിൽ സാമാനങ്ങളെല്ലാം ഇറക്കിവെച്ചു വിശ്രമിക്കുകയും ചെയ്തതിന്നുശേഷം ആ ബ്രാഹ്മണനെ പുരോഹിതനാക്കി വരിച്ചു ഗോദാവരി സ്നാനഘട്ടത്തിൽ ചെന്നു തീർത്ഥക്ഷൌരം, സങ്കല്പസ്നാനം മുതലായതു കഴിച്ചു രണ്ടുമണിയോടുകൂടി വാസഗൃഹത്തിലേക്കുതന്നെ മടങ്ങിവന്നു ഭക്ഷണം കഴിച്ചു.

35. പിന്നെ മൂന്നര മണിയോടുകൂടി ഗോദാവരിയുടെ മറുകരയിലുള്ള പഞ്ചവടിയിൽ ചെന്ന് അവിടെ അനേക ക്ഷേത്രങ്ങളുള്ളതിൽ പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങ

ളും ശ്രീരാമസ്വാമിപാദരജോരാജിപരിപൂതങ്ങളായ പു
ണ്യസ്ഥലങ്ങളും കാണ്മാനാരംഭിച്ചു.

അതിൽ ഒന്നാമത്, വളരെ പുരാതനമായ ശ്രീരാമ
ക്ഷേത്രത്തിലാണ് ദൎശനം ചെയ്തത്. ഈ ക്ഷേത്രം ഗോദാ
വരീതീരത്തിലുള്ളതും ശ്രീരാമൻ, ലക്ഷ്മണൻ, സീതാ ഇവ
രുടെ പ്രതിമകളെ വളരെ ഭക്തിയോടെ പൂജിച്ചുവരുന്നതു
മാകുന്നു. ഈ ക്ഷേത്രത്തിന്നടുത്തു ശങ്കരാചാൎയ്യസ്വാമിക
ളുടെ പ്രാചീനമായ ഒരു മഠവും ഉണ്ട്. ഈ വക പലേ
സ്ഥലങ്ങളിലും ദൎശനം കഴിച്ചതിന്നുശേഷം അവിടെനിന്ന്
ഏകദേശം മുക്കാൽ മയിൽ ദൂരത്തിലുള്ള "സീതാഗുഹാ"
എന്ന പുണ്യസ്ഥലമായ സീതാഗുഹയെ ദൎശിപ്പാൻ പോ
യി. ഈ ഗുഹ അന്ധകാരാവൃതയായിരിക്കുന്നതാകുന്നു എ
ങ്കിലും അതിലുള്ള ശിവന്റെ അൎച്ചകനും, ഉദരാൎത്ഥവകാ
ശിയുമായ ഒരു ബ്രാഹ്മണന്റെ പതിയാൽ ദൎശിതമായ ദീ
പത്തിന്റെ പ്രകാശത്തോടുകൂടി ഞങ്ങളെല്ലാവരും അതി
ലിറങ്ങി ശിവദൎശനം ചെയ്തു പ്രസാദം വാങ്ങി തിരിയെ
പോന്നു. ഈ ഗുഹയിൽതന്നെ വളരെ ദൂരം ചെന്നു ചേ
രുവാൻ തക്കവിധം ഒന്നു രണ്ടു സുരംഗമാൎഗ്ഗങ്ങളും കാണ
പ്പെട്ടു. പക്ഷെ സൎപ്പാദിസത്വഭയം നിമിത്തം ആരും ആ
മാൎഗ്ഗങ്ങളിൽ സഞ്ചരിക്കുമാറില്ല.

ഈ ഗുഹ പണ്ടു ഖരാദിവധസമയത്തിൽ സീതയെ
ഗൂഢമായി രക്ഷിപ്പാൻ വേണ്ടി ശ്രീരാമസ്വാമിയാൽ നി
ൎമ്മിക്കപ്പെട്ടതാണെന്നു പറയപ്പെടുന്നു.

പ ഞ്ച വ ടി.

36. ഈ പ്രദേശത്തിന്നു പഞ്ചവടി എന്ന പേർ വ രുവാനുള്ള കാരണവും പറയാം. ഈ ഗുഹയുടെ പുരോഭാഗത്തിൽ അതിവിസ്തൃതശാഖകളോടുകൂടി വലുതായ അഞ്ചു വടവൃക്ഷങ്ങൾ നില്ക്കുന്നുണ്ട്. പർണ്ണശാലയെക്കാൾ അധികം സുഖത്തെ നൽകുന്ന ഈ വൃക്ഷമൂലത്തിൽ പണ്ടു ശ്രീരാമസ്വാമി സീതാലക്ഷ്മണസമേതനായി വനവാസകാലത്തിൽ വസിച്ചിരുന്നു എന്നു പരമ്പരയാ പറഞ്ഞുവരുന്നതിനെ വിശ്വസിപ്പിക്കത്തക്ക പഴക്കവും യോഗ്യതയും പ്രത്യക്ഷത്തിൽ ഈ വൃക്ഷങ്ങൾക്കു കാണപ്പെടുന്നുണ്ട്. അന്നുമുതൽക്ക് ഈ പ്രദേശത്തിന്നു പഞ്ചവടി എന്ന പേരും സിദ്ധിച്ചു. ഈ വക അനേകം പുണ്യസ്ഥലങ്ങളെ കണ്ടു ഞങ്ങൾ എല്ലാവരും പരമാനന്ദതുന്ദിലഹൃദയന്മാരായി സ്വവാസഗൃഹത്തിലേയ്ക്കു തന്നെ മടങ്ങിവന്ന് അന്നു മുഴവനും അവിടെ തന്നെ താമസിച്ചു. ഈ ഗോദാവരീതീരം പ്രധാനപ്പെട്ട ഒരു സ്ഥലമാണെന്നു പുരാണപ്രസിദ്ധമായിട്ടുള്ളതാണല്ലോ. ഈ പ്രദേശം ഭജാറുകൾ, ഷാപ്പുകൾ, ചന്തകൾ, തപ്പാലാപ്പീസ്സുകൾ മുതലായി വേണ്ടതെല്ലാം ഉള്ള ഒരു സ്ഥലവുമാകുന്നു. പിന്നെ പിറെറ ദിവസം 13-ാംനു- ഗോദാവരീസ്നാനം, അക്ഷയവടശ്രാദ്ധം മുതലായതു വേണ്ടതുപോലെ കഴിക്കുകയും, മൂന്നു മണിവരെ അവിടെ തന്നെ താമസിക്കുകയും ചെയ്തു. മൂന്നര മണിയോടുകൂടി അവിടെനിന്നും പുറപ്പെട്ടു മുമ്പു പ്രസ്താവിച്ച നാസികാ

സ്റ്റേഷനിൽതന്നെ ഉദ്ദേശം ൨ മണി സന്ധ്യക്കു മുമ്പായി അവിടെ നിന്നും തീവണ്ടി കയറിപ്പോകയും ചെയ്തു.

സഹാറൻപൂർ.

37. പിറേറന്നു 14-ാംനു- പകൽ 11 മണിക്കു മുമ്പായി സഹാറൻപൂർ സ്റ്റേഷനിൽ വന്നിറങ്ങി. അവിടെ സ്റ്റേഷന്ന് എത്രയും സമീപമുള്ള ഗവൎമ്മെണ്ടു ധൎമ്മശാലയിൽ ചെന്നു കയറി അന്നു പകൽ 5 മണിവരക്കും അവിടെത്തന്നെ താമസിച്ചു. ഇവിടെയും ധൎമ്മശാലയിൽനിന്നു രണ്ടു ഫർല്ലോങ്ങ് സമീപത്ത് ഒരു നദിയും ആ നദിയുടെ അക്കരയിൽത്തന്നെ ഒരു ബജാറും ചന്തസ്ഥലവും മററും ഉള്ളതുകൊണ്ട് അരി, പാൽ മുതലായ സാമാനങ്ങൾ യാതൊരു ബുദ്ധിമുട്ടും കൂടാതെ കിട്ടുകയാലും, ജലസൌഖ്യം ഉള്ളതുകൊണ്ടും യാത്രക്കാൎക്ക് ഈ പ്രദേശം സുഖപ്രദമായിത്തന്നെ ഇരിക്കുന്നുണ്ട്. എങ്കിലും ബ്രാഹ്മണരും മററു സജ്ജനങ്ങളും ഈ ദിക്കിൽ കുറയുമെന്നുള്ള സംഗതിയെക്കൂടെ ഇവിടെ പ്രസ്താവിക്കുന്നു. പകൽ ഇവിടെനിന്നു പുറപ്പെട്ട് അഞ്ചു മണിക്കു മുമ്പായി പ്രയാഗെക്കു തീവണ്ടി കയറി. 15-ാംനു- രാവിലെ എട്ടുമണിയോടുകൂടി അലഹബാദ് സ്റ്റേഷനിൽ ചെന്നിറങ്ങി. ഉടനെ തന്നെ സ്റ്റേഷന്ന് എത്രയും സമീപമുള്ളതും അതിവിശാലവും ആയ ധൎമ്മശാലയിൽ ചെന്നു കയറി അന്നു മുഴുവനും അവിടെത്തന്നെ താ

മസിച്ചു. ഇവിടെ സ്നാനത്തിന് ഈ ധർമ്മശാലക്കു സമീപം ഒന്നു രണ്ടു തടാകങ്ങളുള്ളതിന്നു പുറമെ കുറെ മയിൽ സമീപം യമുനാനദിയും പ്രവഹിക്കുന്നുണ്ട്. അലഹാബാദ് എന്ന ഈ പട്ടണം നോർത്ത്‌വെസ്റ്റ് പ്രൊവിൻസ് എന്ന വടക്കെ പടിഞ്ഞാറെ സംസ്ഥാനത്തിൻെറ തലസ്ഥാനമായിരിക്കുന്നതുകൊണ്ട് ഇവിടെ വലിയ ഭജാറുകളും കോടതികളും കച്ചേരികളും വിശേഷിച്ചു ഹൈക്കോടതിയും ഗവർമ്മേണ്ട് ആപ്പീസ്സും മററും ഉണ്ട്.

38. ഈ അലഹാബാദ് സ്റ്റേഷനിൽ ഡില്ലി മുതലായ പട്ടണങ്ങളിൽനിന്നും ബോമ്പാപട്ടണത്തിൽ നിന്നും ഗതാഗതം ചെയ്യുന്ന തീവണ്ടികൾ വന്നുചേരുന്നു. ഇവിടെനിന്നു നാലു മയിൽ ദൂരത്തിലാണ് ത്രിവേണി എന്ന ഗംഗാ, യമുനാ, സരസ്വതി ഈ മഹാനദികളുടെ സംഗമസ്ഥാനമായ പുണ്യസ്ഥലം പ്രകാശിക്കുന്നത്. ഈ പ്രദേശത്തിന്നു പുരാണപ്രസിദ്ധമായ പേർ പ്രയാഗം എന്നാകുന്നു. പ്രയാഗം എന്ന പേർ വരുവാനുള്ള കാരണം താഴെ പറയാം: പണ്ടു പ്രപഞ്ചസൃഷ്ടിക്കു മുമ്പായി ആദിനാരായണമൂർത്തിയായ ഭഗവാൻ മഹാപ്രളയകാലത്തിൽ ഇവിടെ നില്ക്കുന്ന അക്ഷയവടത്തിൻെറ പത്രത്തിൽ ബാലരൂപിയായി ശയിച്ച് മഹാജലത്തിൽ ക്രീഡിച്ചതായി പറയുന്ന കഥ പുരാണപ്രസിദ്ധമായിട്ടുള്ളതാണല്ലൊ. ഇത്രയും മഹിമയുള്ള ഈ അക്ഷയവടം നിൽക്കുന്ന ഈ പ്രദേശം പുണ്യസ്ഥലമായിത്തീർന്നതിനാൽ പണ്ടു ബ്രഹ്മാവു മുതലായവർ

പ്രകൃഷ്ടങ്ങളായ അനേക യാഗങ്ങൾ ഇവിടെ വെച്ചു ചെയ്തുകൊണ്ടാണ് ഈ പ്രദേശത്തിന്നു പ്രയാഗം എന്ന പേർ സിദ്ധിച്ചത്. അന്നു മുതൽക്കു വിഷ്ണുപ്രജാപതിക്ഷേത്രമെന്നും, ദശാശ്വമേധഘട്ടമെന്നും ഈ പുണ്യസ്ഥലത്തിന്നു പേർ വിളിച്ചുവന്നു.

39. ഈ പ്രയാഗക്ക് അടുത്ത പ്രദേശങ്ങൾക്ക് ഇപ്പോൾ അലഹാബാദ് എന്നുള്ള പേർ സിദ്ധിപ്പാനുണ്ടായ സംഗതിയെക്കൂടി താഴെ വിവരിക്കാം. പണ്ട് ഏകദേശം 500 സംവത്സരത്തിന്നു മുമ്പായി മുകുന്ദ ദേശികർ എന്ന ഒരു മഹാപുരുഷൻ നാലു ശിഷ്യന്മാരോടുംകൂടി ഈ പുണ്യസ്ഥലത്തു വന്നു പ്രതിദിനം ത്രിവേണീസ്നാനം ചെയ്തുംകൊണ്ടു ഗംഗാതീരത്തിൽതന്നെ തപോനിരതനായി അധിവസിച്ചിരുന്നു. എന്നാൽ ഈ പ്രകൃതത്തിൽ ഉപയോഗമുള്ളതായ വേറെ ഒരു വിശേഷസംഗതിയെക്കൂടി ഈ കഥാമദ്ധ്യത്തിൽ വിവരിച്ചുകൊള്ളുന്നു. ഈ പ്രയാഗം എന്ന പുണ്യസ്ഥലമായ ത്രിവേണീതീരത്തിൽതന്നെ ഇപ്പോൾ വലുതായ ഒരു കോട്ടയുള്ളത് ഏകദേശം അഞ്ഞൂറുസംവത്സരത്തിന്നിപ്പുറം ഡില്ലിബാദിഷാ ചക്രവൎത്തി രാജ്യപരിപാലനം ചെയ്തുവന്നിരുന്ന കാലത്ത് അദ്ദേഹത്താൽ ഉണ്ടാക്കപ്പെട്ടതാണ്. ഈ കോട്ടയ്ക്കകത്തുള്ള പ്രദേശത്തിൽ ഒരു വിശേഷവിധിയായ അവസ്ഥയുണ്ടായിരുന്നതാണത്രെ ഈ കോട്ട കെട്ടിപ്പാൻ കാരണമായിത്തീൎന്നത്. ഏതെങ്കിലും ഒരു ഫലപ്രാപ്തിയെ ഉദ്ദേശിച്ച് ഇവിടെ വന്നു യഥാവിധി പ്രാൎത്ഥനയെ ചെയ്ത് ഏതൊരുവൻ ദേഹത്യാഗത്തെ ചെ

യ്യുന്നുവോ അവൻ മറുജന്മത്തിൽതന്നെ ആ അഭിഷ്ടഫല ത്തെ അനുഭവിക്കുമെന്നുള്ള കഥാ തദ്ദേശങ്ങളിൽ ഇന്നും പ്ര സിദ്ധമായി പറഞ്ഞുവരുന്നു. അതുനിമിത്തമാണ് അനേ കം മഹാന്മാർ ഇവിടെ വന്നു ദേഹവിയോഗത്തെ ചെ യ്താൽ കൊള്ളാമെന്ന് ഇച്ഛിക്കുന്നത്.

40. ആകയാൽ മുമ്പു പ്രസ്താവിച്ച മുചുകുന്ദദേശികർ ഒരു ദിവസം തന്റെ നാലു ശിഷ്യന്മാരോടുകൂടി മേൽപ്പറ ഞ്ഞ സ്ഥലത്തു ചെന്നു താൻ മറുജന്മത്തിൽ ഒരു ചക്രവ ർത്തിയായി ജനിക്കേണമെന്നു പ്രാർത്ഥിച്ച് അദ്ദേഹവും, എ ന്നാൽ ഞങ്ങൾ നാലുപേരും ചക്രവർത്തിയുടെ മന്ത്രിയായി ജനിക്കണമെന്നും ആ ജന്മത്തിൽ പൂർവ്വജന്മസ്മരണയുണ്ടാ യിരിക്കണമെന്നും കൂടി നാലു ശിഷ്യന്മാരും പ്രാർത്ഥിച്ച് എ ല്ലാവരും ദേഹത്യാഗത്തെ ചെയ്തു. അതിന്നശേഷം ഈ മു ചുകുന്ദദേശികർ മറുജന്മത്തിൽ ഡില്ലിയിൽ അക്കബർ ചക്ര വർത്തിയായും ശിഷ്യന്മാർ നാലുപേരും കൊല്ലുകഭട്ടൻ മുത ലായ നാലു മന്ത്രിമാരായും ജനിച്ചിരിക്കുന്നു. ശിഷ്യന്മാർ നാലുപേരും മറുജന്മത്തിൽ പൂർവ്വജന്മസ്മരണ ഉണ്ടായിരി ക്കേണമെന്നുകൂടി പ്രാർത്ഥിക്കുക ഉണ്ടായി എന്നു മുമ്പു വിവ രിച്ചുവല്ലൊ. എന്നാൽ അവർ അതു പരീക്ഷിപ്പാൻവേണ്ടി ഒരു ഉപായവുംകൂടി ദേഹത്യാഗകാലത്തിൽ ചെയ്തിട്ടുണ്ടാ യിരുന്നു. തത്സമയം എട്ടു ശ്ലോകം ഉണ്ടാക്കി അതുകളെ ഞങ്ങൾ എപ്പോഴെങ്കിലും വന്നു ചോദിക്കുന്ന സമയം മട ക്കി തരേണമെന്നും അതുവരെയ്ക്കും നീ സൂക്ഷിക്കേണമെന്നും പറഞ്ഞ് അവിടെ ചോളകപ്പൊരി വില്ക്കുന്ന ഒരു സ്ത്രീ പ

ക്കൽ എല്പിച്ചുകൊടുത്തതിന്നു ശേഷമാണ് അവർ നാലു പേരും ദേഹത്യാഗം ചെയ്തത്. പൊരിക്കാരി ഭക്തിവിശ്വാസത്തോടുകൂടി ശ്ലോകങ്ങളെ കണ്ടുകൊണ്ടു ഈ സംഭവങ്ങൾ തന്റെ കുടിലിൽ പോയി പറഞ്ഞു കുടിക്കാർ എല്ലാവരും അറികെ ബന്തോവസ്തായി വെച്ചു. ഇതിന്നുശേഷം മുകുന്ദദേശികർ അക്ബർചക്രവൎത്തിയായും, ശിഷ്യന്മാർ നാലു പേരും അദ്ദേഹത്തിന്റെ മന്ത്രിമാരായും ജനിച്ചു. രാജ്യപരിപാലനം ചെയ്തുവന്നിരുന്ന കാലത്ത് ഒരു നാൾ പൂൎവ്വജന്മസ്മരണയുള്ള കൊല്ലുകട്ടേൻ മുതലായ മന്ത്രിമാർ ചക്രവൎത്തിയുടേയും തങ്ങളുടേയും പൂൎവ്വജന്മവൃത്താന്തത്തെ ഒരു പ്രസംഗത്തിൽ ചക്രവൎത്തിയോടു പ്രസ്താവിച്ച സമയം അദ്ദേഹം വളരെ വിസ്മയിച്ചു എങ്കിലും തനിക്കുമാത്രം പൂൎവ്വജന്മസ്മരണ ഇല്ലാതിരുന്നതുകൊണ്ടു മന്ത്രിമാരുടെ വാക്കിന്നു അത്ര വില കൊടുത്തില്ല.

41. ആ സമയം മന്ത്രിമാർ ചക്രവൎത്തിയുടെ വിശ്വാസത്തിന്നുവേണ്ടി രാജധാനിയിൽനിന്നു പുറപ്പെട്ടുപോയി മുൻവിവരിച്ച പൊരിക്കാരിയുടെ വീട്ടിൽ ചെന്നു മുമ്പു കൊടുത്തിരുന്ന ശ്ലോകാഷ്ടകത്തെ വിവരം പറഞ്ഞു ചോദിക്കുകയും, ആ കുടിക്കാർ ബന്തോവസ്തായി സൂക്ഷിച്ചിരുന്ന അതിനെ എടുത്തു കൊടുക്കുകയും ചെയ്തു. ഉടനെ അവർ പോയി കാണിച്ച സമയം അക്ബർ ചക്രവൎത്തി വളരെ തൃപ്തിപ്പെട്ടു സന്തോഷിക്കുകയും സ്ഥലമാഹാത്മ്യത്തെപ്പററി അതിശയിക്കുകയും മന്ത്രിമാരിൽ പൂൎവ്വാധികമായ സ്നേഹവിശ്വാസത്തെ വെക്കുകയും ചെയ്തു, എന്നും മററും ചരിത്രപു

സ്തകത്തിൽ വിശദീകരിച്ചിട്ടുണ്ടു്. തുലുഷ്ക്കരാജാവായ ഈ അക്ബർചക്രവർത്തി അന്നുമുതല്ക്കു് ഈ പുണ്യസ്ഥലത്തിന്നു് അല്ലാബാദ് (ദൈവസ്ഥലം) എന്നു പേർ വിളിച്ചുതുടങ്ങുകയും, ഇതിന്റെ സ്മരണക്കായി ആ സ്ഥലത്തിന്റെ ചുറ്റും ഒരു കോട്ട കെട്ടുകയും ചെയ്തു. ആ കോട്ട ഇന്നും കാണാവുന്നതാണു്. ഈ പറഞ്ഞ ചരിത്രത്തിലേക്കു് ഒരു ദൃഷ്ടാന്തവും കൂടി ഊഹനീയമായിട്ടുണ്ടു്. ഈ അക്ബർചക്രവർത്തി ജന്മനാ ഒരു തുലുഷ്കനാണെങ്കിലും, ഇദ്ദേഹത്തിന്റെ സ്വഭാവവും, പ്രവൃത്തിയും, ഔദാൎയ്യവും, മറ്റുള്ള ഗുണങ്ങളും ധൎമ്മിഷ്ഠനായ ഒരു ഹിന്തുരാജാവിന്നു തുല്യമായി കാണപ്പെട്ടിരുന്നു എന്നും, അദ്ദേഹത്തിന്റെ മന്ത്രിമാരിൽ തന്നെ പലരും ബ്രാഹ്മണരായിരുന്നു എന്നും മറ്റും പ്രസിദ്ധിയുള്ള അനേക സംഗതികളും ഇതിലേയ്ക്കു നല്ലൊരു ദൃഷ്ടാന്തമായി ഗണിക്കേണ്ടതാണു്.

പ്രയാഗത്രിവേണിമാഹാത്മ്യം.

42. പണ്ടു മഹാ പ്രളയകാലത്തിൽ ലോകമെല്ലാം ജലമയമായിത്തീൎന്ന സമയം ആ മഹാൎണ്ണവത്തിൽ ഒരു വടപത്രമദ്ധ്യത്തിൽ ആദിനാരായണമൂൎത്തിയായ ഭഗവാൻ ശയിച്ചു ക്രീഡിച്ചിരുന്നതായ കഥ ഹിന്തുപുരാണങ്ങളിൽ ഘോഷിച്ചിട്ടുള്ളതാകയാൽ ആ വിഷയത്തെപ്പററി നാം ഇവിടെ അധികം വിവരിക്കുന്നില്ല. എന്നാൽ ആ ആലി

ലയുടെ ജന്മസ്ഥാനമായ വടവൃക്ഷം ഇപ്പൊഴും ഇവിടെ ത്രിവേണീതീരത്തിലുള്ള കോട്ടക്കകത്തു പ്രകാശിച്ചു കാണാവുന്നതാണ്. പ്രളയകാലത്തിൽകൂടി ഈ വടവൃക്ഷത്തിന്നു ക്ഷയമില്ല എന്നുള്ള സംഗതിയാൽ ഇതിന്നു അക്ഷയവടം എന്ന് ഇന്നും പേർ വിളിച്ചുവരുവാനിടയായിരിക്കുന്നു. ഈ അക്ഷയവടം എന്നുള്ള പേർ താഴെ പറയുന്ന സംഗതിയാലും തെളിയുന്നതാണ്. മുമ്പറഞ്ഞ കോട്ടയ്ക്കകത്തു നാലുഭാഗവും കരിങ്കൽകൊണ്ടു ഭിത്തിയും, മേൽഭാഗത്ത് അടച്ചു തട്ടുമായ ഒരു വലിയ കെട്ടിടത്തിലാണ് ഈ വടവൃക്ഷം വളരെ കാലമായി നിലനിന്നുവരുന്നത്. സൂൎയ്യതേജസ്സും, വൎഷബിന്ദുവും എന്നുതന്നെയല്ല ശിഥിലമായ വെളിച്ചവും കൂടി ഈ കെട്ടിടത്തിന്നുള്ളിൽ കടപ്പാൻ മാൎഗ്ഗമില്ല. ഈ കോട്ടയ്ക്കകത്തു വടവൃക്ഷദൎശനത്തിന്നു പോകുന്നവൎക്ക് അവിടുത്തെ അച്ചകബ്രാഹ്മണരുടെ കൈവിളക്കിന്റെ പ്രകാശം മാത്രമാണ് ഉണ്ടാവുക. ഇത്രയും അന്ധകാരമയമായ കെട്ടിടത്തിന്നുള്ളിൽ നില്ക്കുന്ന ഈ വടവൃക്ഷം ഇന്നും ഉണങ്ങാതെയും, മങ്ങാതെയും, തെഴുത്തു കുളൎമ്മയോടുകൂടി നില്ക്കുന്ന ഒരു അത്ഭുതാവസ്ഥ ഇതിന്റെ അക്ഷയവടം എന്നുള്ള പേരിനെ എങ്ങിനെയാണ് യഥാൎത്ഥമാക്കി ചെയ്യാതെ ഇരിക്കുക. ആകയാൽ ഈ അക്ഷയവടത്തെ യാത്രക്കാർ ഓൎമ്മവെച്ചു കോട്ടയ്ക്കകത്തു ചെന്നു ദൎശനം കഴിക്കേണ്ടതാണെന്നുകൂടി ഇവിടെ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു.

യമുനാചരിത്രം.

43. പണ്ടു ഛായാദേവി തന്റെ ഭൎത്താവായ സൂൎയ്യങ്കൽനിന്നു ഗൎഭത്തെ ധരിച്ചതിന്നുശേഷം സൽപ്രജാലാഭത്തിന്നുവേണ്ടി തപസ്സുചെയ്തുംകൊണ്ടിരിക്കുന്ന മദ്ധ്യത്തിൽ ഒരു ദിവസം കാരണവശാൽ സൂൎയ്യൻ സ്വഭാവത്തിൽ അധികമായ തേജസ്സോടുകൂടി ഛായാദേവിയുടെ സമീപത്തു ചെന്ന സമയം ആ ഉഷ്ണാധിക്യം നിമിത്തം ഛായാദേവിയുടെ ഗൎഭം പകുതി അംശം ഭസ്മമായും, ബാക്കി പകുതി അംശം ഒരു പിണ്ഡാകൃതിയായും വന്നു സംഭവിച്ചു എന്നും, അപ്പോൾ ഛായാദേവി വ്യസനിച്ചു പാരവശ്യത്തെ പ്രാപിച്ച സമയം, സാക്ഷാൽ മഹാവിഷ്ണുവും, പരമശിവനും കൂടി അവിടെ പ്രത്യക്ഷമായി ഭവിച്ചു എന്നും, ദുഃഖനിവൃത്തിക്കുവേണ്ടി പരമേശ്വരനും, മഹാവിഷ്ണുവും തങ്ങളുടെ ശക്തികളെ ആ ഭസ്മത്തിലും ഗൎഭപിണ്ഡത്തിലും നിവേശിപ്പിച്ചു പരമശിവന്റെ ശക്തിയാൽ യമധൎമ്മരാജാവിനെയും, മഹാവിഷ്ണുവിന്റെ ശക്തിയാൽ യമുനാദേവിയെയും ജനിപ്പിച്ചു എന്നും പുരാണപ്രസിദ്ധമാകയാൽ വിഷ്ണുവിന്റെ ശക്തിബൃംഹിതയായ യമുനാദേവിയുടെ മാഹാത്മ്യത്തെപ്പറ്റി ഇനി ഇവിടെ അധികമായി വൎണ്ണിക്കേണ്ടതില്ലെന്നു വിചാരിക്കുന്നു.

ഗംഗാമഹിമാ.

44. ഹിമവൽപർവ്വതപുത്രിയും ബ്രഹ്മകമണ്ഡലുതീർത്ഥഭൂതയും മഹാവിഷ്ണുപാദോദകവും പരമശിവശിരോമല്ലികാമാലയും ജഹ്നുമുനികന്യകയും സകല ദേവസിദ്ധഗന്ധർവ്വവിദ്യാധരാളിമാനിതയും ഭഗീരഥരഥാനുഗാമിനിയും പരമപാവനിയുമായ ഗംഗാദേവിയുടെ മാഹാത്മ്യം രാമായണാദി സകല പുരാണങ്ങളിലും അതി വിശദമായി വർണ്ണിച്ചിട്ടുള്ളതാണെങ്കിലും അതിനെ അല്പമായി താഴെ വിവരിക്കുന്നു.

കേരള സാഹിത്യ അക്കാദമി

ശ്ലോകം 1.

ഗംഗാ ഗംഗേതി യോബ്രൂയാൽ യോജനാനാംശതൈരപി

കാശിഖണ്ഡം

സർവ്വപാപവിനിർമ്മുക്തഃ സദൈവ സ്വർഗ്ഗേ മഹീയതേ.

ഗരുഡപുരാണം

ധൃത്വാ സമ്പുടകേതാനി കൃത്വാ ച ഹൃദി മസ്തകേ
പരിക്രമ്യ നമസ്കൃത്യ ഗംഗാമദ്ധ്യേ വിനിക്ഷിപേൽ. 2

10-ാമദ്ധ്യായം.

അന്തർദ്ദശാഹം യസ്യാസ്ഥി ഗംഗാതോയേ നിമജ്ജതി
ന തസ്യ പുനരാവൃത്തിഃ ബ്രഹ്മലോകാൽ കദാചന. 3
യാവദസ്ഥി മനുഷ്യസ്യ ഗംഗാതോയേഷു തിഷ്ഠതി
താവദബ്ദസഹസ്രാണി സ്വർഗ്ഗലോകേ മഹീയതേ. 4
ഗംഗാജലോർമ്മിം സംസ്പൃശ്യ മൃതകം പവനോ യദാ
സ്പൃശതേ പാതകം തസ്യ സദ്യ ഏവ വിനശ്യതി 5

ആരാധ്യതപസോഗ്രേണ ഗംഗാദേവീം ഭഗീരഥഃ
ഉദ്ധാരാത്ഥംപൂവ്വജനാമാനയൽബ്രഹ്മലോകതഃ. 6
ത്രിഷുലോകേഷുവിഖ്യാതം ഗംഗായാഃപാവനം യശഃ
യാപുത്രാൻസഗരസ്യൈതാൻ ഭസ്മാഖ്യാനാനയദ്ദിവം. 7
പൂവ്വേവയസി പാപാനി യേകൃത്വാ മാനവാമൃതാഃ
ഗംഗായാമസ്ഥിപതനാൽ സ്വൎഗ്ഗലോകം പ്രയാന്തിതേ. 8
കശ്ചിദ്വ്യാധോ മഹാരണ്യേ സവ്വപ്രാണിവിഹിംസകഃ
സിംഹേനനിഹതോയാവൽ പ്രയാതിനരകാലയേ 9
താവൽകാലേനതസ്യാസ്ഥി ഗംഗായാം പാതിതംതദാ
ദിവ്യം വിമാനമാരുഹ്യ സ ഗതോ ദേവമന്ദിരം. 10

മഹാഭാരതം.

പുഷ്കരേതു കുരുക്ഷേത്രേ ഗംഗായാം മഗധേഷു ച
സ്നാത്വാതാരയതേ ജന്തുഃ സപ്തസപ്താവരാംസ്തഥാ. 11

ആരണ്യപവ്വം നാരദവചനേ
85-ാമദ്ധ്യായം

പുനാതികീത്തിതാ പാപം ദൃഷ്ടാഭദ്രം പ്രയച്ഛതി
അവഗാഢാചപീതാച പുനാത്യാസപ്തമം കുലം. 12
യാവദസ്ഥി മനുഷ്യസ്യ ഗംഗായാഃസ്പൃശതേജലം
താവത്സപുരുഷോരാജൻ സ്വൎഗ്ഗലോകേ മഹീയതേ. 13
ന ഗംഗാസദൃശംതീത്ഥം ന ദേവഃ കേശവാൽപരഃ
ബ്രാഹ്മണേഭ്യഃപരം നാസ്തി ഏവമാഹപിതാമഹഃ. 14
യത്ര ഗംഗാ മഹാരാജ സ ദേശസ്തത്തപോവനം
സിദ്ധിക്ഷേത്രംച തജ്ജ്ഞേയം ഗംഗാതീരസമാശ്രിതം. ()

45. ഇപ്രകാരം സൎവ്വപുരാണപ്രസിദ്ധയായ ഗംഗാ
ദേവിയെ പണ്ടു ഭഗീരഥമഹാരാജാവു സ്വൎഗ്ഗലോകത്തിൽ
നിന്നു കൊണ്ടുവരുന്ന സമയം ഹിമവൽപൎവ്വതശിഖരത്തി
ൽനിന്നു പതിച്ചു പ്രയാഗപുണ്യസ്ഥലത്തിൽ പ്രവഹിച്ച
പ്പോൾ നദിരൂപിണിയായ യമുനാദേവി കണ്ട് എതിരേ
റ്റു ചെന്നു വണങ്ങുകയും, ഗംഗയോടുകൂടി കലൎന്നുചേൎന്നു
പ്രവഹിപ്പാനായി അപേക്ഷിക്കുകയും ചെയ്ത സമയം
'ഹേ യമുനേ! മഹാഭാഗ്യശാലിനിയായ ഭവതിയോടുകൂടി
ചേൎന്നു പ്രവഹിക്കുന്നതായാൽ എന്റെ ഖ്യാതി നിലനി
ല്ക്കുവാൻ പ്രയാസമായിത്തീരും" എന്നു ഗംഗാദേവി അരു
ളിച്ചെയ്ത സമയം, 'അല്ലേ ഗംഗാദേവി! ഭവതി അങ്ങിനെ
ശങ്കിക്കരുത്. ഈ പ്രയാഗപുണ്യസ്ഥലംമുതൽക്കു ഭവതി
യോടുചേൎന്നു ഞാൻ പ്രവഹിക്കുന്നതായാലും ഇവിടെനിന്നു
സമുദ്രസംഗമംവരെയ്ക്കും ഭവതിയുടെ പേരുമാത്രം പ്രകാശി
ക്കുന്നതാണ്" എന്നും മററും പറഞ്ഞു യമുനാദേവി അപേ
ക്ഷിച്ചതിനെ സമ്മതിച്ച് ഈ പ്രയാഗയിൽവെച്ചു ഗംഗ
യും, യമുനയും കൂടി സംഗമിച്ചു പ്രവഹിച്ചുതുടങ്ങിയതായി
സ്ഥലമാഹാത്മ്യത്തിൽ വിശദീകരിച്ചിരിക്കുന്നു.

സരസ്വതി.

46. പണ്ടു പുണ്യഭൂമിയായ ഈ പ്രയാഗയെ വ
ൎണ്ണിപ്പാനായി ബ്രഹ്മാവ് ആരംഭിച്ചു എങ്കിലും ഈ സ്ഥല

മാഹാത്മ്യം വാചാമഗോചരമാകയാൽ ആ വൎണ്ണനയെ അവസാനിപ്പിപ്പാൻ അശക്തനായിത്തീൎന്ന സമയം സരസ്വതീദേവി ബ്രഹ്മാവിൻെറ സമീപത്തിൽ വരികയും 'ഞാൻ ഈ വൎണ്ണനയെ വേണ്ടുംവണ്ണം വൎണ്ണിച്ച് അവസാനിപ്പിയ്ക്കാം' എന്നു പറയുകയും ചെയ്തു അതിന്നായി ഉദ്യോഗിച്ചിട്ടും സരസ്വതിയുടെ ശ്രമവും സഫലമാകാതെ വന്നപ്പോൾ വിഷണ്ണയായിത്തീൎന്ന സരസ്വതിയുടെ പുരോഭാഗത്തിൽ ത്രിമൂൎത്തികൾ പ്രത്യക്ഷമായി ഭവിയ്ക്കുകയും, അപ്പോൾ സരസ്വതി അവരുടെ മുഖത്തെ നോക്കി ലജ്ജാവനതമുഖിയായി നില്ക്കുകയും ചെയ്തു. ആ സമയത്തിൽ ഭടവൻ എന്ന അതിഭീഷണാകൃതിയായ ഒരു രാക്ഷസൻ ക്ഷുൽപിപാസാപരിശ്രാന്തനായി തൽക്ഷണം അവിടെ വന്നുചേൎന്നു. ആ രാക്ഷസൻ വിശപ്പുസഹിയ്ക്കാതെ തന്നിവൃത്തിയ്ക്കുവേണ്ടി സകല ലോകങ്ങളേയും ഭക്ഷിപ്പാൻ ആരംഭിച്ചതായി കണ്ടപ്പോൾ ലോകരക്ഷാദീക്ഷിതയായ സരസ്വതി മായയാൽ ഒരു സുന്ദരിവേഷത്തെ ധരിച്ചു വീണാഗാനം ചെയ്തുകൊണ്ട് ആ രാക്ഷസൻെറ മുമ്പാകെ ചെന്നപ്പോൾ അവൻ കണ്ടുമോഹിച്ചു പാണിഗ്രഹണത്തിന്നായി ആരംഭിച്ച സമയം സരസ്വതി 'ക്ഷുൽപിപാസാപരവശനായ നിന്നെ പാണിഗ്രഹണം ചെയ്യുവാൻ ഞാൻ ഭയപ്പെടുന്നു. ആകയാൽ തന്നിവൃത്തിയെ വരുത്തി വരിക" എന്ന് സവ്യാജമധുരമായി പറഞ്ഞതിനെ കേട്ടു വിശ്വസിച്ചു ലോകോപദ്രവകാൎയ്യത്തിൽനിന്നു വിരമിച്ചു ക്ഷുൽപിപാ

സാനിധ്യത്തിന്നുവേണ്ടി സമുദ്രപാനം ചെയ്വാനായിക്കൊണ്ടു പോയി. അതിന്നുശേഷം സരസ്വതി പ്രയാഗസ്സുതന്നെ വന്നുചേൎന്നപ്പോൾ ഗംഗയും യമുനയും സരസ്വതിയെ കണ്ടു് 'അല്ലയോ സരസ്വതി! ഭവതിയുടെ മനോഹരമായ നടനം ഒന്നു കാണണമെന്നു ഞങ്ങൾക്കു് ആഗ്രഹമുണ്ടു്" എന്നു പറഞ്ഞപ്പോൾ ഈ പ്രയാഗപുണ്യസ്ഥലത്തെ യഥാവത്തായി വൎണ്ണിച്ചു് അവസാനിപ്പിക്കാമെന്നു ഞാൻ ബ്രഹ്മാവിനോടു വീരവാദം പറഞ്ഞപ്രകാരം എനിക്കു സാധിക്കാതെ വന്നിരിക്കുന്നു. ഈ സമയം ഞാൻ നടനംചെയ്യുന്നതായാൽ ബ്രഹ്മാവ് എന്നെ പരിഹസിക്കുമെല്ലോ. എന്നും മററും പറഞ്ഞു സരസ്വതി ലജ്ജാപരവശയായിത്തീൎന്നു ഗംഗായമുനകളുടെ അന്തൎവ്വാഹിനിയായി ഭവിച്ചു പ്രവഹിപ്പാൻ തുടങ്ങി. അതിന്നുശേഷം ഈ പുണ്യസ്ഥലത്തിന്നു ത്രിവേണി എന്നപേരു സിദ്ധിച്ചു് അതിപാവനമായിത്തീൎന്നിരിക്കുന്നു എന്നും മററും സ്ഥലപുരാണത്തിൽ വിശദീകരിച്ചിട്ടുണ്ടു്. ഇത്രയും മഹിമയുള്ള ഈ ത്രിവേണിയിൽ ദേഹത്യാഗം ചെയ്യുന്നവർ ജന്മാന്തരത്തിൽ അഭീഷ്ടസുഖങ്ങളെ വേണ്ടുംവണ്ണം അനുഭവിച്ചതിന്നുശേഷം അനന്തരജന്മത്തിൽ ഇവിടെത്തന്നെ വന്നു ജനിച്ചു ദേഹാവസാനത്തിൽ മോക്ഷം പ്രാപിക്കുമെന്നും മററും സ്ഥലപുരാണത്തിൽ കാണുന്നതുകൊണ്ടു് ഇപ്പോഴും ചില മഹാന്മാർ ഇവിടെ വന്നു തപോനിരതരായി ഇരുന്നു ത്രിവേണിയിൽ ഇറങ്ങി പ്രാണത്യാഗത്തെ ചെയ്യുന്നതായി ചിലർ പറ

ഞ്ഞുവരുന്നു. ഇവിടത്തെ സ്ഥലപുരാണങ്ങളിൽ ഒന്നു പ ന്ത്രണ്ട് അദ്ധ്യായത്തോടുകൂടിയും പിന്നെ ഒന്നു 100 അ ദ്ധ്യായത്തോടുകൂടിയും ഉണ്ടെന്നു അറിയുന്നു.

47. ശ്രീശങ്കരാചാര്യസ്വാമികൾ ദിഗ്ജയം ചെയ്തുംകൊണ്ടു സഞ്ചരിക്കുന്ന സമയം ഒരുനാൾ പ്രയാഗക്കു വന്നുചേൎന്നു. അപ്പോൾ അവിടെയുള്ള ഗൌഡസന്യാസികൾ ശങ്കരാചാര്യസ്വാമികളെ വന്നു വണങ്ങി ശിഷ്യന്മാരായി ഭവിച്ചു മദ്യമാംസാദികളോടുകൂടി ഒരു ഭിക്ഷയെ നൽകി; സ്വാമികൾ ആ ഉപചാരത്തെ സ്വീകരിച്ചപ്പോൾ മാറുള്ള സന്യാസികളും ആ മദ്യമാംസങ്ങളെ ഉപയോഗിച്ചു. അതു കണ്ടപ്പോൾ ആചാര്യസ്വാമിക്കു തൃപ്തിയായില്ല. ഇവൎക്ക് ഒരു ഉപദേശം ചെയ്യണമെന്നു കരുതി സ്വാമികൾ മേപ്പടി സന്യാസിമാരോടുകൂടി പുറത്തു സഞ്ചരിക്കുന്ന സമയം ഒരു കന്നാൻവീട്ടിൽ കയറിച്ചെന്നു. അപ്പോൾ അവിടെ മൂശയിൽ ഓട് ഉരുകി വെള്ളംപോലെ ഇളകിക്കളിക്കുന്നതായി കണ്ടു. ഉടനെ രണ്ടുകയ്യുംകാട്ടി കന്നാനോടു അതു വാങ്ങിക്കുടിച്ചു. അതുകണ്ടു മാറുള്ള സന്യാസികൾ അത്യാശ്ചൎയ്യപ്പെട്ടു. 'ഞങ്ങൾ ശങ്കരാചാര്യസ്വാമികളെപ്പോലെ സമദൎശനമഹത്വമുള്ളവരല്ല' എന്നുപറഞ്ഞുനിന്നപ്പോൾ, ശങ്കരാചാര്യസ്വാമികൾ 'എന്നാൽ നിങ്ങൾ മദ്യമാംസങ്ങൾ ഭക്ഷിച്ചതിനാൽ ഭ്രഷ്ടന്മാരായിത്തീൎന്നിരിക്കുന്നു' എന്നു കല്പിച്ചു. അതുപ്രകാരം ആ പത്തു സന്യാസികളും അനേകശിഷ്യന്മാരോടു കൂടിച്ചേൎന്നു ഗിരി, പൎവ്വത, സാഗര,

ഭാരതി, പുരി, സരസ്വതി, തീൎത്ഥം ഇങ്ങിനെ തുടങ്ങി പത്തുവിധം വൈരാഗികളായിത്തീൎന്നു അന്നേത്തെ രാജാവായ ബാദുഷാ അവർകളാൽ സൎവ്വമാന്യമായി വിട്ടഭൂമികൾക്കും മഠങ്ങൾക്കും അധിപതികളായി അധിവസിച്ചുവന്നു എന്നു പ്രയാഗയിൽ ഇതിഹാസമായി പറഞ്ഞുവരുന്ന ഒരു കഥയെ കൂടി ഇവിടെ വിവരിച്ചു പ്രകൃതത്തെത്തന്നെ പിന്തുടരുന്നു.

48. ഇവിടെ യാത്രക്കാരു പ്രധാനമായി എട്ടു ദിക്കിൽ ദൎശനം ചെയ്യേണ്ടതുണ്ട്.

ശ്ലോകം

ത്രിവേണിം, മാധവം, സാംബം, ഭരദ്വാജഞ്ച, വാസുകിം
വന്ദേക്ഷയവടം, ശേഷം, പ്രയാഗം തീൎത്ഥനായകം.

ഈ ത്രിവേണിയിൽ സ്നാനാദികൾ എപ്പോഴും പാവനങ്ങളായിട്ടുള്ളതാണെങ്കിലും, വൃശ്ചികമാസത്തിൽ യമദ്വിതീയാ എന്നദിനത്തിൽ യമധൎമ്മരാജാവ് തന്റെ സഹോദരിയായ യമുനയെ കാണ്മാൻ വരുന്നതായും, ആ സമയം സ്നാനംചെയ്യുന്നവൎക്കും തദ്വംശ്യന്മാൎക്കും യമബാധന ഉണ്ടാകുന്നതല്ലെന്നു യമധൎമ്മരാജാവു വരംകൊടുത്തതായും സ്ഥലപുരാണത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് ആ ദിനത്തിൽ ത്രിവേണിസ്നാനത്തിന്നായി അനേകായിരം ജനങ്ങൾ വന്നുകൂടുന്നതും ഉണ്ട്. ഈ ത്രിവേണീതീരത്തിൽവെച്ചു യാത്രക്കാർ തീൎത്ഥക്ഷൌരം ചെയ്യുന്നതിന്നുപുറമെ സാധാരണയായി സുമംഗലിസ്ത്രീകളും ശുഭോദയത്തിന്നുവേണ്ടി തലമുടി മുഴുവനും ക്ഷൌരംകഴിച്ചു സ്നാനംചെയ്യുന്നതായ ഒരു

വിശേഷസമ്പ്രദായം ഇവിടെ മാത്രമാണ് നാംകണ്ടിട്ടുള്ളതു. ഇവിടെ പ്രതിവൎഷം മകരസംക്രമത്തിന്ന് ലക്ഷത്തിലധികം ജനങ്ങൾ സ്നാനത്തിന്നായി വരികയും, ചിലർ മകരമാസം മുഴുവനും സ്നാനം ചെയ്യേണ്ടതിന്നായി താമസിയ്ക്കുകയും ചെയ്തുവരുന്നുണ്ട്. നാം 1047-ാമത് മകരമാസത്തിൽ ഒന്നാമത് കാശിയാത്ര ചെയ്ത സമയം മകരസംക്രമത്തിന്നു പ്രയാഗയിൽ ചെന്നെത്തുകയും, രണ്ടുദിവസം ഒരിടെത്തന്നെ താമസിയ്ക്കുകയും ചെയ്തിട്ടുള്ളതാകകൊണ്ട് ഈ സംഗതി നമുക്കു അനുഭവസിദ്ധമായിട്ടുള്ളതാകുന്നു. ഇവിടെ ദൎശനത്തിന്നു എട്ടു മുഖ്യസ്ഥലങ്ങളുള്ളതിൽ എല്ലാം സമീപംതന്നെയാണ്. എങ്കിലും ഭരദ്വാജാശ്രമം ത്രിവേണിക്കരയിൽനിന്ന് ഏകദേശം മൂന്നു മൈൽ ദൂരത്തിലാകുന്നു. പണ്ട് ശ്രീരാമസ്വാമി വനവാസത്തിന്നായി സഞ്ചരിച്ചിരുന്ന സമയം ഭരദ്വാജമഹാമുനി തന്റെ ആശ്രമത്തിൽ കൊണ്ടുവന്നു വിശേഷമായ ഒരു സൽക്കാരം ചെയ്തതും മറ്റും ഈ ആശ്രമത്തിൽ വെച്ചുതന്നെയാകുന്നു. അന്ന് ശ്രീരാമസ്വാമി ഭക്ഷണം കഴിച്ച സ്ഥലത്തിൽ ക്ഷേത്രംപോലെ ഒരു കെട്ടിടം ഉണ്ടാക്കി കാണപ്പെടുന്നുണ്ട്. അതിൽ യാത്രക്കാര് ഇന്നും ചെന്നു ദൎശനം കഴിച്ചുവരുന്നുണ്ടു. അതുപ്രകാരം ഞങ്ങളും മേല്പറഞ്ഞ ഭരദ്വാജാശ്രമത്തിലും മറ്റുള്ള പുണ്യസ്ഥലങ്ങളിലും ചെന്ന് ദൎശനം കഴിച്ചിരിയ്ക്കുന്നു. ഈ പ്രയാഗമാഹാത്മ്യത്തെപ്പറ്റി മഹാഭാരതം ആരണ്യപൎവ്വത്തിൽ നാരദവാക്യത്തിൽ 85-ാം അദ്ധ്യായത്തിൽ വളരെ

വിശേഷമായി വർണ്ണിച്ചിരിക്കുന്നു. ജനങ്ങളുടെ ഭക്തിവിശ്വാസവർദ്ധനത്തിന്നുവേണ്ടി ആ ശ്ലോകങ്ങളെക്കൂടി താഴെ ചേർത്തുകൊള്ളുന്നു.

ശ്ലോകങ്ങൾ.

1. തതോഗച്ഛേത രാജേന്ദ്ര പ്രയാഗമൃഷിസംസ്തുതം
യത്രബ്രഹ്മാദയോദേവാദിശശ്ചസദിഗീശ്വരാഃ
2. ലോകപാലാശ്ചസാദ്ധ്യാശ്ച പിതരൊലോകസമ്മതാഃ
സനൽകുമാരപ്രമുഖാ സ്തഥൈവ പരമർഷയഃ
3. അംഗിരഃപ്രമുഖാശ്ചൈവതഥാബ്രഹ്മർഷയൊഖിലാഃ
തഥാനാഗാസ്സുപർണ്ണാശ്ച സിദ്ധാശ്ചക്രധരാസ്തഥാ
4. സരിതസ്സാഗരാശ്ചൈവ ഗന്ധർവ്വാപ്സരസൊഹിച
ഹരിശ്ചഭഗവാനാസ്തേപ്രജാപതിപുരസ്കൃതഃ
5. തത്രത്രീണ്യഗ്നികുണ്ഡാനിയേഷാംമദ്ധ്യേനജാഹ്നവീ
വേഗേനസമതിക്രാന്താ സർവ്വതീർത്ഥപുരസ്കൃതാ
6. തപനസ്യസുതാദേവീ ത്രിഷുലോകേഷുവിശ്രുതാ
യമുനാഗംഗയാസാർദ്ധം സംഗതാലോകപാവനീ
7. ഗംഗായമുനയോർമ്മദ്ധ്യേ പൃഥിവ്യാജഘനം സ്മൃതം
പ്രയാഗംസമ്പ്രതിഷ്ഠാനം കംബലാശ്വതരൌതഥാ
8. പ്രയാഗം ജഘനസ്ഥാന മുപസ്ഥമൃഷയൊവിദുഃ
തീർത്ഥംഭോഗവതീചൈവവേദിരേഷാപ്രജാപതേഃ
9. തത്രവേദാശ്ചയജ്ഞാശ്ചമൂർത്തിമന്തോയുധിഷ്ഠിര
പ്രജാപതിമുപാസന്തെ ഋഷയശ്ചതപോധനാഃ
10. യജന്തേ ക്രതുഭിർദ്ദേവാസ്തഥാ ചക്രധരാന്നൃപാഃ

തതഃപുണ്യതമംനാമ ത്രിഷുലോകേഷുഭാരത
11. പ്രയാഗംസവ്വതീർത്ഥേഭ്യഃ പ്രവദന്ത്യധികംവിഭോ
ശ്രവണാത്തസ്യതീർത്ഥസ്യ നാമസങ്കീർത്തനാദപി
12. മൃത്തികാലംഭനാച്ചാപി നരഃപാപാൽപ്രമുച്യതേ
തത്രാഭിഷേകംയഃകുര്യാൽ സംഗമേ ലോകവിശ്രുതേ
13. പുണ്യംസകലമാപ്നോതി രാജസൂയാശ്വമേധയോഃ
ഏഷായജനഭൂമിർഹി ദേവാനാമപിസൽകൃതാ
14. തത്രദത്തംസൂക്ഷ്മമപി മഹൽ ഭവതി ഭാരത
നവേദവചനാത്താത നദേവവചനാദപി
15. മതിരുൽക്രമണീയാതെ പ്രയാഗമരണംപ്രതി
ദശതീർത്ഥസഹസ്രാണി ഷഷ്ടികോട്യസ്തഥാപരാഃ
16. യേഷാംസാന്നിദ്ധ്യമത്രൈവ കീർത്തിതംകുരുനന്ദന!
ചാതുർവിദ്യേ ചയൽപുണ്യം സത്യവാദിഷുചൈവയൽ
17. സ്നാതഏവതദാപ്നോതി ഗംഗായമുനസംഗമേ
തത്ര ഭോഗവതീനാമ വാസുകേസ്തീർത്ഥമുത്തമം
18. തത്രാഭിഷേകംയഃകുര്യാത് സോശ്വമേധഫലംലഭേൽ
തത്രഹംസപ്രപതനം തീർത്ഥംത്രൈലോക്യവിശ്രുതം
19. ദശാശ്വമേധികംചൈവ ഗംഗായാം കുരുനന്ദന
കുരുക്ഷേത്രസമാഗംഗാ യത്രതത്രാവഗാഹിതാ
20. വിശേഷോവൈകനഖലേ പ്രയാഗഃപരമംമഹൽ
യദ്യകാര്യശതംകൃത്വാ കൃതംഗംഗാവസേചനം.

ശ്രീകാശി.

49. കന്നി 17-ാംനു- പകൽ മൂന്ന് മണിയോടുകൂടി പ്രയാഗയിൽനിന്ന് പുറപ്പെട്ട നാലരമണിയ്ക്ക് അലഹാബാദ് സ്റ്റേഷനിൽ എത്തുകയും സന്ധ്യയോടുകൂടി അവിടെനിന്ന് ശ്രീകാശിക്ക് തീവണ്ടി കയറുകയും രാത്രി മൂന്നുമണിയോടുകൂടി ശ്രീകാശിയിൽ എത്തുകയും ഉടനെ ജയപുരം കൃഷ്ണയ്യരുടെ ജ്യേഷ്ഠപുത്രനായ സുബ്ബരായര് തെയ്യാറാക്കിയിരുന്ന ബോട്ടിൽകയറി പുലച്ചെ നാലുമണിയ്ക്കു മുമ്പായി ശ്രീമൽകേദാരഘട്ടത്തിൽ ചെന്നിറങ്ങുകയും, അവിടെ ഗംഗാതീരത്തിൽ തന്നെ തെയ്യാറാക്കിവെച്ചിരുന്ന അതിവിശാലമായ ഒരു ഗൃഹത്തിലേക്കു ചെന്നുചേരുകയും ചെയ്തു.

50. 1071 കന്നി 18-ാംനു- രാവിലെ എഴുനീററു ദേഹശുദ്ധി ചെയ്തു ഗംഗയെ വന്ദിച്ചു സ്നാനത്തിന്നായി അതിസന്തോഷത്തോടുകൂടി പുറപ്പെട്ടു കേദാരഘാട്ടിൽ ചെന്നു അ ഘാട്ടിലുള്ള ഉപാദ്ധ്യായനെ വരിച്ചു സങ്കല്പപൂർവ്വകമായി യഥാവിധി സ്നാനം ചെയ്യുകയും കേദാരക്ഷേത്രത്തിൽ ദർശനം കഴിച്ചു മദ്ധ്യാഹ്നസ്നാനത്തിന്നായി കേദാരത്തിൽനിന്നു ഒന്നരമയിത്സ് ദൂരത്തിലിരിക്കുന്ന മണികർണ്ണികാഘട്ടത്തിൽ ചെന്നുചേരുകയുംചെയ്തു. അവിടെ തീർത്ഥക്ഷൌരം സങ്കല്പസ്നാനം മുതലായതും, ചക്രതീർത്ഥസ്നാനവും, ശ്രീവിശേശ്വരക്ഷേത്രത്തിലും, വിശാലാക്ഷിക്ഷേത്രത്തിലും ദർശന

വും, അച്ഛനയും ചെയ്തു് അന്നു ഉച്ചയ്ക്കു രണ്ടുമണിയോടുകൂടി കേദാരഘട്ടത്തിലേയ്ക്കുതന്നെ മടങ്ങിവന്നു താമസിച്ചു.

51. ഇങ്ങിനെ പ്രതിദിനവും ഗംഗാസ്നാനം, വിശേഷദശനം മുതലായതു് അതിഭക്തിയോടുകൂടി ചെയ്തുംകൊണ്ടു 22-ാംനു- വൈകുന്നേരം വരെക്കും ശ്രീകാശിയിൽതന്നെ അതിസുഖമാകുംവണ്ണം താമസിച്ചു. 22-ാംനു- വൈകുന്നേരം ഗയാശ്രാദ്ധത്തിന്നായി ഗയക്കു പുറപ്പെടുകയും രാത്രി 12 മണിയോടുകൂടി ശ്രീകാശി സ്റ്റേഷനിൽനിന്നു വണ്ടി കയറി പോകയും ചെയ്തു. ശ്രീകാശിമാഹാത്മ്യം മേലിൽ കരെടുത്തു വിശദീകരിക്കാമെന്നു കരുതി ഇവിടെ വിവരിക്കാത്തതാകുന്നു.

—**—

ഗയാ.

——

52. 23-ാംനു- രാവിലെ ഒമ്പതു മണിയോടുകൂടി ഗയാസ്റ്റേഷനിൽ ചെന്നിറങ്ങി. ആ സ്റ്റേഷനിൽ സുലഭമായി കിട്ടുന്ന കുതിരസാർട്ടുകളിൽ കയറി പുറപ്പെട്ടു 11 മണിക്കു മുമ്പായി ഗയയിൽ എത്തി. അവിടെ നനക്കുപാദ്ധ്യായൻ (എന്നാൽ നന്ദഗോപോപാദ്ധ്യായൻ) എന്നു പ്രസിദ്ധനായ ഗയാപാളിയാൽ തെയ്യാറാക്കി വെക്കപ്പെട്ടതും, ഫൽഗുനിനദീതീരത്തിൽ വിഷ്ണുപാദക്ഷേത്രത്തിന്നു് എത്രയും അടുത്തു നില്ക്കുന്നതും, മൂന്നു നിലയുള്ളതുമായ

ഒരു വിശാലഗൃഹത്തിൽ ചെന്നു കയറി വിശ്രമിച്ചും ഉടനെ ഫൾഗുനിസ്നാനം വിഷ്ണുപാദദൎശനം മുതലായതു യഥാവിധി ചെയ്തു. അന്ന് അങ്ങിനെ കഴിഞ്ഞു. പിന്നെ 24-ാംനു- രാവിലെ എഴുനീറ്റു ദേഹശുദ്ധി ചെയ്തതിന്നുശേഷം എടത്രാപ്പാട് തമ്പുരാൻ തിരുമനസ്സുകൊണ്ടും ഒന്നിച്ചുള്ളവരിൽ പൊറൊക്കാട്ട് ചാത്തുമേനോൻ മുതലായ നാലഞ്ചുപേരും അഷ്ടഗയാശ്രാദ്ധത്തിന്നായി ആരംഭിച്ചു. ശേഷം ഉള്ളവരിൽ ചിലർ പഞ്ചഗയയും, ചിലർ വിഷ്ണുപാദശ്രാദ്ധവും, ഊട്ടി. നമ്മുടെ മാതാവ് ഇന്നും ജീവിച്ചിരിക്കുന്നതുകൊണ്ട് അഷ്ടഗയയും പഞ്ചഗയയും ചെയ്യേണ്ടതില്ലെന്നാണ് മുമ്പു 1017-ൽ നാം ഗയാശ്രാദ്ധത്തിന്നായി പോയിരുന്ന സമയം ഗയയിൽവെച്ചു വേണ്ടത്തക്ക മഹാന്മാരുമായി ആലോചിച്ചു തീൎച്ചയാക്കിയിരിക്കുന്നത്. വിഷ്ണുപാദശ്രാദ്ധമാകിൽ എത്തരത്തിലുള്ളവൎക്കും ചെയ്യേണ്ടതുമാകുന്നു, എന്നുള്ള തീൎപ്പിനെ അനുസരിച്ചു നാം 1047-ലും ഇന്നും വിഷ്ണുപാദശ്രാദ്ധം മാത്രമാണ് ചെയ്തിട്ടുള്ളത്.

53. ഈ ഗയയിൽ ചെന്ന ദിവസംതന്നെ പകൽ ഒരു മണിക്കു സ്നാനം ചെയ്യുന്ന സമയം അഭ്യംഗം ഉണ്ടാകയും, ആയതു നല്ല വെയിലത്തു വെച്ചുതന്നെ വേണ്ടിവരികയും ചെയ്തതുകൊണ്ടു, സ്നാനം ദൎശനം മുതലായത് ഒക്കെയും കഴിച്ച് ഏകദേശം മൂന്നര മണിവരെയ്ക്കും ഭക്ഷണം കഴിക്കാതെ ഇരുന്നതുകൊണ്ടും പിന്നെ പകൽ അഞ്ചു മ

ണിക്ക സഞ്ചാരിക്ക പോയി മടങ്ങിവരുവാൻ ഏകദേശം ഏഴ മണിവരെയ്ക്കും താമസിച്ച ദേഹം ഇളകിയതുകൊണ്ടും പിറെറ ദിവസം മുതല്ക്കു നമുക്ക കഠിനമായ ജ്വരം തുടങ്ങുകയും, അതിനാൽ വളരെ ക്ഷീണിയ്ക്കുകയും ചെയ്തു. എങ്കിലും, നമ്മുടെ എടത്രാപ്പാടമ്മാമന്റെ കരുണാനുഗ്രസിദ്ധൌഷധത്താൽ ആ ജ്വരത്തിന് ഒരു വിധം ഉപശമം കിട്ടി ആശ്വാസത്തെ പ്രാപിച്ചു. ഇപ്രകാരം കന്നി 28-ാം നു- വരെയ്ക്കും എല്ലാവരും ഇവിടെത്തന്നെ താമസിക്കുകയും, അഷ്ടഗയയായിട്ടും പഞ്ചഗയയായിട്ടും വേണ്ടുന്ന കർമ്മങ്ങളെ ഒക്കെയും വേണ്ടതുപോലെ ചെയ്തു കൃതാൎത്ഥതയെ പ്രാപിയ്ക്കുകയും ചെയ്തു.

54. ഈ ഗയാ എന്ന പുണ്യസ്ഥലത്തിന്നു മൂന്നു മയിത്സ് ദൂരംപോയാൽ വലിയ ഒരു ബജാറും, കോടതി, കച്ചേരി, തപാലാപ്പീസ്സ മുതലായതുകളും മററും ഉണ്ടെങ്കിലും, ഈ പ്രദേശം വളരെ സുഖപ്രദമായിട്ടുള്ളതല്ല, എന്നു യാത്രക്കാർക്ക മനസ്സിലായിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ഇവിടെ ഫൽഗുനി എന്നൊരു നദിയുണ്ടെങ്കിലും അതിൽ വൎഷകാലം ഒഴിച്ച ശേഷം മിക്ക സമയങ്ങളിലും ജലം വളരെ കുറവാണ്. ഉള്ള ജലം തന്നെ ഇവിടുത്തെ പഴയ നടവടിപ്രകാരം നദിമദ്ധ്യത്തിലുള്ള മണൽപ്പുറത്തു വെച്ച ശവസംസ്കാരം പരക്കെ ചെയ്തുവരുന്നതിനാൽ ആവക മലിനതകളാലും യാത്രക്കാരാലും മററും പലവിധേന ഉണ്ടാകുന്ന അഴുക്കുകൾ കൊണ്ടും വളരെ മാലിന്യമുള്ളതാ

കുന്നു. പിന്നെ സാമാന്യേന കൂപങ്ങളിലും ജലങ്ങൾ നല്ലതല്ല. വേറെ ജലസൌഖ്യവും നന്നെ കുറയും. ഇതിനെല്ലാംപുറമെ ഈപ്രദേശം സ്വഭാവേനതന്നെ യാത്രക്കാൎക്ക് അത്രപററുന്ന മാതിരിയിൽ അല്ലാത്തതുകൊണ്ടു യാത്രക്കാർ ഇവിടെ ചെന്നാൽ ആഹാരാദികൾ വളരെ സൂക്ഷിച്ചുംകൊണ്ടു വേണ്ടുന്ന സൽക്കൎമ്മങ്ങളെ ചെയ്തു ഉടനെ മടങ്ങേണ്ടതാണെന്നു നമുക്കു തോന്നുന്ന അഭിപ്രായത്തെ കൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു. ഇവിടെ ചെയ്യേണ്ടതായ ക്രിയകളിൽ ഒന്ന് അഷ്ടഗയാശ്രാദ്ധവും, പഞ്ചഗയാശ്രാദ്ധവും അതിന്നുശേഷം വിഷ്ണുപാദശ്രാദ്ധവും ആണ് മുഖ്യമായിട്ടുള്ളത് എന്നു മുൻവിവരിച്ചുവല്ലൊ. ഇവകളെ യാത്രക്കാർ യഥാശക്തി ചെയ്യേണ്ടതാണെന്നുള്ള വിശ്വാസമുള്ളവരിൽ ചിലർ അഷ്ടഗയയും ചിലർ പഞ്ചഗയയും ചിലർ വിഷ്ണുപാദശ്രാദ്ധവും ഊട്ടിവരുന്നുണ്ട്. സാമാന്യേന യാത്രക്കാർ എല്ലാവരും ഈ ശ്രാദ്ധങ്ങളെ മാത്രമാണ് മുഖ്യമായി ഊട്ടിവരുന്നത് എങ്കിലും ഇതുകൂടാതെ ദുൎമ്മരണാദികളാലൊ മററൊ ഗതിവരാത്ത പിതൃക്കളുടെ ഉദ്ധാരണത്തിന്നുവേണ്ടി കൂപഗയാശ്രാദ്ധം മുതലായ ചില ശ്രാദ്ധങ്ങളെയും ചിലർ ഊട്ടിവരുമാറുണ്ട്. മേൽപ്രകാരം ഇവിടെ മുഖ്യമായി ചെയ്യേണ്ടതായ അഷ്ടഗയാ മുതലായ ശ്രാദ്ധങ്ങളുടെ ചെറുതായ ഒരു വിവരണത്തെ ഈ പ്രകൃതത്തിൽതന്നെ കൊടുക്കുന്നതു ജനോപകാരമായിത്തീരുന്നതും അതു തന്നെ സംസ്കൃതശ്ലോകത്തോടുചേൎന്ന ലളിതമായി

ചേൎക്കുന്നതായാൽ അതിനെ ഹേതുസ്ഥമാക്കി സമയോചിതംപോലെ യാത്രക്കാൎക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതുമാണെന്നു കരുതി അതിനെ ശ്ലോകങ്ങളായി വിവരിക്കുന്നതാകുന്നു.

—***—

ഗയാശ്രാദ്ധവിവരണം

———

ശ്ലോകങ്ങൾ.

1. അഷ്ടഗയാശ്രാദ്ധാനാം വിവരണമിഥകഥ്യതേമാരഭേ ക്രമശഃ യദബോധാദപ്രബുധാനാം മാകുലതാമേതി ഹന്ത ചേതോപി.
2. പ്രഥമം തത്വംജ്ഞാത്വാ കൎമ്മതതഃ പ്രാരഭേത ശാസ്ത്രോക്തം മനസസ്തദാപ്രസാദഃ കൎമ്മചഫലവത് കൃതം ഭവേന്നൂനം.
3. അഷ്ടഗയാപഞ്ചതീൎത്ഥനിൎവ്വേദം ശക്യതേ യഥാവിധിഃ ബഹുതരയാനഭേദാ ദ്രുസഹിഷ്ണുനാന്നു സാധുഭിഃ പ്രോക്താ.
5. തത്രപ്രഥമം ഫൽഗു ശ്രാദ്ധം പ്രോക്തം പിതൃപ്രസാദകരം പ്രഥമേദിവസേ പഞ്ചാ ദിജ്ഞേയം പഞ്ചതീൎത്ഥപിണ്ഡംച
5. പഞ്ചാനാം തീൎത്ഥാനാം തേഷാം ഭേദാനപീഥ വിവൃണോമി ഉത്തരമാനസമേകം പ്രഖ്യാതം തീൎത്ഥമാദിമം പ്രോക്തം,

6. തദനൂദിചിതീൎത്ഥം കനഖലതീൎത്ഥം തൃതീയമാഖ്യാ
തം ദക്ഷിണമാനസമപരം ജിഹ്വാലോലം ചപഞ്ച
മംഗദിതം.

7. ഏവം ഷൾസ്ഥാനാനി പ്രഥമേഹനിപിണ്ഡദാന
യോഗ്യാനി ഏകോത്തരം കുലാനാം ശതമത്രശ്രാദ്ധ
ദാതുരുദ്ധരതി.

8. വിഷ്ണോൎമ്മുഖാദിതീയെ ഹനികൎയ്യം ശ്രാദ്ധമത്ര
സംക്ഷിപ്യ ശ്രീബ്രഹ്മകുണ്ഡതീൎത്ഥേ പ്രഖ്യാതെ പ്രേ
തപൎവ്വതേ ചതഥാ.

9. പശ്ചാത്തു രാമതീൎത്ഥേ തദനു ശ്രീരാമപൎവ്വതേ ച ത
ഥാ കൃതപാശ്രാദ്ധം വിധിവ നരകാദഖിലാൻ സമു
ദ്ധരന്തി പിതൄൻ.

10. അത്രത്തു വിജ്ഞേയംസ്യാ ദേതൽശ്രീപ്രതപൎവ്വതഃ പ
ശ്ചാൽ ശ്രീരാമതീൎത്ഥമപിഷൾ ഘടികംദ്ദ്രേപരം
വിരാജേതേ.

11. ത്ര്യഹനി തൃതിയേ പശ്ചാൽ കൎത്തവ്യം ശ്രാദ്ധമത്രവി
ഷ്ണോമി പ്രഥമം ധൎമ്മാരണ്യ പ്രയാണമതിപുണ്യ
ദഃധാനം.

12. പശ്ചാന്മതം ഗയാപി തിൎത്ഥം ശ്രീയൂപകൂപതീൎത്ഥം
ച ബോധിദ്രുയാതീൎത്ഥംസ്യാ ത്തുരിയമത്രപ്രശസ്ത
മുദ്ദിഷ്ടം.

13. ബ്രഹ്മസരോവരതീൎത്ഥം കാകബലിശ്ചേതി ഷൾപ്ര

ശസ്താനി ശ്രാദ്ധസ്ഥാനാനി നൃണാം സ്വകുലോദ്ധരണാതിസക്തചിത്താനാം.

14. തദനന്തരീയേ ദിവസേ കർത്തവ്യം ശ്രാദ്ധമുദ്ദിശാമ്യഖിലം തത്രാഷ്ടാദശപാദാൻ ശ്രാദ്ധസ്ഥാനാനി നിർദ്ദിശന്തി ബുധാഃ.

15. ആദൌ തു രുദ്രപാദഃ പശ്ചാത്തു ബ്രഹ്മപാദ ഉദ്ദിഷ്ടഃ ശ്രീകാർത്തികേയപാദശ്ചാഹവനീയാഗ്നിപാദ ആഖ്യാതഃ.

16. പശ്ചാത്തു ഗാർഹപത്യാഗ്നി സുപാദോന്യഃ പിതൃപ്രസാദകരഃ അഥ ദക്ഷിണാഗ്നിപാദൌ വിഖ്യാതൌ സൂര്യചന്ദ്രപാദൌ ച.

17. ശ്രീമൽ ഗണേശപാദഃ പശ്ചാത്സഭ്യാഗ്നിപാദ ഇതി ബോദ്ധ്യം അവസഥ്യാഗ്നിസുപാദൌ ദധീചിപാദശ്ച കണ്വപാദോപി.

18. പശ്ചാന്മതംഗപാദഃ ശ്രാദ്ധാർഹഃ ക്രൌഞ്ചപാദ ഏവാന്യഃ ദേവേന്ദ്രപാദ ആരാദഗസ്ത്യപാദസ്തതഃ പരം പ്രോക്തഃ.

19. കാശ്യപപാദ ഇതീഹ പ്രോക്താന്യഷ്ടാദശ പ്രശസ്താനി ശ്രാദ്ധസ്ഥാനാനി നൃണാം സദ്യോമുക്തിപ്രദാനി കലജ്ഞാനാം.

20. അഥ പഞ്ചമേ ദിനേ യൽ കർത്തവ്യം ശ്രാദ്ധമത്ര തമപിമയാ സൽകർമ്മാസക്തധിയാം വിശദീക്രിയതേ പ്രസാദലാഭായ.

21. രാമഗയാതീർത്ഥം തന്മധുസ്രവം തീർത്ഥമച്യുതഃ പ്രോ

ക്തം പശ്ചാത്തൃതീയമേതൽ ഗയാശിരസ്തീത്ഥമാമിശന്തി ബുധാഃ.

22. കൂപഗയാതീത്ഥമഥ പ്രോക്തം ശ്രീമുണ്ഡപൃഷ്ഠതീത്ഥമപി ആദിഗദാധരതീത്ഥം ഷഷ്ഠമിദം ധൌതപാദതീത്ഥഞ്ച.

23. ഭീമഗയാതീത്ഥമഥ പ്രഖ്യാതം ഗോപ്രചാരതീത്ഥമപി രശ്മിണ്യാസ്തീത്ഥമിദം തദനുഗദാലോല തീത്ഥമാഖ്യാതം.

24. വൈതരണീതീത്ഥമിതി ദ്വാദശതീത്ഥാനി പാവനാന്യത്ര അക്ഷയവടസ്തത്രസ്യാൽ ശ്രാദ്ധസ്ഥാനം ഗയാമഹാക്ഷേത്രേ.

25. അഷ്ടഗയാശ്രാദ്ധസ്യ സ്ഥാനാന്യേതാനി നിർദ്ദിശന്തി ബുധാഃ ശ്രാദ്ധാനന്തരമാശീർവാദസ്സുഫലപ്രതിഗ്രഹശ്ചമതഃ.

26. പഞ്ചഗയാശ്രാദ്ധസ്യ സ്ഥാനമതഃ പ്രോച്യതേ മയാ വിശദം ഫൽഗുന്യാംഭഃശ്രാദ്ധം പ്രഥമം ശ്രീവിഷ്ണുപാദയോശ്ച പുനഃ.

27. അക്ഷയവടേ തൃതീയേ ഹനി കുയ്യാച്ഛ്രാദ്ധമത്ര മുക്തികരം പഞ്ചഗയാശ്രാദ്ധാന്ത വ്യാശീർവാദം ദദാതി സുഫലം ച.

28. ഏകോദ്ദിഷ്ടശ്രാദ്ധം കത്തവ്യം വിഷ്ണുപാദയോരേവ ത്രിവിധാനാം ശ്രാദ്ധാനാം സ്ഥാനാന്യേതാനി തത്ര വിഹിതാനി.

29. പ്രായേണൈതാന്യേവ ശ്രാദ്ധാനിത്രിണ്യത്ര കുവ്

ന്തി അഷ്ടഗയാ പഞ്ചഗയാ ചൈകോട്ടിഷ്ടം പ്രശ
സ്തമുദ്ദിഷ്ടം.

30. ശ്രീമൽഗയാമഹത്വം പ്രഖ്യാതം കിഞ്ചിദത്ര വിവൃ
ണോമി വിജ്ഞായയന്നരാണാം ശ്രാദ്ധശ്രദ്ധാഭിവൃ
ദ്ധിമുപയാതി.

ഇപ്രകാരം ഈ ശ്രാദ്ധപ്രകരണത്തെ വിവരിച്ചതി
ന്റെശേഷം ഈ ഗയാക്ഷേത്രത്തിന്ന് ഇത്ര നിരതിശയ
മായ പാവനത്വം സിദ്ധിപ്പാനുള്ള കാരണം ഇന്നതായി
രിക്കുമെന്നു പറയുന്നതിൽ ജനങ്ങൾക്ക് അഭിലാഷം ഉ
ണ്ടാകാനിടയുള്ളതാകകൊണ്ട് അതിനെയും അല്പം സം
ക്ഷേപിച്ചു താഴെ വിവരിക്കാം.

55. പണ്ട് ശ്വേതവരാഹകല്പത്തിൽ ബ്രഹ്മാവു സ്ഥാ
വരജംഗമാത്മകമായ പ്രപഞ്ചത്തെ സൃഷ്ടിക്കുന്ന സമയം
അസുരവകുപ്പിൽ പെട്ടവനായ ഗയാസുരനാകട്ടെ, സാധാ
രണ അസുരന്മാരെപ്പോലെ താമസഗുണവൃത്തിയായിത്തീ
രാതെ പരിശുദ്ധ സാത്വികനായിത്തീൎന്നതുകൊണ്ട് ഈ
ഗയക്കു സമീപമുള്ള കോലാഹലഗിരിയിൽ ചെന്ന് ഉച്ഛ്വാ
സനിശ്വാസങ്ങളെ അടക്കി തപസ്സു ചെയ്തുംകൊണ്ടിരിക്കു
ന്ന മദ്ധ്യത്തിൽ ബ്രഹ്മാവിഷ്ണുമഹേശ്വരാദികളായ സകല
ദേവകളും ആ ഗയാസുരന്റെ മുമ്പിൽ പ്രത്യക്ഷമായി ഭ
വിക്കുകയും അവന്റെ അഭീഷ്ടപ്രകാരം അവന്റെ ദേഹ
ത്തിന്നു ലോകത്തിലുള്ള സകല തീൎത്ഥങ്ങളിലും പുണ്യസ്ഥ
ലങ്ങളിലും വെച്ചു പാവനത്വം ഉണ്ടായിരിക്കുമെന്നു വര
ത്തെ കൊടുക്കുകയും ചെയ്തു. അതിന്റെ ശേഷം ഈ ഗ

യാസുരൻ പരമപാവനശരീരനായി ഭവിച്ചു ലോകങ്ങളിൽ സഞ്ചരിക്കുന്ന സമയം ഈ ഗയാസുരനെ സ്പർശിക്കുകയൊ മററൊ ചെയ്യുന്ന സകല ജീവജാലങ്ങളും സംസാരബന്ധത്തിൽനിന്നു മോചനത്തെ പ്രാപിച്ചു തുടങ്ങിയപ്പോൾ യമധൎമ്മരാജാവിൻെറ സംയമിനീ പുരിയിൽ ജനങ്ങൾ വളരെ കുറഞ്ഞുകാണുകയാൽ യമധൎമ്മരാജാവു ബ്രഹ്മലോകത്തിൽ ചെന്നു ബ്രഹ്മാവിനോടു സങ്കടം പറയുകയും അപ്പോൾ തന്നെ സകല ദേവകളോടുകൂടി വൈകുണ്ഠത്തിൽ ചെല്ലുകയും ഈ വിവരം മഹാവിഷ്ണുവിനെ ബോധിപ്പിക്കുകയും ചെയ്ത സമയം വിഷ്ണുപ്രമുഖന്മാരായ സകല ദേവകളും കൂടി ചില ഉപായങ്ങളെ ആലോചിച്ച് ഉടനെ ഗയാസുരൻെറ അടുക്കൽ ചെന്നു ബ്രഹ്മാവിന്നു യാഗത്തിന്നു വേണ്ടി അതിപാവനമായ അങ്ങടെ ശരീരത്തെ തരേണമെന്ന് അപേക്ഷിച്ചതായും, അതിനെ ഗയാസുരൻ സന്തോഷപൂൎവ്വം അംഗീകരിച്ചു യാഗത്തിന്നായിക്കൊണ്ടു തൻെറ ശരീരത്തെ കൊടുത്തതായും, ബ്രഹ്മാവു ഗയാസുരൻെറ ശരീരത്തിന്മേൽ യാഗം ചെയ്തതായും, പിന്നെയും ഗയാസുരൻെറ ശരീരം ചലിക്കുന്നതായി കണ്ടപ്പോൾ ഇനി ഇളകാതെ ഇരിപ്പാൻ വേണ്ടി അതിപാവനയായ ഗായത്രിശിലയെ കൂടി ശിരസ്സിൽ ഇട്ടു ഗദാധരമൂൎത്തിയായ മഹാവിഷ്ണു പാദങ്ങളെക്കൊണ്ടു ചവിട്ടി അമൎത്ത് ഇളകാത്ത നിലയിൽ ആക്കിയതിന്നു ശേഷം ഗയാസുരൻ വ്യസനിച്ച് 'അല്ലയോ ദേവന്മാരേ! നിങ്ങൾ എന്തിനായിക്കൊണ്ട് എന്നെ ഇപ്രകാരം ചെയ്യുന്നു. നിങ്ങളുടെ ഇഷ്ടത്തെ സാധിപ്പി

പ്പാൻ ഞാൻ ഒരുക്കമാണല്ലൊ. ഞാൻ ചലിക്കാതെ ഇ പ്രകാരംതന്നെ കിടക്കേണമെങ്കിൽ ലോകത്തിലുള്ള സകല തീൎത്ഥങ്ങളിലും വെച്ച് ഈ സ്ഥലം എന്നെന്നേയ്ക്കും അത്യു ൽകൃഷ്ടമായിത്തീരണം. ഈ സ്ഥലത്തു വന്നു ശ്രാദ്ധാദിക ളെ ചെയ്യുന്നവൎക്ക് ഉൽകൃഷ്ടഗതി ഉണ്ടായിരിയ്ക്കേണം. എ ന്റെ പേർ എന്നെന്നും നിലനില്ക്കണം. വിഷ്ണു മുതലായ സകല ദേവകളുടേയും സാന്നിദ്ധ്യം എന്നും ഉണ്ടായിരിക്കേ ണം' എന്നും മറ്റും വരങ്ങളെ പ്രാൎത്ഥിച്ചതായും, അങ്ങി നെതന്നെ എന്നു വിഷ്ണു മുതലായ ദേവകൾ സമ്മതിച്ചു വ രം കൊടുത്തതിന്റെ ശേഷം ഈ സ്ഥലത്തിനു ഗയാ എ ന്ന പേർ സിദ്ധിച്ച് അത്യുൽകൃഷ്ടമായി തീൎന്നതായും മറ്റും ചരിത്രങ്ങൾ ഗയാമാഹാത്മ്യത്തിൽ വിശദമായി വൎണ്ണിച്ചി രിയ്ക്കുന്നു. ഈ ഗയയെപ്പറ്റി മഹാഭാരതം ആരണ്യപൎവ്വ ത്തിൽ 87-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള ചില ശ്ലോ കങ്ങളെ താഴെ ചേൎക്കുന്നു.

1. ഏഷ്ടവ്യാ ബഹവഃ പുത്രാ യദ്യേകോപി ഗയാം വ്ര ജേൽ യജേത വാശ്വമേധേന നീലം വാ വൃഷമുൽ സൃജേൽ.
2. ഉത്താരയതി സന്തത്യാ ദശപൂൎവ്വാൻ ദശാപരാൻ മഹാനദീ ച തത്രൈവ കഥാ ഗയശിരോ നൃപ.
3. യത്രാസൌ കീൎത്ത്യതേ വിപ്രൈ രക്ഷയ്യകരണോവടഃ യത്രദത്തം പിതൃഭ്യോന്ന മക്ഷയ്യം ഭവതി പ്രഭോ.
4. സാ ച പുണ്യജലാ തത്ര ഫൽഗുനാമാ മഹാനദി ബഹുമൂലഫലാ ചാപി കൌശികീ ഭരതൎഷഭ,

1. ജീവതോൎപ്പാക്യകരണാൽ പ്രത്യബ്ദം ഭൂരിഭോജനാൽ
ഗയായാം പിണ്ഡദാനാച്ച ത്രിഭിഃ പുത്രസ്യപുത്രതാ.

ഇപ്രകാരം മഹാഭാരതാദിപുരാണവൎണ്ണനമായും മഗധദേശാലങ്കാരമായുമിരിക്കുന്ന ഗയാ ക്ഷേത്രത്തിൽ കന്നിമാസം 28-ാംനു- പകൽ മൂന്നു മണി വരെക്കും താമസിച്ചു. ഗയാപാളി നനക്കുപോപാദ്ധ്യായനോടു യാത്രപറഞ്ഞു ആശീൎവ്വാദവും, സുഫലവും വാങ്ങി പുറപ്പെട്ടു പകൽ അഞ്ചുമണിയോടുകൂടി ശ്രീകാശിക്കുതന്നെ ടിക്കറു വാങ്ങി തീവണ്ടി കയറി.

ശ്രീ കാ ശി.

അതിന്റെ ശേഷം 29-ാംനു- രാവിലെ ശ്രീകാശിയിൽതന്നെ മടങ്ങി എത്തി. അവിടെ പ്രതിദിനം സ്നാനം, ദൎശനം മുതലായതു ചെയ്തുംകൊണ്ടു 71 തുലാം 5-ാംനു-വരെക്കും സുഖമായി താമസിച്ചു. 5-ാംനു- വൈകുന്നേരം അയോദ്ധ്യാ, മധുരാ, വൃന്ദാവനം മുതലായ പുണ്യക്ഷേത്രദൎശനത്തിന്നായി പുറപ്പെട്ടു രാത്രി 11 മണിക്ക് അയോദ്ധ്യക്കു തീവണ്ടി കയറി.

അ യോ ദ്ധ്യ.

6-ാംനു- പുലച്ചെ ആറര മണിക്കു അയോദ്ധ്യാ സ്റ്റേഷനിൽ ചെന്നിറങ്ങി. ആ സ്റ്റേഷനിൽ ഹാജരുണ്ടാ

യിരുന്ന അനേകം അയോദ്ധ്യാപണ്ടാക്കന്മാരിൽവെച്ച അതി പ്രസിദ്ധനും, ധനികനും, മുൻസിപ്പാൽ കൌൺസിലരും, അയോദ്ധ്യാരാജാവിന്റെ ഉപാദ്ധ്യായനുമായ രാമപ്രസാദപണ്ടാവിന്റെ കാൎയ്യസ്ഥനായ രാമരത്നം എന്ന ബ്രാഹ്മണനെ കാണുകയും അദ്ദേഹം ക്ഷണിക്കുകയും ചെയ്കതിനാൽ അദ്ദേഹത്തോടുകൂടി സ്റ്റേഷനിൽനിന്ന് ഒന്നര മയിൽ ദൂരമുള്ള അയോദ്ധ്യാപട്ടണത്തിലേക്ക കുതിരവണ്ടി കയറി പുറപ്പെട്ടുചെന്ന് അവിടെ സരയൂനദിക്കു എത്രയും സമീപത്തിൽ അതി വിശാലമായ ഒരു ബങ്കളാവ് ഒഴിച്ചുതന്നതിൽ സാമാനങ്ങളെല്ലാം ഇറക്കിവെച്ച് ഉടനെ രാമപ്രസാദപണ്ടാവിനെ കണ്ടു കുശലപ്രശ്നപുരസ്സരമായി സരസസംഭാഷണം ചെയ്കതിനുശേഷം ഒമ്പതുമണിയോടുകൂടി സ്നാനത്തിന്നായി സരയൂതീരത്തിൽ ചെന്ന് സരയൂനദിയെ വന്ദിച്ചു സങ്കല്പപൂൎവ്വകം സ്നാനം ചെയ്കതിന്നു ശേഷം

ശ്ലോ—അയോദ്ധ്യാമധുരാമായാകാശീകാഞ്ചീഹ്യവന്തികാ
പുരീദ്വാരവതീചൈവസപ്തൈതാമോക്ഷദായികാഃ

എന്ന പ്രമാണപ്രകാരം പ്രസിദ്ധപ്പെട്ട സപ്തപുരികളിൽ വെച്ച് ഒന്നാമത്തേതായ അയോദ്ധ്യയിൽ ചെയ്യേണ്ടതായ ശ്രാദ്ധത്തേയും തൽക്കാലം എന്തനും ചില ദൎശനത്തെയും ചെയ്ത് മൂന്നുമണിയോടുകൂടി വാസഗൃഹത്തിൽ വന്നു ഭക്ഷണം കഴിച്ചു ഉടനെ ഹനൂമൽക്ഷേത്രം മുതലായ പലേ ക്ഷേത്രങ്ങളിലും ദൎശനത്തിനായിക്കൊണ്ട് പുറപ്പെട്ടു. ഒന്നാമത് ഇവിടെ പ്രധാനമായ ഹനൂമൽക്ഷേത്രത്തിൽചെന്നു ദൎശനം കഴിച്ചു, അവിടെ കുറേനേരം

പുരാണവായന കേട്ടുംകൊണ്ടിരുന്നു. അവിടെനിന്നും പുറപ്പെട്ട സമീപമുള്ള അതിവിചിത്രമായ ശ്രീരാമക്ഷേത്രത്തിലും, ശ്രീരാമസ്വാമിയുടെ ജന്മഭൂമിയായ ക്ഷേത്രത്തിലും, രാവണവധാനന്തരം എഴുന്നെള്ളിയിരുന്ന സ്ഥലത്തു ഉണ്ടാക്കപ്പെട്ടിട്ടുള്ള ക്ഷേത്രത്തിലും സീതാസ്വയംവരം കഴിഞ്ഞുവന്ന ഉടനെ സീതയോടുകൂടി വസിപ്പാനായി ഉണ്ടാക്കിക്കൊടുത്തിട്ടുള്ള കെട്ടിടത്തിലും മറ്റും ക്രമേണ ദൎശനം ചെയ്തു സന്ധ്യയ്ക്കുമുമ്പായി അയോദ്ധ്യാരാജാവിന്റെ രാജധാനിയിൽ ചെന്നു. ദൈവഭക്തനും, വിശിഷ്ടനും, വിദ്വാനുമായ അയോദ്ധ്യാരാജാവിനെകണ്ടു സംഭാഷണംചെയ്തു. നാലുദിവസമെങ്കിലും രാജധാനിയിൽ താമസിക്കേണമെന്നും മറ്റും മഹാരാജാവ് വളരെ നിൎബ്ബന്ധിച്ചു എങ്കിലുംഹരിദ്വാരത്തിൽപോയി വരുന്ന മടക്കത്തിൽ വന്നു താമസിച്ചുകൊള്ളാമെന്നു എടത്രാപ്പാടുതമ്പുരാൻ തിരുമനസ്സുകൊണ്ടു സമാധാനം പറഞ്ഞതിന്നുശേഷം രാജധാനി മുഴുവനും കാണ്മാനായി ആരംഭിക്കുകയും രാത്രി ഒമ്പതുമണിവരെ പ്രധാനപ്പെട്ട ചില സ്ഥലങ്ങളെ മാത്രം കാണുകയും ചെയ്തു. അതിൽ ഒന്നാമത്തു ശയനഗൃഹത്തിൽ മുഴുവനും വെള്ളികൊണ്ട് ഉണ്ടാക്കപ്പെട്ടതും വിചിത്രവേലകൾ ഉള്ളതും ആയ രണ്ടു സോഫകളും അതുപ്രകാരംതന്നെ നാലുസിംഹാസനങ്ങളും മറ്റും വിചിത്രപദാൎത്ഥങ്ങളെയും കണ്ടതിന്നുശേഷം മഹാരാജാവിന്റെ ദൈവപൂജാഗൃഹത്തിൽ ചെന്നു ദൎശനം കഴിക്കുകയും സ്വാമി സന്നിധിയിൽവെച്ചു പ്രതിദിനം നടന്നുവരുന്ന രാസലീല എന്ന നാടകത്തെ കാ

ണ്ടകയും ചെയ്തു. അവിടെനിന്നു സ്നേഹിതന്മാരോടു യാത്ര പറഞ്ഞുപോന്നു സ്വഗൃഹത്തിൽതന്നെ വന്നു പലഹാരം കഴിച്ചു രാമപ്രസാദപണ്ഡാവിനെ കണ്ട് രാണപ്പുടവ മുതലായ സംഭാവനകളെ കൊടുത്തു അനുഗ്രഹത്തോടു സുഫലവും വാങ്ങി യാത്രപറഞ്ഞു പിരിഞ്ഞു ബങ്കളാവിൽതന്നെ വന്നു രാത്രി ഉറങ്ങി. ഈ അയോദ്ധ്യാനഗരം പൂർവ്വകാലത്തിൽ വൈവസ്വതമനുവിനാൽ നിർമ്മിക്കപ്പെട്ടതാണെന്നു ചില ശാസനപത്രങ്ങളാലും കാണുന്നുണ്ട്. മഹാവിഷ്ണുവിന്റെ അംശമായ സാക്ഷാൽ ശ്രീരാമസ്വാമി അവതരിച്ചതും, ബാലലീലകളെ ചെയ്തതും, രാവണാദി ദുഷ്ടവധാനന്തരം പതിനൊരായിരം സംവത്സരം വരെയും രാജ്യഭാരം ചെയ്തുവന്നതും, പിന്നെ രാജ്യഭാരം പുത്രന്മാരെ ഏല്പിച്ചു ഭരതാദി സഹോദരന്മാരോടും ഭക്തന്മാരോടുംകൂടി സരയൂനദിയിൽ ഇറങ്ങി വൈകുണ്ഠം പ്രാപിച്ചതും മറ്റും ഈ അയോദ്ധ്യാനഗരത്തിൽവെച്ചുതന്നെയാണ് ഉണ്ടായിരിക്കുന്നത്. അന്നു കടവിൽ സ്വർഗ്ഗാരോഹണം ചെയ്ത സരയൂഘട്ടത്തിന്നു ഇന്നും സ്വർഗ്ഗഘാട്ട് എന്ന പേരു വിളിച്ചുവരുന്നു. ശ്രീരാമന്റെ സ്വർഗ്ഗാരോഹണാനന്തരം ആ വംശത്തിൽ ചേർന്ന പല രാജാക്കന്മാർ ഈ അയോദ്ധ്യാപുരിയിൽ വാണതായും തദ്ദേശവാസികൾ പറഞ്ഞുവരുന്നു. ഈ നഗരം ൧൭൬൪-ാമതു ഇംഗ്ലിഷുസംവത്സരത്തിൽ ഈസ്റ്റ് ഇന്ത്യാകൊമ്പനിയാർക്കു കൈവശപ്പെട്ടു. ൧൮൫൬-ാമതു പിപ്രവരിമാസത്തിൽ ബ്രിട്ടീഷുഗവർമ്മേണ്ടിന്നു അധീനമായി. ഇപ്രകാരമുള്ള ഈ അയോദ്ധ്യാ 24000 ചതുരശ്രമൈൽസ്

വിസ്തീൎണ്ണമായി പരന്നുകിടക്കുന്നതും, 297000-ത്തോളം ജനങ്ങൾ അധിവസിച്ചുവരുന്നതുമാകുന്നു. ഇവിടെ നെല്ല്, ചോളം, കരിമ്പു, നീലി, കൊയ്യാപ്പഴം, ഇലന്തപ്പഴം, ഊൎമ്മാമ്പഴം, പരുത്തി, പുകയില മുതലായ കൃഷികൾ സാധാരണ നടത്തിവരുന്നു. സരയൂതീരത്തിൽ കരിങ്കല്ലുകൊണ്ടു വിശേഷമായി കെട്ടപ്പെട്ട അനേകം ഘട്ടങ്ങളുമുണ്ട്. രാമഘാട്ട്, വസിഷ്ഠഘാട്ട്, നാരദഘാട്ട്, സ്വൎഗ്ഗഘാട്ട് ഇങ്ങിനെ പലേ ഘട്ടങ്ങളുള്ളതിൽ ശ്രീരാമസ്വാമി സകല പ്രജകളോടുകൂടി സ്വൎഗ്ഗാരോഹണംചെയ്ത ഘാട്ടിന്നാണ് സ്വൎഗ്ഗഘാട്ട് എന്നു പേരുപറഞ്ഞുവരുന്നത്. ഈ ഘട്ടത്തിലാണ് ശ്രാദ്ധം ചെയ്യേണ്ടത്, ഞങ്ങൾ ഇവിടെതന്നെയാണ് ശ്രാദ്ധം ചെയ്തതും. യാത്രക്കാര് ഇത്രയും മഹിമയുള്ള അയോദ്ധ്യയെ ചെന്നു കാണാതെ മടങ്ങരുതെന്നുകൂടി പറഞ്ഞുകൊണ്ടു ഈ പ്രസ്താവനയെ അവസാനിപ്പിക്കുന്നു.

ലക്ഷ്മണപുരം (ലഖ്ണൌർ)

---

56. അതിന്നുശേഷം 7-ാംനു- പുലച്ചെ 5 മണിയോടുകൂടി അയോദ്ധ്യാസ്റ്റേഷനിൽ നിന്നു തീവണ്ടി കയറി. 11 മണിക്കു ലക്ഷ്മണപുരമെന്ന പട്ടണത്തിൽ ഉള്ള അതിവിശാലമായ സ്റ്റേഷനിൽ ഇറങ്ങി. ഈ പട്ടണം പണ്ടു ലക്ഷ്മണനാൽ നിൎമ്മിക്കപ്പെട്ടതാകകൊണ്ടു ഇന്നും ലഖ്ണൌർ എന്ന പേരുപറഞ്ഞുവരുന്നു. ഈ നഗരം വിശാലമായിട്ടുള്ള

ത്തും, അധികം ജനങ്ങളും, യൂറോപ്യന്മാരും, സോൽജർപട്ടാളക്കാരും അധിവസിച്ചുവരുന്നതും ആയ ഒരു സ്ഥലമാകുന്നു. സ്റ്റേഷനിൽനിന്നു പട്ടണം അരമുക്കാൽ മയിത്സ് സമീപത്തിലാണ്. കുതിരവണ്ടി ധാരാളം കിട്ടും. തീവണ്ടിസ്റ്റേഷൻ വളരെ ഭംഗിയുള്ളതാണ്. ഇവിടെ കുഴൽവെള്ളം ധാരാളമായി നടക്കുന്നുണ്ട്. സ്റ്റേഷനിൽ തീവണ്ടി എത്തുന്ന സമയം മറ്റൊരേടത്തും കാണാത്തതായ പലേതരം പഴങ്ങളും വിചിത്രങ്ങളായ അനേകപദാൎത്ഥങ്ങളും വില്പാൻ കൊണ്ടുവരുന്നുണ്ട്. ഈ സ്റ്റേഷനിൽനിന്നു ഉടനെ പട്ടണത്തിലേയ്ക്കു പോയി ഒരു ഗൃഹം വാടകയ്ക്കു വാങ്ങി. അവിടെനിന്നു സ്നാനം, ഭക്ഷണം മുതലായതു കഴിച്ചു പകൽ മൂന്നുമണിയ്ക്കുതന്നെ സ്റ്റേഷനിൽ ചെന്നു. ഉടനെ ഹരിദ്വാരത്തിലേയ്ക്കു ടിക്കററു വാങ്ങി നാലുമണിയോടുകൂടി തീവണ്ടി കയറി പോകയും ചെയ്തു. ഇവിടെ അധികം താമസിപ്പാൻ സമയമില്ലാതിരുന്നതുകൊണ്ടു പട്ടണത്തിന്റെ സ്വഭാവം മുഴുവനും കണ്ടറിവാൻ സാധിച്ചില്ല. എങ്കിലും അല്പമായ സഞ്ചാരംകൊണ്ട് ഈ പട്ടണം കുറെ പ്രബലപ്പെട്ടതാണെന്നു മനസ്സിലാകുവാൻ സാധിച്ചു. എന്നാൽ പുണ്യക്ഷേത്രങ്ങളും മററും സമീപത്തിലില്ലാത്തതുകൊണ്ടു തീൎത്ഥയാത്രക്കാൎക്ക് അത്ര സുഖപ്രദമായി തോന്നിയില്ല. ഇത്രമാത്രം പറഞ്ഞു ലക്ഷ്മണപുരചരിത്രത്തെ ഇവിടെ അവസാനിപ്പിയ്ക്കുന്നു.

ഹരിദ്വാരം

57. പിറെറന്നു 8-ാംനു- ബുധനാഴ്ച രാവിലെ 6 മണിക്കു പുണ്യസ്ഥലമായ ഹരിദ്വാരം സ്റ്റേഷനിൽചെന്നിറങ്ങി. ഉടനെതന്നെ കുതിരവണ്ടിപിടിച്ചു സ്റ്റേഷനിൽനിന്നു ഒരു മയിത്സ് സമീപമുള്ള ഹരിദ്വാരപട്ടണത്തിലേക്കു ചെന്നു. അവിടെ രാമദാസൻ എന്ന ഒരു ബ്രാഹ്മണനെ കാണുകയും, അദ്ദേഹം തന്റെ വിശാലമായ ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകയും ചെയ്തു. ഉടനെ സാമാനങ്ങളെല്ലാം അവിടെ എറക്കിവെച്ചു അദ്ദേഹത്തിനെ ഉപാധ്യായനായി വരിച്ചു ഹരിദ്വാരത്തിൽ എത്രയും മുഖ്യസ്ഥലമായ ബ്രഹ്മകുണ്ഡത്തിൽ ചെന്നു സങ്കല്പപൂർവ്വകമായി ഗംഗാസ്നാനം, ദശനം മുതലായതു കഴിച്ചു അന്നു ക്ഷേത്രോപവാസമായി താമസിച്ചു.

58. പിറെറന്നു 9-ാംനു- പ്രഭാതകാലത്തിൽ എഴുനീററു ദേഹശുദ്ധി ചെയ്തു ബ്രഹ്മകുണ്ഡഘാട്ടിൽ സ്നാനത്തിനായി ചെന്ന സമയം അവിടെവെച്ചു സ്നാനത്തിന്നായി പരിവാരസമേതം വന്നിരുന്ന കാശിമഹാരാജാവുമായി കണ്ടു സംഭാഷണം ചെയ്തു. തമ്മിൽ പറഞ്ഞുപിരിഞ്ഞ ഉടനെ സ്നാനംചെയ്തു തീത്ഥശ്രാദ്ധത്തിന്നായി ബ്രഹ്മകുണ്ഡത്തിൽനിന്നു എത്രയും സമീപമായ കുശാവത്ത്ഘാട്ടിൽ ചെന്നു അവിടെ ശ്രാദ്ധത്തിന്നായി ബ്രാഹ്മണരെ വരിച്ചു യഥാവിധി സങ്കല്പപൂർവ്വകമായി ശ്രാദ്ധം ചെയ്തു. എന്നാൽ ഈ ഹരിദ്വാരത്തിൽ, എത്രയും മുഖ്യസ്ഥലമെന്നു പ്രസി

ദ്ധമായ ബ്രഹ്മകുണ്ഡഘട്ടത്തേക്കാൾ ഈ കുശാവൎത്തഘട്ടത്തിന്നു ശ്രാദ്ധകൎമ്മങ്ങളെ ഉദ്ദേശിച്ചു ഒരു പ്രാശസ്ത്യം സിദ്ധിപ്പാനുള്ള കാരണമെന്തായിരിക്കുമെന്നുള്ളതിനെക്കൂടി വിവരിക്കുന്നതു യാത്രക്കാൎക്കു ഉപയോഗമായിത്തീരുമെന്നു കരുതി അതിനെ താഴെ വിവരിക്കുന്നു:—

59. പണ്ടു ഈ കുശാവൎത്തമെന്ന സ്ഥലം ഗംഗാതീരത്തിൽ ഒരു തപോവനമായിരുന്നു. ഈ തപോവനത്തിൽ ദത്താത്രേയമഹൎഷി തപസ്സു ചെയ്തുകൊണ്ടിരിക്കുന്ന മദ്ധ്യത്തിൽ ഭഗീരഥപ്രാൎത്ഥനയാൽ ഭൂലോകത്തിലേക്കു അവതരിച്ചു സാടോപമായി പ്രവഹിച്ചുവരുന്ന ഗംഗാദേവി ഈ മഹാമുനിയുടെ തപോവനത്തിൽക്കൂടി പ്രവഹിച്ചു മഹൎഷിയുടെ ചൎമ്മാംബരം, ദൎഭാസനം, കമണ്ഡലു, കുശ മുതലായതുകളെക്കൂടി പ്രവാഹബലംകൊണ്ടു കൊണ്ടുപോകുന്ന സമയം ദത്താത്രേയൻ കോപിച്ചു ഗംഗക്കു ഭൂലോകത്തിൽ പ്രാശസ്ത്യവും പാവനത്വവും കേവലം ഇല്ലാതെയാക്കിത്തീൎക്കുവാൻ ശപിപ്പാനാരംഭിച്ചു. ആ സമയം വിരിഞ്ചാദികളായ സകല ദേവകളും അറിഞ്ഞു സംഭ്രാന്തന്മാരായി ഭവിച്ചു. ഉടനെ ദേവകൾ ദത്താത്രേയമഹൎഷിയെ പ്രസാദിപ്പിച്ചു തന്നിവൃത്തിയെ വരുത്തുവാൻവേണ്ടി തപോവനത്തിൽ ചെന്നു 'അല്ലയോ ദത്താത്രേയമഹൎഷേ! അങ്ങുന്നു പ്രസാദിക്കണം. ഭൂലോകത്തിൽ പാപതരം വൎദ്ധിച്ചുവന്നിരിക്കുന്ന മഹാപാപികളുടെ പാപനിവൃത്തി വരുത്തി പരിശുദ്ധിയെ ചെയ്യുവാൻവേണ്ടി അവതരിച്ചിരിക്കുന്ന ഭാഗീരഥീദേവിയെ ഭവാൻ ശപിക്കരുത്. ശപിക്കുന്നപക്ഷം അതു വലി

യ ഒരു കഷ്ടമായിത്തിരുന്നതാണ്'. എന്നും മററും അപേക്ഷിച്ച സമയം ദത്താത്രേയമഹാമുനി കുറെ ശാന്തകോപനായി ഭവിച്ചു. 'അല്ലയോ ദേവവരന്മാരെ! ഞാൻ ശപിക്കാതെ ഇരിയ്ക്കേണമെങ്കിൽ മുപ്പത്തുമുക്കോടി ദേവകളും എന്റെ തപോവനമായ കുശാവൎത്തഘട്ടത്തിൽ എന്നെന്നും സന്നിഹിതന്മാരായിരിയ്ക്കണം. ഇവിടെ ശ്രാദ്ധാദി സൽകൎമ്മങ്ങളെ ചെയ്യുന്നവൎക്ക ഉടനെ സൽഫലസിദ്ധി ഉണ്ടായി വരണം' എന്നും മററും മഹൎഷി അരുളിച്ചെയ്തു. ബ്രഹ്മാവും മററുള്ള സകല ദേവകളും സന്തോഷപുരസ്സരം ആ അഭിപ്രായത്തെ സമ്മതിച്ചു. അതിനാൽ ഈ കുശാവൎത്തഘട്ടത്തിന്നു ഇന്നും ഉൽക്കൎഷം നിലനിന്നുവരുവാൻ ഇടയായിത്തീൎന്നതാണ്. ബ്രഹ്മകുണ്ഡഘട്ടത്തിന്നു പ്രാശസ്ത്യം സിദ്ധിപ്പാനുള്ള കാരണം ബ്രഹ്മാവ് യാഗംചെയ്തിട്ടുള്ള സ്ഥലമാകയാലാകുന്നു, ഈകഥ സ്ഥലപുരാണത്തിൽ ൧൨-ാമദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ഇപ്രകാരമുള്ള കുശാവൎത്തഘട്ടത്തിൽ യഥാവിധി ശ്രാദ്ധം ചെയ്തതിന്നുശേഷം രണ്ടുമണിയോടുകൂടി അവിടെനിന്നു വാസഗൃഹത്തിലേക്കു മടങ്ങിവന്നു. പിന്നെ ഭക്ഷണം കഴിഞ്ഞ ഉടനെ ഹരിദ്വാരത്തിലെ അഗ്രഹാരങ്ങളും, ബജാറുകളും, പുണ്യക്ഷേത്രങ്ങളും മററും കാണ്മാനായി പുറപ്പെട്ടു. ഒന്നാമതു വാസഗൃഹത്തിൽനിന്നു അര മയിത്സ് സമീപമുള്ള ഭീമകുണ്ഡത്തിൽ ചെന്നു ദൎശനംകഴിച്ചു. ഈ പറഞ്ഞ പ്രദേശം ഒരു പൎവ്വതശിഖരമാണ്. ഇവിടെ തപോനിരതന്മാരായ ചില സന്ന്യാസികൾ അധിവസിച്ചുവരുന്നുണ്ട്. വിജനപ്രദേശവുമാണ്.

ഈ ഭീമകുണ്ഡത്തിൽനിന്നു മടങ്ങിപ്പോന്നു് ഭജാറുകളൊക്കെ യും കണ്ടു. ഭജാറ് ചെറുതായിരുന്നാലും വളരെ ഭംഗിയുള്ള താണ്. ഭജാറിലെ മിക്കതും വീഥികളിൽ കരിങ്കല്ല് പാവീട്ടു ണ്ട്. പലതരം ഭക്ഷ്യപദാൎത്ഥങ്ങളും വണ്ടിയിൽ കയററി വീഥിയിൽക്കൂടി എപ്പോഴും കൊണ്ടുനടന്നു വിററുവരുന്നതാ യി കണ്ടിരിക്കുന്നു. ഇവിടെ കസ്തൂരിക്കു വില കുറെ സഹാ യമുണ്ട്. ഉറുപ്പികാത്തൂക്കത്തിന്നു് ഇരുപത്തുനാലു ഉറുപ്പി ക കൊടുത്താൽ മേത്തരം കസ്തൂരി കിട്ടും. ഈ വിലക്കു ഒരു റുപ്പികാത്തൂക്കം കസ്തൂരിയും, ശീതകാലത്തിന്നു് ഉപയോഗ മുള്ള പലതരം ശീലത്തരങ്ങളും വാങ്ങി അവിടെനിന്നു വാ സഗൃഹത്തിലേക്കുതന്നെ മടങ്ങിപ്പോന്നു. ഈ പ്രദേശത്തിൽ പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ കുറയും. ഭജാറ് വളരെ വിസ്താ രമുള്ളതല്ല, എങ്കിലും ഉള്ളതിന്നു വളരെ വെടിപ്പും ഭംഗി യുമുണ്ട്. വേണ്ടുന്ന സാമാനങ്ങൾ എല്ലാം കിട്ടും, കല്ലുകൾ കൊണ്ടു നിൎമ്മിതങ്ങളായ ഗൃഹങ്ങളാലും, ദുല്ലഭം രണ്ടും മൂ ന്നും നിലകളുള്ള പ്രാസാദങ്ങളാലും അലംകൃതമായ ഈ പട്ടണം ഗംഗാതീരത്തിൽത്തന്നെ പ്രകാശിക്കുന്നതാണ്. ബ്രാഹ്മണഗൃഹങ്ങൾ മിക്കതും ഇവിടെനിന്നു രണ്ടു മയി ത്സ് ദൂരമുള്ള 'കനഖല്' എന്ന പുണ്യപ്രദേശത്തിലാണ്. ബ്രാഹ്മണർ പ്രതിദിനവും അവിടെനിന്നു് ഈ ഹരിദ്വാര ത്തിൽ വന്നു യാത്രക്കാൎക്കു പൌരോഹിത്യകൎമ്മത്തെ വേ ണ്ടതുപോലെ നിവൃത്തിച്ചും അവരവരുടെ അവസ്ഥാനുസ രണം വാസസ്ഥലം മുതലായതു സഹായിച്ചുകൊടുത്തും വൈകുന്നേരം കനഖലസ്ഥതന്നെ പോകയും ചെയ്തുവരുന്ന

ത്തിൽ സാധാരണ നടപ്പാകുന്നു. എന്നാൽ യാത്രക്കാൎക്കവേണ്ടി യും മററും ചിലപ്പോൾ ഹരിദ്വാരത്തിലും താമസിക്കുമാറി ല്ലെന്നു പറവാനും പാടില്ല. ഇവിടെ വാടക കൊടുത്താൽ വലിയ വിശാലഗൃഹങ്ങൾ പാൎപ്പാൻ കിട്ടുന്നതാണ്. പു രോഹിതബ്രാഹ്മണർ മിക്കതും താമസിക്കുന്നതും യാത്രക്കാ രെ താമസിപ്പിക്കുന്നതും വാടകക്കു വാങ്ങീട്ടുള്ള ഗൃഹങ്ങ ളിൽ തന്നെ ആയിരിക്കും. ഈ പ്രദേശത്തിൽ സ്ഥിരവാ സികളായ ബ്രാഹ്മണര് ദുല്ലഭമായിട്ടേ ഉണ്ടാവുകയുള്ളു. ക്ഷത്രിയന്മാർ, വൈശ്യന്മാർ, ശൂദ്രന്മാർ സന്യാസികൾ, ഗോസ്വാമികൾ, വൈരാഗികൾ മുതലായി അനേകം തര ക്കാർ ഇവിടെ സ്ഥിരമായി വസിച്ചുവരുന്നുണ്ട്. ഇവിട ത്തെ ഗംഗാമാഹാത്മ്യത്തെ വൎണ്ണിച്ച് അവസാനിപ്പിക്കു വാൻ ആരാലും അസാദ്ധ്യമാണ്. ഇവിടെ ഗംഗയുടെ ശൈത്യം അതി ദുസ്സഹമാണ്. ഈ ശൈത്യത്തിന്ന് ഒരു മാതിരി ഉദാഹരണത്തെ നാം വിവരിക്കാം:— നമ്മുടെ മ ദിരാശി പട്ടണത്തിൽ സുലഭമായി കിട്ടുന്ന അയിസ് എന്ന പദാൎത്ഥത്തിന്നു എത്രത്തോളം ശൈത്യശക്തി കാണപ്പെടു ന്നുവോ അയതു ഹരിദ്വാരത്തിലെ ഗംഗാജലത്തിന്നു സ ഹജമായിരിക്കും. ധനു, മകരം ഈ കാലങ്ങളിൽ ശൈത്യാ ധിക്യത്താൽ ഇതുകൾക്കു പരസ്പരം വൎണ്ണിക്കപ്പെട്ട സാമ്യം വിട്ടുപോകുമെന്നുകൂടി പറയേണ്ടിവന്നിരിക്കുന്നു. ഇത്രയും ശീതളമായിട്ടുള്ളതാണെങ്കിലും ഈ ഹരിദ്വാരഗംഗയിൽ പ്രഭാതകാലംമുതൽ സന്ധ്യാകാലംവരെക്കും തിക്കിത്തിരക്കാ തെ മുങ്ങി കയറിപ്പോരേണമെങ്കിൽ വളരെ പ്രയാസംത

ന്നെ. എനി ഈ ഗംഗാജലത്തിന്റെ വൎണ്ണസാമ്യം നോക്കുന്നതായാൽ പരിശുദ്ധമായ ക്ഷീരത്തെ ഒരുവിധം ഉദാഹരിക്കാം, എങ്കിലും ഗംഗാജലത്തിന് അധികമായ സ്വച്ഛതയുള്ളതുകൊണ്ടു ക്ഷീരത്തെക്കാൾ ഉൽകൃഷ്ടമായിത്തന്നെ വൎണ്ണിക്കേണ്ടിവരുമെന്നു തോന്നുന്നു. എന്തിനു വളരെ പറയുന്നു. പ്രൌഢന്മാരായ കാമുകന്മാർ അതിസുന്ദരിയായ ഒരു തരുണിയെ കാണുന്ന സമയം ഏതുപ്രകാരം മദനരക്തഹൃദയന്മാരായി ഭവിക്കുമൊ അതുപ്രകാരം ഈ ഗംഗാപ്രവാഹഭംഗിയെ കാണുന്നവർ ഭ്രമിച്ചുപോകുമെന്ന സംഗതി നിസ്സംശയമായി ഇവിടെപറഞ്ഞുകൊള്ളുന്നു. ഈ നദീരൂപിണിയായി പ്രവഹിക്കുന്ന ഗംഗക്കു് ഇത്രയും സൌന്ദൎയ്യമുള്ള പക്ഷം മൂൎത്തിമതിയായ സാക്ഷാൽ ഗംഗാദേവിക്കു് എത്ര സൌഭാഗ്യമുണ്ടായിരിക്കണം. പണ്ടു ശന്തൻമഹാരാജാവു ഗംഗാദേവിയെ കണ്ടു ഭ്രമിച്ചതിന്നു കാരണം മറ്റൊന്നുമല്ലെന്നു തീൎച്ചയാണ്. ഈ ഗംഗയുടെ ഉഭയതീരങ്ങളും വിശാലശാഖികളെക്കൊണ്ടു നിറയപ്പെട്ടു അതിമനോഹരങ്ങളായിരിക്കുന്നു. ഒരു വക ശാഖാമൃഗക്കൂട്ടങ്ങൾ തീരവൃക്ഷങ്ങളിലേറി സഞ്ചരിക്കുന്ന സമയം നിൎമ്മലമായ ജലത്തിൽ പ്രതിഫലിക്കയാൽ ഈ പ്രദേശത്തിലുള്ള വാനരന്മാർക്കൂടി ഭക്തിയോടെ ഗംഗാജലത്തിൽ സ്നാനം ചെയ്തു വിഹരിക്കുന്നുവൊ എന്നു ജനങ്ങൾക്കു തോന്നിപ്പോകും. ഇപ്രകാരമുള്ള ഈ ഗംഗയുടെ അക്കരയിൽ അത്യുന്നതങ്ങളായ പൎവ്വതങ്ങളും കാണാവുന്നതാണ്. പണ്ടു ഭദ്രകാളി സുംഭാസുരനെ നിഗ്രഹിച്ചതു മേല്പറഞ്ഞ പൎവ്വതത്തിൽവെ

ച്ചാകുന്നു എന്നു തദ്ദേശവാസികൾ പറഞ്ഞുവരുന്നു. ഹരിദ്വാരത്തിൽനിന്നു നോക്കിയാൽ മേല്പറഞ്ഞ പർവ്വതത്തിൽ ഒരു ദേവിക്ഷേത്രവും കാണാം. ഈ പർവ്വതത്തിൽനിന്നു വടക്കോട്ടു ഏകദേശം 48 മയിത്സ് ദൂരം വരെക്കും ശ്രീഹനുമാന്റെ വാസസ്ഥാനമെന്നു പ്രസിദ്ധമായ കദളീവനമാകുന്നു എന്നാണ് പറഞ്ഞുവരുന്നത്. ഇവിടെ നിന്നു ബദര്യാശ്രമത്തിലേയ്ക്കും ഗംഗോത്രിക്കും ശരാശരി 200 മയിത്സ് ദൂരമുള്ളതായി പറയുന്നു. ഇവിടെ നിന്നു മേൽപറഞ്ഞ പുണ്യസ്ഥലങ്ങളിലേക്കു 15 ദിവസംകൊണ്ടു പോയിച്ചേരാം. പക്ഷേ കാൽനടയായി പോകേണ്ടിവരും. എന്നാൽ ഝംപാ എന്ന ഒരു മാതിരി വാഹനങ്ങളിൽ കയറിപ്പോകുന്നതായാൽ പോയി മടങ്ങിവരുവാൻ 120 ഉറുപ്പിക ചിലവു ചെയ്താൽ സാധിക്കുന്നതാണ്. ഇവിടെ സമീപത്തിൽ മുൻസീഫ് കോടതിയോ, മജിസ്ത്രേട്ടുകച്ചേരിയോ ഇല്ല. ഉള്ളതു ദൂരത്തിലാണ്. പ്രധാനപ്പെട്ട ഒരു പൊല്ലീസ്സ് സ്റ്റേഷൻ മാത്രമാണ് ഇവിടെ ഉള്ളത്.

60. ഈ ഹരിദ്വാരത്തിൽനിന്നു രണ്ടു മയിത്സ്തെക്കോട്ടു കനഖലം എന്ന പ്രഖ്യാതമായ ഒരു പുണ്യസ്ഥലമുണ്ട്. ഈ പുണ്യസ്ഥലത്തെ ദർശിപ്പാനായി തുലാം 10-ാംനു- രാവിലെ പുറപ്പെട്ടു. എക്കാവണ്ടിയിൽ കയറി പോയി ഒമ്പതു മണിക്കു മുമ്പായി കനഖലത്തിൽ എത്തി. എന്നാൽ ഈ സന്ദർഭത്തിൽ എക്കാവണ്ടിയുടെ സ്വഭാവത്തെക്കൂടി അല്പം വിവരിക്കാം:- എക്കാവണ്ടി എന്നു പറയുന്നത് ഒരാൾക്കു മാത്രം സുഖമായി ഇരിപ്പാൻതക്ക വിസ്താരമു

ള്ള ഒരു വണ്ടിയാകുന്നു. ഇതു സുമാറ് ഒന്നരക്കോൽ ചതുരശ്രത്തിൽ ഉള്ളതായിരിക്കും. നാലു വക്കിനും ചെറുതായ ഓരോ തൂണുകളും, അതിന്നു മീതെ തടിച്ച മേഴശ്ശീല കൊണ്ട് ഒരു ആവരണവും മാത്രമാണ് ഉണ്ടായിരിക്കുക. ഭാരം വളരെ കുറഞ്ഞിരിക്കും. മുൻഭാഗത്തു കോച്ച്മാന് ഇരിപ്പാൻ ചുരുക്കത്തിൽ ഒരു സ്ഥലവും ഉണ്ടായിരിക്കും. പണക്കാരായാൽ പ്രായേണ ഒരാൾ മാത്രമേ ഇതിൽ കയറുമാറുള്ളൂ. ആളുവസ്ഥപോലെ രണ്ടും മൂന്നും ആളുകൾ തിക്കിത്തിരക്കി തൂണു പിടിച്ചുംകൊണ്ട് ഇരുന്ന് ഓടിക്കുന്നതും കണ്ടിട്ടുണ്ട്- എക്കാവണ്ടിയുടെ സ്വഭാവം ഇതാണ്. ഇതു ദക്ഷിണദേശങ്ങളിൽ കാണുന്നതല്ല. എനി പ്രകൃതത്തെ തന്നെ ആരംഭിക്കാം. കനഖലയിലും ഗംഗയുടെ സ്വഭാവം ഹരിദ്വാരത്തിലെപ്പോലെതന്നെ ഇരിക്കും. വിശാലമായ ഘട്ടങ്ങളും, കരിങ്കൽപടവുകളും ഉണ്ട്. ഇവിടെ ഗംഗാതീരത്തിലാണ് ദക്ഷയാഗകുണ്ഡവും മറ്റു പുണ്യസ്ഥലങ്ങളും ഉള്ളത്. ഉടനെ ഗംഗയിൽ സങ്കല്പപൂർവ്വകമായി സ്നാനം ചെയ്ത് ഉപാദ്ധ്യായൻെറ ഗൃഹത്തിൽ ചെന്നു കാപ്പിയും പലഹാരവും കഴിച്ചു. ഈ കനഖലം എന്ന പ്രദേശത്തിൽ വെച്ചാണ് ഭാഗവതാദിപുരാണവർണ്ണിതമായ ദക്ഷയാഗം നടത്തീട്ടുള്ളത്. ആ ദക്ഷൻെറ യജ്ഞശാല നശിച്ചുപോയിട്ടുണ്ടെങ്കിലും ആ സ്ഥലത്തു ചില കെട്ടിടങ്ങൾ ചില പുണ്യവാന്മാരാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളത് ഇന്നും കാണാവുന്നതാണ്. ഈ ശാലയിൽ ചെന്നു ദക്ഷേശ്വരദർശനവും കഴിച്ചു ദക്ഷയാഗകുണ്ഡത്തിൽനിന്നു

ഭസ്മവും എടുത്തു ധരിച്ച് അവിടെ സമീപമുള്ള സതീദേവിയുടെ ദേഹത്യാഗസ്ഥലത്തേയും ദശിച്ച് അവിടെനിന്നു ഹരിദ്വാരത്തിലേക്കുതന്നെ മടങ്ങിപ്പോന്നു. ദക്ഷയാഗം ഈ കനഖലയിൽ വെച്ചാണ് നടന്നിട്ടുള്ളത് എന്നുള്ള സംഗതി ഹരിദ്വാരമാഹാത്മ്യത്തിൽ മൂന്നാം അദ്ധ്യായം മുതൽ വായിച്ചുനോക്കിയാൽ വിശദമാകുന്നതാണ്. ഇവിടെ വളരെ ബ്രാഹ്മണഗൃഹങ്ങളും അത്യാവശ്യം ചില ബജാറുകളും ഉള്ളതാണ്. വിശേഷപ്പെട്ട രജായികൾ ഇവിടെ സുലഭമായി ചുരുങ്ങിയ വിലക്കു കിട്ടുന്നതാകുന്നു. പിന്നെ 10-ാംനു- അഞ്ചു മണിവരെക്കും ഹരിദ്വാരത്തിൽതന്നെ സുഖമായി താമസിച്ചു. ഇവിടെ കണ്ടിട്ടുള്ള ഒരു സംഗതിയെക്കൂടെ താഴെ വിവരിക്കാം. ഒരു തരം വൈരാഗികൾ സർവ്വാംഗം ഭസ്മലേപനം ചെയ്തു മാന്തോൽ മുതലായ ചർമ്മങ്ങളെ ധരിച്ചു ഭഗവന്നാമോച്ചാരണം ചെയ്തു ഭിക്ഷക്കു നടക്കും. എന്നാൽ ഇവർ ഓരോ ഗൃഹങ്ങളിൽ ചെന്നു മൂന്നു പ്രാവശ്യം ഭഗവന്നാമോച്ചാരണത്തെ ചെയ്തു മടങ്ങിപ്പോകുന്നതിലകത്ത് അരിയോ പണമോ മററു എന്തെങ്കിലും യഥാശക്തി കൊടുത്തിട്ടില്ലെങ്കിൽ ലേശവും വൈമുഖ്യം കൂടാതെ മടങ്ങിപ്പോകും. പിന്നെ ലക്ഷം ഉറുപ്പിക കൊടുക്കാമെന്നു പറഞ്ഞാലും അവർ മുമ്പോട്ടുവെച്ച അടി പിമ്പോട്ടു തിരിക്കയില്ല. ഇത് ഒരു വ്രതനിഷ്ഠയാണെന്ന് ആ പ്രദേശക്കാർ പറയുന്നു. ഇപ്രകാരമുള്ള ഹരിദ്വാരത്തിൽനിന്നു യാത്ര പുറപ്പെട്ട് ഉപാദ്ധ്യായനു യഥോചിതം ദക്ഷിണ കൊടുത്തു സുഫലവും വാങ്ങി പരിചിതന്മാരോട്ടു

യാത്ര പറഞ്ഞ് ആറരമണിയോടുകൂടി സ്റ്റേഷനിൽ വന്നു. ഹരിദ്വാരത്തിൽനിന്നു പുരാതന നടപടിപ്രകാരം പിച്ചള ച്ചെപ്പുകുടങ്ങളിൽ എടുത്തിട്ടുള്ള ഗംഗാജലത്തെ റെയിൽമാർഗ്ഗമായി കോഴിക്കോട്ടെക്ക അയച്ചതിന്നുശേഷം പ്രഖ്യാതമായ കുരുക്ഷേത്രം ദർശിപ്പാനുള്ള അത്യാഗ്രഹത്തോടുകൂടി അങ്ങോട്ടു ടിക്കററു വാങ്ങി ഏഴു മണിയോടു കൂടി തീവണ്ടി കയറി പോന്നു.

കേരള സാഹിത്യ അക്കാദമി

കുരുക്ഷേത്രം.

---

61. പിന്നെ 11-ാംനു- 10 മണിക്ക് സ്ഥാനേശ്വരമെന്ന സ്റ്റേഷനിൽ ഇറങ്ങി. കുരുക്ഷേത്രത്തിൽ നിന്നു ഉപാദ്ധ്യായബ്രാഹ്മണർ സ്റ്റേഷനിൽ വന്നു യാത്രക്കാരെ അന്വേഷിച്ചു നില്ക്കുന്ന സമ്പ്രദായം സാധാരണമായിട്ടുള്ളതാകയാൽ സ്റ്റേഷനിൽനിന്നു തന്നെ ഉപാദ്ധ്യായനെ കാണ്മാനിടവന്നു. അദ്ദേഹത്തോടു കൂടി സ്റ്റേഷനിൽ നിന്ന് രുരു മയിത്സ് ദൂരമുള്ള കുരുക്ഷേത്രത്തിലേക്ക കാളവണ്ടി കയറിപ്പോയി. ബ്രാഹ്മണഗൃഹത്തിൽ ചെന്നു സാമാനങ്ങളെല്ലാമിറക്കിവെച്ചു വിശ്രമിച്ചു. ഈ സ്റ്റേഷനിൽ വണ്ടി ധാരാളമായി കിട്ടുന്നതല്ല. മനുഷ്യസഞ്ചാരവും കുറയും. കുരുക്ഷേത്രത്തിലുള്ള ഉപാദ്ധ്യായഗൃഹത്തിൽനിന്നു അര മയിത്സ് സമീപമുള്ള സരസ്വതീനദിയിൽ സ്നാനത്തിന്നായി ചെന്നു യഥാവിധി സ്നാനവും തത്തീരത്തിലുള്ള സ്ഥാ

നേശ്വരക്ഷേത്രത്തിൽ ദൎശനവും ജപവും മററും ചെയ്തു രണ്ടു മണിയോടുകൂടി ബ്രാഹ്മണഗ്രഹത്തിൽ തന്നെ വന്നു ഭക്ഷണവും കഴിച്ചു. ഉടനെ തന്നെ കുരുക്ഷേത്രത്തിൽ പ്രഖ്യാതമായ ഭാരതയുദ്ധഭൂപ്രദേശവും, സമന്തപഞ്ചകമെന്ന മഹാതീൎത്ഥവും, സംഹിതതീൎത്ഥവും മററു ചില പുണ്യസ്ഥലങ്ങളും ചെന്നു കണ്ടു. അവിടവിടെ ദൎശനം, സ്നാനം മുതലായതു യഥാശക്തി കഴിച്ചു രാത്രി ഏഴു മണിയോടുകൂടി കുരുക്ഷേത്രത്തിൽനിന്നു പുറപ്പെട്ടു സ്റ്റേഷനിൽ തന്നെ വന്നു. പുരോഹിതനായ ബ്രാഹ്മണനെ യഥോചിതം സംഭാവന ചെയ്ത് അയച്ചതിന്നു ശേഷം അന്നു രാത്രി രണ്ടു മണിവരെക്കും ആ സ്റ്റേഷനിൽ തന്നെ താമസിച്ചു. ഈ കുരുക്ഷേത്രമെന്ന പുണ്യസ്ഥലത്തിന്റെ മാഹാത്മ്യം മഹാഭാരതം ആരണ്യപൎവ്വത്തിൽ മാൎക്കണ്ഡേയയുധിഷ്ഠിരസംവാദത്തിലും മററു ചില ഘട്ടങ്ങളിലും പ്രപഞ്ചിതമായിട്ടുള്ളതാകുന്നു. ഈ കുരുക്ഷേത്രം മുമ്പു വലിയ ഒരു പട്ടണം പോലെ ഉൽകൃഷ്ടനിലയിൽ ഇരുന്നിരുന്നു. 40- 45 സംവത്സരത്തിന്നു മുമ്പ് ഒരു കാലത്തിൽ ഇവിടെ അതികഠിനമായി ഉണ്ടായ വിഷൂചികാരോഗാതിക്രമത്താൽ ഏകദേശം അമ്പതിനായിരത്തോളം ജനങ്ങൾ നശിച്ചുപോയതിന്നു ശേഷം ഈ കുരുക്ഷേത്രം വളരെ ക്ഷീണിച്ചുപോകുവാനിടയായി വന്നതാകുന്നു. ഇവിടെ കരിങ്കല്ലുകൊണ്ടു കെട്ടപ്പെട്ടിരുന്ന അനേകം ഗൃഹങ്ങൾ ഇടിഞ്ഞുവീണതായി കണ്ടിരിക്കുന്നു. എല്ലാംകൊണ്ടും ഈ കുരുക്ഷേത്രം ഇപ്പോൾ ഐഹികൈകപരന്മാൎക്ക് അത്ര സുഖപ്രദമായിരിക്കു

മെന്നു തോന്നുന്നില്ല. ഏകാന്തപ്രിയന്മാരായ യോഗികൾക്ക് രമ്യമായിത്തന്നെ ഇരിക്കുന്നതുമാകുന്നു. ഇവിടെ സമന്തപഞ്ചകമെന്ന തീർത്ഥസരസ്സ് രണ്ടു മൂന്നു മൈത്സ് വിസ്തീർണ്ണമായി പരന്നു കിടക്കുന്നതാണ്. താമരസ പുഷ്പങ്ങൾ വികസിച്ചു നില്ക്കുന്നതിനാൽ ഈ സരസ്സിന്നു സൌന്ദര്യം കൂടുന്നു. ഇതിന്റെ തീരങ്ങൾ ഓരോരോ ഘട്ടങ്ങളായി കരിങ്കല്ലുകൊണ്ട് കെട്ടപ്പെട്ടിരിക്കുന്നു. മദ്ധ്യത്തിൽ ഒരു ക്ഷേത്രവുമുണ്ട്. ഈ ക്ഷേത്രത്തിൽ ദശ്നത്തിന്നായി പോകേണ്ടതിന്ന് കരിങ്കല്ലുകൊണ്ട് ചെറുമാതിരി ഒരു പാലവുമുണ്ട്. സൂര്യസോമഗ്രഹണസമയങ്ങളിൽ ഈ തീർത്ഥസ്നാനത്തിന്നായി അനേകം സുകൃതിജനങ്ങൾ വന്നു ചേരുന്നതാണ്. ഈ സമന്തപഞ്ചകതീർത്ഥമാഹാത്മ്യം ഭാഗവതത്തിൽ വളരെ വിശേഷമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. സംഹിതതീർത്ഥമാകിൽ ഈ സമന്തപഞ്ചകത്തിൽനിന്ന് സുമാറ് ഒരു മൈത്സ് ദൂരത്തിലാണ് ഇരിക്കുന്നത്. അധികം ദീർഘവിസ്താരമുള്ളതുമാകുന്നു. പണ്ട് ഭാരതയുദ്ധകാലത്തിൽ കുരുപാണ്ഡവന്മാർക്ക് പ്രതിദിനം സ്നാനാദികൾക്ക് ഉപയോഗപ്പെടുത്തിവന്നിരുന്നതാകയാൽ സുകൃതിജനങ്ങൾ ഇന്നും പാവനമെന്ന ആദരിച്ചു വരുന്ന ഈ സംഹിതസരസ്സിന്റെ തീരത്തിൽ ചില ചില ശിലാമണ്ഡപങ്ങളും ആശ്രമങ്ങളും കാണാവുന്നതാണ്. ഇവിടെവെച്ച് നൂറിലധികം വയസ്സു പ്രായംചെന്ന തപസ്വിയായ ഒരു വൃദ്ധവൈരാഗിയെ കണ്ട് കുറെനേ

രം സാസാരിച്ചു. ഇങ്ങിനെ വേറെയും പലരും വസിക്കുന്നതായി അറിയുന്നു. ഞങ്ങൾക്കു ഇവിടെ അധികം താമസിപ്പാൻ സാവകാശമുണ്ടായിരുന്നില്ലാത്ത സംഗതിയാൽ ഇങ്ങിനെയുള്ള യോഗ്യന്മാരെ വേറെയും കാണ്മാൻ ഭാഗ്യമുണ്ടായില്ല. ഈ കുരുക്ഷേത്രത്തിൽ വലിയ ബജാറുകളൊ, മററു വല്ല കാഴ്ചകളൊ ഉള്ളതല്ല. എന്നാൽ വിശേഷവിധിയായി കാണപ്പെട്ടതു് ഒട്ടകക്കൂട്ടമാണ്. ഈ ഉഷ്ട്രങ്ങൾ ഇവിടെ ആട്ടിൻകൂട്ടംപോലെ കാണാവുന്നതാണ്. ഈ കുരുക്ഷേത്രമാഹാത്മ്യത്തെക്കുറിച്ച് മഹാഭാരതത്തിൽ വളരെ വിശേഷമായി വർണ്ണിച്ചിരിക്കുന്നു.

മഹാഭാരതം ആരണ്യപർവ്വം 82-ാമദ്ധ്യായം നോക്കുക.

1. തതോഗച്ഛേത്തരാജേന്ദ്ര കുരുക്ഷേത്രമഭിഷ്ടുതം
പാപേഭ്യോയത്രമുച്യന്തേ ദർശനാദ്ദേവജന്തവഃ
2. കുരുക്ഷേത്രംഗമിഷ്യാമി കുരുക്ഷേത്രേവസാമ്യഹം
യഏവംസതതംബ്രൂയാൽസർവ്വപാപൈഃപ്രമുച്യതേ.
3. പാംസവോപികുരുക്ഷേത്രെ വായുനാ സമുദീരിതാഃ
അപിദുഷ്കൃതകർമ്മാണം നയന്തിപരമാംഗതിം.
4. ദക്ഷിണേനസരസ്വത്യാ ദൃഷദ്വത്യുത്തരേണച
യെവസന്തികുരുക്ഷേത്രേ തെവസന്തി ത്രിവിഷ്ടപെ.
5. തത്രമാസംവസെദ്ധീര സരസ്വത്യാം യുധിഷ്ഠിര
തത്രബ്രഹ്മാദയൊ ദേവാ ഋഷയസ്സിദ്ധചാരണാഃ
6. ഗന്ധർവ്വാപ്സരസോയക്ഷാഃ പന്നഗാശ്ച മഹീപതെ
ബ്രഹ്മക്ഷേത്രം മഹാപുണ്യ മഭിഗച്ഛന്തിഭാരത.
7. മനസാപ്യഭികാമസ്യ കുരുക്ഷേത്രം യുധിഷ്ഠിര

പാപാനിഹിപ്രണശ്യന്തി ബ്രഹ്മലോകംചഗച്ഛതി
8. ഗതാഹിശ്രദ്ധയായുക്തഃ കുരുക്ഷേത്രം കുരുദ്വഹ
ഫലംപ്രാപ്നോതിച തഥാ രാജസൂയാശ്വമേധയോഃ

ഇപ്രകാരമുള്ള കുരുക്ഷേത്രം ആദികാലത്തിൽ കുരു എന്ന ഒരു മഹാരാജാവിനാൽ നിൎമ്മിക്കപ്പെട്ടതാകയാൽ കുരുക്ഷേത്രമെന്നു പേരു സിദ്ധിച്ചതാകുന്നു. ഈ പറഞ്ഞ കഥാ മഹാഭാരതം ശല്യപൎവ്വത്തിൽ വിശദമായി കാണാവുന്നതാണ്.

ഇന്ദ്രപ്രസ്ഥം എന്നാൽ ഡില്ലി.

62. തുലാം 11-ാംനു- വൈകുന്നേരം 3 മണിക്കു കുരുക്ഷേത്രത്തിൽനിന്നു തീവണ്ടി കയറി, 12-ാംനു- പുലച്ചെ 8 മണിയോടുകൂടി പ്രഖ്യാതമായ ഈ ഡില്ലി സ്റ്റേഷനിൽ വന്നിറങ്ങി. ഇതും വളരെ വിശേഷപ്പെട്ട ഒരു സ്റ്റേഷൻ തന്നെ. ബൊമ്പായിൽനിന്ന് ഈ ഡില്ലിക്കു നേരെ വരുന്നതാകയാൽ 1235 മയിത്സ് ദൂരമുണ്ടാവും. ഈ പട്ടണത്തിന്നു പ്രാചീനമായ പേര് ഇന്ദ്രപ്രസ്ഥമെന്നും, ഇപ്പോൾ ഡില്ലി എന്നുമാകുന്നു. ഇതിന്നുള്ള കാരണം ചുരുക്കത്തിൽ താഴെ വിവരിക്കാം:—

63. ഏകദേശം അയ്യായിരം സംവത്സരത്തിന്നു മുമ്പ് ഈ പ്രദേശത്തിന്നു ഖാണ്ഡവപ്രസ്ഥമെന്നു പേരായിരുന്നു. പണ്ടു ദുൎയ്യോധനാദികളും, പാണ്ഡവന്മാരും ഹസ്തി

നപുരത്തിൽ വാഴുംകാലം ഓരോരൊ കാരണങ്ങളാൽ അവർ തമ്മിൽ വിരോധികളായിത്തീൎന്നു. അതുനിമിത്തം തമ്മിൽ പല മത്സരങ്ങളും തുടങ്ങി. ധൃതരാഷ്ട്രമഹാരാജാവു തന്നിവൃത്തിക്കുവേണ്ടി പാണ്ഡവന്മാൎക്കു വേറെ വസിപ്പാനായി മേൽപറഞ്ഞ ഖാണ്ഡവപ്രസ്ഥവും, രാജ്യവും ഭാഗിച്ചു കൊടുത്തു. പാണ്ഡവന്മാർ ശ്രീകൃഷ്ണസഹായത്തോടുംകൂടി ഹസ്തിനാപുരത്തിൽനിന്നു പോന്നു ഖാണ്ഡവപ്രസ്ഥത്തിൽ വന്നു ചേൎന്നതിന്നുശേഷം ശ്രീകൃഷ്ണൻ പാണ്ഡവന്മാൎക്ക് അധിവസിപ്പാനായി മനോഹരമായ ഒരു പട്ടണത്തെ ഉണ്ടാക്കേണമെന്നു നിശ്ചപ്പെടുത്തി, ഇന്ദ്രനെ അറിയിച്ചു വിശ്വകൎമ്മാവിനെ വരുത്തി, ഇന്ദ്രന്റെ പേരിൽ ഒരു നഗരത്തെ സൃഷ്ടിച്ചു പാണ്ഡവന്മാരെ അവിടെ അധിവസിപ്പിച്ചു. അന്നു മുതൽക്ക് ഇന്ദ്രപ്രസ്ഥമെന്നു പേർ സിദ്ധിപ്പാനിടയായിവന്നു. ഈ ഇന്ദ്രപ്രസ്ഥത്തിന്നു കിഴക്കെ അതിരായ മിറത്തപട്ടണത്തിന്നു സുമാറ് ഇരുപതു മയിത്സ് ദൂരത്തിലാണു ഹസ്തിനപുരം ഇരിക്കുന്നതു. ഈ ഹസ്തിനപുരം ഭാരതവംശത്തിൽ പ്രഖ്യാതകീൎത്തിയായ ഹസ്തി എന്ന ഒരു ചക്രവൎത്തിയാൽ നിൎമ്മിക്കപ്പെട്ടതാകകൊണ്ടു ഹസ്തിനപുരമെന്നു പേർ വരുവാനിടയായതാണ്.

64. ഈ പ്രദേശം ഇപ്പോൾ ഒരു വനപ്രദേശംപോലെ ആയിത്തീൎന്നിരിക്കുന്നു. ആകയാൽ ഇപ്പോഴും ഹസ്തിനപുരമെന്നു പേർ യഥാൎത്ഥമായിത്തന്നെ ഇരിക്കും. ഇന്ദ്രപ്രസ്ഥത്തിൽ പാണ്ഡവന്മാരും അവരുടെ വംശക്കാരും വളരെ കാലത്തോളം അധിവസിച്ചുവന്നു.

65. അതിനുശേഷം സുമാർ 2867 വർഷത്തിനു മുമ്പ് അനങ്കപാൽ എന്നൊരു വമ്പൻ പടവെട്ടിക്കൊണ്ടുവന്നു ഈ പട്ടണത്തെ കൈവശപ്പെടുത്തി. പിന്നെ ഒരു കാലത്തിൽ പ്രബലനായ ചെക്പതിരായർ നിജഭുജവിക്രമത്താൽ കൈവശമാക്കി വാണു. അതിൽപ്പിന്നെ കെതരാജൻ എന്നൊരു രാജാവു 43 സംവത്സരത്തോളം ഇവിടെ വാണിരുന്നു. അദ്ദേഹം അപുത്രനായിത്തന്നെ മരിച്ചുപോയി. അനന്തരം ജയചന്ദ്രൻ എന്ന ഒരു വമ്പൻ 60 സംവത്സരത്തോളം ഇവിടെ രാജാവായി വാണു മരിച്ചുപോയതിൽപിന്നെ അദ്ദേഹത്തിന്റെ പുത്രൻ പട്ടത്തിൽ വന്നു. ഇദ്ദേഹത്തിന്റെ കാലത്തിൽ ജയചന്ദ്രസഹോദരനായ ഡില്ലു എന്ന മഹാവീരൻ രാജ്യം കൈവശപ്പെടുത്തി വാണു. ഈ ഡില്ലു എന്ന രാജാവ് അതിപ്രഭാവശാലിയും ധർമ്മിഷ്ഠനും മഹാഗുണവാനുമായിരുന്നതിനാൽ അക്കാലത്തിൽ ഈ ഇന്ദ്രപ്രസ്ഥം അത്യുൽകൃഷ്ടമേടിയിൽ തന്നെ ഇരുന്നിരുന്നു. ഈ ഡില്ലുമഹാരാജാവ് അനേകം ധർമ്മങ്ങളും, പലക്കും പലവിധം ഉപകാരങ്ങളും ചെയ്ത് അഭംഗുരയായ കീർത്തിയെ സമ്പാദിച്ചു വളരെ കാലം വാണതിനാൽ ഈ പട്ടണത്തിനു ഡില്ലി എന്ന് ഒരു വിശേഷപ്പേർ സിദ്ധിപ്പാൻ ഇടയായിവന്നതാകുന്നു. അദ്ദേഹത്തിന്റെ കാലത്തിനു ശേഷമാണു മുഹമ്മദീയ രാജാക്കന്മാർ പട വെട്ടി കൈവശപ്പെടുത്തിയത്.

66. ഈ ഡില്ലിപട്ടണത്തിൽ ഒന്നാമത്തെ പട വെട്ടു

കൊണ്ടുവന്ന മഹമ്മദരാജാവിന്റെ പേർ മഹമ്മത് കജിനി എന്നാകുന്നു. ഇദ്ദേഹം 1008-ാം സംവത്സരത്തിൽ ഈ പട്ടണത്തെ കൈവശപ്പെടുത്തി. അതിൽപിന്നെ 1191-ാം വർഷത്തിൽ ഘോരിവംശത്തിൽ ചേർന്ന ഹാമഹട്ടിൻ എന്നാൾ പട വെട്ടിക്കൊണ്ടുവരുമ്പോൾ ആജമിർദേശത്തിന്റെ അധിപതിയും, ഡില്ലിക്ക് അവകാശിയും ആയ രാജപുത്രവീരൻ 30000 കുതിരകളോടും, 3000 ആനകളോടും, പ്രബല സൈന്യങ്ങളോടുംകൂടി വന്നു അതികഠോരമായ യുദ്ധം ചെയ്തു് ഒടുവിൽ തോററുപോയി ശാഹപിടി എന്ന ആളുടെ സഹായിയായ കുബ്ദുദിൻ എന്നാൾ ഡില്ലിപട്ടണത്തെ ഘോരിരാജാക്കന്മാരുടെ രാജധാനിയാക്കിവെച്ചു. ഇങ്ങിനെ ഇരിക്കുമ്പോൾ 1288-ാം വർഷത്തിൽ അഫ്ഗാൻദേശത്തിൽ ചേർന്ന ഖിൽജിവംശക്കാർ പട വെട്ടിക്കൊണ്ടുവന്നു ഈ ഡില്ലിയെ പിടിച്ചു തങ്ങളുടെ വംശക്കാരനായ ജലാലുധിൻ എന്നാളെ പട്ടം കെട്ടി വാഴിച്ചു. അതിന്നുശേഷം 1321-ാം വർഷംവരെക്കും ഖിൽജിവംശക്കാരുടെ അധീനമായിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ തോഗ്ലാക്കവംശക്കാർ പടവെട്ടിക്കൊണ്ടുവന്നു ആദ്യമുള്ള രാജാവിനെ നിഗ്രഹിച്ചു കെശിയുഡീൻ തോഗ്ലാക്ക പട്ടം കെട്ടിവന്നു അതിന്നുശേഷം താമര്ലെൻ എന്ന താർത്താരിദേശത്തിലെ രാജാവു പട വെട്ടിവന്നു 1398-ാം വർഷത്തിൽ ഡില്ലിപട്ടണത്തെ തീവെച്ചു നശിപ്പിക്കുകയും, സുമാറു ലക്ഷം ഹിന്തുക്കളെ ജേലിലാക്കി അട

ച്ചു കൊല്ലുകയും ആ ശവങ്ങളെ പക്ഷികൾക്കും മൃഗങ്ങൾക്കും കൊടുക്കുകയും പട്ടണത്തെ പാഴാക്കി വിടുകയുംചെയ്തു പോയി. സുമാർ അമ്പതുവൎഷംവരെക്കും ഈ പട്ടണം അനാഥസ്ഥിതിയിൽ വളരെ ക്ഷീണിച്ചുപോയി. അതിന്നുശേഷം ലോഡിവംശത്തിൽചേൎന്ന വിഫിലാർ എന്നാൾ 1414-ാം വൎഷത്തിൽ ഈ പട്ടണത്തെ കൈവശപ്പെടുത്തി രാജ്യപരിപാലനം ചെയ്തുവന്നു. ഒടുവിൽ തന്റെ പൌത്രനായ ഇബ്രാം എന്നാളെ രാജാവാക്കി വെച്ചു. പിന്നെ 1526-ാം വൎഷത്തിൽ പ്രഖ്യാതനായ ബേബർ പട വെട്ടിവന്നു പാനിപുത്തിൽവെച്ചു വലിയ യുദ്ധംചെയ്തു ഡില്ലിയിൽ മുകൾ രാജ്യത്തെ സ്ഥാപിച്ചു. 1540-ാം വൎഷത്തിൽ ബേബർ മകനായ ഹുമയൂൺ എന്നാൾ പട്ടത്തിൽ വന്നു പിന്നെ ഷിയർഖാൻ എന്ന പട്ടാണി വന്നു ഹുമയൂൺ എന്ന രാജാവിനെ രാജ്യത്തിൽനിന്നു ഓടിച്ചു. എങ്കിലും ഈ ഹുമയൂൺ 1554-ാം വൎഷത്തിൽ പാർസികളുടെ സഹായത്തോടുകൂടി വന്നു യുദ്ധത്തിൽ ഷിയർഖാനെ തോല്പിച്ചു ഡില്ലിയെ പിന്നെയും കൈവശമാക്കി. അതിന്നുശേഷം ഹുമയൂൺപുത്രനായ അക്ബർ ഡില്ലിയിൽ സിംഹാസനമേറി ചക്രവൎത്തിയായി വാണു പ്രജകൾക്കെല്ലാവൎക്കും വളരെ സുഖവാഴ്ചയെ ഉണ്ടാക്കി രാജ്യപരിപാലനം ചെയ്തുവന്നു. ഈ മുകൾരാജ്യം ഹിന്തുരാജ്യങ്ങളിൽ വളരെ പ്രബലപ്പെട്ടതായി വന്നു. ഈ അക്ബർ ചക്രവൎത്തിയുടെ കാലത്തിൽ 90743881 ഉറുപ്പിക കരംവസൂലാം

ക്കിവന്നിരുന്നു. ഈ ചക്രവൎത്തിയുടെ രാജ്യപരിപാലന കാലത്തിൽ 440000 പദാതികളും 200000 തുരപ്പുകളും ഉണ്ടായിരുന്നതായി പറഞ്ഞുവരുന്നു. ഇദ്ദേഹം ജന്മനാ ഒരു തുലുഷ്കനാണെങ്കിലും പക്ഷഭേദം കൂടാതെ അതി കരുണയോടുകൂടെ ഹിന്തുപ്രജകളേയും രക്ഷിച്ചുവന്ന ഒരു മഹാനുഭാവനാകുന്നു.

67. പിന്നെ ജിഹാംഗീർ, ഷാജിഹാൻ, അരംഗസീബ് മുതലായവര് ഈ ഡില്ലിപട്ടണത്തെ പിന്തുടൎച്ചയായി വാണു. ഇവരിൽ ഷാജിഹാൻെറ കാലത്തിൽ അതി ബുദ്ധിമാനായ അലിമൎത്ത് നകാനാ എന്നാളുടെ ആലോചനയോടുകൂടെ 1631-ാം വൎഷത്തിൽ ഈ ഡില്ലിപട്ടണത്തിലുള്ള സകല പഴയ കെട്ടിടങ്ങളേയും എടുത്ത് പുതിയ കെട്ടിടങ്ങളാക്കിത്തീൎക്കയും, റോഡുകളെല്ലാം വളരെ നന്നാക്കിവെയ്ക്കുകയും; എഴ് മയിത്സവരെയ്ക്കും ഈ നഗരത്തെ വിസ്താരപ്പെടുത്തുകയും, യമുനാനദിയുടെ തിരംവരെയ്ക്കും ബാക്കി മൂന്നുഭാഗങ്ങളിലും കോട്ട കെട്ടുകയും, അതിൽ അതാതു ഭാഗങ്ങളിലായി കമ്പതു പീരങ്കികളെ വെച്ച് സൂക്ഷിച്ചുവരികയും ചെയ്തുവന്നിരുന്നു. ഇതുകൂടാതെ പ്രജകളുടെ സൌഖ്യത്തിന്നുവേണ്ടി ഗംഗയിൽനിന്ന് 70 മയിത്സ് ദൂരത്തോളം തോടുവെട്ടി ജലസമൃദ്ധിയെ ഉണ്ടാക്കിത്തീൎത്തു. ആകയാൽ ഈ ഡില്ലിപട്ടണത്തിന്ന് ഷാജിഹാൻപട്ടണമെന്നു ഒരു പുതിയ പേര് സിദ്ധിപ്പാനിടയായിവന്നു. ഈ ഷാജിഹാൻെറ പിറേകാലം സിംഹാസനാരൂഢന്മാരായി

വന്നവരിൽ അരംഗസീബ്ബ കഴികെ മററാരും അധികം നാൾ ഇരുന്നില്ല. ഈ അരംഗസീബ്ബും 1707-ാം വഷത്തിൽ മരിച്ചുപോയി. ഇദ്ദേഹത്തിന്റെ അഞ്ചു പുത്രന്മാരും യഥാക്രമം രാജ്യപരിപാലനം ചെയ്തുവന്നു എങ്കിലും ഇവരെല്ലാവരും ഉടനെ ഉടനെ മരിച്ചുപോയി. ഈ അവസരത്തിൽ രാജപുത്രർ, ശികിയർ, മഹാരാഷ്ട്രന്മാർ, ഇടക്കിടെ യുദ്ധംചെയ്തുവന്നിരുന്നു എങ്കിലും ഒടുവിൽ 1737-ാം വഷത്തിൽ ബാജിറാവു എന്ന മഹരാഷ്ട്രവീരശിരോമണി ഡില്ലി പട്ടണത്തിൽ പടവെട്ടിവന്നു മുഹമ്മദീയരെ ജയിച്ചു. പിന്നെ പാർസി ദേശത്തിൽനിന്നു നാദർഷാ എന്ന ആൾ 1739-ാം വഷത്തിൽ പിബ്രവരി മാസം 13-ാംനു- ഡില്ലി കോട്ട പിടിച്ച് പ്രജകളെ വളരെ കഷ്ടപ്പെടുത്തി പലരേയും കൊല്ലുകയും, സ്വത്ത് കൊള്ളയിടുകയും ചെയ്തു വന്ന വഴിയ്ക്കുതന്നെ പോകയും ചെയ്തു. അതിനുശേഷം 1749-ാം വഷത്തിൽ ഡോറാണിയർ ഡില്ലിയെ കൈവശപ്പെടുത്തി വാണുവരുമ്പോൾ മഹാരാഷ്ട്രിയർ 1758-ാം വഷത്തിൽ സദാശിവരായരെ തലവനാക്കിവെച്ച് 70000കുതിരപ്പട്ടാളങ്ങളോടും, 30000 സൈന്യങ്ങളോടുംകൂടി വന്നു ഡോറാണിയോട് യുദ്ധംചെയ്തു തോററുപോയി. തൽസമയം "ബാദഷാ ഷാ അലം" എന്ന മൊഹലർവംശക്കാർ ബങ്കാളത്തിലായിരുന്നതിനാൽ അദ്ദേഹത്തിന്റെ പുത്രനായ ഷാജിഹാൻ ഡില്ലി ചക്രവത്തിയായി വാണു. ഈ ഷാജിഹാനു 13 വയസ്സ് പ്രായമായിരുന്നതിനാൽ "ഷാ അലം" തന്നെ രാ

ജ്യഭാരം വഹിച്ചുവന്നു. 1760-ാം വർഷത്തിൽ പാട്നാവിൽ ഈസ്റ്റിന്ത്യാകമ്പിനിക്കാരായ ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്തു തോററതിന്നുശേഷം വർഷം ഒന്നുക്ക് 2600000 ഉറുപ്പിക എടുത്തുകൊൾവാനും ബിഹാർ, ബംഗാളം, ഒറീസ്സാ ഈ രാജ്യങ്ങളെ അവർ വിട്ടുതരുവാനുമായി തമ്മിൽ സമാധാനംചെയ്തു. 1771-ാം വർഷത്തിൽ താൻ ഇംഗ്ലീഷുകാർക്കു വിട്ട രാജ്യങ്ങളെ മഹാരാഷ്ട്രിയക്കു വിട്ടുകൊടുപ്പാൻ നിശ്ചയിച്ചു ഈ ഡില്ലിക്കു വന്നുചേൎന്നപ്പോഴയ്ക്കു മാദിജിസിംഗ് ഈ ഡില്ലിയെ കൈവശപ്പെടുത്തി. ഇതുനിമിത്തം ഷാ അലം വളരെ വ്യസനിച്ചു. ഇംഗ്ലീഷുകാർ തനിയ്ക്കുകൊടുപ്പാൻ നിശ്ചയിച്ചിരുന്ന ദ്രവ്യത്തെക്കൂടി വാങ്ങാതെ ദാരിദ്ര്യത്താൽ വളരെ കഷ്ടപ്പെട്ടു.

68. ഇങ്ങിനെ ഇരിയ്ക്കുമ്പോൾ ഒരു നാൾ "ഗുലാംശിനന്ദർ" എന്നാൾ സിന്ധ്യയെ അധികമായി ഉപദ്രവിപ്പാൻ തുടങ്ങിയപ്പോൾ സിന്ധ്യാവും ഗുലാംശിനന്ദരെ പിടിച്ചു നിഗ്രഹിച്ചു. അതിന്നുശേഷം മഹാരാഷ്ട്രന്മാർ പിറൻ എന്ന പിറാൻസിപീരന്റെ സഹായത്തോടുകൂടി മോഹൽവംശക്കാരെയും ഇംഗ്ലീഷുകാരെയും എതൃത്തു 1803-ാംവർഷം ജനാൽ ലേക്ക് എന്നാൾ പ്രബലമായ സൈന്യത്തോടുകൂടി പടവെട്ടിവന്ന് ഡില്ലിപട്ടണത്തെ കയ്യശപ്പെടുത്തി ഈസ്റ്റിന്ത്യാകമ്പിനിക്കാരുടെ വശമാക്കിവെച്ചു മൊഗൽവംശക്കാൎക്ക് പെൻഷൻകൊടുത്ത് രക്ഷിപ്പാനായി സമാധാനം ചെയ്തു. അങ്ങിനെ ഇരിയ്ക്കുമ്പോൾ "ജസവന്തറാവു" ഹൊ

ൽക്കർ 70000 സൈന്യങ്ങളോടും, 150 പീരങ്കികളോടുംകൂ ടി വന്ന് ഇംഗ്ലിഷുകാരോട് എതൃത്തു. അപ്പോൾ കൎണ്ണൽ പാൻ എന്ന ഇംഗ്ലീഷുവീരനാൽ താൻ തോല്പ്പിക്കപ്പെട്ട് ഓടി പ്പോകയും ചെയ്തു. 1806-ാംവൎഷത്തിൽ "ഷാ അലം" ച ക്രവൎത്തി തന്റെ 86-ാം വയസ്സിൽ മരിച്ചുപോയി. ഇദ്ദേ ഹത്തിന്റെ പുത്രനായ അക്ബർ എന്നാളിക്ക് പേരിനു മാത്രം പട്ടം കെട്ടി. ആ മോഹലനും തന്റെ 80-ാമത്തെ വയസ്സായ 1837-ാംവൎഷത്തിൽ മരിച്ചുപോയി. ഇദ്ദേഹത്തി ന്റെ പുത്രൻ മുഹമ്മത് ബഹദ്ദൂർ ബാദുഷാവിനു പട്ടം കെട്ടി.

69. ഇദ്ദേഹത്തിനു കൊല്ലത്തിൽ 12 ലക്ഷം ഉറുപ്പി ക ചിലവിന് കൊടുത്തിട്ടും പോരാതെ വന്നതിനാൽ വള രെ വ്യസനിച്ചു. പിന്നെയും 3 ലക്ഷം ഉറുപ്പികകൂടി ചി ലവിന്ന് ജാസ്തി കൊടുത്തുവന്നു ഡില്ലിപട്ടണം മുഴുവനും ഇംഗ്ലീഷുകാർതന്നെ കൈവശപ്പെടുത്തി നടത്തിവന്നു. ഇ ങ്ങിനെയുള്ള ഈ ഡില്ലിപട്ടണം മൊഹലരുടെ അധികാ രത്തിൽ മഹോന്നതമായ പദവിയെ പ്രാപിച്ച് ഈ ഹി ന്തുദേശത്തിലുള്ള സകല രാജ്യങ്ങളെക്കാട്ടിലും എത്രയും ഉ ൽകൃഷ്ടമായിത്തീൎന്നു. എന്നാൽ മുഹമ്മദ് രാജാക്കന്മാരുടെ കാലങ്ങളിൽ പ്രജകൾ ചിലപ്പോൾ സുഖമായി വസിച്ചുവ ന്നിട്ടുണ്ടായിരിക്കാമെങ്കിലും അധികം കാലം പലവിധ ഉ പദ്രവങ്ങളെ അനുഭവിച്ച് വളരെ കഷ്ടപ്പെട്ടിരിക്കുന്നു. ഒടു വിൽ നീതിന്യായാഭിജ്ഞന്മാരായ ഇംഗ്ലീഷുകാരുടെ അധീ നത്തിൽ വന്നതിനുശേഷം മാത്രമാണ് പ്രജകൾക്ക ഒരു

സുഖവാഴ്ചയ്ക്കു ഇടയായിവന്നിരിയ്ക്കുന്നതു എന്നു് സന്തോഷ പുരസ്സരം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

70. ഇപ്രകാരം മഹിമയുള്ള ഈ ഡില്ലിപട്ടണം വടക്കപടിഞ്ഞാറ് ഖണ്ഡങ്ങളിൽ എത്രയും പ്രധാനപ്പെട്ട ഒരു പട്ടണമായിത്തീൎന്നിരിയ്ക്കുന്നു. ഈ ജില്ല 7890 ചതുരശ്രമയിത്സ് വിസ്തീൎണ്ണമുള്ളതും, വടക്കു് പാനിപുത്തും കിഴക്കു് യമുനയും, തെക്കു് പുല്പകരും, പടിഞ്ഞാറ് റൊട്ടയും, ഈ നാലു് അതിരുകൾക്ക ഉൾപ്പെട്ടുകിടക്കുന്നതുമാകുന്നു. ഈ ജില്ലയിൽ സുമാറ് അറുപതോളം ലക്ഷം ജനങ്ങൾ അധിവസിച്ചുവരുന്നു. ഈ ജില്ലയുടെ കിഴക്കവടക്കു് ഭാഗങ്ങളിൽ യമുനാനദീജലം പ്രവഹിയ്ക്കുന്നതുകൊണ്ടു് പലവിധമായ കൃഷികൾ നിരുപദ്രവമായി നടത്തപ്പെട്ടുവരുന്നു. തെക്കു് ഭാഗം ചില ചില കാടുകളാൽ ചുററപ്പെട്ടിരിക്കുന്നതിനാൽ വേനൽക്കാലങ്ങളിൽ ഉഷ്ണം കുറെ അധികമായിരിക്കും. ഗോതമ്പം, തുമര, കടല മുതലായ ധാന്യങ്ങൾ മാത്രം ധാരാളമായി വിളയുന്നു. ഒരു 80-85 സംവത്സരത്തിന്നുമുമ്പ് ഈ ജില്ലയിലെ മുതലെടുപ്പ് 349670 ഉറുപ്പികയായിരുന്നു. 1870-ാമതു് മുതല്ക്കു മുതലെടുപ്പ് മുൻവിവരിച്ച സംഖ്യയേക്കാൾ വളരെ അധികമായിവന്നിരിയ്ക്കുന്നു.

71. ഈ പട്ടണത്തിൽ സുമാറ് 7 മയിത്സിന്നുള്ളിൽ അനേകം വീടുകളും, പള്ളികളും, കടത്തെരുവുകളും, ബജാറുകളും മററും നിറഞ്ഞു് നിബിഡമായിരിക്കുന്നു. ഇവിടെ പ്രധാനമായ റോട്ട് ചണ്ഡിചൌക്ക എന്ന റോട്ടാകുന്നു. ഈ ചണ്ഡിചൌക്കറോട്ടിന്നു സമീപം വലുതാ

യ ഒരു രാജധാനിയും ഉണ്ട്. ഈ രാജധാനിയുടെ കോട്ടകൾ സുമാറ് ഒരു മയിത്സ് ചുററളവും 40 അടി ഉയരവുമുള്ളതായിരിക്കും. ഈ അരമനയുടെ ഒരു ഭാഗത്തിൽ യമുനാനദിയും പ്രവഹിക്കുന്നു. ഈ കോട്ടകളിൽ രണ്ടുവിശാലഗൃഹങ്ങൾ ഉണ്ട്. അതിൽ ഒന്ന് അന്തരംഗമന്ത്രാലോചനസഭാമണ്ഡപമാകുന്നു. ഇതിന്റെ ഒരു ഭാഗം കോട്ടയും, മറെറഭാഗം വിശേഷമായ പൂന്തോപ്പും ഒരുഭാഗം യമുനയും, മറെറാരുഭാഗം ചക്രവൎത്തിയുടെ ദൈവാരാധനസ്ഥലമായ പള്ളിയുമാകുന്നു. ഈ അരമനയുടെ സൌന്ദൎയ്യം വൎണ്ണിച്ച് അവസാനിപ്പിക്കുന്ന കാൎയ്യം ലങ്കാപുരിയെ വൎണ്ണിച്ച വാത്മീകി മഹൎഷി മുതലായവൎക്ക് മാത്രമെ സാദ്ധ്യമായിവരികയുള്ളുവെങ്കിലും യാത്രക്കാൎക്കു യൽകിഞ്ചിൽ സ്വഭാവപരിജ്ഞാനത്തിനുവേണ്ടി ചുരുക്കത്തിൽ താഴെ വിവരിക്കാം.

72. ഈ രാജധാനിയിൽ വിചിത്രങ്ങളായ അനേകം പ്രാസാദങ്ങളും മററു പലതരം എടുപ്പുകളും പണ്ടുണ്ടായിരുന്നു എന്നു ചില ചില ചിഹ്നങ്ങളാൽ കാണപ്പെടുന്നുണ്ട്. അതുകൾ മിക്കതും പൊളിച്ചുപൊയിരിക്കുന്നു എങ്കിലും ചില ചില വിശേഷസ്ഥലങ്ങൾ കാണികൾക്കു കാഴ്ചക്കു വേണ്ടി ഇപ്പോഴും ഇവിടെ നിൎത്തിട്ടുണ്ട്. അതിൽ ഒന്നു മുൻവിവരിച്ച സഭാമണ്ഡപമാകുന്നു. ഈ സഭാമണ്ഡപത്തിന്റെ ഒരു ഭാഗം സ്നാനഗൃഹവും ജപമണ്ഡപവും മററും കാണാവുന്നതാണ്. ഈ ഗൃഹങ്ങൾ ഒക്കെയും ചന്ദ്രമണ്ഡലംപോലെ അതിധവളമായി വിളങ്ങുന്ന മാൎബ്ബിൾക്ക

ല്ലുകൊണ്ടു കെട്ടപ്പെട്ടതും ഭിത്തികളിന്മേലും തട്ടുകളിന്മേലും തങ്കരേഖാലതകളാൽ വിചിത്രമായിട്ടുള്ളതും, ആ സ്വൎണ്ണലതകളുടെ മഞ്ജരീസ്ഥാനങ്ങളിൽ ചിലേടത്തു പുഷ്പാകൃതിയിൽ രത്നങ്ങൾ പതിച്ചിട്ടുള്ളതും, ഉപരിഭാഗത്തിൽ സ്വൎണ്ണമയങ്ങളായ താഴികക്കുടങ്ങളാലും തങ്കപ്പലകകളാലും അലംകൃതമായിട്ടുള്ളതുമാകുന്നു. സൂൎയ്യോദയകാലത്തിൽ ഈ കോട്ടക്കകത്തു ചെന്നു ഈ രാജധാനിയെ കാണുന്നവൎക്കു ഇവിടെ ബാലസൂൎയ്യൻ ഒന്നല്ല, അനേകമുണ്ടെന്നു തോന്നിപ്പോകും. ഉദ്യാനമൊ അതിരമണീയം. പലജാതി ലതകളും, വൃക്ഷങ്ങളും, ചെടികളും നിറഞ്ഞുനില്ക്കുന്ന ഈ ഉദ്യാനത്തിൽ പലതരം പുഷ്പസമൃദ്ധി ഉള്ളതുകൊണ്ടു എപ്പോഴും ഈ പ്രദേശം പരിമളമേദുരമായിത്തന്നെ ഇരിക്കുന്നതുകൂടാതെ മധുപാനമദോന്മത്തങ്ങളായ കോകിലഭ്രമരാദികളുടെ മധുരപഞ്ചമഝങ്കാരാദിനിനദംകൊണ്ടു സൎവ്വജനങ്ങൾക്കും ശ്രോത്രേന്ദ്രിയചാരിതാൎത്ഥ്യം സിദ്ധിപ്പിക്കുന്നു. ഈ രാജധാനിയെ കാണുന്നവൎക്കു രാമായണത്തിൽ വൎണ്ണിക്കപ്പെട്ട രാവണസഭാമണ്ഡപാദികൾ ഓൎമ്മയിൽ വരാതെയിരിക്കുകയില്ലെന്നു നിശ്ശങ്കം പറയാം. ഈ എടുപ്പുകൾ യമുനാനദീതീരത്തിൽത്തന്നെ നില്ക്കുന്നതാകകൊണ്ടു സ്നാനഗൃഹങ്ങളിലേക്കും മററും യമുനയിൽനിന്നു കുഴൽമാൎഗ്ഗമായി യഥേഷ്ടം ജലം വരുവാൻ മാൎഗ്ഗത്തെ വെച്ചിട്ടുമുണ്ടു്. സഭാമണ്ഡപത്തിൽകൂടി ഉഷ്ണശാന്തിക്കുവേണ്ടി ചില ഭാഗങ്ങളിൽ ജലപ്രണാളികളെ നിൎമ്മിച്ചിരിക്കുന്നു. ഇവിടെ മാൎബ്ബിൾ കല്ലുകൊണ്ടുള്ള പണിയും, രത്നമഞ്ജരീസഹിതകളായ

കനകലതകളുടെ രചനയും, ശില്പിചാതുൎയ്യവും, മറ്റുള്ള പുരീസൌഭാഗ്യവും കാണുന്നവൎക്ക വലുതായ ഒരു നയന സാഫല്യം സിദ്ധിക്കുമെന്നുള്ളതിലേക്കു സംശയമില്ല. എന്തിനു വളരെ പറയുന്നു, അതിമനോഹരയായ ഈ രാജധാനിയെ കാണാതെ പോയാൽ മനുഷ്യരുടെ നയനങ്ങൾക്കു സാഫല്യം വരികയില്ലെന്നു തീൎച്ചതന്നെ. ഈ കോട്ടക്കകത്തു ചില ചില വലിയ കെട്ടിടങ്ങൾ വേറെയും ഉള്ളതുകളിൽ സൎക്കാർ ഉദ്യോഗസ്ഥന്മാരും ചിലതുകളിൽ സോദരപട്ടാളക്കാരും സൎക്കാർവക ചില പണിക്കാരും അധിവസിച്ചുവരുന്നുണ്ട്. കുഴൽവെള്ളം ഇപ്പോഴും യഥേഷ്ടം സഞ്ചരിക്കുന്നു. ഈ രാജധാനിയിലാണ് 60 കോടി ഉറുപ്പിക ചിലവു ചെയ്തു ഉണ്ടാക്കപ്പെട്ട മയൂരസിംഹാസനം ഇരുന്നിരുന്നത്. "നാദർഷാ" 1739-ാം വൎഷത്തിൽ ഇതിലുണ്ടായിരുന്ന ആഭരണങ്ങളെയും ഈ സിംഹാസനത്തെയും എടുത്തുകൊണ്ടുപോയി എങ്കിലും കെട്ടിടങ്ങളുടെ സൌഭാഗ്യത്തെ കൊണ്ടുപോവാൻ സാധിച്ചില്ല. ഈ കോട്ടക്കു സമീപമാണ് "ജമ്മാമസ്ജീത" എന്ന അതിഗംഭീരമായ തുലുഷ്കരുടെ പള്ളി ഇരിക്കുന്നതു്. ഈ പള്ളി കരിങ്കല്ലുകളാൽ കെട്ടപ്പെട്ട മനോഹരമായ ഒരു എടുപ്പുമാകുന്നു- ഇതു കുറെ ഉന്നതഭൂമിയിൽ കെട്ടപ്പെട്ടതാകകൊണ്ട് നാലുഭാഗങ്ങളിലും വിശേഷപ്പെട്ട കരിങ്കൽ പടവുകളാൽ രമണീയമായിരിക്കും. ഈ പള്ളിയുടെ രണ്ടു ഭാഗങ്ങളിലും ൧൪൦ അടി ഉയരമുള്ളതും മാൎബ്ബിൾകല്ലിനാൽ നിൎമ്മിക്കപ്പെട്ടതുമായ രണ്ടു ഗോപുരങ്ങളും ഉണ്ടു. അതുകളുടെ ഉള്ളിൽക്കൂടി

൧൨൦ പടവുകൾ കയറി മുകളിൽ പോയി നോക്കുന്നതായാൽ ഡില്ലിപട്ടണത്തിലുള്ള മിക്ക പ്രദേശങ്ങളും, ബജാറുകളും. രാജവീധികളും അനേകം പ്രാസാദങ്ങളും മററും കാണാവുന്നതാണ്- ഈ പള്ളി "ഷാജിഹാൻ ചക്രവത്തി" പത്തുലക്ഷം ഉറുപ്പിക ചിലവുചെയ്തു കെട്ടിയതാണെന്നു കേൾക്കുന്നു.

73. ഈ പള്ളിയുടെ കുറെ ദൂരത്തിൽ "കലാസ്മജ്ത്" എന്ന കറുപ്പായ ഒരുപള്ളിയും ഉണ്ട്. ഈ പള്ളി അറബിദേശക്കാരുടെ ശില്പശാസ്ത്രപ്രകാരം കണ്ണാടകരീതിയിൽ നിമ്മിക്കപ്പെട്ടതും, കറുത്ത ചായം തേച്ചതുമാകുന്നു. ഇങ്ങിനെ വിശേഷപ്പെട്ട അനേകം പള്ളികളും ഈ പട്ടണത്തിൽ കാണാവുന്നതാണ്- ഈ ഇന്ത്യയിൽ മുസൽമാന്മാരുടെ വിശേഷപ്പെട്ട പള്ളികൾ പലതും ഉണ്ടായിരിക്കുമെങ്കിലും ഈ ഡില്ലിപട്ടണത്തിൽ ഉള്ള പള്ളികളെപ്പോലെ ഗംഭീരമായിരിക്കുകയില്ലെന്നു പലരും പറഞ്ഞുവരുന്ന ഒരു സംഗതിയെ ചെന്നുകാണുന്നവർ വിസ്മിതചിത്തന്മാരായി വിശ്വസിക്കാതെ ഇരിക്കുകയില്ല. ഈ ഡില്ലിപട്ടണത്തിൽ തുലുഷ്കന്മാരുടെയും, അല്പമായി ക്രിസ്ത്യന്മാരുടെയും കോവിലുകൾ കണുന്നതല്ലാതെ ഹിന്തുക്കളുടെ ക്ഷേത്രങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഈ ഡില്ലി പട്ടണത്തിന്റെ തെക്കുഭാഗം കൊട്ടില എന്ന ഒരു വലിയ കോട്ടയും ഉണ്ട്. ഇതു ൨൨൦൦ സംവത്സരത്തിന്നുമുമ്പ് അശോകമഹാരാജാവ് കെട്ടിയതാണെന്നു പലെ ശിലാശാസനങ്ങളാലും കാണപ്പെടുന്നു. ഇതിന്നുതെക്കുഭാഗം സുമാറ് ഒന്നര മയിത്സ് ദൂരത്തി

ൽ ഹുമയൂൺസമാധിസ്ഥലമായ പള്ളിയുണ്ട്- ഇതു ൨൦൦ അടി ചുററളവുള്ള കരിങ്കൽ കെട്ടിടമാണ്- ഇതിൽ പല പല കാഴ്ചകളും കാണ്മാനുണ്ട്- ഇങ്ങിനെ ഇവിടെയുള്ള പള്ളികളെ ഒക്കെയും വർണ്ണിച്ചു അവസാനിപ്പിപ്പാൻ പ്രയാസമെന്നു കരുതി ഈ വിഷയത്തെ ചുരുക്കുന്നു. എങ്കിലും വിശേഷപ്പെട്ട പള്ളികളുടെയും കാഴ്ചയുടെയും ഒരു വിവരണം ചുരുക്കമായി താഴെ ചേർക്കുന്നു.

74. 1. ജമാമസ്ജീത, 2. കാലാമസ്ജീത എന്ന പ്രേതകല്ലറ, 3. ഹുമയൂൺചക്രവർത്തിയുടെ പ്രേതകല്ലറ, 4. ഖുസ്രു എന്ന കവിയുടെ പ്രേതകല്ലറ, 5. ഫവ്വാറെ-ലെ സിപായിലഹളയുടെ ഓർമ്മക്കായി ഉണ്ടാക്കീട്ടുള്ള സ്തംഭവും പള്ളിയും, 6. ചണ്ടിചൌക്കു, 7. ലേഡ്ലൊ എന്ന കോട്ട, 8. പ്ലാഗസ്റ്റാബ എന്ന ഗോപുരം; 9. ഹിന്ദുറാവു എന്ന ഗൃഹം, 10. മ്യൂസിയം, 11. വലിയഭജാർ, 12. കുത്താബമൈനർ മുതലായി അനേകം സ്ഥലങ്ങൾ ഈ ഡില്ലിയിൽ കാണ്മാൻ യോഗ്യതയുള്ളതാകുന്നു. ഇതുകളെല്ലാം കാണിപ്പാനായി നാലണ ആറണ കൊടുത്താൽ ആളുകളെ ധാരാളമായി കിട്ടുന്നതാണ്. ഈ ഡില്ലിസ്റ്റേഷനുസമീപം മെട്രൊപൊളിററൻ, യൂനൈട്സ് എന്ന ഒന്നു രണ്ട് ഹൊട്ടലുകളും ഉണ്ട്. ഇവിടെ കുതിരസ്സാററുകൾ സുലഭമാണ്. സ്റ്റേഷനിൽനിന്നു അര മയിൽദൂരമുള്ള ഒരു ധർമ്മശാലയിലാണ് ഞങ്ങൾ ചെന്നു താമസിച്ചത്. തുലാം 11ാംനു- മുഴുവനും ധർമ്മശാലയിൽതന്നെ താമസിച്ചു- ഈ ധർമ്മശാലയുടെ ഉമ്മറത്തുതന്നെ യമുനയുടെ ഒരു വായ്ക്കാലും പ്രവ

ഹിക്കുന്നുണ്ടു. പട്ടണത്തിൽനിന്നു യമുനാനദിക്കു ഒരു മയി
ത്സ് മാത്രമാണ് ദൂരമുള്ളതു. ഇതിന്നു പുറമെ കുഴൽവെള്ള
വും ധാരാളം. ആകയാൽ ഈ പട്ടത്തിൽ ജല സൌഖ്യമു
ണ്ടെന്നു ഇനി വിവരിക്കേണ്ടതില്ലല്ലൊ. ഈ ധൎമ്മശാലക്കു
ടുത്തുതന്നെ ചെറിയ ഒരു അങ്ങാടിയും ഉണ്ടു. വലിയ ബ
ജാറിലേക്കും ഷാപ്പുകളിലേക്കും മററും സുമാറ് ഒരു മയിത്സ് ദൂ
രമെ ഉള്ളു. ഞങ്ങൾ താമസിച്ചിരുന്ന ധൎമ്മശാലയിൽ ദിവ
സം ഒന്നിക്കു ആൾ ഒന്നിന്നു ഓരോ ഉറുപ്പിക പ്രകാരം വാ
ടക കൊടുക്കേണ്ടിവന്നു. ചെറിയ സ്ഥലമായിരുന്നാൽ ഇ
തു വേണ്ടിവരുന്നതല്ല. ഇവിടെ ഒരു വിശേഷവിധി കാണു
ക ഉണ്ടായി അതാവിത്, ഞങ്ങൾ താമസിച്ചിരുന്ന ധൎമ്മ
ശാലയിൽ രാവിലെ ൮ മണിമുതൽ വൈകുന്നേരം ൫ മണി
വരെക്കും പട്ടണത്തിൽനിന്നു പലതരം കച്ചവടക്കാരും മ
ററുംവന്നു സ്വൎണ്ണാഭരണങ്ങൾ, വെള്ളിപ്പാത്രങ്ങൾ, രത്നങ്ങ
ൾ, ഗില്ലുട്ടുസാധനങ്ങൾ, പലതരം ശീലത്തരങ്ങൾ, അത്തർ
അമ്പർ മുതലായ അനേകം സുഗന്ധദ്രവ്യങ്ങൾ എന്ന്വേ
ണ്ട പട്ടണത്തിലുള്ള മിക്ക വസ്തുക്കളും കൊണ്ടുവന്നു നൂതന
യാത്രക്കാരെ മോഹിപ്പിച്ചു പിടിപ്പതു വിലവാങ്ങി വിററു
വരുന്നുമുണ്ടു.

75. ഇതു കൂടാതെ സംഗിതക്കാർ, ദേവദാസികൾ
മുതലായ അനേകം തരക്കാരും മോടിയോടു കൂടി വന്നു
സംഗിതാദികളെക്കൊണ്ടു യാത്രക്കാരെ ഭ്രമിപ്പിച്ചു മുതൽ
സമ്പാദിക്കുന്നു. എന്തിന്നു വളരെ പറയുന്നു, യാത്രക്കാർ കു
റെ ധനികന്മാരും യോഗ്യന്മാരും ആയിരുന്നാൽ പാക്കുന്ന

സ്ഥലത്തു തന്നെ രാവിലെ ൮ മണി മുതൽ വൈകുന്നേരം ൬ മണിവരെക്കും പട്ടണത്തിലുള്ള സകല സാധനങ്ങളും വിനോദങ്ങളും വന്നു ചേരുന്നതുമാകുന്നു. ഞങ്ങൾ എല്ലാവരും സ്നാനവും ഭക്ഷണവും കഴിച്ചതിന്നു ശേഷം ഒരു ദിവസത്തിന്നുസഞ്ചാരിക്ക് 3 ഉറുപ്പിക കൊടുത്താൽ കിട്ടുന്ന എരട്ടക്കുതിരസ്സാറട്ടിൽ കയറി പട്ടണം കാണ്മാനായി പുറപ്പെട്ടുപോയി. ഒന്നാമത് സിപായിലഹളയുടെ സ്മാരകമായധ്വജസ്തംഭത്തെയാണ് കാണുക ഉണ്ടായത്- ഈ സ്തംഭം അത്യുന്നതമായിരിക്കുന്നതും ഉള്ളിൽകൂടി കയറി നഗരമെല്ലാം കാണുവാൻ സൌകൎയ്യമുള്ളതുമാകുന്നു- ഇതു കാണേണ്ടുന്ന ഒരു കാഴ്ചതന്നെ- പിന്നെ ഇവിടെ നിന്നുപോയി രണ്ടു മയിത്സ് ദൂരത്തിൽ പണ്ട് പാണ്ഡവന്മാരുടെ വാസസ്ഥാനമായിരുന്ന പഴയ കോട്ടയിൽ ചെന്നു കാണുകയാണ് ഉണ്ടായത്- ഈ കോട്ട ഇപ്പോൾ മിക്കതും ഇടിഞ്ഞു വീണു നിൎജ്ജനമായി കിടക്കുന്നു എങ്കിലും കോട്ടക്കകത്തു നാല്പതോളം കുടിക്കാർ താമസിച്ചു വരുന്നുണ്ട്- ഈ കോട്ടയിൽ നിന്ന് അര മയിൽ ഒരു മയിൽ സമീപങ്ങളിൽ ഇടിഞ്ഞു കിടക്കുന്നതായ അനേകം കോട്ടകൾ കാണപ്പെടുന്നുണ്ട്- ആയതുകൾ പണ്ടു ഈ പട്ടണം പാണ്ഡവന്മാരുടെ വാസസ്ഥാനമായ ഇന്ദ്രപ്രസ്ഥമായിരുന്നു എന്ന് ഊഹിപ്പിക്കുന്നുണ്ട്- പിന്നെ ജമാമസ് ജിത്ത എന്ന പള്ളി മുതലായത് കാൺക ഉണ്ടായി- ഈ പള്ളിയുടെ സ്വഭാവം മുമ്പു വിവരിച്ചതിനാൽ ഇവിടെ എടുക്കുന്നില്ല- അതിന്നു ശേഷം

പട്ടണത്തിൽ നിന്ന് ഏകദേശം ൩, ൭ മയിത്സ് ദൂരത്തിലുള്ള ഒരു പഴയ കോട്ടയിൽചെന്ന് കയറി. ഇതിൽ ചില ചില കെട്ടിടങ്ങളുമുണ്ട്. ഈ കോട്ട പണ്ട് പൃഥ്വീമഹാരാജാവിന്റെ രാജധാനിയായിരുന്നു എന്നു പറഞ്ഞുവരുന്നു. ഈ കോട്ടയ്ക്കകത്താണ് പ്രധാനപ്പെട്ട ഒരു കാഴ്ചയുള്ളതു. അതു അത്യുന്നതമായ ഒരു ധ്വജമാകുന്നു. ഈ ധ്വജത്തിന്റെ ചരിത്രവും ഛായയും അനേകം ഇംഗ്ലീഷ് പുസ്തകങ്ങളിൽവിസ്തരിക്കപ്പെട്ടതായി അറിയുന്നു. ഇതിന്നു ൨൨൦ വാര ഉയരമുണ്ടു. ഇതിന്റെ ഉള്ളിൽകൂടി ഉപരിഭാഗത്തിലേക്കു കയറുവാനായി കരിങ്കല്ലു പടവുകളുണ്ട്. എന്നാൽ ഈ പടവുകൾ പിരിയൻശംഖിന്റെ ഉള്ളിലുള്ള രേഖപോലെ ചുറ്റിക്കൊണ്ടിരിക്കും. ഇതിന്നു പടവുകൾ സുമാറ് ൩൪൦ തോളം ഉണ്ട്. ഈ ധ്വജം മുഴുവനും കരിങ്കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടതും വളരെ വിശേഷപ്പെട്ട പലതരം കൊത്തുപണി ഉള്ളതുമാകുന്നു. കരിമ്പിന്റെ കമ്പുപോലെ ഇതിന്നു ൫ കമ്പുകൾ ഉണ്ടു. ആ സ്ഥലങ്ങളിൽ ഒക്കെയും പുറത്തേക്കു ചുറ്റം ഭ്രാന്തകൾ ഉണ്ടായിരിക്കും. അതുകളിൽ സഞ്ചരിച്ചാൽ പട്ടണമെല്ലാം കാണ്മാൻ കഴിയും. ഞങ്ങൾ എല്ലാവരും ഉപരിഭാഗംവരെക്കും കയറി ചെന്ന് നോക്കിയതിൽ ൨൦ മയിത്സ് ദൂരത്തിൽ കിടക്കുന്ന ഡില്ലി പട്ടണം മുഴുവനും എത്രയും ചെറിയ ആകൃതിയിൽ കാണപ്പെട്ടു. കീഴ്പോട്ടു നോക്കുന്ന സമയം താഴത്തു സഞ്ചരിക്കുന്നജനങ്ങളെ കണ്ടു എറുമ്പുകൾ അരിക്കുമ്പോലെ തോന്നിപ്പോയി. ഈ ധ്വജസ്തംഭം പ

ണ്ടു പൃഥു മഹാരാജാവിൻെറ കാലത്തു അന്തഃപുരസ്ത്രീകൾ ക്കു പ്രതിദിനം പന്ത്രണ്ടുമയിൽ ദൂരത്തിൽ പ്രവഹിക്കുന്ന യമുനാദേവിയെ കണ്ടു വന്ദിപ്പാനായി എത്രയും അത്യുന്നതമായി കെട്ടപ്പെട്ടതാണെന്നാണ് അധികളുള്ളവർ പറഞ്ഞു വരുന്നതു. എന്തായാലും ഇത് സാധാരണ മനുഷ്യരാൽ നിർമ്മിക്കപ്പെടുവാൻകഴിയുന്നതല്ലെന്ന് ഇത് ചെന്ന് കാണുന്നവൎക്ക് എളുപ്പത്തിൽ തന്നെ അറിയാൻ കഴിയുന്നതാണ്. ഈ ധ്വജത്തിൻെറ സമീപത്തിൽ തന്നെ പൃഥു മഹാരാജാവിൻെറ ഒരു യജ്ഞസ്തംഭവും കാണുന്നുണ്ട് - ഇതു പഞ്ചലോഹത്താൽ നിൎമ്മിക്കപ്പെട്ടതാകുന്നു. യാത്രക്കാർ ഇവിടെ ചെന്നു ഈ യജ്ഞസ്തംഭത്തെ ദൎശനം കഴിച്ചു വന്ദിക്കുന്ന ഒരു സമ്പ്രദായം കൂടി കണ്ടിരിക്കുന്നു. ഈ സ്തംഭത്തിന്ന് സമീപത്തിൽ ചെറുതായ ഒരു മായാദേവീക്ഷേത്രവുംകൂടി ഉണ്ട്. അവിടേയും പോയി ദൎശനം കഴിച്ചു പുറത്തു വന്നപ്പോഴെക്കു രണ്ടു നാഴിക രാച്ചെന്നുപോയി. അന്നു പിന്നെ മറെറാരു കാഴ്ചയും കാണ്മാൻ എടവന്നില്ല. ഇപ്പോൾ ഈ കോട്ടക്കു സമീപമുള്ള പ്രദേശങ്ങളിൽ ജനവാസം വളരെ കുറയും, എങ്കിലും പട്ടണത്തിൽനിന്നു പ്രതിദിനം ഈ കാഴ്ചയെ കാണ്മാനായി പല യോഗ്യന്മാരും വന്നു പോകുന്നുണ്ട്. പല യൂറോപ്യന്മാരും വരുന്നുണ്ട്. അവൎക്കു താമസിപ്പാൻ വേണ്ടി ധ്വജത്തിന്നു എത്രയും അടുത്തുതന്നെ സൎക്കാർവക യായി ഒരു മുസാവരിബംഗ്ലാവും ഉള്ളതാകുന്നു. എന്തു സംഗതികൊണ്ടെങ്കിലും ഡില്ലിക്കു വരുന്നവർ ഈ കാഴ്ചയെ കാ

ണ്ടാതെ പോയ്യോകരുതെന്നു ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു. ഏഴു മണിയോടുകൂടി ഞങ്ങൾ അവിടെനിന്നു മടങ്ങിപ്പോന്നു രാത്രി 10 മണിക്കുമുമ്പായി പാൎപ്പിടത്തിൽതന്നെ വന്നുചേൎന്നു അവിടെ സുഖമായി താമസിച്ചു.

76. പതിനൊന്നും, പന്ത്രണ്ടും തിയ്യതികളിലായി ഈ വക അനേക കാഴ്ചകളെ കണ്ടു. 13-ാംനു- വിശേഷപ്പെട്ട ചില ഷാപ്പുകളും, ഭജാറുകളും, മ്യൂസിയവും മററു പല പല സ്ഥലങ്ങളേയും സഞ്ചാരി ചെയ്തുകണ്ടു പരമാനന്ദതുന്ദിലഹൃദയന്മാരായി പാൎക്കുന്ന സ്ഥലത്തേക്കുതന്നെ മടങ്ങിവന്നു. ഈ പട്ടണം വളരെ പ്രബലപ്പെട്ടതും സകല സാധനങ്ങളും കിട്ടുന്ന സ്ഥലവും 60 ലക്ഷത്തോളം ജനങ്ങൾ അധിവസിച്ചുവരുന്നതും ആകയാൽ നയനങ്ങൾക്കു വലുതായ ഒരു കാഴ്ചയായിത്തന്നെ വിചാരിക്കേണ്ടതാണ്. ഇവിടെ പലതരമായി 30-ൽ അധികം മില്ലുകൾ ഉണ്ട്. പക്ഷെ യമുനാനദിയൊഴികെ മററു പ്രധാനപ്പെട്ട ഹിന്തുക്ഷേത്രങ്ങൾ ഇല്ലെന്നുള്ള സംഗതി മാത്രം വ്യസനഹേതുവായി തീൎന്നിരിക്കുന്നു. പുണ്യക്ഷേത്രങ്ങൾകൂടി ഉണ്ടായിരുന്നാൽ ഈ നഗരം അത്യുത്തമമായിരുന്നു എന്നു പറയാമായിരുന്നു. ഏതായാലും സാമാന്യം മിക്ക കാഴ്ചകളേയും കണ്ടു ൧൩-ാംനു- രാത്രി ഭക്ഷണം കഴിച്ച് സ്റ്റേഷനിൽ വന്ന് അവിടെനിന്നു ആഗ്രക്കു ടിക്കററുവാങ്ങി എട്ടുമണിയോടുകൂടി തീവണ്ടി കയറുകയും ചെയ്തു.

ആഗ്രാ.

77. 71 തുലാം 14-ാംനു- രാവിലെ 10 മണിക്കു മുമ്പായി ഡില്ലിയിൽനിന്നു ആഗ്രാസ്റ്റേഷനിൽ വന്നിറങ്ങി. ഈ സ്റ്റേഷനും മനോഹരമായ ഒരു എടുപ്പുതന്നെയാണു. ഈ ആഗ്രാപട്ടണം ബോമ്പായിൽനിന്നു സുമാറ് 889 നാഴിക ദൂരത്തിലാണ് കിടക്കുന്നത്. അതിര് കിഴക്ക് മിനിയൂരും, തെക്ക് ഡോളാപ്പൂരും, പടിഞ്ഞാറ് പാഴയൂരും, വടക്ക് മധുരയും ജില്ലകളാണ്. ഈ നാല് അതിരുകളുടെ അകത്ത് കിടക്കുന്ന ഈ ആഗ്രാപട്ടണം 85 മയിത്സ് ദീൎഘവും, 38 മയിത്സ് വിസ്താരവും ഉള്ളതും ലഫ്ടനണ്ട് ഗവൎണ്ണരുടെ അധികാരത്തിലിരിക്കുന്നതുമാകുന്നു. ഇവിടെ യമുന്, സാമ്പൽ മുതലായ നദികളും പ്രവഹിക്കുന്നുണ്ട്. സമീപത്തിലുള്ള ഫുട്ടപ്പൂർസിക്രി എന്ന മലയിൽ ഉണ്ടാകുന്ന ഒരു മാതിരി വിശേഷപ്പെട്ട കല്ലുകളെക്കൊണ്ട് പട്ടണത്തിൽ അനേകം മനോഹരവേലകൾ ചെയ്തുവരുന്നുണ്ട്. ശീതോഷ്ണം ഒരു മാതിരി സമാനമായ പ്രദേശമാണ്. എങ്കിലും ഹേമന്തകാലത്തിലെ ശീതം സഹിപ്പാൻ വളരെ പ്രയാസമായിരിക്കും. വിശേഷപ്പെട്ട നിരത്തുകളും, റെയിലും, വലിയ വഞ്ചികൾകൂടി സഞ്ചരിക്കുന്ന യമുനാനദിയും ഉള്ളതുകൊണ്ട് കച്ചവടക്കാൎക്ക് വ്യാപാരത്തിന് വളരെ സൌകൎയ്യമുള്ളതാകയാൽ കച്ചവടം ദിനംപ്രതി വൎദ്ധിച്ചുവരുന്നുണ്ട്. എന്നുമാത്രമല്ല, നെല്ല്

ഗോതമ്പം മുതലായ ധാന്യങ്ങൾ സുഭിക്ഷമായി വിളയു ന്ന പ്രദേശവുമാണ്.

78. അലക്സാണ്ടർ ഇന്ത്യയിൽ വരുന്നതിന്ന് മു മ്പിൽ ഇവിടെ പാരസികന്മാരുടെ സൈന്യങ്ങൾ അധി വസിച്ചിരുന്നുപോൽ. 1017-ാം വർഷത്തിൽ മുഹമ്മത് ഖജനി കനേജൻമാർഗ്ഗമായിപോകുമ്പോൾ ആഗ്രാവിന്ന് സമീപംവെച്ച് മഹാബ്ബനോട് എതിർത്തതായും പറയുന്നു- 1193-ാം വർഷം സമ്പട്ടീൻ മുഹമ്മദഘോരികനോര, കാശി മുതലായരാജ്യങ്ങളിൽ രാജാവായിരുന്ന ജയചന്ദ്രനോട് ഇവിടെവെച്ച് യുദ്ധം നടത്തിയതായും ഒരു വർത്തമാനമു ണ്ട്. 1488-ാംവർഷംമുതൽ 1517-ാംവർഷം വരയിൽ ഡില്ലിയിലെ രാജാവായിരുന്ന ലോഡി തന്റെ വാസ സ്ഥലമാക്കിവെച്ചു- 1526-ൽ ബാബരുടെ അധീനത്തി ലായി. പിന്നെ ഹുമയൂൺ എന്നാൾക്ക് സ്വാധീനമായി രുന്നു. 1559-ൽ അക്ബരുടെ രാജ്യഭരണകാലത്തിൽ അ ദ്ദേഹത്തിന്റെ പുതിയ രാജധാനിയാക്കിവെച്ചു- അന്ന് നിർമ്മിക്കപ്പെട്ട വിശേഷമായ കോട്ട ഇന്നും ഇവിടെ കാണ്മാ നുണ്ട്. 1658-ാം വർഷം അറംഗസിബിന്റെ കാലത്തിൽ ഈ ആഗ്രാ പട്ടണം പ്രധാന പട്ടണമായിരുന്നു. 1761- ൽ പാതപ്പൂർ രാജാവിന്നു അധീനമായി. 1774-ൽ ഷാ അലം എന്നാളുടെ മന്ത്രിയായ നൂർജിഫാൻ കയ്യശപ്പെട്ട ത്തി. ഈ നൂർജിഫാൻ മരിച്ചതിന്നു ശേഷം മഹാരാഷ്ട്ര രാജാവായ സിന്ധ്യാമഹാരാജാവിന്നു അധീനമായി.

1830-ാമതിൽ സിന്ധ്യാമഹാരാജാവിന്നും ഈസ്റ്റിന്ത്യാകമ്പനിക്കാൎക്കുംകൂടി തമ്മിൽ യുദ്ധമുണ്ടായപ്പോൾ ഹെസ്റ്റിങ്ങ് എന്നാൾ തടുത്തു. ഒടുവിൽ ജനറൽലേക്ക കൈവശപ്പെടുത്തി ഇംഗ്ലീഷ് ഗവൎമ്മെണ്ടിന്ന് സ്വന്തമായിരുന്നു. ഇപ്രകാരമുള്ള ഈ ആഗ്രാ പട്ടണം ഇപ്പോൾ വളരെ ശൃംഗാരമോടിയോടുകൂടി വിളങ്ങുന്നു. എത്രയും സമീപത്തിലുള്ള യമുനാ നദിയുടെ പാലത്തിൽകൂടി തീവണ്ടിപ്പാതയും, അതിന്നു താഴെ സാധാരണ ജനങ്ങൾക്ക സഞ്ചരിപ്പാനുള്ള മാൎഗ്ഗവും ഉണ്ട്. പാലമൊ അതി ഗംഭീരമായിരിക്കുന്നതാണ്. യമുനയിൽ കരിങ്കല്ലുകളാൽ കെട്ടപ്പെട്ട ഘട്ടങ്ങൾ ഉള്ളതുകൊണ്ട് സ്നാനത്തിന്നൊ പരമസുഖം. ഇവിടെയുള്ള റോഡുകൾ വളരെ വിസ്താരവും, അതി ഭംഗിയും ഉള്ളതായിരിക്കും. പട്ടണത്തിലുള്ള റോഡുകളുടെ ഇരുഭാഗവും പ്രായേണ മനോഹരങ്ങളായ പ്രാസാദങ്ങളാലും, കടത്തെരുവുകളാലും അലംകൃതമായിരിക്കുന്നതിനാൽ വളരെ ഭംഗിയുള്ളതാണ്. ഇതുകൂടാതെ റോഡുകൾ പ്രായേണ മുൻവിവരിച്ച കല്ലുകൾ പതിച്ചിരിക്കുന്നതിനാൽ സഞ്ചരിക്കുന്നവൎക്ക സുഖവും ദൃഷ്ടിക്ക മനോഹരവുമായിരിക്കും.

79. ഈ പട്ടണത്തിൽ (മാൎബ്ബൾ) വെണ്ണക്കല്ലുകൊണ്ട് കെട്ടപ്പെട്ടിട്ടുള്ള അനേകം എടുപ്പുകൾ ഉണ്ടെങ്കിലും, ഈ ഭൂലോകത്തിൽ അപൂൎവ്വമായും, അനുപമമായും, അതിരമണീയമായും ഇരിക്കുന്ന 'ടാജിമഹാൾ' എന്ന ഒരു എടുപ്പ് ലോകത്തിൽ കാണേണ്ടുന്ന പദാൎത്ഥങ്ങളിൽ വെച്ച് ഒ

നാമത്തേതായിത്തന്നെ വൎണ്ണിക്കേണ്ടതാണെന്ന് ആരും സമ്മതിക്കാതെ ഇരിക്കുകയില്ല. അത്രയും ആശ്ചൎയ്യകരമായിട്ടുള്ളതാകുന്നു. ഈ ടാജ്മഹാൾ എന്ന വിമാനസമാന മന്ദിരത്തെ കാണ്മാനായി അനേകം ഇന്ത്യക്കാരും, യൂറോപ്യന്മാരും, മററു പല രാജ്യക്കാരും വരുന്നുണ്ട്. ഇപ്രകാരമുള്ള ടാജ്മഹാളിന്റെ സൌഭാഗ്യത്തെ ഇവിടെ ഒന്ന് വൎണ്ണിക്കാതെ ഇരിക്കുന്നത് എത്രയും അനുചിതമായി തീരുന്നതും, വൎണ്ണിക്കുന്നതായാൽ ഈ ചരിത്രപുസ്തകത്തിന്നു കൂടി സൌഭാഗ്യവും, വിലയും കൂടുന്നതും ആകകൊണ്ട് അതിനെപററി അല്പം താഴെ വിവരിക്കുന്നു.

80. ഈ ടാജ്മഹാൾ യമുനയുടെ ഉത്തരതീരത്തിൽ കെട്ടപ്പെട്ടിരിക്കുന്നു. ഇതിന്റെ നാലു ഭാഗത്തിലും പത്തും പതിനാലും അടിപ്പൊക്കത്തിലുള്ള മാർബ്ബിൾ കല്ലുകളാൽ കെട്ടപ്പെട്ടിട്ടുള്ള മതിലുകളും, രണ്ടു ഭാഗത്തും വലിയ ഗോപുരങ്ങളും ഉണ്ട്. ഈ ഗോപുരങ്ങളുടെ ഉമ്മാത്ത് സാററുകൾ നിൽക്കാം- അവിടെ ഇറങ്ങി ഗോപുരത്തിന്നു സമീപമുള്ള ആപ്പീസ്സിൽനിന്നു ഓരോ അണ വിലയുള്ള ടിക്കററുവാങ്ങിയാൽ അകത്തേക്കു കടക്കാം. ടിക്കററ് വാങ്ങിയവൎക്കു മാത്രമെ കടക്കുവാൻ പാടുള്ളു. ഈ ഗോപുരത്തിൽ നിന്ന് ടാജ്മഹാൾ വരെ സുമാറ് 150 വാര ദൂരമുണ്ടാവും. അതുവരെക്കും ചന്ദ്രമണ്ഡലംപോലെ ധവളമായ വെണ്ണക്കല്ലു പതിച്ച മാൎഗ്ഗമായിരിക്കും. തന്മദ്ധ്യത്തിൽ ഒരു വിശേഷപ്പെട്ട മണ്ഡപവും, മാൎഗ്ഗത്തിന്റെ രണ്ടു ഭാഗ

ങ്ങളിലും അതിമനോഹരമായ ഉദ്യാനങ്ങളും കൃത്രിമ പൊയ്കയും ഉണ്ട്. ഈ പൊയ്കകളുടെ ചുററും വെണ്ണക്കല്ലുകൊണ്ടു പടുത്തിരിക്കും. ഈ പൊയ്കകളിൽ ഇടപ്പെട്ട പലതരം ജലജന്തുക്കളും, നാനാവിധ പുഷ്പങ്ങളും വിലസിക്കുന്നതുകണ്ടാൽ മനസ്സിന്നു വലുതായ ഒരു ആഹ്ലാദം ഉണ്ടാകുന്നതാണ്. ഈ ടാജിമഹാളിന്റെ മഹിമയെ കേട്ടു ചെല്ലുന്നവർ ഗോപുരം കാണുന്ന സമയംതന്നെ ഇതു തന്നെയായിരിക്കുമൊ ടാജിമഹാൾ എന്നു ശങ്കിച്ചുപോകും. ഉടനെ അകത്തുകടന്നു നോക്കുമ്പോൾ മാത്രമെ, 'ഓ ഇതു ഗോപുരമാണ്' എന്നു മനസ്സിലാക്കുവാൻ കഴികയുള്ളു. പിന്നെ കാണുന്നത് മുൻപറഞ്ഞ ഉദ്യാനങ്ങളും, പൊയ്കകളും ശിലാമണ്ഡപവുമായിരിക്കും. ഇതുകൾ കാണുന്ന സമയവും ഇവിടെ മുഖ്യമായ കാഴ്ച ഇതുകൾ തന്നെയായിരിക്കുമൊ എന്നും ചിലർ ശങ്കിക്കുമായിരിക്കാമെങ്കിലും മുമ്പോട്ട് ഒന്നു നോക്കുന്ന സമയം, ഈ കണ്ടതൊന്നുമല്ല കാഴ്ച എന്നു മനസ്സിലാക്കുവാൻ കഴിയും. 'ഇതാ പുരോഭാഗത്തിൽ കാണുന്ന ചന്ദ്രമണ്ഡലമൊ, അല്ലെങ്കിൽ തത്സമാനമായ വിമാനമൊ ആയിരിക്കും പ്രധാനകാഴ്ച' എന്നു സന്തോഷിച്ചുംകൊണ്ടു പോകുന്ന മാർഗ്ഗത്തിൽ വിസ്മയിക്കാത്തവർ ആരും ഉണ്ടാകയില്ല. ഇങ്ങിനെ ടാജിമഹാളിനെ നോക്കി ആനന്ദിച്ചുംകൊണ്ടു ക്രമേണ പതുക്കെ പതുക്കെ ടാജിമഹാളിന്റെ സമീപത്തുചെല്ലും. ഈ ടാജിമഹാൾ വിശാലമായ ഒരു സ്ഫടിക മണ്ഡപത്തിന്റെ മദ്ധ്യത്തിലാ

ണ് കെട്ടപ്പെട്ടിരിക്കുന്നത്. ഇതിന്റെ നാലു മൂലകളിലും 100 അടി ഉയരമുള്ള സ്ഫടികധ്വജങ്ങളും, നാലു ഭാഗങ്ങളിലും മദ്ധ്യപ്രദേശത്തിൽ കയറി ചെല്ലുവാൻ സ്ഫടികപടവുകളും ഉണ്ടായിരിക്കും. ഈ സ്ഫടിക മണ്ഡപത്തിന് സുമാറ് മൂന്നുവാര ഉയരമുണ്ട്. നാലു മൂലകളിലുള്ള സ്ഫടികസ്തംഭങ്ങളുടെ ഉള്ളിൽക്കൂടി ഉപരിഭാഗത്തോളം ചെന്നാൽ അവിടെ ചുറ്റും കുറെ വിശാലമായ സ്ഥലത്തുചെന്ന് നില്ക്കാം. അവിടെനിന്നു നോക്കിയാൽ ആഗ്രാ പട്ടണവും കോട്ടകളും നാനാവിധ തോട്ടങ്ങളും മറ്റും വിശേഷമായി കാണാവുന്നതാണ്. നാലുമൂലസ്തംഭങ്ങളും ഒരു മാതിരിയിൽ തന്നെയിരിക്കും. ഇങ്ങിനെയുള്ള ടാജിമഹാൾ സ്ഫടിക മണ്ഡപത്തിലേക്കു കയറിച്ചെന്ന് നോക്കുന്ന സമയം ഉണ്ടാകുന്ന പരമാനന്ദത്തെ ഞാനെങ്ങിനെ ഇവിടെ വർണ്ണിക്കും. ഈ ടാജിമഹാൾ സുമാറ് 70 അടി ചുറ്റളവും 250 അടി ഉയരവുമുള്ളതാകുന്നു. ഇതിന്റെ ഉപരിഭാഗത്തിൽ പൊൻതാഴികക്കുടങ്ങൾ വെച്ചിട്ടുള്ളതിന്നു പുറമെ സ്ഫടികക്കല്ലുകളെക്കൊണ്ട് ചെയ്തിട്ടുള്ള നാനാവിധ കലശങ്ങളും, പലതരം കൊത്തുപണികളും സാലഭജ്ഞികാപ്രതിമകളും, മറ്റു പലെ വിചിത്ര വേലകളും ഉള്ളതിനെ സാവധാനത്തിൽ ഓരോന്നോരോന്നായി നോക്കി കാണുന്നവർ രണ്ടു കണ്ണുകൊണ്ട് തൃപ്തിപ്പെടാതെ പരിതപിക്കുകയും, ഇതിന്നുവേണ്ടി സഹസ്രാക്ഷനായാൽ കൊള്ളാമെന്നാഗ്രഹിക്കയും ചെയ്തു പോകാത്തവർ ദുർല്ലഭമാണ്. പണ്ടു 'ഷാജിഹാൻ ബാദുഷാ' എന്നതുല്യശ്ലാഘ

ഹാരാജാവിന്നു 'ടാജി' എന്ന എത്രയും പ്രിയപ്പെട്ട ഒരു പ്രാണവല്ലഭ ഉണ്ടായിരുന്നു. അവൾ അതിസുന്ദരിയായിരുന്നു എന്ന് ലോകപ്രസിദ്ധിയാണ്. അവൾ മരിച്ചാൽ അവളുടെ പേര് എന്നെന്നേക്കും നിലനില്ക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ അവൾ മരിക്കുന്നതിന്നു മുമ്പായിത്തന്നെ ഇതിന്റെ പണി തുടങ്ങിയിരിക്കുന്നു. 22 സംവത്സരം കൊണ്ടു 20 ലക്ഷം പവൻ ചിലവുചെയ്തു അനേക ലക്ഷം വേലക്കാരെക്കൊണ്ട് പണി ചെയ്യിപ്പിച്ചതാണെന്നു ആഗ്രാപട്ടണത്തിൽ ഇന്നും പ്രസിദ്ധമായി പറയുന്നസംഗതിയാണ്. ടാജി മരിച്ചതിനുശേഷം ഇതിൽ മറചെയ്തു. അന്നു മുതൽക്ക് ഇതിന്നു 'ടാജിമഹാൾ' യന്നു പേരുവാണു. ഈ ടാജിമഹാളിന്റെ ഉള്ളിലുള്ള സൌഭാഗ്യത്തെയും അല്പം വിവരിക്കാം: ഇതിന്റെ അകത്ത് അച്ചകന്മാരായ തുലുഷ്ക്കജാതിക്കാർ എപ്പോഴും ഉണ്ടായിരിക്കും. അവർ ശക്കര, കല്കണ്ടം, പഴം മുതലായത് നിവേദിച്ച് പുഷ്പസമേതം യാത്രക്കാൎക്ക കൊടുക്കുകയും, അതുവാങ്ങി ദക്ഷിണ കൊടുക്കുകയും ചെയ്തുവരുന്ന ഒരു സമ്പ്രദായം ഇന്നും ഉണ്ട്. എന്നാൽ ഇത് നിൎബ്ബന്ധമുള്ളതല്ല. പ്രസാദം വാങ്ങാത്തവരും ഉണ്ടായിരിക്കും. എങ്കിലും ആളുവസ്ഥപോലെ ഒന്നൊരണ്ടൊ അണയെങ്കിലും കൊടുക്കാത്തവർകുറയും. ഈ മഹാളിന്റെ അകത്തെക്കുകടക്കുന്ന വാതിൽ സുവൎണ്ണരേഖാവിചിത്രിതമായിട്ടുള്ളതാണ്. അകത്തുകടന്നാൽ നോക്കുന്നത് ഒക്കയും ആശ്ചൎയ്യമായിതൊന്നും. അവിടെകണ്ടിട്ടുള്ള

സൌഭാഗ്യത്തെ മുഴുവനും വൎണ്ണിപ്പാൻ നാം ശക്തനായി വരികയില്ല. ഒന്നാമത് ടാജിയെ സ്ഥാപിച്ച മറക്കല്ല്, ഏകദേശം മൂന്നുവാരനീളവും ഒരു വാര വിതിയും ഉള്ള ഒരു സ്ഫടികക്കല്ലാണ്. ഇതുവരെ ഇങ്ങിനെയുള്ള ഒരു സ്ഫടികക്കല്ലു കാണുക ഉണ്ടായിട്ടില്ല. ഭിത്തികളിന്മേലും മേൽഭാഗത്തും ഓരോരോ ലതാകാരമായും മററും കൊത്തീട്ടുള്ള ചിത്രങ്ങൾ സാധാരണ കാണികൾക്ക് 'ഇതു വിശേഷപ്പെട്ട ഒരു കൌതുകപ്പണി തന്നെ' എന്നു മാത്രം അറിവാൻ കഴിയുന്നതല്ലാതെ അതിലുള്ള ശില്പിചാതുൎയ്യത്തെ മുഴുവൻ അറിവാൻ കഴികയില്ല. മുസൽമാൻവേദപരിജ്ഞാനമുള്ളവൎക്കു ലതാകാരേണ ആ എഴുതപ്പെട്ടിട്ടുള്ള ചിത്രങ്ങളെ കുറാൻ മുതലായ വേദവാക്യങ്ങളായി വായിപ്പാൻ കഴിയുമത്രെ. ഈശ്വരാ! ഇത് എന്തൊരു ആശ്ചൎയ്യമാണ്, ഈ ടാജിമഹാൾ അനേകായിരം സ്ഫടികക്കല്ലുകളെ കൂട്ടിച്ചേൎത്തു നിൎമ്മിക്കപ്പെട്ടതാണെങ്കിലും അതുകളുടെ ഏപ്പ് കണ്ടുപിടിപ്പാൻ ആരാലും സാദ്ധ്യമായി വരികയില്ല. ഇതും അത്യാശ്ചൎയ്യകരമായിട്ടുള്ളതുതന്നെ. ഇങ്ങിനെയുള്ള ടാജിമഹാൾ മുഴുവനും അതികൌതുകത്തോടെ കണ്ടു ഞങ്ങൾ എല്ലാവരും പരമാനന്ദസമുദ്രത്തിൽ മഗ്നന്മാരായിത്തീൎന്നു എന്നു പറഞ്ഞാൽ മതിയല്ലൊ. പിന്നെ അവിടെനിന്നു മടങ്ങിപ്പോരുന്നതിൽ അധികമായ വ്യസനം ഉണ്ടായി എങ്കിലും നേരം അതിക്രമിച്ചതുകൊണ്ട് അവിടെനിന്നു പാൎപ്പിടത്തിലേക്കു പോരേണ്ടിവന്നു. ക്രമേണ പുറത്തുവന്ന് അവിടെയുള്ള ചില

ചില ഷാപ്പുകളിൽ കയറി കണ്ടു. ആ ഷാപ്പുകളിൽ മാർബ്ബിൾകല്ലുകൊണ്ട് നിൎമ്മിക്കപ്പെട്ട പലതരം ജന്തുപ്രതിമകളും അനേകവിധത്തിലുള്ള താലങ്ങളും ടാജിമഹാളിന്റെ പ്രതിമയും വിററുവരുന്നുണ്ട് അവിടെനിന്നു ചില സാമാനങ്ങളും ഈ ടാജിമഹാളിന്റെ ചെറുതായ ഒരു പ്രതിമയും വാങ്ങി. ഇന്നും നമ്മുടെ അധീനത്തിൽ വെച്ചുവരുന്നു. പിന്നെ സന്ധ്യയോടുകൂടി അവിടെനിന്നുപോന്നു ദീപാവലി പരിലസിതമായ ഭജാറിൽകൂടി പാൎപ്പിടത്തിൽതന്നെ വന്നുചേൎന്നു. ഇവിടെ കാണേണ്ടുന്ന സ്ഥലങ്ങളിൽ 1. ആഗ്രാഫോട്ട്, 2. ടാജിമഹാൾ, 3. പട്ടാളവാസസ്ഥലം, 4. ആഗ്രാകലാശാല, 5. ആഗ്രാകോളേജ്, 6. ഗവൎമ്മേണ്ട് ഹൌസ്സ്, 7. ആഗ്രാപള്ളി, 8. അനാഥരക്ഷാശാല, 9. ആഗ്രാ ക്രിസ്തീയപള്ളി. ഇങ്ങിനെ പല സ്ഥലങ്ങളും നയനരമണീയങ്ങളായിരിക്കുന്നവയാണ്. ഇങ്ങിനെ മനോഹരമായ പട്ടണത്തെ കണ്ട് ആനന്ദിച്ചുംകൊണ്ടു 14-ാംനു- അവിടെ താമസിച്ചു രാത്രി ഏകദേശം പത്തുമണിക്കു മുമ്പായി സ്റ്റേഷനിൽ വന്നു മധുരാപുരീദൎശനകൌതുകത്താൽ മധുരക്കു ടിക്കററു വാങ്ങി തീവണ്ടി കയറി.

മധുരാ.

15-ാംനു- പുലച്ചെ 6 മണിക്കു മുമ്പായി മധുരാസ്റ്റേഷനിൽ ഇറങ്ങിയ ഉടനെ അവിടെനിന്ന് അര മയിത്സ് സ

മീപത്തിൽ കിടക്കുന്ന മധുരാപട്ടണത്തിൽ ചെന്നു 'സാധൊ മാധവജ്' എന്ന ഒരു ചൌബെ ബ്രാഹ്മണനെ ഉപാദ്ധ്യായനായി വരിച്ച് അദ്ദേഹത്തിന്റെ ഗൃഹത്തിൽ സാമാനങ്ങളെല്ലാം ഇറക്കിവെച്ചു ഉടനെ ദേഹശുദ്ധി ചെയ്തു് യമുനാസ്നാനത്തിന്നായി പുറപ്പെട്ടു. ഈ മധുരാപട്ടണത്തിന്റെ ചരിത്രത്തെയും താഴെ വിവരിക്കാം:—

പണ്ട് അയോദ്ധ്യാധിപതിയായിരുന്ന ശ്രീരാമസ്വാമി രാജ്യപരിപാലനം ചെയ്തുവരുംകാലത്തിൽ ഈ യമുനാതീരത്തിലുള്ള മഹാവനത്തിൽ മധു എന്ന അതിദുഷ്ടനായ ഒരു രാക്ഷസൻ അധിവസിച്ചിരുന്നു. ആകയാൽ ഈ സ്ഥലത്തിന്നു പണ്ടു മധുവനം എന്നു പേരായിരുന്നു. ആ മധുവിന്റെ പിറെറക്കാലം അവന്റെ പുത്രനായ ലവണാസുരനും ഇവിടെത്തന്നെ അധിവസിച്ചുവന്നു. ആ ലവണാസുരനെക്കൊണ്ടു തദ്ദേശവാസികൾക്കു വളരെ ഉപദ്രവം ഉണ്ടായിരുന്നതിനാൽ തന്നിഗ്രഹത്തിന്നുവേണ്ടി ശ്രീരാമസ്വാമി തന്റെ സഹജനായ ശത്രുഘ്നനെ അയക്കുകയും ശത്രുഘ്നൻ മധുവനത്തിൽ വന്നു ലവണാസുരനെ നിഗ്രഹിക്കുകയും ചെയ്തതിന്നുശേഷം ഇവിടെയുള്ള വനത്തെ എല്ലാം വെട്ടിനീക്കി ചെറുതായ ഒരു രാജധാനിയെ നിൎമ്മിച്ചു കുറെ കാലം അവിടെ അധിവസിച്ചുവന്നു. പിന്നെ ആ ലവണാസുരന്റെ അനുജനായ ഹൎയ്യശ്വനെ വിനീതനാക്കുകയും ചെയ്ത് ഈ മധുരാപുരിയിൽ വാഴിച്ചു ശത്രുഘ്നൻ അയോദ്ധ്യക്കുതന്നെ മടങ്ങിപ്പോയി. അതിന്നുശേഷം മധു

പുരി എന്നും മധുരാപുരിയെന്നും ഇങ്ങിനെ പേർ വന്നു. ഈ മധുരാപുരിയിലാണല്ലൊ സാക്ഷാൽ ശ്രീകൃഷ്ണസ്വാമിയുടെ അവതാരമുണ്ടായിരിക്കുന്നത്. പണ്ട് മാധവൻ എന്ന ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ ഭീമൻ എന്ന ഒരു മഹാരാജാവ് ഈ മധുരാപുരിയിൽ അധികംകാലം രാജാവായി വാണു. ആ രാജാവിന്റെ പാരമ്പര്യത്തിലാണ് വസുദേവരുടെ ജനനം. എനി ദേവകിയുടെ വംശപാരമ്പര്യത്തെ പറയാം. ബൃഹസ്പതിയുടെ ഭാര്യയായ താരാദേവി ചന്ദ്രനെ കാമിച്ച് ചന്ദ്രനിൽനിന്നു ബുധനെ ഉൽപ്പാദിപ്പിച്ചു. ആ ബുധനിൽനിന്ന് ഇളയിൽ പുരൂരവസ്സു ജനിച്ചു. ആ പുരൂരവസ്സിൽനിന്നു ആയുസ്സും അദ്ദേഹത്തിൽനിന്നു നഹുഷനും, നഹുഷനിൽനിന്നു യയാതിയും, യയാതിയിൽനിന്നു യദുവും, അദ്ദേഹത്തിൽനിന്നു വിദർഭനും, അദ്ദേഹത്തിന്ന് അന്ധകനും, അന്ധകനിൽനിന്നു അഭിജിത്തും, അദ്ദേഹത്തിന്നു ഭോജനും ആഹുകനും, അദ്ദേഹത്തിന്നു ദേവകൻ ഉഗ്രസേനൻ എന്ന രണ്ടു പുത്രന്മാരും ജനിച്ചു. ഇവരിൽ ദേവകന്നു ദേവകി എന്ന ഒരുപുത്രി ഉണ്ടാകയും, ആ ദേവകിയെ മുൻപറഞ്ഞ വസുദേവര് വിവാഹം കഴിക്കുകയും ചെയ്തു. ഈ വസുദേവരിൽനിന്നു ദേവകിയിൽ ശ്രീകൃഷ്ണസ്വാമിയും ഈ മധുരാപുരിയിൽ അവതരിച്ചു. ഇങ്ങിനെയുള്ള ഈ മധുരാപുരി ഭാഗവതാദിപുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടതാണെങ്കിലും, അതിന്നുശേഷമുള്ള ചരിത്രത്തെ ചുരുക്കത്തിൽ താഴെ വിവരിക്കുന്നു.

ഈ മധുരാപുരിയിൽ കുലചന്ദ്രൻ എന്ന ഒരു മഹാ
രാജാവ് വാണുവരുംകാലത്തിൽ ക്രിസ്താബ്ദം 1017-ാമത്
സംവത്സരത്തിൽ മഹമ്മത് കജനി പടവെട്ടിവന്നു 50000
ജനങ്ങളെ കൊന്നു കൊള്ളയിട്ടു പ്രജകളെ ഉപദ്രവിക്കു
മ്പോൾ അപമാനത്തിൽനിന്നു ഭയപ്പെട്ടു കുലചന്ദ്രമഹാരാ
ജാവ് ഖഡ്ഗം എടുത്തു തന്റെ ഭാര്യയേയും മക്കളേയും
കൊത്തിക്കൊല്ലുകയും താനും ദുർമ്മരണത്തെ പ്രാപിക്കുകയും
ചെയ്തു. അപ്പോൾ മഹമ്മതു കജനി ആ രാജാവിന്റെ
185 വലിയ ഗജങ്ങളേയും മററുള്ള സകല സ്വത്തുക്കളേ
യും കൈവശപ്പെടുത്തി. എന്നുമാത്രമല്ല, മധുരാപുരിയിൽ
ഉണ്ടായിരുന്ന 1000 ക്ഷേത്രങ്ങളെ ഇടിക്കുകയും വിലപിടി
ച്ച വിഗ്രഹങ്ങളേയും തിരുവാഭരണങ്ങളേയും എടുത്തും എ
ല്ലാംകൂടി മുപ്പതുലക്ഷം ഉറുപ്പികയുടെ സ്വത്തുക്കളോടും,
അയ്യായിരം ഹിന്തുപ്രജകളോടും കൂടി ചേർന്നു തന്റെ ദേ
ശത്തേക്കുതന്നെ മടങ്ങിപ്പോകയും ചെയ്തു. അതിന്നുശേഷം
അക്ബർ ചക്രവർത്തിയുടെ കാലംവരെയ്ക്കും മധുരാപുരിയി
ൽ ചില്ലറ മുഹമ്മതുരാജാക്കളുടെ കീഴിൽ ഇരുന്നു ഹിന്തു
ക്കൾക്കു പലവിധമായ കഷ്ടങ്ങൾക്കും നഷ്ടങ്ങൾക്കും ഇട
വന്നിരിക്കുന്നു. പിന്നെ 1488-ാമതു സംവത്സരം മുതൽ
ക്ക് 1506-ാം സംവത്സരംവരെ സുൽത്താൻ ചികിന്താ
ലോഡി മധുരാപുരിയിൽ ഉണ്ടായിരുന്ന അവശിഷ്ടഹിന്തു
മതക്ഷേത്രങ്ങളേയും 'ഇടിക്കുകയും ഹിന്തുക്കൾ ഒക്കെയും
മുസൽമാന്മാരെപ്പോലെ താടിവെച്ചുകൊള്ളേണമെന്നും മ

ററും നിർബ്ബന്ധിക്കുകയും പലവിധത്തിലും ദ്രോഹിക്കുകയും ചെയ്തു.

ഇതിനു മേല്പോട്ട് ക്രമമായി വിവരം മുഴുവനും കിട്ടാത്തതിനാൽ കിട്ടിയേടത്തോളം വിവരം മാത്രം ചേക്കുവാനേ സാധിച്ചിട്ടുള്ളു. പൂർവ്വകാലത്തിൽ ചക്രവർത്തികളായിവരുന്ന മഹമ്മതുരാജാക്കന്മാർ പ്രായേണ ഡില്ലിപട്ടണത്തിലും ചിലപ്പോൾ ആഗ്രാപട്ടണത്തിലുമാണ് അധിവസിച്ചുവരുമാറുള്ളത്. അവിടെനിന്ന് അതാതുസമയങ്ങളിൽ ഓരോരോ ഭടനായകന്മാരെ ഓരോരോ രാജ്യങ്ങളുടെ രക്ഷയ്ക്കായി അയക്കുക പതിവായിരുന്നു എന്നുള്ള സംഗതികൂടി ഇവിടെ പറയുന്നതു ചരിത്രവായനക്കാർക്ക് ഉപയോഗമായിത്തീരുമെന്നു കരുതി ഈ വിവരണം ഇവിടെ കൊടുക്കുവാനിടയായതാണ്.

മുമ്പറഞ്ഞ ചികന്താലോഡിയുടെ പിറെറ കാലം മധുരയിൽ രക്ഷാധികാരിയായി വന്ന അപ്പൻ അന്നബി കംസൻെറ കോട്ടയ്ക്കകത്തു ശ്രീകൃഷ്ണസ്വാമി അവതരിച്ച സ്ഥലത്ത് ഒരു വലിയ പള്ളി കെട്ടുകയും തത്സമീപപ്രദേശങ്ങളെ കശാപ്പുകടകളാക്കി വിടുകയും ചെയ്തു. ദുഷ്ടനായ അപ്പൻ അന്നബി അക്ബർചക്രവർത്തിയുടെ സമ്മതം കൂടാതെ ഒരു മഹാബ്രാഹ്മണനെ നിഗ്രഹിച്ച നിമിത്തം ചക്രവർത്തി കോപിച്ച് അദ്ദേഹത്തോടു സംഭാഷണവുംകൂടി ചെയ്തിരുന്നില്ല എന്ന് ഒരു കിംവദന്തിയുണ്ട്. മഹാഗുണവാനായ ഈ അക്ബർചക്രവർത്തിയുടെ ചരിത്രം ഈ പുസ്തകത്തിൽ ഒരേടത്തു വിവരിക്കേണമെന്നു നമുക്ക് ആഗ്രഹമുണ്ടായിരുന്നതു ഈ ഘട്ടത്തിൽതന്നെ ആകാം.

അക്ബർ ചരിത്രം.

ടൈമൂർ വംശ്യന്മാരായ ഇന്ത്യയിലെ ചക്രവർത്തികളിൽ മൂന്നാമനായ അക്ബർ തന്റെ പിതാവായ ഹുമയൂൺ ചക്രവർത്തി ഷീഷാ എന്ന അഫ്ഘാനിസ്ഥാനിലെ രാജാവിനാൽ ഇന്ത്യാമഹാരാജ്യത്തിൽ നിന്നു ബഹിഷ്കൃതനായിട്ടു യുവതിയായ ഹമിദാ എന്ന ഭാൎയ്യയോടു കൂടി ദേശഭ്രമണം ചെയ്യുമ്പോൾ സിന്ധുദേശത്തിൽ അമർകോട്ട എന്ന സ്ഥലത്തു ഒരു എരിക്കിന്റെ തണലിൽ 1542 അക്ടോബർ 14-ാംനു- ജനിച്ചു. അപ്പോൾ ഹുമയൂൺ ഒരു കസ്തൂരികാണ്ഡം ഉൽഘാടനം ചെയ്തു തന്റെ അനുചരന്മാൎക്കു കൊടുത്തു് ഇപ്രകാരം പറഞ്ഞു: 'എനിക്കു പുത്രോത്സവത്തിൽ ഈ സമ്മാനം തരുന്നതിന്നേ നിൎവ്വാഹമുള്ളു. എന്റെ പുത്രന്റെ യശസ്സു ഈ കസ്തൂരിയുടെ സൌരഭ്യംപോലെ ഒരിക്കൽ ലോകത്തിൽ വ്യാപിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.' സ്വല്പകാലാനന്തരം ദൈവാനുകൂല്യത്താലും ബൈറാംഖാൻ എന്ന അതിസമൎത്ഥനായ സേനാനിയുടെ സഹായത്താലും ഹുമയൂൺ തിരിച്ചു സ്വരാജ്യത്തിൽ തന്നെ വന്നുചേൎന്നു. അക്ബറുടെ പതിനഞ്ചാം വയസ്സിൽ ഹുമയൂൺ മരിച്ചു. 1560-ാം വൎഷത്തിൽ അക്ബർ രാജ്യഭാരം വഹിപ്പാൻ തുടങ്ങിയതു വരെയും ബൈറാംഖാൻ തന്നെ രാജസ്ഥാനികനായിരുന്നു. 1560-ാം വൎഷം മുതൽ 1595-ാം വൎഷംവരെ ഉള്ള കാലത്തിന്നിടയിൽ ഡൽഹി,

ആഗ്രാ, അജമീർ, ബങ്കാളം, ബീഹാർ, ഒറിസ്സാ, സിണ്ഡ്, കാന്ധഹാർ, ബറാൻ ഇത്രയും രാജ്യങ്ങളെ അക്ബർ സ്വാധീനപ്പെടുത്തി അവയെ ക്രമേണ പരിഷ്കരിച്ചു. അക്ബർ എത്രയും ധീരനും, പരാക്രമശാലിയും, യുദ്ധകളത്തിൽ അതിനിപുണനുമായിരുന്നു. എന്നു മാത്രമല്ല നിരതിശയമായ ഉപശമശീലവും, നീതിനിഷ്ഠയും, ഗാംഭീര്യവും, ഭാഗ്യവിശേഷവും, സമബുദ്ധിയും അസാമാന്യമായി ഉണ്ടായിരുന്ന ഒരു ധീരനുമായിരുന്നു. ഇദ്ദേഹത്തിന്നു ഫൈസി എന്നും അബുൽഫാസൽ എന്നും ജ്യേഷ്ഠാനുജന്മാരായ രണ്ടു വിദ്വാന്മാർ പ്രേമാസ്പദങ്ങളായി ഉണ്ടായിരുന്നു. ഇവരുടെ സഹവാസം അക്ബർ ചക്രവത്തിയുടെ ബുദ്ധിവൈഭവത്തിന്നു മൂലകാരണമായി വന്നു. 1545-ാം ക്രിസ്ത്വാബ്ദത്തിൽ ജനിച്ച ദേഹമായ ഫൈസി തന്റെ 23-ാം വയസ്സിൽ അക്ബരെ ചെന്നു കാണ്മാനും അന്നുമുതൽക്കു തന്നെ വിശ്വസ്തമിത്രമായി വരുവാനും ഇടയായിത്തീൎന്നു. അതിന്നുശേഷം ഗൌരവമുള്ള പല രാജ്യകാൎയ്യങ്ങളിലും അദ്ദേഹം ഉൾപ്പെട്ടുവന്നു. 1595 അക്ടോബർ മാസം 5-ാംനു- ഫൈസി എന്ന മതിമാൻ തന്റെ 50-ാമത്തെ വയസ്സിൽ മരിച്ചുപോയ സമയം അക്ബർ അതിധീരനായിരുന്നിട്ടും വ്യസനത്തെ അടക്കുവാൻ അശക്തനായിട്ട് ഉറക്കെ കരഞ്ഞുപോയി. 1551 ജനവരി 14-ാംനു- ജനിച്ച ദേഹമായ അബുൽഫാസൽ തന്റെ 17-ാം വയസ്സിൽ ജ്യേഷ്ഠഭ്രാതാവായ ഫൈസിയുടെ സഹായത്താൽ അക്ബർ ചക്രവത്തിയുടെ സന്നിധാനത്തിൽ പ്രവേശിക്കുകയും

ക്രമേണ അതിവിശ്വസ്തനായിത്തീരുകയും ഒടുവിൽ അക്ബറുടെ പ്രധാനമന്ത്രിപദത്തെ ലഭിക്കുകയും ചെയ്തു. ഈ ചക്രവർത്തി നിജരാജ്യവാസികളായ സകല മതക്കാരെയും പക്ഷഭേദം കൂടാതെ ഭരിക്കേണമെന്ന് അത്യാഗ്രഹമുള്ള ദേഹമായിരുന്നതിനാൽ സ്വമതപക്ഷപാതികളായ നിജസദസ്യന്മാരുടെ അന്യമതാസഹിഷ്ണുതയെ സഹിച്ചിരുന്നില്ല. എന്നു മാത്രമല്ല ചക്രവർത്തി അവരോട് ഇപ്രകാരം പറഞ്ഞിരുന്നു; അതാവിത് 'ഈശ്വരൻ തന്റെ സകല സൃഷ്ടികളെയും യാതൊരു ഭേദഗതിയും കൂടാതെ അനുഗ്രഹിക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കെ എന്റെ അടുക്കെ ഏല്പിക്കപ്പെട്ടിരിക്കുന്നവരിൽ യാതൊരുത്തരിലെങ്കിലും എന്റെ സമദൃഷ്ടിയെയും കരുണയെയും ഞാൻ ഭേദിപ്പിക്കുന്നതായിരുന്നാൽ എന്റെ രാജകൃത്യങ്ങൾ ദൈവസമ്മതങ്ങളായി വരികയില്ല' എന്നും മററും പലപ്പൊഴും പറഞ്ഞുവന്നിരുന്നു. അക്ബർ സിക്രിലെ രാജോദ്യാനത്തിൽ നാലു മഹാശാലകളെ നിർമ്മിച്ച് അവകളിൽ ഓരോരൊ പണ്ഡിതന്മാരെ താമസിപ്പിക്കുകയും മതവിഷയങ്ങളിൽ ഗുരുവാരംതോറും ഓരോരൊ പ്രസംഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. അതിനുശേഷം ക്രമേണ സ്വാസ്തികമതസിദ്ധാന്തങ്ങൾക്ക് അനിരുദ്ധമായ ഒരു നൂതനമതത്തെ സ്ഥാപിക്കുകയും ജീവപര്യന്തം അതിനെ അത്യാദരപുരസ്സരം അനുഷ്ഠിച്ചുവരികയും ചെയ്തു. പ്രജോപദ്രവകരങ്ങളായ ചില കരങ്ങൾ മുമ്പിൽ ഗ്രഹിക്കപ്പെട്ടിരുന്നവയെ അക്ബറായി

ട്ടു നിൎത്തൽ ചെയ്തു. സ്വരാജ്യത്തിൽ വാണിഭത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം കച്ചവടക്കാരെ പ്രോത്സാഹനം ചെയ്തു. ശാസ്ത്രാദിപാഠങ്ങൾക്കു വളരെ പ്രചാരത്തെ ഉണ്ടാക്കി. അവ്യവസ്ഥമായ രാജ്യഭാരക്രമത്തോടും ഉച്ശൃംഖലന്മാരായ അധികാരികളോടും ദുൎബ്ബലങ്ങളായ രാജ്യാംശങ്ങളോടും കൂടിയിരുന്ന രാജ്യത്തെ യഥാക്രമമായി ഭരിച്ചു അധികാരികളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രണം ചെയ്തു അനേക ദേശങ്ങളെ ചേൎത്തു രാജ്യാംശങ്ങളെ പ്രബലീകരിച്ചു് എത്രയും ശ്ലാഘനീയങ്ങളായ ബഹുവിധപരിഷ്കാരങ്ങളെ ഏൎപ്പെടുത്തി ന്യായമായും നിഷ്പക്ഷപാതമായും 50 വൎഷം പ്രജാപാലനം ചെയ്കയാൽ മഹാത്മാവായ അക്ബർ ചക്രവൎത്തിക്കു ലഭിച്ചിട്ടുള്ള യശസ്സു മറെറാരു രാജാവിന്നും ലഭിക്കുന്നതിന്നു സംഗതിയായിട്ടില്ല. ഈ അക്ബർ ചക്രവൎത്തിക്കു സലിം എന്നും മുറാദ എന്നും ഡാനിയൽ എന്നും ഇങ്ങിനെ മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. ഇവരിൽ ഒന്നാമൻ ഉദ്ധതനും കൃതഘ്നനും ഗുരുവിരോധിയും ആയിരുന്നതിനാലും മററവർ രണ്ടുപേരും അത്യന്തം മദ്യപാനികളായിരുന്നതിനാലും അക്ബൎക്കു വളരെ വ്യസനിപ്പാനിടയായിവന്നു. രണ്ടും മൂന്നും പുത്രന്മാർ മദ്യപാനം നിമിത്തമായിട്ടു യൌവനത്തിൽതന്നെ മരിച്ചുപോയി. ഒന്നാമനായ സലിമിന്റെ പ്രേരണയാൽ അഛായിലെ രാജാവായ ബിർസിങ്കിനാൽ 1602 ആഗസ്റ്റ് 12-ാംനു- അക്ബരുടെ മന്ത്രിയായ അബ്ബുൽഫാസ് കാഴ്ചവിചാരത്തി

ന്നായി പുറമെ സഞ്ചരിക്കുന്ന സമയം വധിക്കപ്പെട്ടതിനാൽ അക്കബർ വളരെ വ്യസനിച്ചു. തന്റെ ഇഷ്ടനും വിശ്വാസ്തനുമായ മന്ത്രിയുടെ മരണശേഷം അധികകാലം ജീവിച്ചിരുന്നില്ല. 1605 നവേമ്പർ 10-ാംനു- അക്കബർ 63-ാം വയസ്സിൽ ചരമഗതിയെ പ്രാപിച്ചു. ഈ മഹാനുഭാവന്റെ ശരീരം ആഗ്രാവിന്നു സമീപം സികന്ദ്രാ എന്ന സ്ഥലത്തു മനോഹരമായ ഒരു പള്ളിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷുകാർ ഇന്നും ആചാരോപചാരപൂൎവ്വമായി ഈ പള്ളിയെ ബഹുമാനിച്ചുവരുന്നു. ഇപ്രകാരമാണ് മഹാമഹിമശാലിയായ അക്കബറുടെ ചരിത്രസംഗ്രഹം ഇരിക്കുന്നത്. ഇത്രത്തോളം വിവരിച്ച് എനി പ്രകൃതത്തെ തന്നെ അനുസരിച്ചുകൊള്ളുന്നു.

ഈ മഹാനായ അക്കബറുടെ രാജ്യഭരണകാലത്തു സകല പ്രജകളും നിരുപദ്രവമായി വാണിരുന്നു. ഇദ്ദേഹം 1560-ാം വൎഷത്തിൽ രാജ്യഭാരം വഹിച്ചുതുടങ്ങുകയും 1605 നവേമ്പർ 10-ാംനു- വരെ ഭരിച്ചുവരികയും ചെയ്തു.

അതിന്നുശേഷം ചക്രവൎത്തിയായിവന്നതു അക്കബറുടെ പുത്രനായ സേലിം എന്നു പേരുള്ള ജിഹാംഗിർ എന്ന മഹാനാണ്. അദ്ദേഹവും മതവിഷയത്തിൽ കഴിയുന്നേടത്തോളം സമമതിയായിത്തന്നെ ഇരുന്നിരുന്നു.

ഈ ജിഹാംഗിരിന്റെ പിറെറക്കാലം രാജ്യഭാരം വഹിച്ചതു ജിഹാംഗിരിന്റെ തൃതീയപുത്രനായ ഷാജിഹാനാണ്. ഈ ഷാജിഹാന്റെ രാജ്യഭാരകാലത്തിൽ 1636-ാ

മത്തു സംവത്സരത്തിൽ മുഷത്ത് അലിഖാൻ എന്ന വീരനെ രണ്ടായിരം കുതിരപ്പട്ടാളത്തോടുകൂടി മധുരാപുരിക്ക് അയച്ചു. ഇദ്ദേഹം അവിടെ അങ്ങുമിങ്ങും അവശിഷ്ടമായി കിടന്നിരുന്ന ഹിന്തുക്ഷേത്രങ്ങളെ ഒക്കെയും ഇടിച്ചുവിടുവാൻ കല്പന കൊടുത്തു. ഷാജിഹാൻെറ തൃതീയപുത്രനായ അരംഗസീബ് ഈ മധുരാപുരിയിലുള്ള ഹിന്തുദേവാലയങ്ങളെ ഒക്കെയും നശിപ്പിച്ച് ഈ പട്ടണത്തിനു ഇസ്ലമാപ്പൂർ അല്ലെങ്കിൽ ഇസ്ലമാബാദ എന്ന പേരുമിട്ടു.

ഈ അരംഗസീബിന്നു മഹമ്മതു സുൽത്താൻ എന്നു ഖ്യാതനായ ഒരു പുത്രൻ 1639-ാം സംവത്സരത്തിൽ ജനിച്ചു. 1658-ാം സംവത്സരത്തിൽ ഈ അരംഗസീബ് മറോത്ത് എന്ന തൻെറ സഹോദരനുമായി യുദ്ധം നടത്തി. ഈ യുദ്ധത്തിനുശേഷം 1661-ാം സംവത്സരത്തിൽ അഹ്മൻ അന്നബി എന്നാൾ ഈ മധുരക്കു വന്നു. ഇപ്പോൾ ഈ മധുരാനഗരമദ്ധ്യത്തിലിരിക്കുന്ന ജിമ്മാമസ്ജിത്ത് എന്ന പള്ളി കെട്ടി. ഉടനെ ഒരു യുദ്ധത്തിൽ വെടികൊണ്ടു മരിച്ചും പോയി.

അതിൽപിന്നെ മധുരാപുരിക്കു സാബ്ജിജന്ധർ എന്നാളെ രക്ഷാധികാരിയായി അയച്ചു. അദ്ദേഹവും സംഗതിവശാൽ 1669-ാം സംവത്സരത്തിൽ നീക്കപ്പെട്ടു. അതിനുശേഷം അവൻ അലിഖാൻ എന്നാൾ പൌഷേഭാർ അധികാരത്തോടുകൂടി മധുരക്കു വന്നു ചേൎന്നു. ഇക്കാലത്താണ് ജാത്ത് എന്ന മാധവകുലീനനായ

കോകിലരാജൻ മഹമ്മതു രാജാക്കന്മാരെ എതിൎത്ത അനേകം മുഹമ്മദീയരെ നിഗ്രഹിച്ചത് ഈ കോകിലരാജാവാണ്. അപ്പൻ അന്നബിയെയും കൊന്നിരിക്കുന്നതു എന്ന് ശങ്കിച്ച് ഇദ്ദേഹത്തെ ഷേക്ൎരജി ഉട്ടിൻ എന്നാളം പിടിച്ചുകൊണ്ടുപോയി ആഗ്രാവിൽവെച്ച് തൂക്കിക്കൊന്നു.

അതിന്നടുത്ത വിപ്രവരിമാസത്തിൽ മെജ്യാൻ പന്ധികയായിരുന്നതിനാൽ അക്കാലത്ത് അരംഗസീബ് നേരെ മധുരാപുരിക്ക് വന്നുചേൎന്നു. പന്തലാദേശത്ത് അധിപതിയായ വീരസിംഗദേവൻ ജിംഹാംഗിർ ചക്രവൎത്തി കാലത്തിൽ 36 ലക്ഷം ഉറുപ്പിക ചിലവുചെയ്തു വിശേഷമായി കെട്ടിയിരുന്ന കേശവദേവക്ഷേത്രത്തെ ഈ അരംഗസീബ് ഇടിച്ചു പാഴാക്കി വിടുകയും അവിടെ ഉണ്ടായിരുന്ന വിഗ്രഹങ്ങളും വിശേഷപ്പെട്ട ശിലകളും ആഗ്രാവിലേക്കു കൊണ്ടുപോയി അവിടെ പ്രധാനപ്പെട്ട ഒരു പള്ളിക്ക് പടവുകളുമായി പടുക്കുകയും ചെയ്തു. ഒടുവിൽ ഈ അരംഗസീബ് 1707-ാം സംവത്സരത്തിൽ മരിച്ചുപോയി. ഇദ്ദേഹം 1658 മുതൽ 1707 വരെ രാജ്യം പരിപാലിച്ചുവന്നതായി കാണുന്നു.

ഈ മധുരാപുരി പിന്നെയും ജാട്സി എന്ന യാദവരാജാവിന്നു അധീനമായി വന്നു. ഈ ജാട്സിന്റെ ജാതിക്കാൎക്ക് അധിപനായിരുന്ന ച്ചൂരാമണി എന്നാളം കള്ളന്മാൎക്ക് തലവനായിരുന്നു എങ്കിലും മഹാ ധീരനായിരുന്നതിനാൽ മുമ്പ് അരംഗസീബിനെയും അദ്ദേഹത്തിന്റെ

പുത്രന്മാരായ അജാം, മൌജിം എന്നവരേയും എതിൎത്തു അതികഠോരമായ യുദ്ധം ചെയ്തു് മധുരയിൽ രണ്ടു കോട്ട കെട്ടിവെച്ചതുകൂടാതെ അംബർകോട്ടക്കധിപതിയായ ജയസിംഗമഹാരാജാവിനേയും അദ്ദേഹത്തിന്റെ സഹജനും സഹായിയുമായിരുന്ന മദനസിംഹിനേയും യുദ്ധത്തിൽ തോല്പിച്ചിരിക്കുന്നു.

ഈ ശൂരാമണിക്കു തന്റെ പുത്രനായ മുകാം എന്നാളുടെ ദുൎന്നയത്താൽ 1712-ാമതു് സംവത്സരത്തിൽ ശത്രുഭയത്താൽ രാജ്യം വിട്ടു ഓടിപ്പോകേണ്ടിവന്നു.

അപ്പോൾ ഇദ്ദേഹത്തിന്റെ എതിരാളിയായ മദനസിംഗ് എന്നാൾ മധുരാപുരിയെ കൈവശപ്പെടുത്തി. ഇദ്ദേഹം ടാക്കൂർ എന്ന ബിരുദപ്പട്ടത്തോടുകൂടി രാജാവായി വാണു. ഈ മദനസിംഗടാക്കൂർ മധുരാപുരിയിൽ ചില വലിയ പ്രാസാദങ്ങളും ധൎമ്മസത്രങ്ങളും പല തടാകങ്ങളും നിൎമ്മിച്ച ഒരു മഹാനാണ്. ഇദ്ദേഹം കെട്ടിയ ഒരു വലിയ കെട്ടിടമാണ് ഇപ്പോൾ താലൂക്ക് കച്ചേരിയായി ഉപയോഗിച്ചുവരുന്നതു്. ഈ മദനസിംഗടാക്കൂർ തന്റെ പുത്രന്മാരിൽ പ്രഥമനായ പ്രതാപസിംഗിന്നു് മധുരാപുരിയും സുരാജമഹാൾ എന്ന കുമാരന്നു ചാതപ്പൂരും പരിപാലിപ്പാൻ വിഭാഗിച്ചുകൊടുത്തു് താൻ വാനപ്രസ്ഥാശ്രമത്തെ അനുസരിച്ചു. ഈ സുരാജമഹാൾ എന്ന രാജാവിന്റെ ഭാൎയ്യമാരിൽ കുരുമിണിയും മാലിനിയും നല്ല ക്ഷത്രിയ ജാതിയിൽ ചേൎന്നവരല്ലെന്നു സംഗതിയാൽ നാട്ടുകാർ പിറുപിറുത്തുതുടങ്ങി. ഈ അവസരത്തിൽ 1748-ാം

സംവത്സരത്തിൽ രൊഹിലർ പടവെട്ടി വന്നപ്പോൾ അ ന്ന് ഡില്ലി ചക്രവൎത്തിയായിരുന്ന അഹമ്മെതഷാ എന്നാ ൾ ഈ സുരാജമഹാലിനെ ചാൎന്നജംഗഹൊല്ക്കര മുതലായ വരോട യുദ്ധംനടത്തുവാൻ ഉത്സാഹിപ്പിക്കുകയും സഹായി ക്കുകയും ചെയ്തുവരുന്ന മദ്ധ്യെ കാജി ഉട്ടിൻ എന്ന അയോ ദ്ധ്യാധിപതിയായ നവാബ് പടവെട്ടിവന്നു സുരാജമഹാലി നെ ജയിച്ചു പാതപ്പൂർ കൈവശപ്പെടുത്തി എന്നുമാത്രമല്ല 1754=ാമത് സംവത്സരത്തിൽ അഹമ്മെതഷാ ചക്രവ ൎത്തിയെ സിംഹാസനത്തിൽനിന്നു നിക്കി അൽമങ്കി ർ എന്ന വീരനെ ചക്രവൎത്തിയാക്കി വാഴുവാൻ വേണ്ടുന്ന സഹായവും ചെയ്തുകൊടുത്തു. എങ്കിലും അ ഹമ്മെതഷാ പന്താരിൽനിന്നു വലിയ സൈന്യത്തോ ടുകൂടി വന്നു കാജി ഉട്ടിനെ തോല്പിച്ചു പാതപ്പൂരെ പാ ഴാക്കി വിടുകയും മധുരാപുരിയിൽ ഉള്ള പ്രജകളെ വളരെ ഉപദ്രവിക്കയും ചെയ്തു. പിന്നെ 1759-ാം സംവത്സരത്തിൽ ക്കുരാണി എന്ന വീരൻ ഷാഹാലാതന്നെ യാണ് ചക്രവൎത്തി പട്ടത്തിന്നു അവകാശി എന്നു തീൎച്ച പ്പെടുത്തി അദ്ദേഹത്തെ പട്ടാഭിഷേകംചെയ്തു. അദ്ദേഹ ത്തിന്റെ പുത്രനായ മിർജാജാവാൻപാത്തു എന്നാളെ രോഹിലരുടേയും നജപുട്ടപുലാവിന്റെയും സഹായത്തോ ടുകൂടി ഡില്ലിയിൽ വാഴിപ്പിക്കുകയും ചെയ്തു. ഈ സമയ ത്തിൽ മുമ്പറഞ്ഞ സുരാജമഹാളിന്നു ധൈൎയ്യം അധികമാ യിവന്നു. പ്രാൻകനകർ |പൌജ്ജുദാർ അധികാരം തനിക്കു

വേണമെന്ന ആവശ്യപ്പെട്ടു. അതിനെപ്പററി സംസാരിപ്പാൻ വന്ന സ്ഥാനാധിപതിയെ സുരാജമഹാൾ അനാദരിച്ചു. തക്കതായ മര്യാദയെ ചെയ്യാതെ ചതുരംഗം വെച്ചുകൊണ്ടിരുന്നതിനാൽ മോഹലാ ആ സുരാജമഹാളിന്റെ തല വെട്ടി കൊണ്ടുപോയി അദ്ദേഹത്തിന്റെ പുത്രനായ ജവാഹിർസിംഗിനെ കാട്ടി അപമാനിച്ചു. ജവാഹിർസിംഗ് ഈ വ്യസനത്താൽ രാജ്യംവിട്ടു പുഷ്കരതടാകത്തിലേക്ക പോയി. അപ്പോൾ ജയപ്പൂർ മഹാരാജാവ് അദ്ദേഹത്തെ തടുത്ത സമയം മാവ്വതടിജാതിരാജാവായ ധിജയസിംഗ് ജവാഹീർസിംഗിന് സഹായിയായി ചെന്നു എങ്കിലും ജയപ്പൂർ മഹാരാജാവ് യുദ്ധത്തിൽ അവർ രണ്ടുപേരെയും തോല്പിച്ചു ആഗ്രായിലേക്ക ഓടിക്കകയും അവിടെവെച്ച് 1765-ാം സാംവത്സരത്തിൽ ജാവാഹീർ സിംഗിനെ നിഗ്രഹിക്കകയും ചെയ്തു. അതിനുശേഷം സുരാജമഹാളിന്റെ പുത്രനായ രത്നസിംഗിന് മധുരാപുരിയിൽ പട്ടംകിട്ടി.

അപ്പോൾ രസവാദക്കാരന്റെ വേഷം ധരിച്ചുവന്ന ഒരുവൻ ഈ രാജാവിനെ വൃന്ദാവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി ചതിച്ചു കൊന്നുവട്ടു. ഇപ്പോൾ ഈ വൃന്ദാവനത്തിൽ ഈ മഹാരാജാവ് പണ്ട് കെട്ടീട്ടുള്ള മദനമോഹനദേവാലയം മുഴുമിക്കാതെ കാണാവുന്നതാണ്. അതിന്നുശേഷം 1768-ാം സംവത്സരത്തിൽ രംജിതസിംഗിന്റെ കുമാരനായ കേസരിസിംഗ് പട്ടത്തിൽ വന്നു എങ്കിലും നാവൽസിംഗ് തന്നെ ഈ രാജ്യത്തെ പരിപാലിച്ചുവന്നു.

പിന്നെ മഹാരാഷ്ട്രീയരും സിന്ത്യാവും നിയാകാവി ന്റെ സഹായത്തോടുകൂടി പടവെട്ടി വന്ന കോട്ട പിടിച്ച തിന്നു ശേഷം ഈ മധുരാപുരി സിന്ത്യാരാജാവിന്ന് പ്ര ധാന പട്ടണമായി വന്നു.

ഈ അവസരത്തിൽ മഹമ്മദീയ ചക്രവൎത്തിയുടെ സംബന്ധിയായ ഗുലാ കാതർ എന്നാം മഹാരാഷ്ട്രരാജാ വിന്നും മഹമ്മദീയ ചക്രവൎത്തിക്കും തമ്മിൽ വിരോധമു ണ്ടാക്കിത്തീൎക്കുവാൻ പല പ്രയത്നങ്ങളും ചെയ്തിട്ടും ഫലി ക്കില്ലെന്നു കണ്ടപ്പോൾ മധുരാപട്ടണത്തെ പലവിധത്തി ലും ദ്രോഹിച്ചു കൊണ്ടുവരുന്ന അവസരത്തിൽ ഒരു ദിവ സം രാത്രി ഗുലാം കാതർ കുതിരപ്പുറത്തു കയറി കൊള്ള യിടുവാൻ പോകുന്ന സമയം വഴി പിഴച്ചു മധുരാപുരിയി ൽ ഒരു കിണററിൽ വീണുപോയ വൎത്തമാനം ഒരു ബ്രാഹ്മ ണൻ അറിഞ്ഞ് സിന്ത്യാരാജാവിനെ അറിയിച്ചു. രാജാ വും അവനെ പിടിച്ചു കഴുതമേലേററി നഗരപ്രദക്ഷിണം ചെയ്യിക്കുകയും കൂടുതൽ അംഗങ്ങളെ ഛിന്നാഭിന്നങ്ങളാ യി ഖണ്ഡിച്ചു ഡില്ലി ചക്രവൎത്തിക്ക് അയച്ചപ്പോൾ ആ ഡില്ലി ചക്രവൎത്തി ഒരു മഹമ്മദീയനായിരുന്നാലും ആ ദ ണ്ഡനയെ അനുമോദിക്കുകയും ചെയ്തു.

ഇനി മധുരാപുരി ഇംഗ്ലീഷ്കാൎക്ക് അധീനമായ സംഗതിയെ പറയുന്നു:—

ഇങ്ങിനെ ഇരിക്കുന്ന കാലത്തിൽ സംഗതിവശാൽ ഡില്ലി ചക്രവൎത്തിക്കും മഹാരാഷ്ട്രീയൎക്കും തമ്മിൽ കല ശലായ ഒരു കലഹത്തിന്നു ഇടവന്നപ്പോൾ ഫ്രഞ്ച് ദേശ

ത്തുകാരനായ പ്രന്നൻ എന്നാം ഡില്ലിചക്രവൎത്തിക്ക് അനുകൂലമായി നിന്നു സിന്ത്യയോട് എതിൎത്തു. അപ്പോൾ അവിടെ പ്രധാന കച്ചവടക്കാരായിരുന്ന ഇംഗ്ലീഷ്കാരുടേയും തക്കതായ സഹായം ഉണ്ടായിരുന്നതുകൊണ്ട് അതിൻെറ പ്രതിഫലമായി 1803-ാമതിൽ മധുരാപുരി ഇംഗ്ലീഷ്കാൎക്ക് കൈവശം കൊടുത്തു. അവർ അവിടെ സൈന്യങ്ങളെ അധിവസിപ്പിച്ചു. സിന്ത്യാവെ തിരെ തോല്പിച്ചു. അപ്പോൾ ജസവന്തറാവു ഹോല്ക്കർ വന്ന് മധുരാപുരിയെ കൈവശപ്പെടുത്തി. അദ്ദേഹത്തെയും തോല്പിച്ചതിൽ അദ്ദേഹം ഡില്ലിക്ക് ചെന്ന് അവിടെവെച്ച് അക്ബർ, ലൊനി, ലെൻ, പ്രെചർ മുതലായവരാൽ തോല്പിക്കപ്പെട്ടതിനുശേഷം ഭരതപ്പൂരിൽ ചെന്നു രംജിതസിംഗിനെ ആശ്രയിച്ചു ജനാൽ ലേക്കിനും രംജിതസിംഗിനും അവിടെവെച്ച് വലിയ യുദ്ധം നടന്നു. രംജിതസിംഗിൻെറ സേനയിൽ 3000 പേർ മിച്ചപോയി എങ്കിലും ഒടുവിൽ 1805 മെയി 4-ാംനു- തമ്മിൽ രാജിയായി 2000000 ഉറുപ്പിക കൊടുപ്പാൻ കരാറുചെയ്തു. ആ വൎഷത്തിൽ രംജിതസിംഗ് മരിച്ചുപോയി. ഇദ്ദേഹത്തിന്നു രാധാ, ബലദേവൻ അരിഃദേവൻ, ലക്ഷ്മണൻ എന്ന് നാല് പുത്രന്മാരുണ്ടായിരുന്നു. ഇവരിൽ പ്രഥമപുത്രൻ രാജാവായി വന്നു. 1822-ൽ മരിച്ചുപോയി. അതിന്നു ശേഷം ബലദേവൻ രാജാവായി അദ്ദേഹം ഒന്നര സംവത്സരം ഇരുന്നു മരിച്ചുപോയതിൽപിന്നെ സുമാർ 6 വയസ്സു പ്രായമായ ബ

ലവന്തു എന്നാൾ പട്ടത്തിൽ വന്നു. ഇക്കാലത്ത് ദുൎജ്ജന ലാല എന്നവൻ ദായാദിപട്ടം തനിക്കു കിട്ടേണ്ടതാണെന്നു വെച്ച് യുദ്ധം നടത്തി. അപ്പോൾ ഡില്ലിയിൽ നിന്ന് അലക്കൎലോനി സൈന്യത്തോടുകൂടി വന്ന ദുൎജ്ജനലാലനെ പിടിച്ച് അലഹാബാദിൽ കൊണ്ടുപോയിവെച്ചു. ബലവന്തുരാവു അല്പം കാലം രാജ്യത്തിൽ വാണു 1825 ൽ മരിച്ചുപോയി. അതിന്നുശേഷം ജസവന്തസിംഹ എന്നാളെ 1974 ചതുരശ്രമൈൽസ്സും 65 ലക്ഷം ജനങ്ങളും 21 ലക്ഷം ഉറുപ്പിക മുതലെടുപ്പും ഉള്ള ഈ രാജ്യത്തിൽ രാജാവാക്കി വാഴിച്ചു. ഈ മധുരാപുരിയെ ഒരു ചെറിയ ജില്ലയായി വിഭാഗിച്ച് പ്രജകൾക്കു ക്ഷേമം വരുത്തേണമെന്നുള്ള വിചാരത്തോടുകൂടി ചില ഏൎപ്പാടുകൾ ചെയ്തുവരുമ്പോൾ 1857-ൽ ചില കലക്കങ്ങളുണ്ടായി. അന്നെത്തെ അവിടത്തെ ഡിസ്ത്രിക്ക് കലക്ടരും ഡിപ്യൂട്ടികലക്ടരും ഭരതപ്പൂക്ക് സഹായത്തിന്നായി അറിയിച്ചു. അവിടെനിന്നു കാപ്ടൻ രത്നസിംഹവും ഫൌജിദാർ ഗോവൎദ്ധനസിംഹവും വന്നു, മധുരാഡിസ്ത്രിക്ക്ഖജാനയിൽ ഇരുന്ന് എട്ടുലക്ഷം ഉറുപ്പികയിൽ 4 ലക്ഷം ഉറുപ്പിക ബന്തോവസ്തിന്നായി ആഗ്രാകോട്ടയ്ക്കു കൊണ്ടുപോകുന്ന സമയം കലഹക്കാരുടെ കൂട്ടത്തിലുൾപ്പെട്ട് ചിലർ വഴിയിൽ ഒളിച്ചിരുന്നു ദ്രവ്യത്തോടുകൂടി പോകുന്നവരെ വെടിവെച്ചു കൊന്നു ഖജാനയിൽ കൊള്ളയിട്ട് മധുരയിൽ വന്നു മധുരാ മജിസ്ത്രേട്ടുകോൎട്ടിന്നതിവെച്ചു റിക്കാട്ടുകളെ ചുട്ടുകളകയും ജേലു

കളെ തകൎക്കയും അവിടുത്തെ ഖജാനജിയേയും കൊന്നു വിടുകയും പൊല്ലീസ്സ സ്റ്റേഷനും ചുങ്കം ആപ്പീസ്സും തിവെച്ചു നശിപ്പിക്കുകയും താലൂക്കകച്ചേരിയിൽ ചെന്നു കൊള്ളയിടുകയും ചെയ്തു.

ഈ കലാപകാലത്തിൽ ലഹളക്കാരെ ഒതുക്കുവാൻ വേണ്ടി മങ്കിലാല് സേട്ടുവും ലക്ഷ്മീചന്ദ്രസേട്ടുവും വളരെ കഷ്ടപ്പെട്ടു വേണ്ടുന്ന സഹായങ്ങൾ ചെയ്തതിനാൽ അവൎക്ക ഡിപ്യൂട്ടികലക്കടർ ഉദ്യോഗം കൊടുത്തിരിക്കുന്നു.

ഈ കലാപമദ്ധ്യത്തിൽ മിസ്റ്റർ കാരൺഹിൽ എന്ന പടനായകൻ വലിയ സൈന്യത്തോടുകൂടി ആഗ്രാവിൽനിന്ന് വന്ന ലഹളക്കാരെ എല്ലാം ഒതുക്കി 1858 ജൂലായിമാസത്തിൽ സമാധാനമാക്കിയതിന്നു ശേഷം ഹതരാസ് രാജാവായ രാജഗോവിന്ദർ മുതലായവർ സന്തോഷസൂചകമായ ആഘോഷത്തോടുംകൂടി വന്നു ഗവൎണ്ണർ ജനറാളെ കണ്ട് രാജഭക്തിയെ കാണിച്ചതിന്നു അവൎക്ക സൎവ്വമാന്യം വിട്ടുകൊടുത്തിരിക്കുന്നു.

100. ഇങ്ങിനെ ഈ മധുരാപട്ടണം കൊള്ളക്കാരെക്കൊണ്ടും, ദുൎവ്വിനിതന്മാരായ രാജാക്കന്മാരെക്കൊണ്ടും അനുഭവിപ്പാനിടവന്ന കഷ്ടപ്പാടുകൾ അല്പമായിട്ടുള്ളതല്ല. ഈ മധുരാപുരിയിൽ 17-ാം നൂററാണ്ടിൽ വന്നിരുന്ന മഹമ്മദീയ രാജാക്കന്മാരിൽ 1629-ൽ മിർജാ ഈ ചാതർഖാൻ ആണ് മധുരാപുരിയെ പരിപാലിച്ചുവന്നത്. 1636 ൽ മുഹിത്തുലിഖാൻ രാജാവായി 2000 കുതിരപ്പട്ടാളത്തോടും

കൂടി വന്ന ഹിന്തുദേവാലയങ്ങളെ ഒക്കെയും ഇടിച്ചുകളഞ്ഞിരിക്കുന്നു. 1639-ൽ ആലിവത്തിഖാൻ രാജാവായി വന്നു എങ്കിലും എന്തൊ ചില രാജദ്രോഹത്തെ ചെയ്തു എന്ന സംഗതിയാൽ അദ്ദേഹത്തെ ഡില്ലിയ്ക്കുതന്നെ മടക്കിക്കൊണ്ടുവന്നു പാർപ്പിച്ചു. അതിൽപിന്നെ 1642-ൽ അജാം ഖാൻ മിർമമ്മത് രാജാവായിവന്നു. ഇദ്ദേഹം ഹിന്തുദേവാലയങ്ങളെ നശിപ്പിക്കുന്ന കാൎയ്യത്തിൽ അത്ര ശ്രദ്ധയുള്ളവനല്ലെന്നു കണ്ടപ്പോൾ ഡില്ലി ചക്രവൎത്തി ഇദ്ദേഹത്തെ മടക്കിവരുത്തി ജാവാൻപുരിലേക്കു അയക്കുകയാണ് ഉണ്ടായത്. 1645-ൽ മക്കിരാനത്താൻ എന്നാളെ രാജാവാക്കി വാഴിച്ചു ഇദ്ദേഹം മധുരയിലുള്ള ഹിന്തുപ്രജകൾക്കു വളരെ ദ്രോഹം ചെയ്തുംകൊണ്ട് ഒരു പന്തിരാണ്ടുകാലം വരക്കും വാണു. പിന്നെ 1658-ൽ അലിവത്തിഖാന്റെ പുത്രനായ ജാബർഖാനാണ് രാജാവായി വന്നത്. 1659-ൽ കാശിംഖാൻ മധുരക്കു രാജാവായിവന്നു. പിന്നെ അവിടെനിന്നു മൂഷാബാദിലേക്കു മാററി അങ്ങോട്ട് പോകുന്ന വഴിയിൽ വെച്ചു ശത്രുക്കളാൽ കൊല്ലപ്പെട്ടു. 1660-ൽ അപ്പൻ അന്നുബി എന്നാൾ രാജാവായിവന്നു. ഇദ്ദേഹമാണ് മധുരയിൽ പ്രധാനപ്പെട്ട ജിമ്മാമസ്ജിത്ത കെട്ടിയിരിക്കുന്നതു. 1668-ൽ ചാമ്പ്ജിക്കനുഖാൻ എന്നാളെ മധുരാരാജാവാക്കി അയച്ചു. ഇദ്ദേഹം മധുരയിലുണ്ടായിരുന്ന കലക്കത്തെ ഒതുക്കുവാൻ അശക്തനാണെന്നു കണ്ടപ്പോൾ അധികാരത്തിൽനിന്നു നീക്കപ്പെട്ടു. 1669-ൽ

അശൻ അലീഖാൻ എന്നാൾ വന്നു. ഇദ്ദേഹത്തിൻെറ കാലത്തിലാണ് പ്രഖ്യാതമായ കേശവദേവാലയം ഇടിക്കപ്പെട്ടിരിക്കുന്നതു. 1676-ൽ സുൽത്താൻ കലിംഖാൻ രാജാവായി വന്നു. ഇദ്ദേഹം പ്രജകൾക്കു പലവിധമായ നികുതിയെ ഏൎപ്പെടുത്തി വളരെ ദ്രോഹിച്ചു. ഇങ്ങിനെ പല മഹമ്മതരാജാക്കന്മാരാൽ കൈവശപ്പെട്ട ഈ മധുര കാലക്രമേണ ഇംഗ്ലീഷുകാൎക്കു അധീനമായിവന്നതിൽപിന്നെയാണ് പ്രജകൾക്കു മനസ്സമാധാനവും സുഖവസതിയും ഉണ്ടായിരിക്കുന്നതു.

101 ഇപ്രകാരമുള്ള ഈ മധുരാപുരി ഇപ്പോൾ 1453 ചതുരശ്രമൈത്സ് ദീൎഘവിസ്താരവും സുമാർ 7 ലക്ഷത്തോളം ജനങ്ങളും ഉള്ള ഒരു ജില്ലയായിത്തീൎന്നിരിക്കുന്നു. ഈ ജില്ലയിൽ ഏകദേശം 6 ലക്ഷത്തോളം പ്രജകൾ ഹിന്തുക്കൾതന്നെയായിരിക്കും. ഏഴ് താലൂക്കുകളായി വിഭജിക്കപ്പെട്ട ഈ മധുരാജില്ലയിൽ നദി, വാച്ചാൽ, കുളം, മുതലായതുകൾ യഥേഷ്ടം ഉണ്ടായതുകൊണ്ട് ഗോതമ്പം, പരുത്തി, പച്ചക്കറി സാധനങ്ങൾ, ഉറുമാമ്പഴം, മുതലായ പലതരം കൃഷികൾക്കു വളരെ പുഷ്ടിയുള്ള പ്രദേശമാണ്. ഇവിടെ ചൌബെ എന്നും തിബെ എന്നും സാമാന്യനാമമുള്ള ഗൌഡബ്രാഹ്മണർ വളരെയുണ്ട്. ഇവരിൽത്തന്നെ അനേകം ധനികന്മാരുമുണ്ട്. ദരിദ്രന്മാരായ ഈ വൎഗ്ഗക്കാര് യാത്രക്കാരുടെ പുരോഹിതവൃത്തിയെക്കൊണ്ടു ഉപജീവനം കഴിച്ചുവരുന്നവരുമാകുന്നു. ഇവിടെയുള്ള ജനങ്ങൾ പ്രായേണ സാധുക്കളും ഈശ്വരഭക്തിയുള്ളവരും ആകുന്നു.

മഹമ്മദീയരും ധാരാളമുണ്ട്, എങ്കിലും കോടീശ്വരന്മാരാ യി ആരുമില്ലെന്നാണ് അറിയുന്നതു.

102. ഹിന്തുക്കളിൽ കോടീശ്വരന്മാർ ചിലരുള്ളത ൽ മണിരാമൻ, ലക്ഷ്മിചന്തു എന്നവരുടെ വംശ്യന്മാരാണ് ഇപ്പോൾ പ്രധാനമായിട്ടുള്ളതു. മേൽപറഞ്ഞ ലക്ഷ്മീചന്തു സേട്ടു 1837-ൽ ഉണ്ടായ കലഹകാലത്തിൽ ഇംഗ്ലീഷുഗവ ൎമ്മെണ്ടിന്നു ചെയ്തിട്ടുള്ള സഹായം നിമിത്തം ഗവൎമ്മെണ്ടിൽ നിന്നു പല സമ്മാനങ്ങളും ബഹുമാനചിഹ്നങ്ങളും ലഭിച്ച തുകൂടാതെ താനും തന്റെ അനന്തിരവന്മാരും ഉള്ള നാൾ വരെക്കും അനുഭവിപ്പാനായി സൎവ്വമാന്യഭൂമിയേയും ലഭിച്ചി രിക്കുന്നു. ഇവരുടെ പൂൎവ്വികന്മാർ 45 ലക്ഷം ഉറുപ്പിക ച ലവുചെയ്തു ഒരു വിഷ്ണുക്ഷേത്രവും അനേക ധൎമ്മസത്രങ്ങളും മററും നിൎമ്മിച്ച് മഹാ ധൎമ്മിഷ്ഠന്മാരെന്ന പേര് ലഭിച്ചിരി ക്കുന്നു. ഈ വൎഗ്ഗക്കാര് സ്വതെ ജൈനമതക്കാരായിരുന്നു എങ്കിലും ഗോവൎദ്ധനം രങ്കാചാരിയരുടെ ഉപദേശത്താൽ വൈഷ്ണവമതത്തെ അംഗീകരിച്ചിട്ടുള്ളവരുമാകുന്നു. ഈ ച രിത്രം വൃന്ദാവനചരിത്രമദ്ധ്യത്തിൽ വരുന്നതുമാകുന്നു.

103. ഈ മധുരാപുരിയിൽ 1813- 14, 1825-26, 1860-61 ഈ വക കാലങ്ങളിൽ കാലവൎഷമില്ലാതെ വള രെ ക്ഷാമമുണ്ടായിവന്നതിനാൽ പ്രജകൾ വളരെ കഴിഞ്ഞി പ്പോയി. ഇപ്രകാരമുള്ള ക്ഷാമം മേലിൽ വരാതെ ഇരിപ്പാ ൻവേണ്ടി 'സെർ വില്ല്യം മൂവർ' സായ്പിനാൽ മധുരാപുരിക്കു പടിഞ്ഞാറുഭാഗം നിൎമ്മിക്കപ്പെട്ട ആഗ്രാവാസ്കാൽ 149 മ

യിതസ് നീളമുള്ളതും ഏകദേശം 25000 ഏക്ര ഭൂമിക്ക് ജലം കാട്ടുന്നതും 580000 ഉറുപ്പികയോളം നികുതി വസൂലുള്ളതുമാകുന്നു. 71 ലക്ഷം ഉറുപ്പിക ചിലവുചെയ്തു കെട്ടീട്ടുള്ള ഈ വാസ്കാൽകൊണ്ടു ഈ മധുരാജില്ലക്കു വളരെ സമൃദ്ധിയുള്ളതായിരിക്കുന്നതുകൂടാതെ ഈ മധുരാപുരിയിൽ 1875 അക്ടോബ്ര് 19-ാംനു- ഹതരാസ് വഴിയായി ഈസ്റ്റിന്ത്യാ പുകവണ്ടിയും നടപ്പാക്കിയിരിക്കുന്നു. ഈ പുകവണ്ടിക്കു 955808 ഉറുപ്പിക ചിലവുള്ളതിൽ 324100 ഉറുപ്പികക്കു ഇവിടെയുള്ള ധനികന്മാര് തന്നെ പങ്കുകാരായി ചേൎന്നിരിക്കുന്നു.

104. ഈ മധുരാപുരിയിലുള്ള മുൻസിപ്പാലിട്ടിക്കുള്ളിൽ സുമാറ് 60000-ത്തിലധികം ജനങ്ങൾ അധിവസിച്ചുവരുന്നതുകൂടാതെ മുൻസിപ്പാൽനികുതി എഴുപതിനായിരത്തിലകം ഉറുപ്പിക വസൂലായിവരുന്നുണ്ടെന്നും അറിയുന്നു. ഇവിടെ ഇംഗ്ലീഷുപട്ടാളങ്ങളും യൂറോപ്യന്മാരും അധിവസിച്ചു വരുന്നുണ്ട്. ഈ പട്ടണം ഡില്ലി, ആഗ്രാ മുതലായ പട്ടണങ്ങളെപ്പോലെ വളരെ വിസ്താരമുള്ളതല്ല എങ്കിലും കാഴ്ചയിൽ ഇത്ര സൌന്ദൎയ്യമുള്ള ഒരു പട്ടണം വളരെ കുറയുമെന്നു തീൎച്ചയായും പറയാവുന്നതാണ്. പട്ടണത്തിലുള്ള വീഥികൾ മുഴുവനും അതിവിശേഷമായ കരിങ്കല്ലുകൾ പാവിച്ചു ജനങ്ങൾക്കും വണ്ടികൾക്കും മററും സുഖമായി സഞ്ചരിപ്പാൻ തക്ക വിധത്തിലാക്കിട്ടുമുണ്ട്. വീഥികളിൽ യാതൊരു കുപ്പയും കാണുന്നതല്ല. വണ്ടികളും മററും സഞ്ചാ

ക്കുന്ന സമയം പൊടിപാറുന്ന സമ്പ്രദായം ഈ കോട്ടക്കക ത്തുള്ള ബജാറുവീഥികളിൽ കണ്ടിരിക്കുമൊ എന്നുതന്നെ സംശയമാണ്. ഇവിടെ രണ്ടും മൂന്നും നിലകളുള്ള മാളികകൾ ധാരാളം ഉണ്ട്. ഉള്ള ഗൃഹങ്ങളും പ്രാസാദങ്ങളും അതിഭംഗിയുള്ളവയുമാകുന്നു. ഈ മധുരാപുരിയുടെ മാഹാത്മ്യത്തെപററി ഭാരതം, ഭാഗവതം, വിഷ്ണുപുരാണം വിശേഷിച്ച് വാരാഹപുരാണവും അധികമായി വർണ്ണിച്ചിരിക്കുന്നു. ഇതിന്നുപുറമെ ഇരുപത്തൊമ്പത് അദ്ധ്യായമുള്ള മധുരാ മാഹാത്മ്യമെന്ന ഒരു പുസ്തകവും അച്ചടിച്ചിട്ടുള്ളതു ആറണ കൊടുത്താൽ സുലഭമായി കിട്ടുന്നതുമാകുന്നു.

105. ഇവിടെ പോത്രാകുണ്ഡമെന്ന തടാകത്തിന്റെ തീരത്തിൽ വളരെ പുരാതനമായ ഒരു കെട്ടിടം ഇന്നും കാണാകുന്നതാണ്. കംസൻ ദേവകിയേയും വസുദേവരേയും കാരാഗൃഹത്തിലിട്ടടച്ചു എന്നു പറയുന്ന കാരാഗൃഹവും ശ്രീകൃഷ്ണസ്വാമിയുടെ അവതാരഭൂമിയും ഇതുതന്നെയാകുന്നു. ഇവിടെ ചില ബ്രാഹ്മണർ ബാലകൃഷ്ണമൂർത്തിയെ വെച്ചു പൂജിച്ചും യാത്രക്കാർ ചെന്നു വന്ദിച്ചും വരുമാറുണ്ടു.

പോത്രാകുണ്ഡം.

---

106. മുൻപറഞ്ഞ കേശവദേവക്ഷേത്രത്തിന്നു സമീപം പോത്രാകുണ്ഡമെന്ന ഒരു തടാകം നാലു ഭാഗവും പ

ലവിധ വൃക്ഷങ്ങളെക്കൊണ്ടു മനോഹരമായി കാണാകുന്നതാണ്. ദേവകീദേവി ശ്രീകൃഷ്ണസ്വാമിയെ പ്രസവിച്ച ഉടനെ സ്നാനംചെയ്തതു ഇതിലാകയാൽ ജനങ്ങൾ ഈ തടാകത്തെ പരിശുദ്ധതീൎത്ഥമായി ആദരിച്ചുവരുന്നു.

മല്ലപുരം.

107. ഇവിടെനിന്ന് അല്പം ദൂരെ മല്ലപുരം എന്ന ചെറുതായ ഒരു ഗ്രാമമുണ്ട്. പണ്ടു കംസഭടന്മാരായിരുന്ന ചാണൂരമുഷ്ടികപ്രഭൃതികളായ മല്ലന്മാർ അധിവസിച്ച പ്രദേശമാകകൊണ്ടാണ് ഇതിന്നു മല്ലപുരമെന്ന പേര് സിദ്ധിപ്പാനിടയായതു.

108. ഇങ്ങിനെ ഭാഗവതപ്രസിദ്ധങ്ങളായ അനേകം സ്ഥലങ്ങൾ ഇവിടെ കാണേണ്ടതുണ്ടു. മധുരാപുരിയിൽ 1071 തുലാം 15-ാംനു- ചെന്നൻ മണിയോടുകൂടി യമുനാനദിയിൽ വിശ്രാന്തിഘാട്ടിൽ സങ്കല്പപൂൎവ്വം സ്നാനവും തീരത്തിലുള്ള കല്യാനാഥസ്വാമി ക്ഷേത്രത്തിലും മററും ദൎശനവും കഴിച്ച് 12 മണിക്കു വാസഗൃഹത്തിൽതന്നെ വന്നു. അന്ന് ഏകാദശിയായിരുന്നതുകൊണ്ട് പലഹാരംകഴിച്ചതിന്നുശേഷം ഉച്ചക്കു 2 മണിയോടുകൂടി പഞ്ചക്രോശപ്രദക്ഷിണത്തിന്നായി പുറപ്പെട്ടു. ഇവിടെവന്നുചേൎന്ന ദിവസം ഉത്ഥാന ഏകാദശി എന്നു പറ

യുന്ന ഒരു പുണ്യദിനമായിരുന്നതുകൊണ്ട് ഇവിടെയുള്ള ആബാലവൃദ്ധം ഹിന്തുക്കൾ മിക്കപേരും പഞ്ചക്രോശപ്രദക്ഷിണം ചെയ്യുന്നതായി കണ്ടു. അതുപ്രകാരം ഞങ്ങളും അതിന്നായി പുറപ്പെട്ടു. അതിൽ ഒന്നാമത് പണ്ട് ശ്രീകൃഷ്ണസ്വാമി കുബ്ജാദേവിക്കു അഭിഷ്ടവരങ്ങളെ കൊടുത്തു സന്തോഷിപ്പിച്ചതായി പറയുന്ന പുണ്യസ്ഥലവും, പിന്നെ പണ്ടു മല്ലയുദ്ധം നടന്നിട്ടുള്ള കംസരാജധാനിയുടെ ഗോപുരദ്വാരവും, അതിന്നു ശേഷം ശ്രീകൃഷ്ണസ്വാമിയുടെ ജന്മഭൂമിയായ സൂതികാഗൃഹവും ദേവകിയുടെ പ്രസൂതിസ്നാനതടാകമായ പോത്രാകുണ്ഡ പുണ്യസരസ്സും ചാണൂരമുഷ്ടികപ്രഭൃതികളായ മല്ലന്മാരുടെ ഗൃഹവീഥിയും, അക്രൂരസ്നാനഘട്ടവും, കംസരജകന്റെ അലക്കുന്ന സ്ഥലവും മറ്റും ഈ പഞ്ചക്രോശയാത്രയിൽ ക്രമേണ ക്രമേണ കണ്ടു ഒടുവിൽ വിശ്രാന്തിഘാട്ടിൽ തന്നെ സന്ധ്യയോടു കൂടി എത്തി പ്രദക്ഷിണവിധിയെ അവസാനിപ്പിച്ച ഉടനെ സ്നാനാദികൾ ചെയ്തതിന്നു ശേഷം കുബ്ജാനാഥസ്വാമിക്ഷേത്രം, വരാഹമൂർത്തിദേവാലയം, ഗോവർദ്ധനനാഥസ്വാമി മന്ദിരം മുതലായ പല പുണ്യക്ഷേത്രങ്ങളിലും ചെന്ന് യഥാവിധിദർശനം കഴിച്ചു രാത്രി 10 മണിയോടുകൂടി സ്വഗൃഹത്തിലേക്കുതന്നെ മടങ്ങിവന്ന് അന്ന് അവിടെ സുഖമായിതാമസിച്ചു. പണ്ടു ശ്രീകൃഷ്ണൻ കംസവധാനന്തരം വിശ്രമിച്ച ഘട്ടമാകയാൽ ഇതിന്നു വിശ്രാന്തിഘാട്ട് എന്ന പേര് വരുവാനിടയായതാണ്.

109. 16-ാംനു- രാവിലെ എഴുന്നീററു ദേഹശുദ്ധി ചെയ്തതിന്നുശേഷം മധുരയിൽ അനേകം യമുനാഘാട്ടുകളുള്ളതിൽ ശ്രാദ്ധത്തിന്നു എത്രയും മുഖ്യമായി പറയപ്പെടുന്ന ധ്രുവഘാട്ടിൽചെന്നു അവിടെവെച്ച് യഥാവിധി ശ്രാദ്ധം ചെയ്ത് 12 മണിയോടുകൂടി തിരികെ വന്നു ഭോജനം കഴിച്ചു. പണ്ടു ധ്രുവൻ തപസ്സു ചെയ്തു വന്നിരുന്ന മധുവനം എന്ന പുണ്യസ്ഥലം ഇവിടെ നിന്നു ഏകദേശം 2 മയിത്സ് ദൂരത്തിലാണ് കിടക്കുന്നതു. ധ്രുവൻെറ സ്നാനം ഈ ഘട്ടത്തിലായിരുന്നുപോൽ. അതിനാലാണ് ഈ ഘട്ടത്തിന്ന് ധ്രുവഘാട്ട് എന്നപേര് സിദ്ധിപ്പാനിടയായത്.

ഗോകുലം.

---

110. ൧൭-ാംനു- പകൽ മൂന്നു മണിയോടു കൂടി മധുരാപട്ടണം മുഴുവനും ചുററിക്കണ്ടു. എത്രയും മനോഹരമായ ഈ പട്ടണം കാണേണ്ടതുതന്നെ. വണ്ടികൾ ധാരാളമായി കിട്ടുന്നതുമാണ്. ഇവിടെനിന്നു 4 മണിയോടുകൂടി ൮ മയിത്സ് ദൂരത്തിലുള്ള ഗോകുലത്തിലേ ദൎശനത്തിന്നായി പുറപ്പെട്ടുപോയി- അവിടെ ചെന്നു നന്ദഘാട്ടിൽ ഇറങ്ങി സ്നാനം ചെയ്തു. മധുരയിലും ഗോകുലത്തിലും ഉള്ള ആമകൾ വളരെ വലുതായിരിക്കും ആമകൾക്ക് ഭക്ഷണത്തിന്നായി മലർപൊരി മുതലായതുകൾ വാങ്ങിക്കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ടു- അതുപ്രകാരം 10 സേർ മലർപൊരി വാങ്ങി ആമകൾക്ക് കൊ

ട്ടത്തേടുടനെ യമുനാതീരത്തിൽനിന്നു പോന്നു നന്ദഗൃഹത്തിൽ വന്നു ബാലകൃഷ്ണസ്വാമിദർശനം കഴിച്ചു സദാചാരാനുരോധേന ബാലകൃഷ്ണമൂർത്തിയുടെ തൊട്ടിലാട്ടുകയും അവിടെ വഴിവാടുകൾ ചെയ്യുകയും ചെയ്തു തിരിയെ പോന്നു യമളാർജ്ജുനവൃക്ഷത്തെ പതിപ്പിച്ചു നളകൂബരമണിഗ്രീവന്മാർക്കു മോക്ഷം നൽകിയ സ്ഥലത്തെയും മററും ചില പുണ്യസ്ഥലങ്ങളെയും ദർശിച്ചതിന്നുശേഷം രാത്രി 8 മണിയോടുകൂടി മധുരക്കുതന്നെ മടങ്ങിപ്പോന്നു.

ഗോകുലചരിത്രം.

---

111. ഈ ഗോകുലമെന്ന ഗ്രാമം ചെറുതായ ഒരു ഗ്രാമമാണ്. ഈ ഗ്രാമത്തിൽ നാലായിരത്തിൽ പുറം കുടികൾ ഉള്ളതുമാകുന്നു. ഇവരിൽ മുക്കാൽ വീശം കുടിക്കാർ ഗോപന്മാർ തന്നെയായിരിക്കും. പ്രായെണ ഇവരുടെ ഉപജീവനം പാൽ, തയിർ, വെണ്ണ ഇതുകളെക്കൊണ്ട് തന്നെ ആയിരിക്കും. ഇവരുടെ സ്ത്രീകൾ പുലച്ചെ സ്നാനത്തിന്നു പോകുന്ന സമയം ശ്രീകൃഷ്ണനെ സംബന്ധിച്ച പലെ ഗീതകളും പാടിക്കൊണ്ടുപോകുകയും യമുനാതീരത്തിൽ ചെന്നു ഭക്തിയോടുകൂടി ശ്രീകൃഷ്ണവിഷയങ്ങളായ ചില അഭിനയങ്ങളെ കാണിക്കുകയും ചെയ്യുമാറുണ്ടു. ഈ ഗോകുലത്തിലുള്ള വീഥികളും വീടുകളും പ്രായെണ ആഭാസമായിരിക്കും. ഇവിടെ സുമാർ 2500 ഉറ

പ്പിക ചിലവുചെയ്തു് പുതുതായി കെട്ടപ്പെട്ട ഒരു ചെറിയ പാകശാലയും ഉണ്ടു.

112. ഈ ഗോകുലത്തിൽ വെള്ളി, പിച്ചള മുതലായ ലോഹങ്ങളെക്കൊണ്ടു പലവിധ ചിത്രവേലകളുള്ള ഈശ്വര വിഗ്രഹങ്ങൾ, പാത്രങ്ങൾ മുതലായതുകൾ ഉണ്ടാക്കി വിററുവരുന്നുണ്ടു. ഇവിടെ വരുന്ന യാത്രക്കാരിൽ അധികം ഭക്തിയുള്ളവർ ഗൂജറാത്തിക്കാരും കച്ചിക്കാരും ബൊമ്പായിക്കാരുമാകുന്നു. ഇവർ കൊല്ലന്തോറും കൂട്ടംകൂട്ടമായി ദശ്നത്തിന്നായി വരുമാറുണ്ടു. അതിന്നു വിശേഷവിധിയായി അല്പം ഒരു കാരണവും കൂടി ഉണ്ടു. മേല്പറഞ്ഞ വഗ്ഗക്കാരും ഗോകുലത്തിലുള്ളവരും പ്രായെണ വല്ലഭാചാൎയ്യമതക്കാരായിരിക്കും.

113. എന്നാൽ ഈ വല്ലഭാചാൎയ്യമതത്തെ കൂടി ഇവിടെ അല്പം ഒന്നു വിവരിക്കുന്നത് ആവശ്യമായി വന്നിരിക്കയാൽ അതിനെ ചുരുക്കത്തിൽ പറഞ്ഞുകൊള്ളുന്നു.

114. ഈ വല്ലഭാചാൎയ്യർ എന്ന ദേഹം ലക്ഷ്മണഭട്ടനെന്ന വൈഷ്ണവമതസ്ഥാപകനായ ഒരു തിലുങ്കബ്രാഹ്മണനായിരുന്നു. ഇദ്ദേഹത്തിന്റെ ജനനം ക്രിസ്തുവഷം 1479ൽ ആകുന്നു. ഇദ്ദേഹം കാശിപട്ടണത്തിന്റെ സമീപം ഒരു ഉദ്യാനത്തിൽ വെച്ചാണ് ജനിച്ചത്. പിതാവ് കാശിപട്ടണത്തിൽ ഭാൎയ്യയെ വിട്ടും കൊണ്ട് സംഗതിവശാൽ പോയ സമയം ഗഭംധരിച്ച എട്ടാംമാസത്തിൽ ഭാൎയ്യപ്രസവിച്ചതിനാൽ ഈ ശിശു ഒരുമരത്തിന്മേൽ ഏററിവിട്ടുപോയി. കുറെ മാസം കഴിഞ്ഞതിന്നുശേഷം രണ്ടാ

മത്തും വന്നു നേക്കുമ്പോൾ ഈ ശിശു യാതൊരു അപകട വും കൂടാതെ അവിടെത്തന്നെ കിടക്കുന്നതു കണ്ടപ്പോൾ വളരെ ആശ്ചയ്യപ്പെട്ട് അവിടെനിന്നു എടുത്തുകൊണ്ടുവന്ന് വാത്സല്യത്തോടും കരുണയോടും കൂടി വളൎത്തി. ഗോകുലത്തിൽ കൊണ്ടുവന്ന് അവിടെ വിദ്വാനായ നാരായണഭട്ടനെന്ന ഒരു ബ്രാഹ്മണനെക്കൊണ്ടു വേദം മുതലായവിദ്യകളെ പഠിപ്പിച്ച് അല്പകാലംകൊണ്ട് ഈ ബ്രാഹ്മണകുമാരൻ സകല ശാസ്ത്രങ്ങളേയും പഠിച്ച് അതിയോഗ്യനായിത്തീൎന്നു. അക്കാലത്തിൽ അദ്ദേഹത്തിൻെറ പിതാവു മരിച്ചുപോയി. അതിന്നു ശേഷം മഹാമഹിമശാലിയായ ഈ ബ്രാഹ്മണകുമാരൻ 11-ാം വയസ്സു മുതൽക്കു തന്നെ മതാചാൎയ്യപ്രവൃത്തിയിൽ ഏൎപ്പെട്ടു. ഉടനെ ഒന്നാമതു സ്വദേശമായ ദക്ഷിണദേശത്തേക്കു തന്നെ വന്നു സൽഗുരുവിൽനിന്നു സ്വമതത്തെ പഠിച്ചു. ദാമോദരദാസ് എന്ന ഒരു മതിമാനെ തൻെറ പ്രധാനശിഷ്യനായി സ്വീകരിച്ചു. പിന്നെ തൻെറ മാതൃദേശമായ വിജയനഗരത്തിലേക്കു വന്നു. അവിടെ രാജാവായിരുന്ന കൃഷ്ണദേവനേയും സ്വമതത്തിൽ ചേൎത്തു ശിഷ്യനാക്കി സ്വീകരിച്ചു. അതിന്നു ശേഷം ദേശസഞ്ചാരം ചെയ്തു പ്രധാനപ്പെട്ട ഉജ്ജയിനി, അലഹാബാദ്, കാശി, ഹരിദ്വാരം മുതലായ മഹാസ്ഥലങ്ങളിൽ ചെന്നു സ്വമതത്തെ പ്രസംഗിച്ച് അനേക ജനങ്ങളെ സ്വമതസ്ഥന്മാരാക്കിച്ചെയ്തു. പിന്നെ കാശീപട്ടണത്തിൽ വന്നു വിവാഹിതഭാൎയ്യയിൽ 1511-ൽ ഗോപീനാ

ഥനെന്ന പുത്രനേയും, 1516-ൽ വിട്ടലനാഥൻ എന്ന പുത്രനേയും ജനിപ്പിച്ചു. വല്ലഭാചാൎയ്യമതത്തെ സ്ഥാപിച്ചു 1520-ാം വൎഷത്തിൽ വല്ലഭാചാൎയ്യർ എന്ന വിരുദനാമത്തോടുകൂടി ഗോവൎദ്ധനത്തിൽ വന്നു. അവിടെ ശ്രീനാഥസ്വാമിയുടെ ക്ഷേത്രം വിശേഷമായി പണി ചെയ്യിപ്പിച്ചു. പിന്നെ വൃന്ദാവനത്തിലേയ്ക്കു വന്നു. ഇദ്ദേഹത്തിന്നു സാക്ഷാൽ ശ്രീകൃഷ്ണസ്വാമിയെ പ്രത്യക്ഷമായി കാണാമായിരുന്നുപോൽ. അതു നിമിത്തം ജനങ്ങൾ ഇദ്ദേഹത്തെ ബാലകൃഷ്ണമൂൎത്തിയായി ഭാവിച്ചു വന്ദിച്ചു വന്നിരുന്നു. ഇദ്ദേഹം ഒടുവിൽ കാശിക്ഷേത്രത്തിൽ വന്നു വസിച്ചു. ഭഗവൽഗീതയ്ക്കു സുബോധിനി എന്ന ഒരു വ്യാഖ്യാനം ഈ മഹാനാൽ രചിക്കപ്പെട്ടതാണെന്നു പറയുന്നു. മഹാനുഭാവനായ ഇദ്ദേഹം ശ്രീകാശിയിൽ വെച്ചു 153 -ാമതു വൎഷത്തിൽ ചരമഗതിയെ പ്രാപിച്ചു.

115. ഇദ്ദേഹത്തിന്റെ പിറേ കാലം ദ്വിതീയപുത്രനായ വിട്ടലനാഥൻ ആ സ്ഥാനത്തെ വഹിച്ചു വന്നു. സകല കലകളിലും നൈപുണ്യത്തെ പ്രാപിച്ച ഈ വിട്ടലനാഥൻ 256 ശിഷ്യരെ സമ്പാദിച്ചു. അവരുടെ ചരിത്രം ത്രശംപുനവ്രതമെന്ന പുസ്തകത്തിൽ വിസ്തരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇദ്ദേഹം 1565-ാം വൎഷത്തിൽ ഗോകുലത്തിൽ വന്നു സ്വമതപ്രസംഗം ചെയ്തുംകൊണ്ടു കുറെ കാലം താമസിച്ചു. തന്റെ 70-ാമത്തെ വയസ്സിൽ ഗോവൎദ്ധനത്തിൽ ചെന്നു. അവിടെ വെച്ചു സ്വൎഗ്ഗാരോഹണവുമായി. ഇദ്ദേഹത്തി

ന്നു രണ്ടു ഭാൎയ്യമാർ ഉണ്ടായിരുന്നു. ഇവരിൽ 1. ഗിരിധരൻ, 2. ഗോവിന്ദൻ, 3. ബാലകൃഷ്ണൻ, 4. ഗോകുലനാഥൻ, 5. രഘുനാഥൻ, 6. മാധവനാഥൻ ഇങ്ങിനെ 6 പുത്രന്മാരുണ്ടായിരുന്നതിൽ 4-ാമത്തെ പുത്രനായ ഗോകുലനാഥൻ വളരെ യോഗ്യനായിത്തീൎന്നു. ഇദ്ദേഹത്തിന്റെ ഒടുവിലത്തെ സന്താനം ബൊമ്പായി ഘോഷായിപട്ടണത്തിൽ വന്നിരുന്നു. ഈ വല്ലഭാചാൎയ്യമതഘോഷായികൾ മററുള്ള മഠാധിപതികളെപ്പോലെ ബ്രഹ്മചൎയ്യാശ്രമത്തെ സ്വീകരിച്ചിരിക്കുന്നവരല്ല. ഗൃഹസ്ഥാശ്രമികളായിത്തന്നെ ഇരുന്നു ലൌകികസുഖങ്ങളെ മുഴുവനും അനുഭവിച്ചല്ലാതെ മനസ്സിൽ വിരക്തി വരുന്നതല്ലെന്നും വിരക്തി വരാതെ ജ്ഞാനപുഷ്ടിയും തന്മൂലം മോക്ഷവും സിദ്ധിക്കുന്നതല്ലെന്നും ആകയാൽ ഗൃഹസ്ഥാശ്രമത്തെ സ്വീകരിക്കുന്നതുകൊണ്ട് ഈ ആചാൎയ്യമതമാൎഗ്ഗത്തിന്നു വിരോധമില്ലെന്നും പറഞ്ഞു സകല ഐഹികസുഖങ്ങളേയും അനുഭവിച്ചുവരുന്നവരുമാണ്.

116. ഇവരിൽ ചേൎന്ന ചിലർ അതിഗൎവ്വത്താലും കാമപാരവശ്യത്താലും ജുഗുപ്സിതങ്ങളായ ചില കൎമ്മങ്ങളെ ചെയ്തുവരുന്നതിനാൽ വൈഷ്ണവമതത്തിന്നുകൂടി ഗൌരവക്കുറവായിത്തീരുന്നു എന്നു കണ്ടു ജയപുരം മഹാരാജാവു തന്റെ സംസ്ഥാനത്തിലുള്ള ഈ മതക്കാര് എല്ലാവരും ശൈവമതത്തെ അനുസരിച്ചുകൊള്ളണമെന്നു കല്പന കൊടുത്തിരുന്നുപോൽ. ഈ മതത്തിന്റെ സ്വഭാവം താഴെ പറയുംപ്രകാരമാണെന്നു ചിലർ പറയുന്നു.

117. ഒരു ശ്രാവണ ശുക്ലപക്ഷത്തിൽ അൎദ്ധരാത്രിയിൽ ശ്രീകൃഷ്ണസ്വാമി പ്രത്യക്ഷമായി വന്ന് ഈ മതപ്രവൎത്തകനായ വല്ലഭാചാൎയ്യൎക്ക് ചിദാനന്ദരഹസ്യത്തെ ഉപദേശിച്ചു എന്നും ആ രഹസ്യത്തിൽ ഭക്തന്മാർ തങ്ങൾക്കു പ്രിയപ്പെട്ട സൎവ്വസ്വവും ശ്രീഭഗവാനു സമൎപ്പിച്ചാൽ ആ ജീവാത്മാക്കൾക്കും പരമാത്മാവിന്നും ഐക്യം വരുമെന്നും അപ്പോൾ സകല പാപങ്ങളും നശിച്ചുപോകുമെന്നും പറഞ്ഞിരിക്കുന്നു എന്നും മറ്റുമാണ് ഈ മതക്കാരുടെ വിശ്വാസം. ഈ മതവിശ്വാസികളായ ഭക്തന്മാർ ഈ വല്ലഭാചാൎയ്യരെ ശ്രീകൃഷ്ണസ്വാമിയായി വിശ്വസിച്ചുകൊള്ളേണമെന്നും ഈ മതാചാൎയ്യർ ഈശ്വരന്നും ഭക്തന്മാൎക്കും മദ്ധ്യസ്ഥനായിരുന്നു ഭക്തജനങ്ങൾക്കു ജന്മസാഫല്യം നൽകുവാൻ ശക്തനാണെന്നും അതിൽ തീൎച്ചപ്പെടുത്തിയിരിക്കുന്നു. ആകയാൽ ഈ മതാചാൎയ്യർ ശ്രീകൃഷ്ണനെക്കാൾ ഉൽകൃഷ്ടനാണെന്നും ഇദ്ദേഹം കോപിച്ചാൽ തൽപരിഹാരത്തിന്ന് ആരും ശക്തനായി വരികയില്ലെന്നും ഈ വല്ലഭാചാൎയ്യരും ഇവരുടെ സന്താനങ്ങളും ശിഷ്യന്മാരും സാക്ഷാൽ ദേവമൂൎത്തികളാണെന്നും ലോകത്തിൽ ദൈവപ്രതിനിധികളായി അവതരിച്ചവരാണെന്നും ഇവൎക്കു തൃപ്തികരമായി നടന്നാൽ മോക്ഷം സിദ്ധിക്കുമെന്നും ആകയാൽ ഇവരെ പ്രസാദിപ്പിക്കുവാൻ വേണ്ടി തങ്ങൾക്കു പ്രിയമുള്ള സൎവ്വസ്വവും സമൎപ്പിക്കുന്നവർ സകല ശ്രേയസ്സുകളേയും ലഭിക്കുമെന്നും ഈ മതക്കാർ അഭിമാനിച്ചുവരുന്നു.

118. എന്നാൽ ഇവരുടെ ഈ വക മതഗ്രന്ഥങ്ങൾ സ്വമതസ്ഥന്മാക്കല്ലാതെ മററ് ആക്കും വായിച്ചുനോക്കുവാനും കൂടി കൊടുക്കുകയില്ല. ഈ യോഗത്തിൽ ചേൎന്ന ഒരു മഹാൻ ഒരു അച്ചുകൂടത്തിൽ ഈ മതവിഷയമായ രണ്ടു പുസ്തകം അച്ചടിപ്പിച്ചതായി കേട്ടിട്ടുണ്ട്. ഈ മതാചാൎയ്യൎക്ക 'രാജാ ടാക്കൂർ' എന്ന ബിരുദനാമവും സൎവ്വമാന്യവും ഇന്ത്യാ മഹാരാജാക്കന്മാരാൽ പണ്ടു തന്നെ സൌജന്യമായി നൽകപ്പെട്ടിരിയ്ക്കുന്നു. ഈ വല്ലഭാചാൎയ്യമതഗ്രന്ഥങ്ങൾ 2 വകുപ്പുകളായിട്ടാണ് ഇരിയ്ക്കുന്നത്. അതിൽ ഒന്നാം വകുപ്പിൽ 4-ം, 2-ാം വകുപ്പിൽ 18-ം ഗ്രന്ഥങ്ങൾ ഉള്ളതായി കേൾവിയുണ്ട്. ഈ മതത്തെപ്പററി ഇതിലധികം വിവരിയ്ക്കുന്നത് അനാവശ്യമെന്നു കരുതി ഇത്രത്തോളം സംക്ഷേപിച്ചുംകൊണ്ട് അവസാനിപ്പിയ്ക്കുന്നു. ഈ മതക്കാർ ശ്രീകൃഷ്ണൻ ബാലക്രീഡ ചെയ്തു വിനോദിച്ച പുണ്യസ്ഥലമായ ഈ ഗോകുലം വളരെ മുഖ്യസ്ഥലമായി ഗണിച്ചുവരുന്നു.

ഗോവൎദ്ധനം.

119. പിന്നെ 17-ാംനു- രാവിലെ എഴുനീററു മധുരയിൽനിന്നു 10 മയിത്സ് ദൂരത്തിൽ കിടക്കുന്ന ഗോവൎദ്ധനത്തിലേയ്ക്കായി പോയി മടങ്ങിവരുവാൻ മൂന്നു, മൂന്നര ഉറുപ്പിക കൂലിയ്ക്കു കിട്ടുന്നതായ എരട്ടക്കുതിര സാററിൽ കയ

റി എടത്രാപ്പാട്ടു തമ്പുരാൻ തിരുമനസ്സുകൊണ്ടു ശേഷമുള്ളവരോടുകൂടി പുറപ്പെട്ടു പത്തു മണിയോടുകൂടി ഗോവൎദ്ധനത്തിൽ ചെന്ന ഉടനെ അവിടെ മാനസഗംഗയിൽ സ്നാനം ചെയ്തു ഗോവൎദ്ധനസ്വാമിദൎശനവും അൎച്ചനവും കഴിച്ചു പിന്നെയും അവിടെ അനേകം ക്ഷേത്രങ്ങളുള്ളതിൽ പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങളിൽ ദൎശനവും ചെയ്തു ഉടനെ 3 മണിയോടുകൂടി വാസഗൃഹത്തിൽ വന്നു ഭക്ഷണാദി കൃത്യങ്ങളെ കഴിച്ചു 4 മണിവരെയ്ക്കും അവിടെത്തന്നെ വിശ്രമിച്ചു.

കേരള സാഹിത്യ അക്കാദമി

—:o:—

ഗോവൎദ്ധനചരിത്രം.

120. ഈ ഗോവൎദ്ധനം എന്ന പുണ്യസ്ഥലം ഭാഗവതാദി പുരാണങ്ങളിൽ പ്രപഞ്ചിതമായിട്ടുള്ളതാണെന്നു സാധാരണ എല്ലാവൎക്കും അറിയാവുന്നതാണല്ലൊ. പണ്ടു ശ്രീകൃഷ്ണസ്വാമി ദേവേന്ദ്രന്റെ ഗൎവ്വിനെ ശമിപ്പിക്കുവാൻ വേണ്ടി ഗോപന്മാരാൽ പ്രതിവൎഷം ചെയ്യപ്പെട്ടുവരുന്ന ഇന്ദ്രപൂജയെ യുക്തിയുക്തമായി പറഞ്ഞു മുടക്കം ചെയ്തു ഗോവൎദ്ധനപൎവ്വതപ്രീതിക്കായി ആ പൂജയെ ഉപയോഗിച്ചു സമയം ദേവേന്ദ്രൻ കോപിച്ചു പ്രളയകാലമേഘങ്ങളെക്കൊണ്ടു വൎഷിപ്പിച്ചു ഗോകുലനിവാസികളായ സകല ഗോപന്മാരേയും നശിപ്പിക്കുവാനായി ആരംഭിച്ചു സമയം ഭഗവാൻ ഈ ഗോവൎദ്ധനപൎവ്വതത്തെ ഒററക്കൈകൊണ്ട് ഒരു കുട എന്ന

പോലെ അനായാസേന എടുത്ത് ഉയൎത്തിപ്പിടിച്ച് അതിനുള്ളിൽ ഏഴ ദിവസം മുഴുവനും സകല ഗോപന്മാരേയുംഗോക്കളേയും രക്ഷപ്പെടുത്തിയതായും അതിനുശേഷം സാക്ഷാൽ മഹാവിഷ്ണുവിന്റെ അവതാരമൂൎത്തിയായ ശ്രീകൃഷ്ണസ്വാമിയുടെ വൈഭവത്തെ എല്ലാം വഴിപോലെ അറിഞ്ഞു ദേവേന്ദ്രൻ ഗൎവ്വത്തെ അവസാനിപ്പിച്ചു ശാന്തമദനായി ഭവിച്ചു ഭഗവച്ചരണാരവിന്ദങ്ങളിൽ വന്നുവീണു ശരണം പ്രാപിച്ചതായും, പിന്നെ പണ്ടു ബ്രഹ്മാവു മദമത്തനായി ശ്രീകൃഷ്ണസ്വാമിയുടെ നേരെ അസൂയാക്രാന്തഹൃദയനായിത്തീൎന്നു ഗോപന്മാരുടെ സകല പശുക്കിടാങ്ങളേയും, ഗോപകിശോരന്മാരേയും അപഹരിച്ചുകൊണ്ടുപോയതിന്നു ശേഷം ആ വൃത്താന്തത്തെ ഭഗവാൻ അറിഞ്ഞു താൻതന്നെ ആ പശുക്കിടാങ്ങളായും ഗോപകിശോരന്മാരായും ഭവിച്ചു ഗോപസ്ത്രീകൾക്കും പശുക്കൾക്കും പൂൎവ്വാതിശായിയായ പുത്രവാത്സല്യത്തേയും സന്തോഷത്തേയും ഉണ്ടാക്കി ബ്രഹ്മാവിന്റെ മദം ശമിക്കുന്നവരെക്കും ഗോകുലത്തിൽ യാതൊരു ന്യൂനതയും കൂടാതെ നടത്തിവന്നതായും, അതിന്റെ ശേഷം ബ്രഹ്മാവു ശ്രീകൃഷ്ണസ്വാമിയുടെ മാഹാത്മ്യത്തെ അറിഞ്ഞ ശരണം പ്രാപിച്ചതായും മറ്റും ഭാഗവതത്തിൽ വിവരിക്കപ്പെടുന്ന ചരിത്രം ഈ പ്രദേശത്തിൽ വെച്ചുണ്ടായതാകുന്നു. ആ പ്രദേശങ്ങളെ തദ്ദേശവാസികൾ ഞങ്ങൾക്ക പ്രത്യേകം പ്രത്യേകമായി കാണിച്ചുതരികയും ചെയ്യിരിക്കുന്നു.

മാനസഗംഗാ.

121. പണ്ട് ശ്രീകൃഷ്ണസ്വാമി ഗോക്കളെ മേച്ചുംകൊണ്ട് ഗോപന്മാരോടുകൂടി ഈ പ്രദേശത്ത് സഞ്ചരിക്കുന്ന സമയം ശ്രീകൃഷ്ണനെ നിഗ്രഹിപ്പാൻവേണ്ടി കംസപ്രേരിതനായ വത്സാസുരൻ പശുക്കിടാവിന്റെ വേഷം ധരിച്ചു വ്യാജമായി ഗോപന്മാരുടെ കൂട്ടത്തിൽ വന്നുചേൎന്ന സമയം ആ വൃത്താന്തത്തെ ഭഗവാൻ അറിഞ്ഞ് ആ വത്സാസുരനെ നിഗ്രഹിച്ചപ്പോൾ ഗോപന്മാർ എല്ലാവരുംകൂടി ശ്രീകൃഷ്ണന്നു ഗോഹത്യാ പാപം സംഭവിച്ചിരിക്കുന്നതിനാൽ ഇദ്ദേഹത്തെ നമ്മുടെ യോഗത്തിൽ ചേൎപ്പാൻ പാടില്ലെന്നും മറ്റും ആക്ഷേപിച്ച സമയം അയ്യോ! ഗോപന്മാരെ! ഇതു ഒരു പശുക്കിടാവല്ല, വത്സാസുരനാണ്; ഇവൻ നമ്മെ ചതിച്ചു കൊല്ലുവാനായി വന്നവനാകുന്നു. ആകയാൽ ഗോഹത്യാപാപം എനിക്കു സംഭവിക്കുന്നതല്ല. എന്നും മറ്റും ശ്രീകൃഷ്ണസ്വാമി വളരെ യുക്തിയോടുംകൂടി പറഞ്ഞു എങ്കിലും അവർ അതിനെ സമ്മതിക്കാതെ ഇരുന്നപ്പോൾ അവരുടെ തൃപ്തിക്കുവേണ്ടി ഗംഗാസ്നാനം ചെയ്യേണമെന്നും അതിനാൽ സകല പാപങ്ങളും നശിക്കുമെന്നും മറ്റും തീൎച്ചപ്പെടുത്തിയതിന്നുശേഷം ഭഗവാൻ അതിനെ സമ്മതിച്ചു. അല്ലയൊ ഗോപന്മാരെ! നിങ്ങൾ എല്ലാവരും ക്ഷണനേരം കണ്ണടച്ചിരിക്കണമെന്നും എന്നാൽ ഗംഗാദേവിയെ ഇവിടെത്തന്നെ വരുത്താമെന്നും അരുളിച്ചെയ്താറെ ഗോപന്മാർ എല്ലാവരും

കണ്ണടച്ച് തുറക്കുമ്പോഴെക്ക് ശ്രീകൃഷ്ണൻ തന്റെ മനസ്സു കൊണ്ട് സൃഷ്ടിക്കപ്പെട്ട ഗംഗാദേവിയെ അവക്ക് പ്രത്യക്ഷമാക്കികൊടുത്തതായും അതുനിമിത്തം ഗോപന്മാക്കു ശ്രീകൃഷ്ണങ്കൽ ബഹുമാനവും, വിശ്വാസവും, വിസ്മയവും, സന്തോഷവും വൎദ്ധിച്ചു വരികയും ചെയ്ത ദിവസം മുതൽ എത്രയും വലുതായ ഈ തീൎത്ഥത്തിന്നു മാനസഗംഗാ എന്ന പേര് സിദ്ധിച്ചതായും തദ്ദേശവാസികൾ ഇന്നും പ്രശംസിച്ചു വരുന്നു. ഈ പ്രദേശം വസതിക്ക് സുഖമുള്ളതാകുന്നു. അധികം ജനങ്ങളും ഗൌഡ ബ്രാഹ്മണരും ഉള്ള പ്രദേശമാണ്. വലിയ ഭജാറുകളും ഷാപ്പുകളും മററും ഇല്ലാ എങ്കിലും നല്ല സുഖകരമായ പ്രദേശമാണെന്ന് ചെന്നു കാണുന്നവക്ക് തോന്നാതെ ഇരിക്കുന്നതല്ല.

വൃന്ദാവനം.

---

122 ചിറെറന്ന് 18൹- രാവിലെ 7 മണിയോടുകൂടി വൃന്ദാവനദൎശനത്തിന്നായി മധുരയിൽ നിന്ന് പുറപ്പെട്ട തീവണ്ടി കയറി 8 മണിക്ക് വൃന്ദാവനത്തിൽഎത്തി. ഈ വൃന്ദാവനം മധുരയിൽനിന്നു ഏകദേശം 6 മയിത്സ് ദൂരത്തിലാണ് കിടക്കുന്നത്. ഇവിടെ വന്ന ഉടനെ ഒരു പുരോഹിതനെ വരിച്ചു അദ്ദേഹത്തിന്റെ ഗൃഹത്തിൽ സാമാനങ്ങളെല്ലാം ഇറക്കി വെച്ചതിന്നശേഷം കാളിന്ദീസ്നാത്തിന്നായി പുറപ്പെട്ടു. ഒന്നാമതു പണ്ടു ഭഗവാൻ കാളീയമ

ർദ്ദനം ചെയ്ത സ്ഥലമാണ് ദർശിച്ചത്. കാലപ്പഴക്കത്താൽ ഭാഗവതാദി പുരാണങ്ങളിൽ പറയും പ്രകാരമുള്ള എല്ലാ ലക്ഷണങ്ങളും ശരിയായി ഇപ്പോൾ കാണുന്നില്ല. പണ്ടു കാളിന്ദീ പ്രവഹിക്കുന്നതായ ഈ പ്രദേശം ഇപ്പോൾ മണ്ണുവന്നു തൂൎന്നു ചില സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതായിട്ടുകാണുന്നുണ്ടു. ഇവിടെ നിന്നു അര മയിത്സ് ദൂരത്തിലാണ് ഇപ്പോൾ കാളിന്ദി പ്രവഹിക്കുന്നത്. ഈ വക ചില സംഗതികളാൽ ഈ സ്ഥലമാഹാത്മ്യത്തിന്ന് പ്രാമാണ്യം കൊടുപ്പാൻ പാടില്ലെന്ന് ചിലർ ദുസ്തൎക്കത്തെ കൊണ്ടു വരുന്നുണ്ടെങ്കിലും ആ വക ദുസ്തൎക്കങ്ങൾക്കു യുക്തിയിൽ പരിഹാരങ്ങളുണ്ടെന്നാണ് നാം അഭിപ്രായപ്പെട്ടിരിക്കുന്നത്. താഴെ എഴുതുന്ന ശ്ലോകം ഇതിലേക്കു ഉപകരിക്കുന്നതാകുന്നു.

ശ്ലോകം—പുരായത്രസ്രോതഃ പുളിനമധുനാ
തത്രസരിതാം
വിപൎയ്യാസംയാതൊ ഘനവിരള
ഭാവഃക്ഷിതിരുഹാം
ബഹോൎദ്ദൃഷ്ടം കാലാദപരമിവ
മന്യേ വനമിദം
നിഃവശൈശ്ലൊനാം തദിദമിതി
ബുദ്ധിം ദ്രഢയതി

പണ്ടു ശ്രീരാമസ്വാമി ദശരഥമഹാരാജാവിന്റെ നിദേശപ്രകാരം പതിന്നാലു വത്സരം വനവാസം ചെയ്തി

ട്ടുള്ള വനപ്രദേശങ്ങളെ കുറിച്ചു വളരെ കാലത്തിനുശേഷം പിന്നെ ഒരു കാലം വനത്തെ പ്രവേശിക്കുന്ന വചനപ്രകാരമാകുന്നു ഈ ശ്ലോകം. കാലപ്പഴക്കത്താൽ ഈ വക വ്യത്യാസങ്ങൾ വരാവുന്നതാണെന്നുള്ളതിലേക്കു പല ദൃഷ്ടാന്തങ്ങളെയും സൂക്ഷ്മഗ്രാഹികൾക്കു കിട്ടുവാൻപ്രയാസമില്ലാത്തതാകയാൽ ഈ ഒരു സംഗതിയെ നാം അധികമായി വിസ്തരിക്കുന്നില്ല. പണ്ടു കാളിയമർദ്ദനം ചെയ്ത സ്ഥലത്ത് ഇപ്പോൾ കാളിന്ദിപ്രവാഹം കാണുന്നില്ലെങ്കിലും ഇവിടെ കാളിന്ദി പ്രവഹിച്ചിരുന്നു എന്നുള്ളതിലേക്കു ചില ദൃഷ്ടാന്തങ്ങൾ ഉള്ളതിനെ വിവരിക്കാം:—

കാളിയ മർദ്ദനത്തിന്നായി ശ്രീകൃഷ്ണൻ തത്തീരത്തിലുള്ള ഒരു കദംബവൃക്ഷത്തിൽ കയറി കാളിന്ദിയിലേക്കു ചാടിയതായി പുരാണങ്ങളിൽ പറയുന്ന കദംബവൃക്ഷം എത്രയോ വാൎദ്ധക്യത്തോടുകൂടെ ഇപ്പോഴും ഇവിടെ കാണ്മാനുണ്ടു. കാഴ്ചയിൽ തന്നെ ഈ വൃക്ഷത്തിന്നു വളരെ പഴക്കവും, സാന്നിദ്ധ്യവും കാണുന്നുണ്ടു. ഇതു അന്നത്തെ കദംബവൃക്ഷമല്ല എന്നു ചിലരുടെ ദുസ്തൎക്കവും ഇല്ലെന്നില്ല. എന്നാൽ അതിന്നു സമാധാനവുമുണ്ടു. ഈ വൃന്ദാവനത്തിൽ ദിവസംതോറും പലരാജ്യങ്ങളിൽ നിന്നും ദൎശനത്തിന്നായി വരുന്ന യാത്രക്കാർ ഇവിടെ വന്നു ഈ കദംബവൃക്ഷത്തെ വന്ദിക്കുന്ന ഒരു സമ്പ്രദായമുള്ളതാകയാൽ മുമ്പത്തെ കദംബവൃക്ഷം നശിച്ചു രണ്ടാമത് ഒരു വൃക്ഷമുണ്ടായി ഇത്രയും പഴക്കത്തിൽ എത്തിയതാണെന്നു പറയുന്നതാണെങ്കിൽ ഇതിന്നിടക്കു വളരെ സംവത്സരങ്ങളിൽ യാത്രക്കാർ

ചെയ്തുവന്നിരുന്ന ഈ നടവടിക്ക് ഭംഗം വരുവാനിടയുള്ളതും അപ്പോൾ ആ ഒരു പ്രസ്താവം കിംവദന്തിയായി സൎവ്വത്ര പ്രസരിപ്പാൻ അവകാശമുള്ളതും ആയിരുന്നു. എന്നുതന്നെയുമല്ല ഈ വൃക്ഷം നില്ക്കുന്നത് പണ്ടത്തെ കാളിന്ദീതീര പ്രദേശത്തിലാണെന്നുള്ളതും പഴക്കത്താൽ ജീൎണ്ണപ്പെട്ട് ഇന്നും കാണപ്പെടുന്ന പഴയ കരിങ്കൽ പടവുകളാലും അതുകൾക്കരികെ പ്രവഹിക്കുന്ന ചില ചില ചാലുകളാലും ദൃഷ്ടാന്തപ്പെടുന്നുണ്ടു.

123. മേൽപ്രകാരമുള്ള കദംബവൃക്ഷത്തെ ദൎശനം ചെയ്തതിന്നുശേഷം അവിടെനിന്നു പോന്നു ശ്രീകൃഷ്ണൻ പണ്ട് ഗോപസ്ത്രീകളുടെ വസ്ത്രങ്ങളെ അപഹരിച്ചതായി പറയുന്ന കാളിന്ദീഘാട്ടിൽ ചെന്നു അവിടെ സങ്കല്പപൂൎവ്വകം സ്നാനം മുതലായതു ചെയ്തു. ഈ തീരപ്രദേശത്തിൽ ഇന്നും ഒരു വിശേഷവിധി നടന്നുവരുന്നതിനെ ഇവിടെ വിവരിക്കാം. പ്രതിദിവസം ചെല്ലുന്ന യാത്രക്കാർ ഈ കാളിന്ദീഘാട്ടിൽ സ്നാനം ചെയ്തതിന്നുശേഷം ആ തീരത്തിൽ അതിപ്രാചീനമായ വടവൃക്ഷത്തിന്റെ തറയിൽ കച്ചവടക്കാര് വില്പാൻ കൊണ്ടുവെച്ചിരിക്കുന്ന പലതരം പട്ടുകളിൽനിന്നു അവരവരുടെ ഭക്തിശക്ത്യനുസാരേണ ഒന്നോ, രണ്ടോ, നാലോ പട്ടുകളെ വാങ്ങി ആ വടവൃക്ഷത്തിന്റെ ശാഖകളിൽ ഭഗവൽ പ്രീതിക്കായിട്ടു കെട്ടുകയും അതുകളെ ഘാട്ടുപാലന്മാരായ ബ്രാഹ്മണർ എടുക്കുകയും ചെയ്തുവരുന്നുണ്ടു. ഇവിടെയും കദംബവൃക്ഷത്തിന്റെ ആക്ഷേപസമാധാനങ്ങൾ ഓൎമ്മിച്ചുകൊള്ളേണ്ടതാണ്.

124. സ്നാനാനന്തരം പട്ടുവാങ്ങി വടവൃക്ഷശാഖക ളിൽ തൂക്കിയതിന്നുശേഷം തത്തീരത്തിൽനിന്നു പോന്നു വാസ ഗൃഹത്തിലെത്തുന്നതിനിടയിൽ മദ്ധ്യേമാൎഗ്ഗം അനേകം ക്ഷേത്രങ്ങളിൽ കയറി ദൎശനംകഴിച്ചു ക്രമേണ പാൎപ്പിട ത്തിൽ വന്നു ചേൎന്നു. ഉടനെഭക്ഷണം കഴിച്ചു 3 മണി യോടുകൂടി പുറപ്പെട്ടു- പണ്ടു ഭഗവാൻ ഗൃഹംതോറും ന ടന്നു നവനീതത്തെ യാചിച്ചുംകൊണ്ട് സഞ്ചരിച്ചു എ ന്നു പറയുന്ന കഥക്ക് ആസ്പദങ്ങളായ വീഥികളിൽക്കൂടി പോയി ക്രമേണ രാധാകുഞ്ജം എന്നു പറയുന്ന ശ്രീകൃ ഷ്ണക്ഷേത്രത്തിൽ ചെന്നു ദൎശനം കഴിച്ചതിന്നുശേഷം അ വിടെ അല്പം വിശ്രമിച്ചു. ഈ രാധാകുഞ്ജമെന്നു പറയുന്ന സ്ഥലം എത്രയും നയനാനന്ദകരമായിട്ടുള്ളതാണ്.

125. പണ്ടു ശ്രീകൃഷ്ണൻ രാസക്രീഡാമദ്ധ്യത്തിങ്ക ൽ മററുള്ള ഗോപസ്ത്രീകളെ വിട്ടു രാധയെ മാത്രം കൈ ക്കൊണ്ടു വന്നു രമിച്ച സ്ഥലമാകുന്നു ഇതു. ഇവിടെ രാധ യെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയെ പ്രതിമത ന്നെ വിശദീകരിക്കുന്നു. ഇവിടെയുള്ള കുഞ്ജം അനേകം വിധ ലതകളാലും വൃക്ഷങ്ങളാലും നിബിഡമായിരിക്കുന്ന തുകൊണ്ട് എപ്പോഴും പുഷ്പസമൃദ്ധിയും നല്ല കുളുർമയും ധാരാളമായി ഉള്ളതാകുന്നു. ഈ ക്ഷേത്രത്തിൽ പുഷ്പശ യ്യാ എന്ന ഒരു വഴിവാടാകുന്നു മുഖ്യമായി ചെയ്യുവരേ ണ്ടതു്. അതു ശക്തിപോലെ ചെയ്യാവുന്നതാകുന്നു. നാ ലുറുപ്പിക മുതൽ നൂറുറുപ്പികവരെക്കും ചിലവുചെയ്തു നിവൃ ത്തിക്കാവുന്നതാണ്. അതിനെ വഴിവാട് ചെയ്യുന്നതാ

യാൽ അതിന്നു പുഷ്പശയ്യകളും, താംബൂലവീടികകളും പനിനീർ മുതലായ സുഗന്ധദ്രവ്യങ്ങളും, ലഡ്ഡു മുതലായ ഭക്ഷ്യദ്രവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. അന്നുരാത്രിയിൽ ഭഗവാൻെറ ശയ്യയിൽ വെക്കുന്ന താംബൂലവീടികകളിലും ഭക്ഷ്യദ്രവ്യങ്ങളിലുംവെച്ച ചിലതു പിറെറദിവസം ചെന്നു നോക്കുമ്പോൾ കണുന്നതല്ല. അതുകൾ ശ്രീകൃഷ്ണസ്വാമി അനുഭവിക്കുന്നതിനാൽ കാണാതെ ഇരിക്കുന്നു എന്നാണ് തദ്ദേശവാസികൾ പറയുന്നതു. ഏതായാലും ഇവിടേയും വേണ്ടതുപോലെ ദശനം കഴിച്ചു കുറെനേരം സുഖമായി വിശ്രമിച്ചതിനുശേഷം അവിടെനിന്നു പോന്നു 4 മണിയോടുകൂടി ഈ വൃന്ദാവനത്തിൽ അനേകം ക്ഷേത്രങ്ങളുള്ളതിൽവെച്ച് ഇപ്പോൾ ഏത്രയും പ്രധാനമായ രാധാകൃഷ്ണ സ്വാമിക്ഷേത്രത്തിൽ ദശനത്തിന്നായിപുറപ്പെട്ടു അവിടെ എത്തി. ഈ ക്ഷേത്രം ഏകദേശം 80 സംവത്സരത്തിന്നിപ്പുറമാണ് ഇത്രയും പ്രബലപ്പെട്ടുവന്നിരിക്കുന്നത്. അതിന്നുള്ള കാരണത്തേയും അല്പം വിവരിക്കാം:- പണ്ടു കാഞ്ചീപുരത്തിൽ രങ്കാചാൎയ്യര് എന്ന ഒരു വൈഷ്ണവശാസ്ത്രികൾ ഉണ്ടായിരുന്നു. ഇദ്ദേഹം ധനികനല്ലായിരുന്നു. ഈ ശാസ്ത്രികൾ ദേശസഞ്ചാരത്തിന്നായി പുറപ്പെട്ടു ഉത്തരദേശങ്ങളിൽ സഞ്ചരിച്ചു ക്രമേണ മുൻവിവരിച്ച ഗോവദ്ധനത്തിൽ ചെന്നു അവിടെ കുറേക്കാലം ഭഗവൽഭജനം ചെയ്തു താമസിച്ചു. അതുനിമത്തം ആ ശാസ്ത്രികൾക്ക് ഗോവദ്ധനരങ്കാചാൎയ്യര് എന്ന് ഇന്നും പേർ പ്രസിദ്ധമായി വന്നിരിക്കുന്നു.

126. ഇദ്ദേഹം ഇപ്രകാരം ഗോവർദ്ധനത്തിൽ ഇരിക്കുംകാലത്തിൽ അവിടെ ഗോവർദ്ധനയതീന്ദ്രൻ എന്ന ഒരു സന്യാസിയുടെ ഇഷ്ടനായിത്തീരുകയും ആ യതീശ്വരന്ന് ശാസ്ത്രങ്ങളെ പഠിപ്പിക്കുകയും ചെയ്തുകൊണ്ടുവരുന്ന മദ്ധ്യത്തിൽ യതീശ്വരന്നു അസാദ്ധ്യമായ ഒരു വ്യാധി വന്നു പിടിപെട്ടതിനാൽ ഇതിൽനിന്നു പൊറുക്കുവാൻ പ്രയാസമാണെന്നു കണ്ടസമയം തന്റെ സന്യാസമഠത്തെയും അതുസംബന്ധമായ സ്വത്തുക്കളേയും ഈ രങ്കാചാര്യർക്ക് കൊടുത്തു സ്വർഗ്ഗാരോഹണം ആകുകയുംചെയ്തു. അതിന്റെശേഷം ഇദ്ദേഹം വൈഷ്ണവമായ ശ്രീരാമാനുജമതത്തെ ഉത്തരദേശിയക്ക് ഉപദേശിച്ചു. ജയപുരം മഹാരാജപണ്ഡിതർ വൈഷ്ണവമതത്തെ ദൂഷിച്ച് എഴുതിയ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമായി ദുർജ്ജനകരിപഞ്ചാനനം എന്ന സംസ്കൃതഗ്രന്ഥത്തെ ഉണ്ടാക്കുകയും ഈ പുസ്തകത്തെക്കുറിച്ചു ജയപുരം മഹാരാജാവിന്നു വിരോധാഭിപ്രായമുണ്ടായതിനാൽ മഹാരാജാവ് ചില പണ്ഡിതന്മാരെക്കൊണ്ടു അജ്ഞജനമനോനയനാഞ്ജനം എന്ന ഒരു ഗ്രന്ഥത്തെ ഉണ്ടാക്കിച്ച് പ്രസിദ്ധപ്പെടുത്തിയതിന്മേൽ ഈ ഗോവർദ്ധന രങ്കാചാര്യർ വ്യാമോഹവിദ്രാവണം എന്ന ഒരു ഗ്രന്ഥത്തെ ഉണ്ടാക്കി പ്രചുരപ്പെടുത്തുകയും ചെയ്തു.

127. ഇദ്ദേഹം ഇപ്രകാരം വിദ്യാവിനോദംകൊണ്ടു സൽകാലക്ഷേപത്തെ ചെയ്തുകൊണ്ടുവരുന്ന സമയം ശ്രീമധുരയിൽ മഹാ കോടീശ്വരനായ ശ്രീ ലക്ഷ്മീചന്ദ്ര

ശേട്ടുവിൻെറ സഹോദരനും ജൈനമതസ്ഥനുമായ ശ്രീ ഗോവിന്ദദാസ രാധാകൃഷ്ണശേട്ടുവും ഈ രങ്കാചാൎയ്യരുടെ ശിഷ്യനായിഭവിച്ചു വൈഷ്ണവമതത്തെ അംഗീകരിച്ചു. ഇവര് രണ്ടുപേരുംകൂടി വൃന്ദാവനത്തിൽ വന്നു വൈഷ്ണവസമ്പ്രദായത്തിൽവിശേഷമായ ഒരു ക്ഷേത്രത്തെ നിൎമ്മിക്കുവാൻ നിശ്ചയിച്ചതിന്നു ശേഷം ഈ രങ്കാചാൎയ്യസ്വാമികൾ രാധാകൃഷ്ണശേട്ടുവിനോടുകൂടി ദക്ഷിണ ദേശത്തേക്കുവന്നു ചോളദേശത്തുള്ള അനേകം ക്ഷേത്രങ്ങളെ കാണിച്ചുകൊടുത്തതിൻെറ ശേഷം എല്ലാററിലും വെച്ച് ഉൽകൃഷ്ടമായ ശ്രീരംഗത്തെ കണ്ട് തൃപ്തിപ്പെടുകയും ഉടനെ അതിൻെറ ഒരു പ്ലാൻ എടുത്ത് കൊണ്ടുപോകയും ചെയ്തു. ഇംഗ്ലീഷ് വൎഷം 1845-ാമതിൽ വൃന്ദാവനത്തിൽ ക്ഷേത്രം പണിക്ക് കുററി തറച്ചു. 1851-ാമത് സംവത്സരത്തിന്നുള്ളിൽ 45 ലക്ഷം ഉറുപ്പിക ചിലവുചെയ്തു അതിവിശേഷമായ ക്ഷേത്രം പണി തീൎത്ത് കലശം മുതലായവ അതിഘോഷമായി നടത്തി. ഈ ക്ഷേത്രത്തിൻെറ സ്വഭാവം ഒരു മാതിരി ശ്രീരംഗക്ഷേത്രത്തിന്നു ഒത്തിരിക്കുന്നു. ഇതിൻെറ ആദ്യത്തെ പ്രാകാരം 773 അടി നിളവും, 440 അടി അകലവും ഉള്ളതും നാലു ഭാഗവും ശ്രീരംഗക്ഷേത്രത്തിനെപ്പോലെ ബ്രാഹ്മണഗൃഹങ്ങളാൽ പ്രകാശിക്കപ്പെട്ടതുമാകുന്നു. പ്രഥമപ്രാകാരത്തിൻെറ അകത്തു കടന്നാൽ അതിൽവിശേഷപ്പെട്ട പൂന്തോട്ടങ്ങളും സൂൎയ്യപുഷ്കരണി എന്നും ചന്ദ്രപുഷ്കരണി എന്നും രണ്ടു തടാകങ്ങളും മററും ഉള്ളതിനാൽ വളരെ കൌതുകമായിരിക്കു

ന്നതാണ്. ഈ ക്ഷേത്രത്തിലുള്ള ധ്വജസ്തംഭം 60 അടി ഉയരമുള്ളതും 24 അടി ഭൂമിക്കുള്ളിൽ മൂടപ്പെട്ടതും കൂടി ആകെ 84 അടി നീളമുള്ളതും മുഴുവനും സുവൎണ്ണവൎണ്ണമായിരിക്കുന്നതും ആകുന്നു. ഈ ധ്വജത്തിന്നു പതിനായിരം ഉറുപ്പിക ചിലവുചെയ്തിട്ടുണ്ടെന്നാണ് തദ്ദേശീയർ പറഞ്ഞുവരുന്നത്. കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ചോളദേശത്തിലെപ്പോലെ അത്യുന്നതിയുള്ള ഗോപുരങ്ങളും അതിഭംഗിയിൽ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ പ്രാകാരത്തിന്നുള്ളിൽ നാലുഭാഗങ്ങളിലും ഓരോരോ ദേവാലയങ്ങളായും ക്ഷേത്രത്തിലേക്ക് ഉപയോഗപ്പെട്ട കലവറ മുതലായ സ്ഥലങ്ങളായും വിഭാഗിക്കപ്പെട്ടിരിക്കുന്നു. മൂന്നാമത്തെ പ്രാകാരത്തിന്നുള്ളിലാണ് ശ്രീരംഗസ്വാമിയുടെ ഗൎഭഗൃഹം പ്രകാശിക്കുന്നത്. ഇവിടുത്തെ അൎച്ചകന്മാർ കാഞ്ചീപുരം, ശ്രീരംഗം മുതലായ തമിഴരാജ്യങ്ങളിൽനിന്നു കൊണ്ടുവരപ്പെട്ട വൈഷ്ണവബ്രാഹ്മണർതന്നെ ആകയാലും ഈ പ്രഥമപ്രാകാരത്തിന്നുള്ളിൽ ഏകദേശം ഇരുപതോളം വൈഷ്ണവകുടുംബങ്ങൾ സ്ഥിരവാസികളായിരിക്കുന്നതിനാലും ഈ ക്ഷേത്രത്തിന്റെ പൂജാസമ്പ്രദായവും രഥോത്സവാദി കോലാഹലങ്ങളും മററു സമസ്തവും ദക്ഷിണദേശസമ്പ്രദായത്തിൽതന്നെ ഇരിക്കുന്നതിനാലും ദക്ഷിണദേശീയൎക്ക് ഈ വൃന്ദാവനത്തിൽ രംഗനാഥസ്വാമിയുടെ ദൎശനത്തിന്നായി വരുന്ന സമയം സ്വരാജ്യത്തിൽ ചെന്നുചേൎന്നാലുള്ള ആനന്ദവും ഉത്സാഹവും ഉണ്ടായിത്തീരുന്നതാകുന്നു. ഇവിടെ

പ്രഥമപ്രാകാരത്തിന്നുള്ളിൽ കിഴക്കതെക്കെ മൂലയിൽ ശ്രീരങ്കാചാൎയ്യർസ്വാമിയുടെ കുടുംബങ്ങൾ ഇരിക്കുന്ന വിശേഷപ്പെട്ട ഒരു ഗൃഹവും തെക്കുപടിഞ്ഞാറെ മൂലയിൽ മുൻപറഞ്ഞ രാധാകൃഷ്ണശ്രേഷ്ഠ്വിൻെറ ഒരു ഗൃഹവും ഉള്ളതാകുന്നു.

128. ഈ രങ്കാചാരിയർ സ്വദേശത്തിൽ വന്ന് ഒരു കന്യകയെ വിവാഹം ചെയ്തു വൃന്ദാവനത്തിൽ തന്നെ വന്നു. ആ പത്നിയിൽ ഒരു പുത്രൻ മാത്രം ജനിച്ചു. പുത്രന്നു ശ്രീനിവാസാചാൎയ്യർ എന്നാണ് നാമധേയം. ഈ കുമാരനെ ബാല്യവയസ്സിൽതന്നെ വിദ്യാഭ്യാസവിഷയത്തിൽ ഏൎപ്പെടുത്തിവന്നു, എങ്കിലും അദ്ദേഹത്തിൻെറ ബുദ്ധി ആ വിഷയത്തിൽ ലേശവും പ്രതിഫലിക്കാതെയാണ് പരിണമിച്ചത്. അതുനിമിത്തം അദ്ദേഹം പിതാവിൻെറ യോഗ്യതയെ പിന്തുടരുവാൻ ശക്തനായി വന്നില്ല. പിന്നെ വിവാഹം ചെയ്തതിൽ ഒരു പുത്രൻ ജനിച്ചു. അദ്ദേഹത്തിൻെറ പേർ താതാചാൎയ്യർ എന്നാണ്. ഈ ശ്രീനിവാസാചാൎയ്യർ തൻെറ പിതാവിൻെറ യോഗ്യതക്കും സ്വജാതിമഹിമക്കും അനുസരിച്ചു സൽകീൎത്തിയെ സമ്പാദിപ്പാൻ ശക്തനായില്ല എന്നുമാത്രമല്ല കേവലം വിപരീതനായി അഗമ്യാഗമനാദി ദുരാചാരങ്ങളിൽ പ്രവേശിച്ചു പിത്രാൎജ്ജിതങ്ങളായ സ്വത്തുക്കളെ ദാസീവിടാദിവിഷയമായി ചിലവുചെയ്തു നശിപ്പിച്ചും വരുന്നതായി കണ്ടപ്പോൾ യോഗ്യനായ പിതാവിന്നു വളരെ വ്യസനത്തിന്നിടയായിത്തീൎന്നു. എന്നുമാത്രമല്ല പുത്രൻെറ ദുസ്വഭാവത്തെ കണ്ടു വളരെ വെറുത്തു

തന്റെ ശിഷ്യപരംപരയിലുള്ള ക്ഷേത്രങ്ങളും ഗൃഹങ്ങളും അവിശിഷ്ടദ്രവ്യങ്ങളും തന്റെ പിറെറ കാലം പുത്രനു സംബന്ധമില്ലാത്ത വിധത്തിൽ ഒരു കമ്മാറിക്കാർ പരിപാലിച്ചുവരേണമെന്ന് 2000 ഉറുപ്പികയുടെ മുദ്രക്കടലാസ്സിൽ 1858-ൽ ഒരു നിശ്ചയപത്രം എഴുതിവെച്ചു. തന്റെ പുത്രനു ചിലവിന്നുമാത്രം കൊടുപ്പാനും നിശ്ചയിച്ചു. മതാചാരവിഷയങ്ങളെ പ്രവൃത്തിച്ചുവരുവാനായി കാഞ്ചീപുരത്തിൽനിന്ന് ഒരു ആചാരിയരെ വരുത്തി ഏല്പിച്ചു. എങ്കിലും ഒടുവിൽ പുത്രദുർന്നയം നിമിത്തമായുള്ള വ്യസനത്താൽതന്നെ വിഫലഹൃദയനായിട്ട് 1874 മാൎച്ച് മാസത്തിൽ ചരമഗതിയേയും പ്രാപിച്ചു. അതിന്നുശേഷം മേല്പടി ശ്രീനിവാസാചാരിയർ ഈ സ്വത്തുക്കളിൽ തനിക്ക് അവകാശമുള്ളതാണെന്നു കുറെ കാലം വ്യവഹരിച്ചുവന്നു, എങ്കിലും അതിന്റെ തീൎപ്പിന്നു മുമ്പായിത്തന്നെ അദ്ദേഹവും മരിച്ചുപോയി. ഇപ്പോൾ അദ്ദേഹത്തിന്റെ പുത്രനായ താതാചാരിയർ സുമാർ 20 വയസ്സു പ്രായത്തിലെത്തിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ ചിലവിന്നും, പഠിപ്പു മുതലായതിന്നും കമ്മാറിക്കാരിൽ പ്രധാനിയായ സേട്ടു കൊടുത്തുവന്നിരുന്നു. രംഗാചാൎയ്യരുടെ നിശ്ചയപത്രപ്രകാരം മേൽപറഞ്ഞ സേട്ടു ഈ രംഗനാഥക്ഷേത്രത്തിൽ നിത്യനൈമിത്തികാദി കൃത്യങ്ങളെയും, മഹോത്സവങ്ങളേയും നടത്തിവരുന്നു. ആകപ്പാടെ ഈ രംഗനാഥക്ഷേത്രം ദക്ഷിണദേശികന്മാൎക്ക് അതിസന്തോഷത്തെ കൊടുക്കുമെന്നുള്ളതു നിസ്സംശയമാ

യി പറയാം. ആകയാൽ യാത്രക്കാർ ഇതു മറക്കാതെ ഇവിടെ വന്നു ദൎശനം കഴിച്ചുപോകേണ്ടതാണെന്നുകൂടി ഇവിടെ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു.

129. ഞങ്ങൾ എല്ലാവരും ഈ ക്ഷേത്രത്തിൽ ചെന്നു പരമാനന്ദതുന്ദിലഹൃദയന്മാരായി ഭവിച്ചു യഥാവിധി ദൎശനം കഴിച്ച് ശ്രീരംഗാചാൎയ്യസ്വാമികളുടെ മഠത്തിൽ ചെന്ന് അദ്ദേഹത്തിന്റെ പൌത്രനായ താതാചാൎയ്യരെ കണ്ടു തൽസമയോചിതസൽക്കാരത്തേയും സ്വീകരിച്ചു കുറെനേരം അവിടെ വിശ്രമിക്കുകയും ചെയ്തു.

130. ഈ വൃന്ദാവനത്തിൽ ഉള്ള ജനങ്ങൾ പ്രായേണ വൈഷ്ണവമതക്കാർ തന്നെ ആയിരിക്കും. എന്നാൽ അതിലും പലേ വിഭാഗങ്ങളുമുണ്ട്. ഈ രങ്കാചാരിയരാൽ പ്രവൎത്തിതമായ രാമാനുജാചാൎയ്യമതമെന്നും, ശ്രീഭാസ്കരാചാരിയരാൽ പ്രവൎത്തിതമായ നിംബാൎക്ക വൈഷ്ണവമതമെന്നും, ചൈതന്യവൈഷ്ണവമതമെന്നും, രാധാവല്ലഭാചാൎയ്യമതമെന്നും, ഹരിദാസമതമെന്നും മററും പലവിധ വൈഷ്ണവമതങ്ങൾ ഉണ്ട്. ഈ മതാചാൎയ്യപ്രവൎത്തകന്മാരുടെ ചരിത്രവിവരണം ഇവിടെ കൊടുക്കുന്നത് അത്യാവശ്യമെന്നു തോന്നായ്കയാൽ തൽക്കാലം വിവരിക്കാത്തതും എനി രണ്ടാംപതിപ്പിൽ കൊടുക്കാമെന്നു വിചാരിക്കുന്നതുമാകുന്നു.

131. ഈ വൃന്ദാവനത്തിൽ അനേക ക്ഷേത്രങ്ങളും ഉള്ളതുകളിൽ 1. മദനമോഹനക്ഷേത്രം, 2. ഗോപിനാഥക്ഷേത്രം, 3. രംഗനാഥക്ഷേത്രം, 4. രാധാഗോപാലക്ഷേ

ത്രം, 5. വൃന്ദാദേവീക്ഷേത്രം, ഇങ്ങിനെ പല ക്ഷേത്രങ്ങളുമുള്ളതാകുന്നു.

132. യാത്രക്കാർ വൃന്ദാവനത്തിൽ ചെന്നാൽ ഒന്നാമത്തു ദർശിക്കേണ്ടതു് വൃന്ദാദേവീക്ഷേത്രത്തിലാണു്. ഇതു് അതി മനോഹരമായ ശിവകുഞ്ജം എന്ന ഉദ്യാനത്തിലാണു് മേലൊപ്പായികളാൽ കെട്ടപ്പെട്ടിരിക്കുന്നതു. പിന്നെ ക്രമേണ ക്രമേണ എല്ലാ ക്ഷേത്രങ്ങളിലും ദർശിക്കേണ്ടതുമാകുന്നു. ഇത്രയും മഹിമയുള്ള വൃന്ദാവനത്തിൽ ഏതാനും ചില ക്ഷേത്രങ്ങളിൽ ഒക്കെ ദർശനം കഴിച്ച് അവിടെനിന്നു പകൽ അഞ്ചരമണിക്കു കുതിരവണ്ടി കയറി പുറപ്പെട്ടു 8 മണിക്കു മുമ്പായി മധുരയിൽ വന്നെത്തി. അന്നും മധുരാക്ഷേത്രങ്ങളിൽ ദർശനം മുതലായതു കഴിച്ച് അവിടത്തന്നെ സുഖമായി താമസിച്ചു. ഇങ്ങിനെ 15-ാംനു- മുതൽ 18-ാംനു-കൂടി 4 ദിവസംകൊണ്ടു 1. മധുരാ, 2. ഗോകുലം, 3. ഗോവർദ്ധനം, 4. വൃന്ദാവനം. ഈ പുണ്യസ്ഥലങ്ങളിലുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ദർശനവും, കാളിന്ദിസ്നാനവും, ശ്രാദ്ധവും മററും വേണ്ടതുപോലെ എല്ലാം സാധിച്ചു ഞങ്ങൾ എല്ലാവരും കൃതകൃത്യന്മാരായി ഭവിച്ചിരിക്കുന്നു. ഈ നാലു സ്ഥലങ്ങളിൽവെച്ച് ഒന്നാമത്തു മധുരയും, രണ്ടാമത്തു വൃന്ദാവനവും, മൂന്നാമത്തു ഗോവർദ്ധനവും സുഖവാസത്തിന്നു വളരെ പറ്റുന്നതാണെന്നു യാത്രക്കാരിൽ ആരും സമ്മതിക്കാതിരിക്കുകയില്ല.

കാനപ്പൂർ.

135. 19-ാംനു- രാവിലെ 6 മണിയോടുകൂടി മധുരയിലെ ഉപാദ്ധ്യായന്നു ദ്രമ്മം സംഭാവനചെയ്തു അദ്ദേഹത്തിനോടു സുഫലവും വാങ്ങി യാത്ര പുറപ്പെട്ടു് സ്റ്റേഷനിൽ വന്നു 7 മണിക്കുമുമ്പായി അവിടെനിന്നു കാനപ്പൂരിലേക്കു ടിക്കറ്റുവാങ്ങി വണ്ടി കയറി പോന്നു് ഉച്ചയോടുകൂടി കാനപ്പൂർ സ്റ്റേഷനിൽ ഇറങ്ങി അവിടെനിന്നു് അര മയിത്സ് ദൂരത്തിലുള്ള ധർമ്മശാലയിൽ ചെന്നു് ഒരു ഉറുപ്പിക വാടകക്കു് ഒരു മാളികയും മറ്റു വേണ്ടുന്ന സ്ഥലങ്ങളും കൈവശപ്പെടുത്തി സാമാനങ്ങൾ എല്ലാം ഇറക്കിവെച്ചതിന്നുശേഷം ഉടനെ സ്നാനം, ഭക്ഷണം മുതലായതു കഴിച്ചു. ഇവിടത്തെ പട്ടണം വളരെ പ്രസിദ്ധപ്പെട്ടതും വിശേഷപ്പെട്ടതുമാകുന്നു. ഇവിടെ രണ്ടുമൂന്നു മയിത്സ് ചുറ്റുള്ള മെമ്മോറിയൽ എന്നൊരു തോട്ടവും 1857-ൽ നാനാസാഹിബിൻറെ ലഹളയിൽ മരിച്ചുപോയ അനേകം യൂറോപ്യന്മാരുടെ പ്രതിമകളെ സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളും, തോപ്പുകളും, അനേകം ക്ഷേത്രങ്ങളും, മറ്റു വിശേഷപ്പെട്ട പല കാഴ്ചകളും ഉണ്ടു്. വിശേഷിച്ചു മൂന്നു മയിത്സ് സമീപത്തിൽ ഗംഗാപ്രവാഹവും; നഗരത്തിൻറ സമീപത്തിൽ ഗംഗാവായ്ചാലുകളും പ്രവഹിക്കുന്നതുകൊണ്ടു് ഈപട്ടണം എത്രയും സുഖപ്രദമായുള്ളതാകുന്നു. ശ്രീരാമായണമഹാകാവ്യകർത്താവും, ആദികവിയുമായ ശ്രീവാല്മീകിമഹർഷിയു

കേരള സാഹിത്യ അക്കാദമി

ടെപൂർവ്വാശ്രമമായ ബ്രഹ്മാവൎത്തം ഇവിടെനിന്നു 12 മയി
ത്സ് സമീപത്തിലാണ് ഇരിക്കുന്നത്, എന്നുള്ള വൎത്തമാനം
കന്നേപ്പൂരിൽ ചെന്ന ഉടനെ അറിഞ്ഞു. അവിടേക്കു
പ്രത്യേകമായി ഒരു തീവണ്ടിയും ഉണ്ട്. ആകയാൽ പ
കൽ 3 മണിയോടുകൂടി കാന്നേപ്പൂരിൽനിന്നു പുറപ്പെട്ടു ടി
ക്കററു വാങ്ങി 4 മണിയോടുകൂടി ബ്രഹ്മാവൎത്തത്തിൽ വാ
ല്മീകിമഹൎഷിയുടെ ആശ്രമത്തിൽ ചെന്നു. അവിടെ സ
മീപത്തിൽ പ്രവഹിക്കുന്ന ഗംഗയിൽ സങ്കല്പപൂൎവ്വകമായി
സ്നാനം ചെയ്തു തീരത്തിലുള്ള ക്ഷേത്രത്തിൽ ദൎശനം കഴിച്ചു
ഉടനെ വാല്മീകിമഹൎഷിയുടെ പൂൎവ്വാശ്രമത്തിലും കുശലവ
ന്മാരുടെ ജന്മസ്ഥലമായ സീതാപ്രസൂതിഗൃഹത്തിലും സീ
താകുണ്ഡത്തിലും അൎച്ചന മുതലായതു ചെയ്തു. അവിടെ
അല്പനേരം വിശ്രമിച്ചു.

134. ഈ വാല്മീകിമഹൎഷി ജന്മനാ ഒരുബ്രാഹ്മണ
നായിരുന്നു. എങ്കിലും യൌവനകാലത്തിൽ കേവലം പ
രമമൂഢനായിരുന്നതുകൊണ്ട് ഒരു നായാട്ടുകാരനായിത്തീ
ൎന്നു വേടന്മാരുടെ കൂട്ടത്തിൽ മൃഗാദികളെ ഹിംസിച്ചുംകൊ
ണ്ടു കാലക്ഷേപം ചെയ്താണ് വന്നിരുന്നത്. അങ്ങിനെ
ഇരിക്കുന്ന കാലത്തിൽ ഒരു നാൾ സപ്തൎഷികൾ ഗംഗാ
സ്നാനത്തിന്നായി ഈ പ്രദേശത്തിൽ വന്നെത്തുകയും, അ
വിടെവെച്ച് ഈ ബ്രാഹ്മണയുവാവിനെ കാണുകയും ചെ
യ്തപ്പോൾ അവർ ഏററവും ഭയാൎദ്രചിത്തന്മാരായി ഭവി
ച്ചു. ഈ ബ്രാഹ്മണനോടു താഴെ പറയുംപ്രകാരം ഉപദേ
ശിച്ചു.

235. അല്ലയോ ബ്രാഹ്മണാ! ഈ ഭൂലോകത്തിൽ ഉൽകൃഷ്ടമായ മനുഷ്യജന്മത്തിൽ എത്രയും ദുർല്ലഭമായ ഈ ബ്രാഹ്മണജന്മം ലഭിച്ചിട്ടുകൂടി ഈ ജന്മത്തെ കേവലം പാപാചാരങ്ങളെ ചെയ്തു നിഷ്ഫലമാക്കിക്കളയുന്നതു വളരെ കഷ്ടമാണ്. ഈ പ്രാണിഹിംസ സകല ജനങ്ങൾക്കും നിഷിദ്ധമായിട്ടുള്ളതിന്നും പുറമെ ബ്രാഹ്മണൎക്ക വിശേഷിച്ചും വിരോധമുള്ളതാണ്. സ്വധൎമ്മത്തെ വിട്ട പരഹിംസയെ ചെയ്തു കുഡുംബസംരക്ഷണം ചെയ്യുന്നതായാൽ അതിനാൽ ഉണ്ടാകുന്ന പാപത്തിന്നു താൻതന്നെ ഉത്തരവാദിയായിത്തീരുന്നതാകുന്നു. അല്ലെങ്കിൽ താൻ ചെയ്യുന്ന പാപങ്ങളുടെ ഏതെങ്കിലും ഒരംശമെങ്കിലും ഭാൎയ്യ പരിഗ്രഹിക്കുമൊ എന്നു ഗൃഹത്തിൽ ചെന്നു ഭാൎയ്യയോടു ചോദിക്കുന്ന സമയം അവൾ പറയുന്ന ഉത്തരത്താൽ അങ്ങക്ക് ഈ പറയുന്ന സംഗതി ദൃഷ്ടാന്തപ്പെടുന്നതാണ്. എന്നും മററുമാണ് സപ്തൎഷികൾ ഉപദേശിച്ചത്.

136. അതിന്നുശേഷം ഈ വേടബ്രാഹ്മണൻ പോയി ഭാൎയ്യയോട് ഈ സംഗതിയെപ്പററി ചോദിച്ചതിൽ ഭൎത്താവു ചെയ്യുന്ന പാപത്തിന്നു ഭാൎയ്യ ഉത്തരവാദിയല്ലെന്നു ഭാൎയ്യ മറുപടി പറകയും ആ വിവരം സപ്തൎഷികളെ അറിയിക്കുകയും, ഈബ്രാഹ്മണന്നു പൂൎവ്വജന്മസുകൃതപരിപാകത്താലൊ, സജ്ജനസംഗമവൈഭവത്താലൊ മനസ്സിൽ പശ്ചാത്താപം ക്രമേണ ഉദിച്ചുവരികയും ചെയ്ത സമയം ദയാശീലന്മാരായ സപ്തൎഷികൾ ഇദ്ദേഹത്തിന്നു പരമാൎത്ഥ ദയത്തിന്നുവേണ്ടി രാമനാമമന്ത്രത്തെ ഉപദേശിക്കുകയും,

അതിമൂഢനായ ഇദ്ദേഹം രണ്ടക്ഷരമുള്ള രാമ എന്ന മന്ത്രത്തെക്കൂടി വേണ്ടുംവണ്ണം ഉച്ചരിപ്പാൻ സമൎത്ഥനല്ലെന്നു കണ്ടശേഷം ഇദ്ദേഹത്തിൻെറ വേടവൃത്തിയിൽ സുപരിചയമുള്ള മാരാ (ഹിന്തുസ്ഥാനിഭാഷയിൽ മാരാ എന്നുള്ളതിന്നു കൊന്നു എന്നൎത്ഥവും ഈ പ്രദേശം ഹിന്തുസ്ഥാൻ രാജ്യത്തിൻെറ ഏകദേശം മദ്ധ്യഖണ്ഡവുമാകുന്നു) എന്ന് ഉപദേശിക്കുകയും ഈ വിധം ഉച്ചരിപ്പാൻ എളുപ്പത്തിൽ സാധിക്കുകയും ചെയ്തതായി കണ്ടതിന്നുശേഷം ഇനി ഞങ്ങൾ രണ്ടാമത് വരുന്നവരെ ഈ ശബ്ദത്തെത്തന്നെ വളര ആവൎത്തി കഴിച്ചുകൊള്ളുവാനും അതിൽപിന്നെ വേണ്ടുന്ന മാൎഗ്ഗത്തെ അപ്പോൾ ഉപദേശിക്കാമെന്നും പറഞ്ഞു സപ്തൎഷികൾ അന്തൎദ്ധാനംചെയ്തു.

137. ഈ ബ്രാഹ്മണനാകിൽ ആ വനത്തിൽ ഒരു വൃക്ഷത്തിൻെറ മൂലത്തിൽ ഇരുന്നു മാരാ മാരാ മാരാ എന്നു ജപിച്ചുകൊണ്ടു വളരെ കാലം ഇരിക്കുകയും, അങ്ങിനെ ഇരുന്നതിൽ വല്മീകം (പുററ്) വന്ന് ഇദ്ദേഹത്തിനെ മൂടുകയും ചെയ്തതായും, വളരെ കാലം കഴിഞ്ഞതിന്നു ശേഷം സപ്തൎഷികൾ രണ്ടാമതും ഗംഗാസ്നാനത്തിന്നായി ഇവിടെ വന്നപ്പോൾ ഈ ബ്രാഹ്മണനെ ചെന്നു നോക്കിയതിൽ കാണാതിരുന്ന സമയം പണ്ട് രാമനാമത്തെ ഉപദേശിച്ച് ഇരുത്തിയ സ്ഥലത്ത് കാണപ്പെട്ടുന്ന പുററിനെ തട്ടിക്കളഞ്ഞു പരിശോധിച്ച സമയം അതിന്നുള്ളിൽ ഏകാഗ്രചിത്തനായി രാമനാമത്തെ ജപി

ച്ചുംകൊണ്ട് ഇരിക്കുന്നതായി കണ്ടു എന്നും ഉടനെ ഇദ്ദേഹത്തിന്നു വേണ്ടുന്ന ജ്ഞാനോപദേശത്തെ ചെയ്തു വാല്മീകി എന്ന പേരുവിളിച്ചു എന്നും അന്നു മുതൽക്ക് ഇദ്ദേഹം അതിപ്രസിദ്ധനായിത്തീൎന്നു എന്നും മറ്റും പ്രസിദ്ധമായ വാല്മീകിചരിത്രം ഈ പ്രദേശത്തിരുന്നാണ് ഉത്ഭവിച്ചിരിക്കുന്നത് എന്നു യാത്രക്കാർ മനസ്സിലാക്കിയിരുന്നാൽ ഈ പുണ്യസ്ഥലത്തും ചെന്നു ദൎശനം കഴിച്ചു പോരാതെ ഇരിക്കയില്ലെന്നു നാം വിശ്വസിക്കുന്നു.

കേരള സാഹിത്യ അക്കാദമി

138. ഈ പ്രദേശം പണ്ട് വലിയ വനമായിരുന്നു. ഇപ്പോഴും കേവലം വനമല്ലെന്നില്ല. വാല്മീകിമഹൎഷി പണ്ട് ഏതൊരു വൃക്ഷത്തിന്റെ മൂലത്തിൽ ഇരുന്നു രാമമന്ത്രത്തെ ജപിച്ച് സിദ്ധനായി ഭവിച്ചുവൊ ആ വൃക്ഷം ഇന്നും ഇവിടെ കാണുന്നുണ്ട്. ഈ വൃക്ഷത്തിന്റെ സമീപത്തു തന്നെയാണ് ഇപ്പോഴും കാണപ്പെടുന്ന വാല്മീകിപുണ്യാശ്രമവും സീതാപ്രസൂതി ഗൃഹവും ഇരിക്കുന്നത്. ഈ വൃക്ഷം വലിയ വേനൽകാലത്തും വൎഷകാലത്തും മറ്റെല്ലാ കാലങ്ങളിലും കുളുൎമയോടുകൂടി കാണാവുന്നതാണ്.

139. പൂനാമഹാരാജാവായ സീമന്തനെ ഗവൎമ്മെണ്ടിൽനിന്ന് പിടിച്ചു ബന്തോവസ്തിൽ വെച്ചതിന്നുശേഷം അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം അനേകം പുണ്യസ്ഥലങ്ങൾ സഞ്ചരിച്ചു കണ്ടതിന്നുശേഷം ഒടുവിൽ

വാല്മീകിപുണ്യാശ്രമത്തിൽ വസിപ്പാനായി ഗവൎമ്മേണ്ടിനോടാവശ്യപ്പെടുകയും അതുപ്രകാരം സമ്മതിക്കുകയും ചെയ്തതിൽപിന്നെ പൂനാസീമന്തൻ ഗവൎമ്മേണ്ടിന്റെ ബന്തോവസ്തോടുകൂടി അത്യൂൎജ്ജിതപദവിയിൽ ഇവിടെ വന്നു വലിയ കോവിലകങ്ങൾ പണിചെയ്യിച്ച് നിത്യവും വരുന്ന ബ്രാഹ്മണൎക്കൊക്കെയും മൃഷ്ടാന്നവും ദക്ഷിണ മുതലായതും കൊടുത്തും മറ്റും വളരെ സുഖമായി ജീവകാലം മുഴുവനും വസിച്ചിരിക്കുന്നു എന്നുള്ള സംഗതിയെ തദ്ദേശവാസികൾ ഇന്നും പ്രശംസിച്ചു വരുന്നു.

കേരള സാഹിത്യ അക്കാദമി

൧൪൦ ഇവിടെനിന്ന് ഒരു നാഴിക സമീപമാണ് ബ്രഹ്മയജ്ഞേശ്വരം എന്ന ഒരു പുണ്യസ്ഥലം ഉള്ളത്. ഇതു ഗംഗാതീരത്തിൽതന്നെയാണ് പ്രകാശിക്കുന്നത്. ഈ സ്ഥലമാഹാത്മ്യത്തെയും അല്പം വിവരിക്കാം:- പണ്ട് ബ്രഹ്മാവ് വിഷ്ണുനിയോഗത്താൽ ഈ സ്ഥലത്തുവെച്ച് ഒരു യാഗം നടത്തിയിരുന്നശേഷം ഒരു ഈശ്വരനെ പ്രതിഷ്ഠിക്കുകയും ചെയ്തു. അതിന്നുശേഷം ഈ സ്ഥലം യജ്ഞേശ്വരമെന്ന ഒരു നാമധേയം സ്വീകരിക്കയും പുണ്യസ്ഥലമായിത്തീരുകയും ചെയ്തു. ഈ യജ്ഞേശ്വരക്ഷേത്രത്തിൽ അനേകം വിഗ്രഹങ്ങളും സാളഗ്രാമങ്ങളും വെച്ച് പൂജിച്ചുവരുന്നു. പണ്ട് സീതാദേവി വാല്മീകിമഹൎഷിന്റെ ആശ്രമത്തിൽ വസിച്ചിരുന്ന കാലത്തിൽ ജാതന്മാരായ കുശലവന്മാർ ബാല്യകാലത്തിൽതന്നെ അതിപൌരുഷശാലിക

ളായിരുന്നുവെന്ന് പ്രസിദ്ധസംഗതിയാണല്ലൊ. ഈ പ്രദേശം അവരുടെ ബാലക്രീഡാഘട്ടമായിരുന്നു. ആകയാൽ കുശലവന്മാരുടെ പരാക്രമചിഹ്നങ്ങളായ പലവക ആയുധങ്ങളും ഇപ്രദേശത്ത് ഗംഗയിൽനിന്നു പലപ്പൊഴും കിട്ടമാറുണ്ട്. ആവക ശസ്ത്രങ്ങളേയും ഈ ബ്രഹ്മേശ്വരക്ഷേത്രത്തിൽവെച്ച് പൂജിച്ചുവരുന്നുണ്ട്. ഇപ്പൊഴും ചില സമയം ആവക ബാണങ്ങളും മററും ഗംഗയിൽനിന്നു കിട്ടമാറുണ്ടെന്ന് തദ്ദേശവാസികൾ പറയുകയുണ്ടായി. ഇതുകളെ ഞങ്ങൾ കാണുകയും കൈകൊണ്ട് എടുത്ത് ആനന്ദിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങൾ ഇവിടെ ചെന്നസമയം അവിടെ ഘോഷമായ ഒരു ഉത്സവകാലമായിരുന്നു. അതുനിമിത്തം അസംഖ്യം പുരുഷാരം ദർശനത്തിന്നായി വന്നിരുന്നു. വാദ്യഘോഷങ്ങളും വെടി, ബാണം, പൂവ്വ് മുതലായ വിനോദങ്ങളും ഘോഷമായിരുന്നു. ഈ വക എല്ലാ വിനോദങ്ങളേയും കണ്ടു ആനന്ദിച്ച് 19-ാംനു- വൈകുന്നേരം 8 മണിയോടുകൂടി തീവണ്ടിമാൎഗ്ഗമായി. കാനപ്പൂർ നഗരത്തിൽ വാസഗൃഹത്തിലേക്കു തന്നെ വന്ന് എത്തിയിരിക്കുന്നു.

141. 19-ാംനു- രാത്രി ഭക്ഷണംകഴിച്ച് 10 മണിക്ക് കാനപ്പൂരിൽനിന്ന് തീവണ്ടികയറി അലഹബാദ്മാൎഗ്ഗമായി പോന്നു 20-ാംനു- രാവിലെ 11 മണിക്ക് ശ്രീകാശിയിൽതന്നെ വന്നെത്തി. ഉടനെ ഗംഗാസ്നാനം വിശേശ്വരദൎശനം ഇതുകൾ കഴിച്ചു 20-ാംനു- മുതൽ 23-ാംനു- വരെ ശ്രീകാശിയിൽതന്നെ സുഖമായിത്താമസിച്ചു.

സകല വേദോപനിഷൽ പുരാണ വൎണ്ണിതമായ
കാശി മാഹാത്മ്യത്തെയാണ് നാം വൎണ്ണിപ്പാൻ ഭാ
ന്നതു. ഈ കാശീമാഹാത്മ്യം ചുരുക്കത്തിൽ വൎണ്ണിച്ച്
വസാനിപ്പിച്ചാൽ മതിയായ്വരുന്നതല്ലെന്ന് തോന്നു
ൽ കാശീചരിത്രം മുതൽ അവസാനംവരെ കാശിയ
ചരിത്രം ഉത്തരഖണ്ഡം എന്ന ഒരു പുസ്തകത്തിൽ
ത്ത് രണ്ടാമത് അച്ചടിപ്പിക്കേണമെന്ന് വിചാരിച്ച്
തിൽ ചേൎക്കാത്തതാകുന്നു.

കേരള സാഹിത്യ അക്കാദമി

കാശിയാത്രാചരിത്രം

പൂൎവ്വഖണ്ഡം

സമാപ്തം.

കേരള സാഹിത്യ
അക്കാദമി